

VELLAMUNDA GRAMA PANCHAYATH
P.O. KATTAYAD

വെള്ളമുണ്ട ഗ്രാമ പഞ്ചായത്ത് ജനകീയാസൂത്രണം

പഞ്ചായത്ത്

വികസന രേഖ

1996


137-2

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

വെള്ളമുണ്ട ഗ്രാമ പഞ്ചായത്ത്

വികസനരേഖ

1996




ഭാരതത്തിന്റെ ആത് മാവ് ഗ്രാമങ്ങളിൽ ജീവിക്കുന്നു

ഗാന്ധിജി


മുൻപഞ്ചായത്ത് പ്രസിഡണ്ടുമാർ

1. ആദ്യത്തെ പഞ്ചായത്ത് പ്രസിഡണ്ട് : പി.കെ. അമ്മത് ഹാജി കുഞ്ഞോം
2. ഐസക് ചെറിയാൻ എം.എ.
3. എ.കെ. കുഞ്ഞിരാമൻ നായർ, പാലേരി
4. മണിമ കുഞ്ഞബ്ദുല്ല മാസ്റ്റർ
5. പി.മൊയ്തു ഹാജി
6. ഇ.കെ. മാധവൻ നായർ
7. പി.എ. ആലി
8. പി.കെ. ജമീല
9. കെ.സി. മായൻ

ഇപ്പോഴത്തെ ഭരണ സമിതി



കെ.സി. മായൻ
പ്രസിഡണ്ട്



എം. അച്ചുതക്കുറുപ്പ്
വൈസ്. പ്രസിഡണ്ട്



മാർഗരറ്റ് അഗസ്റ്റിൻ
സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ

ഭരണ സമിതി അംഗങ്ങൾ

1. ആത്തിക്കാ ഭായ്
2. വി. പരമേശ്വരൻ
3. പി. രാധ
4. മണിമ മമ്മൂട്ടി ഹാജി
5. ചീപ്പാട്ട് അമ്മത്
6. ജാനകി കൃഷ്ണൻ നമ്പ്യാർ
7. പി.സി. ഇബ്രായി
8. കെ.പി. കറപ്പൻ
9. തുരുത്തിയിൽ മമ്മൂട്ടി

ജില്ലാപഞ്ചായത്ത് മെമ്പർ

പി.പി.എ.കരീം

ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ

1. മംഗലശ്ശേരി മാധവൻ
2. കെ.എം.സി. മമ്മുഹാജി

ജനകീയാസൂത്രണ പരിപാടി

ജില്ലാതലപരിശീലനം നേടിയവർ

1. പി.പി. ജോർജ്
2. എ.എൻ. പ്രഭാകരൻ
3. പി.എ. ആലി
4. കെ. ആലിക്കുട്ടി
5. പി. രാധ
6. മാർഗരറ്റ് അഗസ്റ്റിൻ
7. വി. പരമേശ്വരൻ
8. പി.ടി. സുഗതൻ
9. കെ. അമ്മത്
10. മംഗലശ്ശേരി നാരായണൻ

ജീവനക്കാർ


1. ടി. രാധാകൃഷ്ണൻ, സെക്രട്ടറി
2. കെ.കെ. ചന്ദ്രശേഖരൻ
3. കെ.എം. മണി
4. ഇ.കെ. ബാലകൃഷ്ണൻ
5. കെ. ഉസ്മാൻ
6. വി. ഉസ്മാൻ
7. ടി.കെ. കൃഷ്ണദാസ്
8. പി. അബ്ദുള്ള
9. കെ.എസ്. ബാലകൃഷ്ണൻ
10. പി. നാരായണൻ നായർ
11. വി. മുകുന്ദൻ

എഡിറ്റോറിയൽ ബോർഡ്

1. കെ.സി. മായൻ
2. മംഗലശ്ശേരി നാരായണൻ
3. വി. പരമേശ്വരൻ
4. മംഗലശ്ശേരി മാധവൻ
5. കരുണാകരൻ ചെറുകര
6. പി.ടി. സുഗതൻ
7. കെ.കെ. ചന്ദ്രശേഖരൻ
8. കെ. അമ്മത്

ആസൂത്രണ പരിപാടി

1. കെ.സി. മായൻ (ചെയർമാൻ)
2. മംഗലശ്ശേരി നാരായണൻ (കൺവീനർ)



മംഗലശ്ശേരി നാരായണൻ

അംഗങ്ങൾ

1. പി.പി.എ. കരീം
2. മംഗലശ്ശേരി മാധവൻ
3. കെ.എം.സി. മമ്മുഹാജി
4. എം. അച്യുതകുറുപ്പ്
5. മാർഗരറ്റ് അഗസ്റ്റിൻ
6. വി. പരമേശ്വരൻ
7. ടി. രാധാകൃഷ്ണൻ
8. പി.ജെ. ആൻറണി
9. ഇ.കെ. ജയരാജൻ

സംസ്ഥാനതല റിസോഴ്സ് പേർസൺ

1. ശ്രീ. മംഗലശ്ശേരി മാധവൻ
2. ശ്രീ. ഇ.കെ. ജയരാജൻ

കോർഗ്രൂപ്പ് അംഗങ്ങൾ

1.കൃഷി ജലസേചനം

1. എൻ.വി. ജോൺ
2. വി. പരമേശ്വരൻ
3. കെ.എം. മുഹമ്മദ്
4. കെ. മമ്മൂട്ടി (കൃഷി ഓഫീസർ)
5. എം.പി. ബാലൻ നായർ

2.മൃഗസംരക്ഷണം - മത്സ്യകൃഷി

1. ഡോ. മുസ്തഫ
2. പി.ടി. മത്തായി
3. കെ.പി. കറപ്പൻ
4. പി.ജെ. അഗസ്റ്റിൻ
5. എം.കെ. ഉസ്മാൻ
6. മേരി മത്തായി
7. എം.ജി. സാമുവൽ

3.വിദ്യാഭ്യാസം

1. എം. ഗോപാലകൃഷ്ണപിള്ള
2. മാർഗരറ്റ് അഗസ്റ്റിൻ
3. എൻ.കെ. മോഹൻ കുമാർ
4. ഏലിടീച്ചർ
5. കെ. കുഞ്ഞബ്ദുല്ല മാസ്റ്റർ
6. കുഞ്ഞബ്ദുല്ല മാസ്റ്റർ (എച്ച്.എം., ഹൈസ്ക്കൂൾ)

4.ആരോഗ്യം

1. എം. അച്ചുതക്കുറുപ്പ്
2. കെ. ഇബ്രായി
3. കെ. മൊയ്തൂട്ടി
4. വി.കെ. ഗോവിന്ദൻ
5. സി.വി. അന്നക്കുട്ടി
6. സോദരി

5.വ്യവസായം

1. പി.ജെ. ആൻറണി
2. പി.പി. ജോർജ്ജ്
3. പി.സി. ഇബ്രാഹിം
4. പി. മമ്മൂട്ടി
5. സി.കെ. പ്രേം നാഥ്
6. കെ. കല്യാണിടീച്ചർ
7. കോമ്പി അബ്ദുല്ല

6.റോഡുകൾ, ഊർജ്ജം, മാർക്കറ്റ്

1. എ. ജോണി
2. ടി. മമ്മൂട്ടി
3. സി.എം. അനിൽകുമാർ
4. എ.എൻ. പ്രഭാകരൻ
5. അൽഫോൻസാ ജോർജ്ജ്

7.പാർപ്പിടം, സാമൂഹ്യക്ഷേമം

1. വി. ജോസഫ്
2. തുളസീഭായ്
3. ആത്തിക്കാഭായ്
4. വി.എം. ആരീഫ
5. മേഴ്സി ജോസഫ്
6. ബഷി
7. ഇ.കെ. ബാലകൃഷ്ണൻ

8.സംസ്കാരം

1. എം. മുരളീധരൻ
2. ജാനകീ കൃഷ്ണൻ നമ്പ്യാർ
3. ടി.കെ. മമ്മൂട്ടി
4. എം. സുധാകരൻ
5. എം. അബ്ദുൾ അസീസ്
6. ടി.കെ. അജിത് കുമാർ
7. എം. സഹദേവൻ
8. നിസാർകമ്പ

9.വനിത

1. ശ്രീലത മംഗലശ്ശേരി
2. ആനീസ് ജോസഫ്
3. എം.ജെ. ചാക്കോ
4. ഷൈനി സ്റ്റീഫൻ

10.സഹകരണം

1. വി. മാധവൻ നമ്പ്യാർ
2. ചീപ്പാട്ട് അമ്മത്
3. വി. ഇബ്രായി
4. സി.എം. വാസുമാസ്റ്റർ
5. സി.എച്ച്. അബ്ദുല്ല
6. ചിന്നമ്മ

11.പട്ടികജാതി - പട്ടിക വർഗ ക്ഷേമം

1. ഇ. ശേഖരൻ നായർ
2. പ്രേം രാജ് ചെറുകര
3. കെ. വിജയൻ
4. പി.രാധ
5. സിസിലി വർഗീസ്
6. കെ.എം. മണി
7. പി.പി. മോഹനൻ

12.വിഭവസമാഹരണം

1. കെ. സി. മായൻ
2. ടി. രാധാകൃഷ്ണൻ
3. കെ.സി. അബ്ദുല്ല ഹാജി
4. എം.കെ. മോഹനൻ
5. കെ.എം. അബ്ദുല്ല
6. വി. ഉസ്മാൻ
7. വി. രാമൻ കുട്ടി

13.ആമുഖം

1. മംഗലശ്ശേരി മാധവൻ
2. കരുണാകരൻ ചെറുകര
3. എം.ജെ. പോൾ
4. വി. പരമേശ്വരൻ

ഉള്ളടക്കം

1. ആമുഖം
2. കൃഷി, ജലസേചനം
3. മൃഗസംരക്ഷണം, മത്സ്യബന്ധനം
4. വിദ്യാഭ്യാസസം
5. ആരോഗ്യം, കുടിവെള്ളം, പരിസര ശുചിത്യം
6. വ്യവസായം
7. ഗതാഗതം, ഊർജ്ജം
8. പാർപ്പിടം, സാമൂഹ്യക്ഷേമം
9. സംസ്കാരം
10. വനിത
11. സഹകരണം
12. പട്ടിക ജാതി, പട്ടിക വർഗ്ഗക്ഷേമം
13. വിഭവസമാഹരണം

ആമുഖം

'നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജിയുടെ സ്വപ്നം സാക്ഷാത്കരിക്കുക' എന്ന ലക്ഷ്യത്തിലേക്കുള്ള ചുവടുവെപ്പായി 73-ാം ഭരണഘടനാ ഭേദഗതിയിലൂടെ 'പഞ്ചായത്ത്‌രാജ്' സംവിധാനം വരികയും അധികാരവികേന്ദ്രീകരണം യാഥാർത്ഥ്യമാവുകയും ചെയ്ത സാഹചര്യത്തിൽ അടുത്ത ഏപ്രിൽ 1 മുതലാരംഭിക്കുന്ന ഒമ്പതാം പഞ്ചവത്സര പദ്ധതി ഗ്രാമതലത്തിൽ ജനപങ്കാളിത്തത്തോടെ ആസൂത്രണം ചെയ്യാൻ സംസ്ഥാന ആസൂത്രണ ബോർഡ് തീരുമാനിച്ചിരിക്കയാണ്. ഇതനുസരിച്ച് വെള്ളമുണ്ട ഗ്രാമപഞ്ചായത്തിലെ ജനകീയ ആസൂത്രണ പരിപാടിയുടെ ഭാഗമായാണ് ഈ സമഗ്രവികസന രേഖ രൂപം കൊണ്ടിട്ടുള്ളത്.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയെ ആസൂത്രണത്തിൽ സഹായിക്കുന്നതിന്, തെരഞ്ഞെടുക്കപ്പെട്ടവരുടെ ഒന്നാം ഘട്ടപരിശീലനം ആഗസ്റ്റ് - സെപ്തംബർ മാസങ്ങളിൽ നടന്നു. ഈ പഞ്ചായത്തിൽ നിന്ന് ഒരാഴ്ചത്തെ സംസ്ഥാന പരിശീലനത്തിൽ രണ്ടു പേരും, മൂന്നു ദിവസത്തെ ജില്ലാതല പരിശീലനത്തിൽ 10 പേരും തുടർന്ന് പഞ്ചായത്തിൽ നടന്ന ഏകദിന പ്രാദേശിക പരിശീലനത്തിൽ 113 പേരും സംബന്ധിച്ചു. ആസൂത്രണത്തിന്റെ ആദ്യപടിയായി ഗ്രാമതലത്തിൽ പ്രശ്നങ്ങൾ പഠിക്കുന്നതിനുള്ള വിശേഷാൽ ഗ്രാമസഭകൾ 12 വാർഡുകളിലും ചിട്ടയായി സംഘടിപ്പിക്കപ്പെട്ടു. 12 വികസനമേഖലകളെ ആസ്പദമാക്കി തയ്യാറാക്കപ്പെട്ട ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ നടന്ന ഗ്രൂപ്പ്തല ചർച്ചകളിലൂടെ ജനങ്ങൾ നേരിടുന്ന വികസന പ്രശ്നങ്ങൾ ക്രോഡീകരിക്കുകയും വീടു തോറും സഞ്ചരിച്ച് പ്രാദമിക വിവരശേഖരണവും ആഫീസുകളും സ്ഥാപനങ്ങളുടെ വഴി ദ്വിതീയ വിവര ശേഖരണവും നടത്തുകയും ചെയ്തു. ഇവയ്ക്ക് പുറമെ പഠന പര്യടനം (trasec walk), കാരണവ ചർച്ച, ഉദ്യോഗസ്ഥാനു ഉദ്യോഗസ്ഥയോഗങ്ങൾ, മുഖാമുഖ ചർച്ച എന്നിവ വഴി പഞ്ചായത്തിന്റെ സാമൂഹ്യ - സാംസ്കാരിക ചരിത്ര പശ്ചാത്തലം, ഭൂപ്രകൃതി, വിഭവങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു.

നവംബർ മാസത്തിൽ നടന്ന രണ്ടാം ഘട്ടപരിശീലനം വികസന രേഖ തയ്യാറാക്കുന്ന രീതി, വികസനസെമിനാറിന്റെ സംഘാടനം എന്നിവ സംബന്ധിച്ചായിരുന്നു. തുടർന്ന് പഞ്ചായത്ത് തലത്തിൽ രൂപീകരിക്കപ്പെട്ട വികസന ഗ്രൂപ്പുകൾ, ലഭിച്ച പ്രശ്നങ്ങളും സ്ഥിതി വിവരങ്ങളും (data) പരിഗണിച്ച്, നടത്തിയ ചർച്ചകളിലൂടെ സംഗ്രിക്കപ്പെട്ടതാണ് ഈ സമഗ്ര വികസന രേഖ.

പഞ്ചായത്തിലെ അർപ്പണ ബോധമുള്ള ഒരു കൂട്ടം ആളുകളുടെ മൂന്നുമാസകാലത്തെ അവിശ്രമ യത്നം ഈ റിപ്പോർട്ടിന്റെ പിന്നിലുണ്ട്. വികേന്ദ്രീയ ആസൂത്രണം എന്ന നൂതനമായ ആശയം യാഥാർത്ഥ്യമാക്കാനുള്ള ശ്രമം അവരെ സംബന്ധിച്ചിടത്തോളം മധുരത്യാഗപൂർണമായ അനുഭൂതിയാണ്.

2. പഞ്ചായത്ത് :

പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	:	വെള്ളമുണ്ട ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	:	വെള്ളമുണ്ട പൊരുന്നന്നൂർ
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	വെള്ളമുണ്ട, തരുവണ
ബ്ലോക്ക് പഞ്ചായത്ത്	:	മാനന്തവാടി
താലൂക്ക്	:	മാനന്തവാടി
ജില്ല	:	വയനാട്
അസംബ്ലി മണ്ഡലം	:	വടക്കെ വയനാട്
പാർലമെൻറ് മണ്ഡലം	:	കണ്ണൂർ
വിസ്തീർണ്ണം	:	64.54 ച.കി.മീ.
ജനസംഖ്യ	:	പുരുഷന്മാർ15410 സ്ത്രീകൾ 15088 ആകെ 30498
വാർഡുകൾ	:	12
ജനസാന്ദ്രത	:	470/ച.കി.മീ.
അക്ഷരാഭ്യാസമുള്ളവർ	:	20594 (67.5%)
പ്രസിഡണ്ടിന്റെ പേര്	:	കെ.സി. മായൻ
വൈസ് പ്രസിഡണ്ട്	:	എൻ. അച്യുതകുറുപ്പ്
സ്റ്റാൻഡിങ് കമ്മറ്റി ചെയർ പേഴ്സൺ	:	മാർഗരറ്റ് അഗസ്റ്റിൻ

1950ൽ മദ്രാസ് പഞ്ചായത്ത് നിയമം അനുസരിച്ചാണ് തൊണ്ടർനാട്, വെള്ളമുണ്ട വില്ലേജുകൾ ചേർത്ത് പഞ്ചായത്ത് രൂപം കൊണ്ടത്. ജനാ: പി.കെ. അമ്മദ് ഹാജി കുഞ്ഞോം ആയിരുന്നു തൊണ്ടർനാട്, വെള്ളമുണ്ട പഞ്ചായത്തിന്റെ പ്രഥമ പ്രസിഡണ്ട്. 1951ൽ ശ്രീ. ഐ.സഡ്. ചെറിയാനും 1952ൽ ശ്രീ. പാലേരി കുഞ്ഞിരാമൻ നായരും 1954ൽ ജനാബ് മണിമകുഞ്ഞബ്ദുള്ളയും പ്രസിഡണ്ടുമാരായി. നാമമാത്രമായ നികുതി പിരിവും നാട്ടുകാരുടെ മദ്ധ്യസ്ഥം പറയലും മറ്റുമായിരുന്നു ഇക്കാലത്ത് പഞ്ചായത്തിനുണ്ടായിരുന്ന പരമിതമായഅധികാരങ്ങൾ. കേരള പഞ്ചായത്ത് ആക്ട് അനുസരിച്ച് 1961ലാണ് തൊണ്ടർ നാട് വില്ലേജ് ഒഴിവാക്കി പെരുന്നന്നൂർ വില്ലേജ് കൂട്ടിച്ചേർത്ത് വെള്ളമുണ്ട പഞ്ചായത്ത് നിലവിൽ വന്നത്. വെള്ളമുണ്ട പഞ്ചായത്തിൽ അന്നത്തെ പ്രസിഡണ്ട് ജനാബ് പി. മൊയ്തു ഹാജിയായിരുന്നു. തുടർന്ന് ശ്രീ. ഇ.കെ. മാധവൻ നായർ, ജനാബ്. പി. ആലി, ശ്രീമതി പി.കെ. ജമീല എന്നിവർ പ്രസിഡണ്ടുമാരായിരുന്നു.

തൊണ്ടർ നാട് വെള്ളമുണ്ട ആസ്ഥാനം കണ്ടത്തുവയലിൽ ആയിരുന്നു. പിന്നീട് വെളിയർണ്ണയിലേക്ക് മാറുകയും ഇന്നത്തെ വെള്ളമുണ്ട പഞ്ചായത്ത് നിലവിൽ വന്നതോടെ വെള്ളമുണ്ട 8/4ൽ ഇന്നുള്ള സ്വന്തം ആഫീസ് കെട്ടിടവും ഷോപ്പിങ്ങ് കോപ്ലക്സും നിർമിക്കുകയും ചെയ്തു.

ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം 1884ൽ കെല്ലൂരിലും 1904ൽ തരുവണയിലുമാണ് ആരംഭിച്ചത്. ശ്രീ. പൈതൽ മാസ്റ്ററാണ് ഇത് ആരംഭിച്ചത്. 1920ൽ പഴഞ്ചനയിൽ ശ്രീ. അമ്പു കുറുക്കൾ തുടങ്ങിയ പ്രാഥമിക വിദ്യാലയമാണ് ഇപ്പോൾ വെളിയരണയിലെ ഗവ. യു.പി. സ്ക്കൂളായി മാറിയത്. ആദ്യത്തെ യു.പി. (ഹയർ എലിമെൻററി സ്ക്കൂൾ) 1928ൽ ശ്രീ . വട്ടത്തോട് കൃഷ്ണൻ നമ്പ്യാർ സ്ഥാപിച്ച ഇപ്പോഴത്തെ വെള്ളമുണ്ട എ.യു.പി. സ്ക്കൂളാണ്. ശ്രീ. പി.കെ. നാരായണൻ നായരായിരുന്നു ഈ വിദ്യാലയത്തിലെ പ്രഥമ അദ്ധ്യാപകൻ. ഈ സ്ക്കൂളിൽ നിന്ന് ഇ.എസ്.എൽ.സി. പരീക്ഷ ജയിച്ച ശ്രീ.എ. കേളുനമ്പ്യാരാണ് വെള്ളമുണ്ടക്കാരനായ പ്രഥമ അദ്ധ്യാപകൻ.

1924ൽ ഡോ. നമ്പൂതിരി എൽ.എം.പി. യാണ് ആദ്യത്തെ വൈദ്യശുശ്രൂഷ സ്ഥാപനം ആരംഭിച്ചത്. ഇപ്പോഴത്തെ രജിസ്ട്രർ ആഫീസ് പരിസരത്ത് 1930ൽ കർഷകരുടെ സഹകരണ നെല്ല് വിപണന സൊസൈറ്റി - വെള്ളമുണ്ട സൊസൈറ്റി രൂപീകരിച്ചു. 1936ൽ വെള്ളമുണ്ട പബ്ലിക്ക് ലൈബ്രറിയും 1922ൽ വെള്ളമുണ്ടയിലും തങ്ങവണയിലും കർഷകരുടെ ഐക്യനാണയ സംഘങ്ങൾ സ്ഥാപിച്ചു. ഇവയാണ് പിന്നീട് സർവ്വീസ് സഹകരണ ബാങ്കുകളായി വളർന്നത്.

ഒരു ഹൈസ്ക്കൂളും 6 യു.പി. സ്ക്കൂളുകളും 7 എ.എൽ.പി. സ്ക്കൂളുകളും, സബ്രജിസ്ട്രർ ഓഫീസ് പോലീസ് സ്റ്റേഷൻ, കൃഷിഭവൻ, രണ്ട് വില്ലേജ് ഓഫീസുകൾ, പഞ്ചായത്ത് ഓഫീസ്, രണ്ട് സഹകരണ ബാങ്കുകൾ, ക്ഷീരോല്പാദന സഹകരണ സംഘം, രണ്ട് ഗ്രാമീണ ബാങ്ക് ശാഖകൾ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ഒരു ശാഖ, ഒരു ബ്ലോക്ക് ലെവൽ ഹെൽത്ത് സെൻറർ, ഒരു പ്രൈമറി ഹെൽത്ത് സെൻറർ, നാല് സബ്സെൻററുകൾ, ഒരു മൃഗാശുപത്രി, മൂന്ന് വെറ്റിനറി സബ് സെൻറർ, രണ്ട് പോസ്റ്റാഫീസുകൾ, മൂന്ന് ബ്രാഞ്ച് പോസ്റ്റാഫീസുകൾ, ഒരു ടെലിഫോൺ എക്സ്ചേഞ്ച്, ഒരു ടെലഗ്രാം ആഫീസ്, ഏഴ് അംഗീകൃത ഗ്രന്ഥശാലകൾ, 24 അംഗൻവാടികൾ, ഒരു പാരലൽ കോളേജ്, ഒരു സഹകാര്യ ടൈപ്പ് റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട്, 2 സഹകാര്യ തയ്യൽ പരിശീലന കേന്ദ്രങ്ങൾ, 2 വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസുകൾ, ഒരു മാവേലി സ്റ്റോർ, 13 റേഷൻ കടകൾ എന്നിവയാണ് ഇപ്പോൾ പഞ്ചായത്തിലുള്ള സ്ഥാപനങ്ങൾ. കൂടാതെ കൃഷി വികസന സമിതി, കേര വികസന സമിതി, 14 മഹിളാസമാജങ്ങൾ, 16 സ്പോർട്സ് ക്ലബ്ബു

കൾ, 12 ആർട്സ് ക്ലബ്ബുകൾ എന്നിവയും നിലവിൽ ഉണ്ട്.

വെളിയർണ (പത്താംമൈൽ), തരുവണ, വെള്ളമുണ്ട 8/4, മൊതക്കര, ആറുവാൾ, പുളിഞ്ഞാൽ, കകല്ലൂർ, കണ്ടത്തുവയൽ, കാരക്കാമല എന്നിവ വികസിച്ചു വരുന്ന ചെറു കച്ചവടകേന്ദ്രങ്ങളാണ്.

3. സാമൂഹ്യ സാംസ്കാരി ചരിത്ര പശ്ചാത്തലം

വയനാട് ജില്ലയുടെ വടക്ക് പടിഞ്ഞാറ് ഭാഗത്ത് സ്ഥിതിചെയ്യുന്ന പഞ്ചായത്തിന് പ്രാചീനവും സുപ്രധാനവുമായ സാമൂഹിക ചരിത്ര പശ്ചാത്തലമാണുള്ളത്. ഇതിഹാസ പരാമർശിയായ ബാണാസുരന്റെ കഥയുമായി ബന്ധമുള്ള പടിഞ്ഞാറ് ഭാഗത്തെ പർവ്വത നിരയുടെ താഴ്വരയിലെ ഈ പ്രദേശത്തിന് പൗരാണിക പാരമ്പര്യം തന്നെ അവകാശപ്പെടാനുണ്ട്. ബാണന്റെ കൊട്ടാരം കാക്കാൻ നിയോഗിക്കപ്പെട്ട ശിവൻ, അതിനായി മലകയറി (മലക്കാരി) ദൈവമായി മാറി കിരാത വേഷ ധാരിയായി കാവൽ നിന്ന് ശ്രീകൃഷ്ണനോട് ഏറ്റുമുട്ടുകയും പരാജയപ്പെട്ട് പിൻവാങ്ങുകയും ചെയ്തു. ബാണയുദ്ധത്തിൽ അദ്ദേഹത്തിന്റെ കരങ്ങൾ ഛേദിച്ച സ്ഥലമത്രെ പുളിഞ്ഞാൻ പരിസരത്തുള്ള കരബാണചേദി (കരുവണശേരി).

പുളിയ രാജവംശത്തിലെ പിൻ തുടർച്ചക്കാരായ 'പുളിയൻ നായർ' വിഭാഗത്തിന്റെ അധീനതയിൽ ആയിരുന്ന 'പുളിയൻ ചാലാ'ണ് പുളിഞ്ഞാൽ ആയതെന്ന് പറയപ്പെടുന്നു. പുളിഞ്ഞാൽ കോട്ടയും കോട്ടമൈതാനവും പ്രസിദ്ധമാണ്. ഈ പ്രദേശത്ത് പ്രാചീനമായ ക്ഷേത്രാവശിഷ്ടങ്ങൾ കാണാനുണ്ട്.

പുളിയ വംശത്തിന്റെ ദുർഭരണവും ജനദ്രോഹവും കൂടി വന്നപ്പോൾ അതിൽ നിന്ന് രക്ഷക്കായി മംഗലശ്ശേരി, വട്ടത്തോട, ചെറുകര, കരിങ്ങാരി, തരുവണ തുടങ്ങിയ നായർ നാടുവാഴികൾ അടങ്ങുന്ന വെള്ളായ്മ (പൊരുന്നന്നൂർ) സ്വരൂപം കോട്ടയം സ്വരൂപത്തോട് (പഴശ്ശി) അപേക്ഷിച്ചത് അനുസരിച്ച് പുളിയ വംശത്തെ പഴശ്ശി രാജ തോൽപിച്ചു. വെള്ളായ്മ അഥവാ പൊരുന്നനൂർ സ്വരൂപം പഴശ്ശി (കോട്ടയം) രാജയുടെ അധീശത്വം സ്വീകരിച്ചുവെന്ന് പറയുന്നു.

പഴയ വെള്ളായ്മ സ്വരൂപമെന്നും പൊരുന്നന്നൂർ സ്വരൂപം എന്നും പറയുന്ന അധീശ പ്രദേശമാണ് ഇന്നത്തെ വെള്ളമുണ്ട പഞ്ചായത്ത്. അന്നത്തെ 'വെള്ളായ്മ' സ്വരൂപത്തിൽ പെട്ട മംഗലശ്ശേരി, വട്ടത്തോട, കരിങ്ങാരി, ചങ്ങാടം, ചെറുകര എന്ന 5 ദേശപതിമാരുടെ പ്രദേശങ്ങളാണിതിൽ ഉൾപ്പെട്ടിരുന്നത്. മരുമക്കത്തായ സമ്പ്രദായം അനുസരിച്ചായിരുന്നു ഈ 5 നായർ തറവാടുകളിൽ കാരണവന്മാരെ നിയോഗിച്ചിരുന്നത്. അവർ ദേശപതിമാരായി അറിയപ്പെട്ടിരുന്നു. ഇവർക്ക് പഴശ്ശി രാജ വംശവുമായി ബന്ധമുണ്ടായിരുന്നു. പഴശ്ശി രാജയുടെ പ്രതിനിധി വർഷത്തിൽ ഒരിക്കൽ അഞ്ചില്ലം തറവാട്ടിൽ (എടം) വരുമായിരുന്നു. അപ്പോൾ വിവിധ ചുമതലകൾ ഓരോ തറവാട്ടുകാരും നിർവ്വഹിക്കേണ്ടിയിരുന്നു.

രാജ പ്രതിനിധി നൽകുന്ന ഓണപ്പുടവ "വെള്ള മുണ്ട" ഒരുക്കേണ്ടത് വെള്ളമുണ്ട (വട്ടത്തോട്) നമ്പ്യാരും മാനന്തവാടി പുഴയിലെ ചങ്ങാടം കടത്തി മഞ്ചലിൽ കൊണ്ടു വരേണ്ടത് ചങ്ങാടത്ത് മഞ്ചാൻ നമ്പ്യാരും ആയിരുന്നുവത്രെ.

'അഞ്ചില്ലം' സ്വരൂപക്കാർ ചേർന്ന് ചർച്ച ചെയ്യുന്നതാണ് ഈ പ്രദേശത്തെ അടിയന്തിരങ്ങൾ, ഉത്സവങ്ങൾ, ആഘോഷങ്ങൾ എന്നിവയും ശിക്ഷാവിധികളും മറ്റു പ്രധാന കാര്യങ്ങളും നിശ്ചയിച്ചിരുന്നത്. ഇവരുടെ തറവാട്ടു വക ക്ഷേത്രങ്ങളും ഉത്സവങ്ങളും പ്രസിദ്ധമായിരുന്നു. ചെറുകര നായരുടെ തൊടുവായിൽ കുരിക്കലാൽ ഭഗവതി ക്ഷേത്രവും ചങ്ങാടത്ത് മഞ്ചാൻ നമ്പ്യാരുടെ 'തൊണ്ണമ്പറ്റ' പരദേവതാ ക്ഷേത്രവും മംഗലശ്ശേരി തറവാട്ടിലെ ശിവക്ഷേത്രവും വട്ടത്തോട നമ്പ്യാരുടെ പടാരിവേട്ടയ്ക്ക് ഒരു മകൻ ക്ഷേത്രവും കുരിങ്ങാലി നായരുടെ പുതുക്കോട്ടിടം ക്ഷേത്രവും ആയിരുന്നു അവ. കൂടാതെ പഴശ്ശി രാജാവുമായി ബന്ധപ്പെട്ട മംഗലശ്ശേരി മലയിലെ ശ്രീ പോർക്കലി ക്ഷേത്രം, പീച്ചങ്കോട്ട് പുറമംഗലത്ത് ശ്രീ പോർക്കരി ക്ഷേത്രം, വീര കേരള വർമ്മമാരുടെ കാരാട്ട് മുതിരക്കൽ കോവിലകം ക്ഷേത്രം, ചെറുവലത്ത് കുറുച്യതറവാട്ടിലെ കരിമ്പിലി ഭഗവതി ക്ഷേത്രം, മേച്ചിലാട്ട് ശ്രീകൃഷ്ണ ക്ഷേത്രം എന്നിവയും പ്രസിദ്ധങ്ങളാണ്.

പഴശ്ശിയുടെ ഒളിപ്പോർ സങ്കേതങ്ങളിൽ ഒന്ന് മംഗലശ്ശേരി മലയിൽ ആയിരുന്നു എന്നും അന്ന് സ്ഥാപിക്കപ്പെട്ടതാണ് അന്നത്തെ ശ്രീ പോർക്കലി ക്ഷേത്രം എന്നും പറയപ്പെടുന്നു. കുറ്റ്യാടിചുരം വഴി ഈ പ്രദേശത്തേക്ക് ബ്രിട്ടീഷുകാരോട് ചെറുത്തുനിന്ന പഴശ്ശി രാജ പടയോട്ടം നടത്തിയ മാർഗ്ഗങ്ങളുടെ അടയാളങ്ങളും കാണാനുണ്ട്. പഴശ്ശി രാജയുടെ മേൽക്കോയ്മ സ്വീകരിച്ച അഞ്ചില്ലം സ്വരൂപക്കാരുടെ അടിയന്തിരാദി ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് വേണ്ടി വിവിധ കുലതൊഴിൽ ചെയ്യുന്നവരെ, കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ കൊണ്ടു വന്നത് ഈ പ്രദേശങ്ങളിൽ കൂടെയായിരുന്നു. പൂജാ കർമ്മങ്ങൾ നിർവ്വഹിക്കുന്ന ബ്രാഹ്മണർ (എബ്രാന്തിരി) കളമെഴുത്തും പാട്ടും നടത്താനുള്ള തെയ്യംപാടി കുറുപ്പന്മാർ തിറയും തെയ്യവും കെട്ടാനുള്ള അഞ്ഞൂറ്റൻ, മുന്നൂറൻ, അമ്പലങ്ങളിൽ മാലകെട്ടാനുള്ള നമ്പീശൻമാർ, മൂസ്സമാർ, ചെണ്ടക്കാരായ മലയർ, പുലയടിയന്തിരങ്ങൾ നടത്തേണ്ട വണ്ണാനും മാരാനും, ക്ഷൗരക്കാർ, അലക്കുകാർ, കൊല്ലൻ, ആശാരിമാർ, തട്ടാൻ

തുടങ്ങിയവർ ഒക്കെ വളരെ വർഷങ്ങൾക്കു മുമ്പു തന്നെ ചെറുകര, കരിങ്ങാരി, വെള്ളമുണ്ട പ്രദേശങ്ങളിൽ ഉണ്ട്. അഞ്ചില്ലം സ്വരൂപത്തിലെ ഈ കർമ്മങ്ങൾ അവരുടെ അവകാശമായി കണക്കാക്കിയിരുന്നു.

വട്ടത്തോട് തറവാട്, വെള്ളമുണ്ട ഇടം ആയിരുന്നു. അതിൽ നിന്നാണ് വെള്ളമുണ്ട എന്ന പ്രാദേശിക നാമം ഉണ്ടായത്.

ഈ ദേശങ്ങളിലെ ഭൂഉടമകൾ (ജന്മിമാർ) ഈ തറവാട്ടുകാർ തന്നെയായിരുന്നു. മംഗലശ്ശേരി പ്രദേശം മംഗലശ്ശേരി നായർ തറവാട്ടിന്റേയും, വെള്ളമുണ്ട പ്രദേശം വട്ടത്തോട് നമ്പ്യാരുടെ പടാരി ദേവസ്വം വകയും ചങ്ങാടം പ്രദേശം ചങ്ങാടത്ത് മഞ്ചാൻ നമ്പ്യാരുടെ തൊണ്ണമ്പറ്റ ചേലേരി നമ്പ്യാരുടെ കോക്കടവിൽ എന്നീ ദേവസ്വങ്ങളുടെ വകയും കരിങ്ങാരി പ്രദേശം കരിങ്ങാരി നായരുടെയും മഴുവന്നൂർ, പുറമംഗലം, ചെമ്പങ്കുനി, മേച്ചിലാട്ട്, തിരുനെല്ലി ദേവസ്വങ്ങളുടെയും ജന്മവും കൈവശവും ആയിരുന്നു. ചെറുകര ദേശം ചെറുകര നായർ, പുതിയടത്ത് നായർ, തൊടുവയിൽ എബ്രാന്തിരി, തൊടുവയിൽ ദേവസ്വം എന്നിവരുടെ ജന്മമായിരുന്നു. കൊമ്മയാട് പ്രദേശം തരുവണനായർ, എരമംഗലം മുതിരക്കൽ വലിയ വീരവർമരാജ, ചറ്റുകുന്നിൽ കരിങ്ങാരി നായർ, ചെറുവലത്തു കുറിച്യരുടെ കരിമ്പിലി ദേവസ്വം എന്നിവരുടെ ജന്മവും കൈവശവുമായിരുന്നു. ഈ ജന്മിമാരാണ് ഇവിടങ്ങളിൽ 'കുടിയാന്മാരിൽ' നിന്ന പാട്ടം പിരിച്ചിരുന്നത്.

അഞ്ചില്ലം സ്വരൂപങ്ങളിലെ ദേശാധിപതികൾ മിക്കവരും ധർമ്മിഷ്ഠരും പ്രഗത്ഭരും പ്രശസ്തരും പൊതുകാര്യ തൽപരരും ആയിരുന്നു. വെള്ളമുണ്ടയിലെ യു. പി. സ്കൂൾ സ്ഥാപിക്കുകയും പല പൊതുകാര്യങ്ങൾക്കും നേതൃത്വം നൽകുകയും സ്ഥലം സൗജന്യമായി നൽകുകയും ചെയ്ത ശ്രീ വട്ടത്തോട് കൃഷ്ണൻ എന്ന മൂപ്പിൽ നമ്പ്യാർ, സ്വസമുദായത്തിലെ അനാചാരങ്ങളെ എതിർക്കുകയും ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെടുകയും ദക്ഷിണേന്ത്യയിലെ ഏറ്റവും നല്ല കർഷകനായി തെരഞ്ഞെടുക്കപ്പെട്ടു ഡൽഹിയിൽ ചെന്ന് പുരസ്കാരം സ്വീകരിക്കപ്പെടുകയും ചെയ്ത ശ്രീ. അവരയിൽ മംഗലശ്ശേരി അനന്തൻ നായർ വിദ്യാഭ്യാസ പ്രചാരകനായും ദേശീയ സ്വാതന്ത്ര്യ പ്രവർത്തകനായും അറിയപ്പെട്ടിരുന്നു. ശ്രീ. ചെറുകര തൊടുവയിൽ സി.ടി. ഗോവിന്ദൻ നായർ എന്നിവർ ഈ ശൃംഖലയിലെ ഒടുവിലത്തെ ചില പ്രശസ്തരത്രെ. മംഗലശ്ശേരി തറവാട്, വെള്ളമുണ്ടയിടം വക ആലഞ്ചേരി എന്നിവയാണ് ഈ പ്രദേശത്തെ ആദ്യത്തെ ഓടിട്ട വീടുകൾ.

വയനാട്ടിലെ ഇതര പ്രദേശങ്ങളെക്കാൾ ഇസ്ലാം മതാനുയായികളെറേയുള്ള ഈ പഞ്ചായത്തിലെ മുസ്ലീം സമുദായത്തിനും നാലു നൂറ്റാണ്ടോളം പഴക്കമുള്ള ചരിത്ര പാരമ്പര്യമാണുള്ളത്.

കോട്ടയം രാജാവാണ് കച്ചവടം നടത്തിക്കുന്നതിനായി 'നാദാപുരം' ഭാഗത്തുനിന്ന് ഇവരെ ഈ പ്രദേശത്തു കൊണ്ടു വന്ന് കുടിയിരുത്തിയതത്രെ. തരുവണയിലെ 'വൈശ്യൻ' കുടുംബക്കാരാണ് ആദ്യത്തെ കച്ചവടക്കാരായി വന്നതെന്നും അവർക്ക് തരുവണയിൽ ഒരു പള്ളി കോട്ടയം രാജാവ് നിർമിച്ചുകൊടുത്തിരുന്ന വെന്നം പറയപ്പെടുന്നു. കോറോം, വെള്ളമുണ്ട (പഴയങ്ങാടി) എന്നിവിടങ്ങളിലും പള്ളി നിർമ്മിച്ചിരുന്നുവെന്ന് പഴമക്കാർ പറയുന്നു. കച്ചവടാർത്ഥം വയനാട്ടിലെത്തിയ ഇവർ കുഞ്ഞോം, കോറോം, കണ്ടത്തുവയൽ, പുളിഞ്ഞാൽ, വാരാമ്പറ്റ, പഴഞ്ചന, തരുവണ, ആറുവാൾ, കെല്ലൂർ ഭാഗങ്ങളിൽ സ്ഥിരതാമസക്കാരായി. ഇവിടങ്ങളിലെ പ്രാചീനമായ പള്ളികളും, പഴയ മുസ്ലീം തറവാടുകളും പഴമയുടെ ഉത്തമ ദൃഷ്ടാന്തങ്ങളാണ്. അഞ്ചില്ലം തറപ്പാട്ടുകാരുമായി സൗഹാർദ്ദത്തിൽ കഴിഞ്ഞ ഇവർ, സ്വന്തമായി ഭൂമി വാങ്ങി സങ്കേതങ്ങൾ സ്ഥാപിക്കുകയാണുണ്ടായത്. ഹിന്ദു - മുസ്ലീം ഐക്യത്തിന്റേയും സൗഹാർദ്ധത്തിന്റേയും പഴയകഥകൾ കാരണവന്മാർ ഇന്നും അനുസ്മരിക്കുന്നുണ്ട്. ധർമ്മിഷ്ടരും പൊതുകാര്യ വിദ്യാഭ്യാസ പ്രസക്തരുമായി പല പ്രശസ്ത വ്യക്തികളും മുസ്ലീം സമുദായത്തിൽ ഈ പ്രദേശത്തുണ്ടായിരുന്നു. അവരിൽ ചില പ്രധാനികളാണ് മണിമ്മ അമ്മദ് ഹാജി, പള്ളിയിൽ സൂപ്പിക്കുട്ടി, കുനിങ്ങാരത്തു മമ്മു, കോരൻമൊയ്തു ഹാജി എന്നിവർ.

മലബാറിലെ ക്രിസ്തീയ കുടിയേറ്റ ചരിത്രവുമായി ബന്ധപ്പെട്ട് വെള്ളമുണ്ട പ്രദേശത്തെ കുടിയേറ്റത്തിന് അരനൂറ്റാണ്ടിലേറെ പഴക്കമുണ്ട്. 1948ലാണ് ഈ പ്രദേശത്തെ ആദ്യത്തെ കുടിയേറ്റ കുടുംബക്കാർ വന്നതെന്ന് പറയപ്പെടുന്നു. അരീക്കാട്, മൂത്തനാട്, പുന്തോലിൽ, കപ്യാർമലയിൽ തുടങ്ങിയ കുടുംബക്കാർ ഇതിൽ പെടുന്നു. 1950ലാണ് വെള്ളമുണ്ടയിലെ ക്രിസ്തീയ ദേവാലയം സ്ഥാപിച്ചത്. പുളിഞ്ഞാൽ, കാരക്കാമല, ഒഴുക്കംമൂല, മംഗലശ്ശേരി മല, കൊമ്മയാട് എന്നീ പ്രദേശങ്ങൾ മുഖ്യ കുടിയേറ്റ കേന്ദ്രങ്ങളാണ്.

പട്ടിക വർഗക്കാരിൽ പ്രാമുഖ്യമുള്ളത് കുറിച്യർക്കാണ്. പഴശ്ശിയുടെ പടനായകനായ തലക്കൽ ചന്തുവിന്റെ പിന്തുടർച്ചാക്കാരായ ഇവർ വില്ലാളി വീരന്മാരായിരുന്നു. ഈ പഞ്ചായത്തിലെ ചെറുവയലത്ത്, കരുവണശ്ശേരി, കക്കോട്ടം, പുല്ലോറ, തൊടുവയിൽ കാപ്പുവയൽ, കാപ്പും മൂട്ടിൻ, പെരുവടി, എരുവഞ്ചേരി, പാറമൂല എന്നീ 'മിറ്റ'ങ്ങൾ പഴക്കമുള്ള കുറിച്യത്തറവാടുകളാണ്. അഞ്ചില്ലം തറവാട്ടുകാരുടെ കുലക്ഷേത്രങ്ങളിൽ ഉത്സവങ്ങളിൽ മുഖ്യമായ പങ്ക് കുറിച്യ സമുദായത്തിനാണ്. 'മലക്കാരിക്കു കൊടുക്കൽ', 'ദൈവം കാണൽ' തുടങ്ങിയ ആചാരങ്ങൾ ഇന്നും ഇവർ പിന്തുടർന്നു വരുന്നുണ്ട്. ഇന്നും മരുമക്കത്തായമനുസരിച്ച് കൂട്ടുകുടുംബമായി ജീവിക്കുന്ന ഇവർക്കു സ്വന്തമായി ഭൂമിയുണ്ട്. തൊട്ടുകൂ

ടായ്മ, തീണ്ടൽ എന്നീ ആചാരങ്ങളും പഴയ വേഷധാരണരീതികളും ഇന്നും ചില പ്രായം ചെന്നവർ കർശനമായി പാലിച്ചു വരുന്നു.

പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ട പണിയർ പഞ്ചായത്തിലെ എല്ലാ ഭാഗത്തുമുണ്ട്. കോളനിയായി താമസിക്കുന്ന ഇവർക്കു, ഭൂഉടമകളുമായുള്ള പഴയ ബന്ധം ഇപ്പോഴില്ല. പ്രാചീനകാലം മുതൽ ഇവർ കർഷകതൊഴിലാളികളായിരുന്നു. ഭൂവുടമകളെ ആശ്രയിച്ച് കുടിലുകൾ കെട്ടി താമസിച്ചിരുന്ന ഒരു കർഷകന്റെ കൂടെ തന്നെ സ്ഥിരമായി കുടുംബസമേതം പണിയെടുക്കുന്ന സമ്പ്രദായമാണ് വളരെക്കാലം നിലവിൽ ഉണ്ടായിരുന്നത്. വർഷാവസാനം, വള്ളൂർക്കാവ് ഉത്സവത്തോടനുബന്ധിച്ച് ഭൂവുടമയിൽ നിന്ന് ഉത്സവത്തിന് പോകുമ്പോൾ വാങ്ങുന്ന പണം അഡ്വാൻസു പണമായി (നിൽപു പണം) കണക്കാക്കി അടുത്ത വർഷത്തിൽ ജോലി ചെയ്യാനുള്ള ഒരു സ്വയം അലിഖിത കരാർ മുൻകാലങ്ങളിൽ ഉണ്ടായിരുന്നു. ഇങ്ങിനെ പണിയെടുക്കുമ്പോൾ കൂലിയായി നെല്ലാണ് കൊടുത്തിരുന്നത്. കൂടാതെ ഓരോ വർഷവും ഒരു കർഷക തൊഴിലാളികുടുംബത്തിന് നിശ്ചിത അളവിൽ തുണിയും (കാരിക്കൻ) കൊയ്ത്തും മെതിയും കഴിഞ്ഞാൽ നിശ്ചിത അളവിൽ നെല്ലും (കുണ്ടൽ) അവസാനത്തെ ഒക്കാൽ (കന്നുകാലികളെ കൊണ്ട് ചവിട്ടിമെതിപ്പിക്കുന്ന രീതി) കഴിഞ്ഞാൽ നിശ്ചിത അളവിൽ വാരിയെടുക്കുന്ന നെല്ലും (ഒക്കിപ്പൊലി) അവാകാശമായി ലഭിച്ചിരുന്നു. ഈ സമ്പ്രദായങ്ങളെല്ലാം കഴിഞ്ഞ കാൽ നൂറ്റാണ്ടോളമായി ഇല്ലാതായിട്ട്. ഇവരുടെ ആരാധനാ മൂർത്തിയായ 'കൂളി'യെ പ്രീതിപ്പെടുത്തിയാൽ രോഗം മാറുമെന്നും എല്ലാ വിഷമങ്ങളും ഇല്ലാതാവുമെന്നും ഇവർ വിശ്വസിക്കുന്നു. ബാണാസുരമലയിൽ വാളാരം കുന്ന് ഭാഗത്ത് ഒന്നുരണ്ടു 'നായ്ക്ക കോളനിയും' പുളിഞ്ഞാൽ പ്രദേശത്ത് 'കാടർ' സമുദായക്കാരും ആണ് മറ്റു പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടവർ. പട്ടികജാതി വിഭാഗത്തിൽ പെട്ട 'പുലയർ' ഈ പഞ്ചായത്തിലെ കാവുംകുന്ന്, ബീച്ചൂർകുന്ന് (തരുവണ) കൂപണ പ്രദേശങ്ങളിലാണുള്ളത്. മുൻകാലങ്ങളിൽ കൈതയോലപ്പായ നെയ്തും മുറം നെയ്തും മറ്റു കൈതൊഴിൽ ചെയ്തുമാണിവർ ജീവിച്ചിരുന്നത്. ബാണാസുര മലയിൽ പട്ടികജാതിക്കാരായ കുറവരുടെ ഒന്നു രണ്ടു കോളനികൾ ഉണ്ട്.

വടക്കെ വയനാട്ടിലെ മുൻ എം.എൽ.എ.യും വെള്ളമുണ്ട പഞ്ചായത്തു മെമ്പറും പൊതു പ്രവർത്തകരും രാഷ്ട്രീയ നേതാവും ഇപ്പോൾ അറിയപ്പെടുന്ന പാരമ്പര്യ ചികിത്സകനുമായ ശ്രീ. കെ. കെ. അണ്ണൻ പാറമൂല കുറിച്യതറവാട്ടിലെ അംഗമാണ്. മുൻ പഞ്ചായത്തു മെമ്പറായ പെരുവടി കേളു ഈ പ്രദേശത്തെ കുറിച്യ കാരണവരാണ്.

ഈ പഞ്ചായത്തിന്റെ മുൻ പ്രസിഡണ്ടും സാമൂഹ്യ - രാഷ്ട്രീയ പ്രവർത്തകനുമായ ശ്രീ. ഇ.കെ. മാധവൻ നായർ പഞ്ചായത്തിലെ പ്രഥമ ബിരുദധാരിയും നടക്കൽ നാവ്യൻ കണ്ടി കെ.കെ. കുഞ്ഞബ്ദുള്ള ഹാജി ആദ്യത്തെ നിയമ ബിരുദധാരിയും ആണ്. ആദ്യകുടിയേറ്റക്കാരിലൊരാളായ അരീക്കോട്ട് വർക്കിയുടെ മകനും കർഷകതൊഴിലാളി പ്രവർത്തകനും നക്സലൈറ്റ് നേതാവുമായ, പോലീസു വെടിയേറ്റു രക്തസാക്ഷിത്വം വരിച്ച ശ്രീ. എ. വർഗീസ് ഈ പഞ്ചായത്തുകാരനാണ്.

സാമൂഹ്യ - സാംസ്കാരിക മേഖലകളിൽ കഴിഞ്ഞ അര നൂറ്റാണ്ടിനിടക്കു പരിഗണനീയമായ മാറ്റങ്ങളാണുണ്ടായത്. വിദ്യാഭ്യാസ രംഗത്തുണ്ടായ പുരോഗതിയാണിതിനു കാരണം. 1928ൽ ആരംഭിച്ച എ.യു.പി. സ്ക്കൂളും അതിനു മുമ്പു തന്നെ ആരംഭിച്ച വെള്ളമുണ്ട ഗവ. ഹൈസ്ക്കൂളും മറ്റു വിദ്യാലയങ്ങളും സാമൂഹ്യപുരോഗതികളിൽ നിർണായക പങ്കു വഹിച്ചിട്ടുണ്ട്. വയനാട്ടിൽ ഉന്നതവിദ്യാഭ്യാസ സൗകര്യങ്ങൾ ഇല്ലാതിരുന്ന കാലത്ത് മാനന്തവാടി കേന്ദ്രീകരിച്ച് 1950കളിൽ ആരംഭിച്ച പാരൽ കോളേജ് ഈ പ്രദേശത്തുകാർക്ക് പ്രയോജനപ്പെട്ടിട്ടുണ്ട്.

1956ൽ കേരളാ ഗ്രന്ഥാലയത്തിന്റെ പ്രവർത്തനം ശ്രീ. പി.എൻ. പണിക്കരുടെ നേതൃത്വത്തിൽ വയനാട്ടിലാരംഭിച്ചതോടെ ഈ പഞ്ചായത്തിൽ പുനരുദ്ധരിക്കപ്പെടുകയും സ്ഥാപിക്കപ്പെടുകയും ചെയ്ത അര ഡസനിലേറെ ഗ്രന്ഥശാലകൾ സാംസ്കാരിക വളർച്ചയുടെ പ്രചോദനകേന്ദ്രങ്ങളായിരുന്നു.

മുഴുവന്നൂർ ഇല്ലം, ആലഞ്ചേരി എടം എന്നിവിടങ്ങളിൽ കേന്ദ്രീകരിച്ച് സംഗീത നാടകം, കഥകളി തുടങ്ങിയ കലാപരിശീലനവും അവതരണവും പതിവായിരുന്നു. പ്രശസ്ത കലാകാരന്മാരും ആശാന്മാരുമാണ് ഇതിന് നേതൃത്വം നൽകിയിരുന്നത്. പുരാണ കഥകൾ പ്രതിപാദിക്കുന്ന നാടൻ പാട്ടുകൾ പാടി കോലടിച്ചു താളത്തിൽ അരങ്ങേറുന്ന 'കോൽക്കളി' വിവാഹം തുടങ്ങിയ അടിയന്തിരങ്ങളോടനുബന്ധിച്ചുള്ള കലാവിനോദമായിരുന്നു.

ജനങ്ങളുടെ ഭക്ഷണശീലം, വസ്ത്രധാരണം, പാർപ്പിടനിർമാണം എന്നിവയിലെല്ലാം ത്വരിതഗതിയിലുള്ള മാറ്റങ്ങളാണ് കഴിഞ്ഞ അരനൂറ്റാണ്ടിനിടയ്ക്കുണ്ടായത്. 1950 കളിലെ കുടിയേറ്റത്തോടനുബന്ധിച്ച് പ്രചരിച്ച കപ്പ(മരച്ചീനി) ഇടക്കാലത്ത് ഒരു പ്രധാന ഭക്ഷണമായിരുന്നു. രണ്ടാം ലോക മഹായുദ്ധത്തെ തുടർന്നുണ്ടായ വറുതിയും പട്ടിണിയുംഇന്നും പ്രായമുള്ളവർ ഓർക്കുന്നു. പന വെട്ടി അതിന്റെ ചോറ് അരിച്ചു 'പനമ്പിട്ടു' ഉണ്ടാക്കി ഭക്ഷിച്ചും, കാട്ടു ചേമ്പും കരിന്താളും, കങ്ങിക്കിഴക്കും, കാച്ചിലും, മുത്താറിയും, മുളംകൂമ്പും, കാട്ടുതവരയും 'മത്തൻ ചപ്പു' മെല്ലാം ഭക്ഷിച്ചാണ് ജനങ്ങൾ കഴിഞ്ഞു കൂടിയിരുന്നത്.

കന്നുകാലികൾ സുലഭമായിരുന്നതിനാൽ പല കുടുംബങ്ങളിലും മോരും തൈരും നെയ്യുമെല്ലാം ഉണ്ടാ

യിരുന്നു. മണ്ണെണ്ണ ലഭിക്കാതിരുന്നപ്പോൾ ആവണക്കിൻ കുരു ഈർക്കിലിയിൽ കുത്തി കത്തിച്ചാണ് വെളിച്ചം കണ്ടിരുന്നത്. വർഷത്തിലൊരിക്കൽ റേഷനായി ലഭിച്ച ഒന്നോ രണ്ടോ വാര വീതം കോറത്തുണികൊണ്ടുള്ള പരിമിതമായ വസ്ത്രങ്ങളാണ് പുരുഷനും സ്ത്രീയും ധരിച്ചിരുന്നത്. പുരുഷന്മാരും സ്ത്രീകളും എല്ലാം മുടി നീട്ടി കുടുമ കെട്ടി വെച്ചിരുന്നു. പ്രത്യേകിച്ച് ആദിവാസി, നായർ കുടുംബങ്ങളിലുള്ളവർ. ബഹുഭൂരിപക്ഷവും പുല്ലുമേഞ്ഞ പുരകൾ, കാലവർഷം കഴിഞ്ഞാൽ തുലാവർഷത്തിൽ, കെട്ടിമേഞ്ഞ വീടുകളും ചോർന്നൊലിക്കുമായിരുന്നു.

ഗതാഗതത്തിനു സമ്പന്നർക്കു മാത്രം അപൂർവ്വമായി കാളവണ്ടി ഉണ്ടായിരുന്നു. കഴുത്തിൽ നിറയെ മണികെട്ടിയ കാളകൾ അലങ്കരിച്ച ചക്രവും മേൽക്കൂരയുമുള്ള കാളവണ്ടികൾ വലിച്ചോടുന്നത് അപൂർവ്വ ദൃശ്യങ്ങളായിരുന്നു. കൽക്കരിയുപയോഗിച്ച് ഓടുന്ന ബസ്സാണ് മാനന്തവാടി - കോഴിക്കോട്ടു റൂട്ടിൽ ഉണ്ടായിരുന്നത്. മറ്റു പ്രദേശങ്ങളിൽ റോഡുകൾ അപൂർവ്വമായിരുന്നു. മലമ്പനിയും, ധാരമുറിയാത്ത മഴയും, അസഹ്യമായ തണുപ്പും, വയനാടിനെ ഒരു 'വിഷകന്യക'യാക്കിയിരുന്ന കാലം ഈ പഞ്ചായത്തിന്റെ അവസ്ഥയും വ്യത്യസ്തമായിരുന്നില്ല.

സാമുദായിക സൗഹാർദ്ദത്തിന്റേയും സാംസ്കാരിക തനിമയുടെയും സാമൂഹ്യ മാറ്റങ്ങളുടെയും ഒരു ഭൂതകാലമാണ് നമുക്കുള്ളത്. ഈ ചരിത്ര പശ്ചാത്തലം മുന്നോട്ടുള്ള നമ്മുടെ പ്രയാണത്തിൽ, നമ്മുടെ ഭാവി നാം തന്നെ രൂപപ്പെടുത്താൻ തയ്യാറെടുക്കുമ്പോൾ, നമുക്ക് പ്രചോദനമായിത്തീരണം. ജീവസുറ്റ ഈ സാമൂഹ്യ - സാംസ്കാരിക ചരിത്ര പശ്ചാത്തലം മുറുകെപ്പിടിച്ചു നിൽക്കുന്ന നമ്മുടെ ഗ്രാമീണ സമൂഹത്തിനു മാറ്റത്തിനുള്ള പ്രേരക ശക്തിയായിത്തീരണം.

4. ഭൂപ്രകൃതിയും വിഭവങ്ങളും

പടിഞ്ഞാറ് ബാണാസുര പർവതം തൊട്ട് കിഴക്ക് കാരക്കാമല കെല്ലൂർ വരെയും വടക്ക് എടവക പഞ്ചായത്തതിർത്തിയിലാരംഭിച്ച് തെക്കുപുതുശ്ശേരി പുഴവരെയും വ്യാപിച്ചു കിടക്കുന്നതാണ് ഈ പഞ്ചായത്ത്. പടിഞ്ഞാറ് ഭാഗത്തുള്ള കണ്ടത്തുവയൽ, മംഗലശ്ശേരി, പുളിഞ്ഞാൽ, വാളാരംകുന്ന് ഭാഗങ്ങൾ മലഞ്ചെരിയിലാണ്. തെലപ്പുല്ല്, വനങ്ങൾ, ചായ, കാപ്പി, റബ്ബർ, കുരുമുളക് മുള എന്നിവയാണ് പ്രധാന സസ്യാവരണങ്ങൾ. മണ്ണൊപ്പും മലയിടിച്ചിലും, വനനശീകരണവുമാണ് ഇവിടത്തെ പ്രധാന പരിസ്ഥിതി പ്രശ്നങ്ങൾ. വെളിയർണ, മൊതക്കര, വാരാമ്പറ്റ, പഴഞ്ചന, വെള്ളമുണ്ട പ്രദേശങ്ങൾ താഴ്വരയിലുള്ള വയലും കുന്നുകളും ഇടകലർന്ന പ്രദേശമാണ്. മലയോരത്തു നിന്ന ആരംഭിച്ച് ഈ പ്രദേശങ്ങളിലൂടെ ഒഴുകുന്ന മംഗലശ്ശേരി തോട്, പുളിഞ്ഞാൽ തോട്, മൊതക്കര തോട് എന്നിവയുടെ തീരങ്ങളിലെ മണ്ണൊലിപ്പും, മണ്ണിടിച്ചിലും, നീർകെട്ടും പ്രധാന പ്രശ്നങ്ങളത്രെ. നെല്ല്, വാഴ, ഇഞ്ചി, കപ്പ എന്നിവ വയലേലകളിലും കുരുമുളകം, കാപ്പി, കവുങ്ങ്, തെങ്ങ് എന്നിവ കരയിലും കൃഷി ചെയ്യുന്നു. തുടർന്നുവരുന്ന ചങ്ങാടം, ചെറുകര, തരുവണ, പാലിയാണ, കരിങ്ങാരി, പുലിക്കാട്, കൊമ്മയാട്, കാരക്കാമല തുടങ്ങിയ സ്ഥലങ്ങളും വലിയ മാറ്റമില്ലാത്ത വയലുകളും കുന്നുകളും നിറഞ്ഞ താഴ്വരകളാണ്. വിളകളിലും വലിയ വ്യതിയാനമില്ല. പാലിയാണ, ചെറുകര, കരിങ്ങാരി, കൊമ്മയാട് പ്രദേശങ്ങളിലെ തെക്കെ അതിർത്തിയിൽ നീർകെട്ടും വെള്ളപൊക്കവും മണ്ണൊലിപ്പും മൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ട്. ഈ പഞ്ചായത്ത് പൂർണമായും 'ഹൈറേഞ്ച്' കാർഷിക മേഖലയിൽ(Agro climatic zones)പെടുന്ന പ്രദേശമാണ്. ശാസ്ത്രീയമായി ചായ, കപ്പി, ഏലം എന്നിവയാണ് അനുയോജ്യ വിളകൾ(Land Resourses of Kera).

ജൂൺ, ജൂലായ്, ആഗസ്റ്റ് മാസങ്ങളിലാണ് കൂടുതൽ മഴ ലഭിക്കുന്നത്. ജനവരി, ഫിബ്രവരി, മാർച്ച് മാസങ്ങളിൽ ഏറ്റവും കുറവും. താപനില കൂടുതൽ മാർച്ചിലും. കുറവ് ജൂലായിലുമാണ്. പഞ്ചായത്തിൽ എല്ലാ ഭാഗത്തും ഏറെക്കുറെ ഒരേ തോതിലുള്ള കാലാവസ്ഥയും വർഷപാതവുമാണ്. പട്ടിക.1.

ജൂൺ, ജൂലായ്, ആഗസ്റ്റ്, സെപ്തംബർ മാസങ്ങൾ മഴക്കാലവും ഒക്ടോബർ, നവംബർ, ഡിസമ്പർ, ജനവരി മാസങ്ങൾ തണുപ്പുകാലവും ഫിബ്രവരി, മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങൾ വേനൽക്കാലവുമാണ്. ഇടവപ്പാതിക്കുശേഷമുള്ള കാലവർഷത്തിലാണ് കൂടുതൽ മ

പട്ടിക 1.
വർഷപാതം

	ജന.	ഫി.	മാ.	ഏ.	മേ.	ജൂ.	ജൂല.	ആഗ	സ.	ഒ.	നവ.	ഡി.	ആകെ
വെള്ളമുണ്ട	7	9	23	99	183	762	1261	644	252	226	99	23	3588
സ്റ്റേറ്റ് ശരാശരി	14	17	39	112	256	691	760	433	247	288	163	42	3063

ഴ ലഭിക്കുന്നത്. വേനൽകാലത്ത്, അപൂർവ്വമായി ഇടമഴ ലഭിക്കുന്ന, മുഖ്യമായും മാർച്ച്, ഏപ്രിൽ മാസങ്ങളിൽ. ഡിസമ്പർ, ജനവരി നാസങ്ങളിൽ അതിശൈത്യം ഉണ്ടാവുന്ന പടിഞ്ഞാറുള്ള മലയോരപ്രദേശത്തു മഴയും തണുപ്പും താരതമ്യേന അല്പം കൂടുതൽ ആണ്.

ബാണാസുര മലയിലെ മീൻമുട്ടി, പുളിഞ്ഞാൻ, പെരിങ്കുളം, കൊയറ്റുപാറ തുടങ്ങിയ പ്രകൃതി ജലസ്രോതസുകളിൽ നിന്നുള്ള നീരുറവകൾ മലഞ്ചെരിവിലൂടെ ഒഴുകി മംഗലശ്ശേരി തോട്, പുളിഞ്ഞാൽതോട്, മൊതക്കര തോട് എന്നിവയിലൂടെ കിഴക്കോട്ട് ഒഴുകുന്നു. വർഷകാലത്തുളവയിലെ വെള്ളം നീർക്കെട്ടും പരിസ്ഥിതി പ്രശ്നവും ഉണ്ടാക്കുന്നു. തുടർന്നു ജലസേചനത്തിനുപയോഗിക്കുന്നു. തെക്ക അതൃത്തിയിലെ പുതുശ്ശേരി പുഴയും പരിമിതമായി മാത്രമെ ഉപയോഗപ്പെടുത്തുന്നുള്ളു. തോടുകളിൽ വെള്ളം കുറയുമ്പോൾ നെൽകൃഷി ചെയ്യുന്ന പതിവും ഉണ്ട്. കുടിവെള്ളത്തിനു മുഖ്യമായും കിണറും, 'കേണി'കളുമാണുപയോഗിക്കുന്നത്.

മലഞ്ചെരിവുകളിലും തൊട്ടുള്ള ചെരിഞ്ഞ സമതലങ്ങളിലും ചരൽ കലർന്ന കളിമണ്ണും വയലുകളിൽ ക്രുത്ത പശിമയുള്ള മണ്ണും, പുഴയോരങ്ങളിലും തോട്ടുകരയിലും മണൽകലർന്ന മണ്ണും, കുന്നിൻ ചരിവിൽ ചരൽ മണ്ണും, പുഴയോട് ചേർന്ന കിടക്കുന്ന വയലുകളിൽ വെള്ളപൊക്കം മൂലമുണ്ടാകുന്ന എക്കൽ മണ്ണുമാണ് കാണപ്പെടുന്നത്. തീരപ്രദേശങ്ങളിലെയും താഴ്വരകളിലേയും മണ്ണു ഫലപുഷ്ടിയുള്ളതും കുന്നിൻമുകളിൽ ഫലപുഷ്ടി കുറഞ്ഞതുമാണ്.

പഞ്ചായത്തിലെ മൊത്തം ഭൂമി 64540 ഹെക്ടർ ആണ്. ഇതിൽ 9275.52 എക്ര കുരഭൂമിയും 2405 എക്ര വയലുമാണ് തരിശുഭൂമി 2892 ഹെക്ടറാണ്. 99 ഹെക്ടർ സ്ഥലം തോടും പുഴയും ആയിട്ടുള്ള സ്ഥലമാണ് റോഡുകളും വഴികളിലും കൂടി 136 ഹെ. വരും.

വ്യക്തിപരമായ കാരണങ്ങളാൽ വയലുകൾ തരിശിടുന്ന പ്രവണതയും ചില സ്ഥലത്തുണ്ട്. ഒരുപ്പൂ വയലുകൾ വിളവെടുപ്പിന് ശേഷം മാസങ്ങളോളം തരിശായി കിടക്കുന്നു. പണ്ടു പച്ചക്കറി കൃഷി (വെളളരി) വ്യാപകമായിരുന്നു. വയലുകളിൽ കവുങ്ങ്, വാഴ കൃഷിക്കായി മാറ്റുന്നതും വർദ്ധിച്ചു വരുന്ന പ്രവണതയാണ്. തെങ്ങ്, വാഴ കൃഷിക്ക് 50 വർഷത്തെ പഴക്കമെയുള്ളുവെങ്കിലും വ്യാപകവും ഉൽപാദന ക്ഷമതയുള്ളതുമായ കൃഷിയാണ്. റബ്ബറിന് കാലാവസ്ഥ അനുയോജ്യമല്ലെങ്കിലും റബ്ബർ കൃഷിയും വർദ്ധിച്ചു വരുന്നുണ്ട്.

സസ്യ മൃഗ സമ്പത്തിൽ ധന്യമായിരുന്നു ഈ പഞ്ചായത്ത്. എന്നാൽ ഇത് ഗണ്യമായി ക്ഷയിച്ചു കൊണ്ടിരിക്കുന്നു. മേച്ചിൽ സ്ഥലങ്ങളുടെ അഭാവം കന്നുകാലി സമ്പത്തിന്റെ കുറവിനുകാരമമായി. നാടൻ കന്നുകാലികൾ, കോഴികൾ എന്നിവയില്ലാത്ത വീടുകളാണ് ഏറെയുള്ളത്. വനനാശം വന്യമൃഗസമ്പത്തില്ലാതാക്കി. ബാണാസുര മലവാരത്ത് കാട്ടുപന്നി, മാൻ, മുയൽ തുടങ്ങിയവ അപൂർവ്വമായി കാണപ്പെടുന്നു. സസ്യസമ്പത്തിൽ പഴയ പ്രൗഡിയില്ലെങ്കിലും മലയോരത്തും മറ്റു അപൂർവ്വ സസ്യശേഖരണങ്ങളുണ്ട്. നിരവധി ഔഷധ സസ്യങ്ങളും, മുള, ഈറ്റ (ഓട) ചൂരൽ, നെല്ലിമരങ്ങൾ തുടങ്ങിയവയും അങ്ങിങ്ങായി വളരുന്നുണ്ട്. വേനൽകാലത്തും മലയിലുണ്ടാകുന്ന കാട്ടുതീ വ്യാപകമായ വനനാശമുണ്ടാക്കുന്നു. ആദിവാസികളുടെ കൈത്തൊഴിലിനുപയോഗിച്ചിരുന്ന കൈതയോല, മുള (കായൽ), ഓട, ചൂൽ എന്നിവയുടെ നാശം തൊഴിലില്ലായ്മക്കും ദാരിദ്ര്യത്തിനും കാരണമായിട്ടുണ്ട്. പുഴയോരത്തും തോട്ടുവക്കിലും മലഞ്ചെരിവിലെ ഈർപ്പമുള്ള ഇടങ്ങളിലും ഇവയുടെ പുനർ കൃഷിക്കു സാദ്ധ്യതയുണ്ട്.

പഞ്ചായത്തിലെ ജനസംഖ്യ 1991 ലെ കാനേഷുമാരി അനുസരിച്ച് 30498 ആണ്, 15410 പുരുഷന്മാരും 15086 സ്ത്രീകളും. മലയോരത്ത് പുതിയ സങ്കേതങ്ങളിലെ ചെറിയ തോതിലുള്ള കുടിയേറ്റം ജനസംഖ്യയിൽ അല്പമായ വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്. മൊത്തം 5014 വീടുകളിലായി 5448 കുടുംബങ്ങൾ ആണുള്ളത്.

പട്ടിക മൂന്ന് കാണുക.

വിദ്യാഭ്യാസ കാര്യത്തിൽ മെച്ചപ്പെട്ട നിലവാരമല്ലനമുക്കുള്ളത്. 65.5% മാത്രമാണ് സാക്ഷരത. (1991). ഇത് ജില്ലാ സംസ്ഥാന നിലവാരത്തെക്കാൾ കുറവാണ്. 1981ൽ ഇത് 50.9 ശതമാനം ആയിരുന്നു. പട്ടിക വർഗ വിഭാഗത്തിലും സ്ത്രീകളിലുമാണ് നിരക്ഷരത ഏറെയുള്ളത്. സാക്ഷരതാ പ്രവർത്തനം എല്ലാ ഘട്ടത്തിലും നടന്ന പഞ്ചായത്താണിത്. അതിന്റെ നേട്ടം 1991 ന് ശേഷം ഗണ്യമായ നിലയിൽ ഉണ്ടായിട്ടുണ്ട്. മൊത്തം ജനസം

പട്ടിക 2.
കാർഷിക വിളകളും വിസ്തീർണ്ണവും ഏക്കർ

വർഷം	നെല്ല്	കുരുമുളക്	കാപ്പി	പുകയില	മുത്താറി	വാഴ	കവുങ്ങ്	ആകെ
1928	2842.86	782.34	10904	0.04	266.03	228.52മ	5.26	5234.85
1996	600	1200	1300	-	2	400	150	3652.00

പട്ടിക 3
ജനസംഖ്യ

വാർഡ്	പുരു.	സ്ത്രീ.	ആകെ.	പട്ടിക ജാതി	പ.വ	സാക്ഷരതാ		സാക്ഷരതാ ശതമാനം
						ആൺ	പെൺ	
1.	1212	1177	2389	17	126	913	735	
2.	1764	1630	3394	23	556	1221	923	
3.	1519	1429	2948	82	544	1076	830	
4.	1089	1072	2161	193	344	851	748	
5.	1515	1562	3077	6	359	1058	862	
6.	1829	1902	3730	21	951	1331	1135	
7.	1403	1447	2850	149	429	1042	970	
8.	1309	1255	2564	28	49	1004	762	
9.	1320	1311	2631	–	687	1010	907	
10.	1344	1226	2570	17	507	998	753	
11.	1107	1077	2184	9	215	811	654	
ആകെ	15410	15088	30498	545	4767	11315	9279	67.5%

പട്ടിക 4
ജനസംഖ്യ താരതമ്യം

വർഷം	പു.	സ്ത്രീ	ആകെ	പ.ജാ.	പ.വ.	വീടുകൾ	ഹിന്ദു	മുസ്ലീം
1921	2754	2461	5215	–	–	–	2551	2664
1981	12108	11953	24061	349	3811	4104	–	–
1991	15410	15088	30498	545	4767	5414	–	–

പട്ടിക തൊഴിൽ ലഭ്യത - 1991

	പു.	സ്ത്രീ.	ആകെ
മുഖ്യതൊഴിൽ	7220	2117	9337
ഭോഗിക തൊഴിൽ	524	828	1352
മൊത്തം	7744	2945	10689
തൊഴിൽ പങ്കാളിത്ത നിരക്ക്	50%	19.5%	29%

ഖ്യയിൽ 10689 പേർക്കാണ് എന്തെങ്കിലും തൊഴിൽ ഉള്ളത്. മറ്റുള്ളവർ തൊഴിൽ രഹിതർ ആണ്. സാങ്കേതി കാർത്ഥത്തിൽ തൊഴിൽ ഇല്ലാത്തവർ ഏറെ സ്ത്രീകളാ ണ്.

തൊഴിൽ മുഖ്യമായും കാർഷിക മേഖലയിലാണ്. മറ്റു മേഖലയിലെ തൊഴിൽ ലഭ്യത വളരെ തുച്ഛമാണ്. പട്ടിക.4

പഞ്ചായത്തിൽ ഉള്ള അഭ്യസ്ത വിദ്യരിൽ കൂടുതലും പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചവരാണ്. എസ്.എസ്.

പട്ടിക4. വിവിധ മേഖലകളിൽ (1991)

തൊഴിൽ	പു.	സ്ത്രീ.	ആകെ
കൃഷിക്കാർ	2367	252	2619
കർഷകതൊഴിലാളി	2406	1473	3879
മൃഗപരിപാലനം	652	167	819
കുടിൽ വ്യവസായം	157	5	162
കെട്ടിടം, റോഡ് നിർമാണം	112	18	130
വാണിജ്യം	722	11	733
മറ്റു സേവനങ്ങൾ	804	191	995
ആകെ	7220	2117	9337

എൽ.സി. പരാജയപ്പെട്ടവരാണ് തൊട്ടടുത്ത്. എസ്.എസ്. എൽ.സി.ക്കാർ അഭ്യസ്തവിദ്യരുടെ 20% വരും. ബിരുദധാരികൾ പരിമിതമായി മാത്രമെ ഉള്ളു. പോസ്റ്റ് ഗ്രാജ്വേറ്റുകളും നാമമാത്രമെ ഉള്ളു.

ജാതിയുടെ സ്വാധീനവും ജാതി അടിസ്ഥാനമാക്കിയുള്ള ഉച്ചനീചത്വങ്ങളും കുറഞ്ഞു വരികയാണെങ്കിലും മതത്തിന്റെ സ്വാധീനം കുറഞ്ഞു വരികയല്ല ചെയ്യുന്നത്. ഹിന്ദു മുസ്ലീം ക്രിസ്ത്യീയ വാർഡുകളിൽ പെട്ടവർ എല്ലാവാർഡുകളിലും ഉണ്ട്. മതസ്വാധീനം ഉണ്ടെങ്കിലും മതപരമായ സ്പർദ്ധയും വർഗീയ അസ്വാസ്ഥ്യവും ഇല്ലെന്നു തന്നെ പറയാം. ചില അനിഷ്ടസംഭവങ്ങളുടെ പശ്ചാത്തലത്തിൽ പോലും ആത്മസംയമനം പാലിച്ച് സൗഹാർദ്ദം തകരാതെ കാത്തു സൂക്ഷിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്.

ബഹുഭൂരിപക്ഷവും പാവപ്പെട്ടവരും ഇടത്തരക്കാരുമാണ് എല്ലാ വിഭാഗങ്ങളിലും ഉള്ളത്.

അനുഗ്രഹിക്കപ്പെട്ട ഭൂപ്രകൃതിയും കാലാവസ്ഥയും പ്രകൃതി വിഭവങ്ങളും ജലസ്രോതസും സസ്യാവരണങ്ങളും കൊണ്ട് ധന്യമായ നമ്മുടെ പഞ്ചായത്തിനെ മോശമല്ലാത്ത മനുഷ്യവിഭവവിനിയോഗത്തിലൂടെ, സ്ഥായിയായിട്ടുള്ളതും ത്വരിതവുമായ സാമ്പത്തിക പുരോഗതിയിലേക്ക് നമുക്ക് നയിക്കാം.

കൃഷിയും ജലസേചനവും

മംഗലശ്ശേരി മലയുടെ അടിത്തട്ടിൽ വാരാമ്പറ്റ പുതുശ്ശേരിക്കടവ് പുഴയുടെ ലാളനകളേറ്റ് കൊച്ചു കൊച്ചു കുന്നുകളും ചുറ്റും വയൽപരുപ്പും അതിനെ പാദസരങ്ങൾ അണിയിക്കുന്ന കൊച്ചരുവികളുമായി കുറ്റ്യാടി, മാനന്തവാടി റോഡിന് ഇരുവശമായി സമുദ്ര നിരപ്പിൽ നിന്നും 3000 അടി വരെ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന വെള്ളമുണ്ട എന്ന നിത്യഹരിത പ്രദേശം അതി പുരാതന കാലം മുതൽക്കെ ഒരു കാർഷിക കേന്ദ്രമാണ്. സുഗന്ധ വാഹിയായ 'ഗന്ധകശാല' നെൽവയലുകളും വിദേശികളുടെ ആവേശമായ കറുത്ത പൊന്നായ കുരുമുളകും തേനൂറുന്ന ഓറഞ്ചും സമൃദ്ധിയായി വിളഞ്ഞിരുന്ന ഇവിടത്തെ കൃഷിയിടങ്ങൾ കാലചക്രത്തിന്റെ പ്രവാഹത്തിൽ മാറ്റങ്ങൾക്ക് സാക്ഷ്യം വഹിക്കുകയാണ്. തിരുനെല്ലി പഞ്ചായത്തിലെ പനവല്ലി കാട്ടിക്കുളം പ്രദേശങ്ങൾ കഴിഞ്ഞാൽ മാനന്തവാടി താലൂക്കിലെ ഏറ്റവും നല്ല കൃഷിയിടങ്ങൾ ഇന്നും കാത്തു സൂക്ഷിക്കുന്നത് വെള്ളമുണ്ടയിലെ അദ്ധ്വാനശീലരായ കർഷകർ തന്നെ.

കൂട്ടുകുടുംബവ്യവസ്ഥയിലുണ്ടായ മാറ്റവും കുറ്റ്യാടി, വടകര ഭാഗങ്ങളിൽ നിന്നും തിരുവിതാംകൂറിൽ നിന്നും 1950-60 കാലഘട്ടത്തിലുണ്ടായ കുടിയേറ്റവും സംസ്ഥാനത്തെ ഭൂഉടമാ നിയമങ്ങളിൽ ഉണ്ടായ വിപ്ലവകരമായ മാറ്റങ്ങളും കാരണം ആദ്യകാല ജന്മി കുടിയാൻ വ്യവസ്ഥയിലും ഭൂഉടമാസ്ഥതാ കാര്യത്തിലും ഏറെ വ്യതിയാനങ്ങൾ സംഭവിച്ചിരിക്കുന്നു. ജന്മിത്ത വ്യവസ്ഥയുടെ സ്ഥാനത്ത് കൃഷിഭൂമി യഥാർത്ഥ കർഷകന്റെ കയ്യിലെത്തിയിരിക്കുന്നു.

നെല്ലും കാപ്പിയും ഓറഞ്ചും കുരുമുളകും മാത്രം വിളഞ്ഞിരുന്ന കൃഷിയിടങ്ങൾ പതുക്കെ പതുക്കെ റബ്ബർ, തെങ്ങ്, കവുങ്ങ്, കശുമാവ്, തേയില, നേന്ത്രവാഴ, ഇഞ്ചി കൃഷികളിലേക്ക് വ്യാപിച്ചുകൊണ്ടിരിക്കുന്നു.

വെള്ളമുണ്ടയിലെ ജനങ്ങളിൽ 90 ശതമാനത്തിൽ അധികം ജനങ്ങൾ കർഷകരോ കർഷക തൊഴിലാളികളോ ആണ്. ആയതുകൊണ്ട് തന്നെ കൃഷി വികസനത്തിൽ നിന്ന് വേറിട്ട് മറ്റൊരു വികസന പദ്ധതിക്കും വെള്ളമുണ്ടയിൽ പ്രസക്തിയില്ല. കൃഷിക്കാരിൽ തന്നെ 90- ശതമാനം പേരും ചെറുകിട പരിമിത കർഷകരാണ്.

കൃഷി, ഭക്ഷ്യധാന്യ ഉൽപാദനം എന്ന നിലയിൽ നിന്ന് ഒരു ധനാഗമ മാർഗ്ഗമെന്ന നിലയിലേക്ക് മാറിയതോടെ വിളകളുടെ കാര്യത്തിലും ഏറെ മാറ്റങ്ങൾ വന്നിരിക്കുന്നു എന്ന് പട്ടിക തെളിയിക്കുന്നു.

ധനാഗമ മാർഗമെന്ന നിലയിൽ നാണ്യവിളകളിലേക്ക് ശ്രദ്ധ മാറിയിട്ടുണ്ടെങ്കിലും ഉൽപാദനക്ഷമത സന്തോഷകരമായ ഒരു ചിത്രമല്ല നമുക്ക് നൽകുന്നത്.

വെള്ളമുണ്ടയിൽ അങ്ങോളമിങ്ങോളം പ്രധാനമായും രണ്ടു തരം മണ്ണാണ് കാണുന്നത്. കരഭൂമിയിൽ പശിമരാശി കലർന്ന കളിമണ്ണും നിലങ്ങളിൽ മണൽ കലർന്ന മണ്ണും, വണ്ടൻ കുഴി നാരോത്ത് ഭാഗങ്ങളിൽ ജൈവാംശം കൂടിയ കളിമണ്ണും, പുളിഞ്ഞാൽ - മംഗലശ്ശേരി ഭാഗങ്ങളിൽ പാറക്കെട്ടുകളും അങ്ങിങ്ങായി കാണുന്നു. പൊതുവെ ജൈവാംശം കുറവും അമ്ലാംശം കൂടുതലുമുള്ളതായിട്ടാണ് കാണപ്പെടുന്നത്.

കേരളത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിച്ചിരുന്ന ഒരു പ്രദേശമാണ് ലക്കിടി. ഇത് വെള്ളമുണ്ടയുടെ സമീപ താലൂക്കിൽ പെടുന്നു. വർഷപാതം സംസ്ഥാന ശരാശരിയേക്കാൾ ഉയർന്ന നിരക്കിൽ ഇവിടെ മഴ ലഭിച്ചിരുന്നു. ജൂൺ മുതൽ സെപ്തംബർ വരെ നീളുന്ന ഇടവപ്പാതിയും, ഒക്ടോബർ - നവംബർ മാസങ്ങളിൽ ആർത്തലച്ച് പെയ്തിരുന്ന തുലാവർഷവും ഏപ്രിൽ - മെയ് മാസങ്ങ

ഭൂമി സംബന്ധിച്ച സ്ഥിതി വിവരകണക്ക് - 1928

ദേശം	വയൽ	കര	നികുതി ഇല്ലാത്ത ഭൂമി	പുറമ്പോക്ക്	ആകെ	കൈവശം	സർക്കാർ
മംഗലശ്ശേരി	210.49	1205.57	6.15	10.05	1432.26	1228.68	203.58
വെള്ളമുണ്ട	1114.46	6265.18	15.52	14.15	7409.37	5495.37	1914.00
ചങ്ങാടം	510.35	1084.69	7.24	18.84	1621.12	1534.37	84.75
കൊമ്മയാട്	476.20	1071.69	0.70	67.47	1616.06	1299.15	316.91
കരിങ്ങാരി	728.05	1277.80	1.74	68.38	2075.97	1790.70	285.27
ചെറുകര	472.92	1222.76	0.43	70.70	1766.81	1653.27	113.54
ആകെ	3512.47	12127.69	31.78	249.59	15921.59	13001.54	2920.05

1996ലെ ഭൂമി സംബന്ധിച്ച വിവരങ്ങൾ

വില്ലേജ്	പുരയിടം ഏക്കർ	നിലം ഏക്കർ	പുറമ്പോക്ക്ഏക്കർ	തരിശ്	ആകെ
വെള്ളമുണ്ട	46605.15	130	33.42	2897.70	8841.20
പൊരുത്തന്നൂർ	4670.37	2145.14	22.74	-	7083.22

വർഷം	1930	1996
വിളകൾ	വിസ്തീർണ്ണം	വിസ്തീർണ്ണം
നെല്ല്	1150 ഹെ.	600 ഹെ.
നേന്ത്രവാഴ	132 ഹെ.	400 ഹെ.
കാപ്പി	43 ഹെ.	1300
കുരുമുളക്	322 ഹെ.	1200 ഹെ.
ഓറഞ്ച്	2 ഹെ.	-
റബ്ബർ	-	80 ഹെ.
തെങ്ങ്	-	200 ഹെ.
കവുങ്ങ്	-	150 ഹെ.
കശുമാവ്	-	25 ഹെ.
തേയില	-	17 ഹെ.
ഇഞ്ചി	-	60 ഹെ.
മഞ്ഞൾ	-	10 ഹെ.
മുത്താറി	134 ഹെ.	2 ഹെ.

താഴെ പട്ടിക ശ്രദ്ധിക്കുക

50സെൻറിൽ താഴെ ഭൂമി കർഷകരുടെ എണ്ണം	3073
50-100 സെൻറ് താഴെ ഭൂമി കർഷകരുടെ എണ്ണം	1200
1 ഏക്കർ മുതൽ 2.50 വരെ കർഷകരുടെ എണ്ണം	178
2-50 മുതൽ 5 ഏക്കർ വരെ കർഷകരുടെ എണ്ണം	78
5 ഏക്കറിന് മുകളിൽ കർഷകരുടെ എണ്ണം	40

ളിൽ ലഭിച്ചിരുന്ന വേനൽ മഴയും ഇന്ന് അന്യമായിക്കൊണ്ടിരിക്കുകയാണ്. ദിവസം മുഴുവൻ നൂല്പോലെ വീണു കൊണ്ടിരിക്കുന്ന 'നാല്പതാം നമ്പർ' എന്നറിയപ്പെട്ടിരുന്ന മഴ ഇന്ന് ഓരോർമ്മ മാത്രമായിരിക്കുന്നു. ജൂൺ മാസാവസാനം ആരംഭിച്ച് ഒന്നോ രണ്ടോ ആഴ്ചകളിൽ മാത്രം ശക്തി പ്രാപിക്കുന്ന കാലവർഷം ഇടവിട്ട് മാത്രം ഒക്ടോബർ വരെ ദുർബ്ബലമായി ലഭിക്കുന്നതായി കാലവർഷം മാറിയിരിക്കുന്നു. തുലാവർഷം എന്ന് പറയാവുന്ന തരത്തിൽ മഴ ലഭിക്കാതായിട്ട് വർഷങ്ങളേറെയായിട്ടുണ്ട്.

കാലാവസ്ഥ

വെള്ളമുണ്ടയിലെ കാലാവസ്ഥയും മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. രാവിലെ പത്ത് മണിയായാൽ പോലും മൂടൽമഞ്ഞിനാൽ സൂര്യദർശനം അസാദ്ധ്യമായിരുന്നു എന്ന കഥ 45ന് മേൽ പ്രായമുള്ളവർ

കർഷകന് വിവിധ കൃഷികളിൽ നിന്നു ലഭിക്കുന്ന വാർഷിക വരുമാനത്തെ കാണിക്കുന്ന പട്ടിക

വിള (ഏക്കറിൽ)	വരുമാനം(രൂപയിൽ)	ചെലവ്(രൂപയിൽ)	ആദായം(രൂപയിൽ)
കാപ്പി	9000 (200 കി.)	5000 രൂ.	4000
കുരുമുളക്	8000രൂ (1 കി)	3000 രൂ.	5000
റബ്ബർ	22500 (500കി.)	12000	12500
തെങ്ങ്	15000 (3000എണ്ണം)	8000	7000
കവുങ്ങ്	12000 (400 കി.)	5000	7000
കശുമാവ്	10000 (400 കി)	4000	6000
തേയില	–	–	–
നെല്ല്	4000(10 കി)	3500	500
നേന്ത്രവാഴ	4800 (80 കി)	15000	33000
ഇഞ്ചി	12000 (20 കി)	5000	7000
മഞ്ഞൾ	10000 (5 കി)	4000	6000

1986 മുതൽ 1996 വരെ ലഭിച്ച മഴയുടെ ഏകദേശ ശരാശരി കണക്ക്. പട്ടിക.3.

മാസം	വൈത്തിരി	വെള്ളമുണ്ട
ജനുവരി	27.0	49.9
ഫെബ്രുവരി	45.7	21.1
മാർച്ച്	134.5	140.0
ഏപ്രിൽ	139.6	100.5
മെയ്	83.8	73.5
ജൂൺ	1625.9	1190.3
ജൂലായ്	1145.4	932.2
ആഗസ്റ്റ്	508.0	496.5
സെപ്തംബർ	223.0	221.0
ഒക്ടോബർ	554.5	235.2
നവംബർ	18.6	6.3
ഡിസംബർ	61.0	–
ആകെ	4567.0	3466.5

ഇന്നോർക്കുമ്പോൾ ചെറുപ്പക്കാർക്ക് അതൊരു തമാശ മാത്രമാണ്.

വർഷകാലങ്ങളിൽ 'നാല്പതാം നമ്പറു' തണുപ്പുകാലങ്ങളിൽ മഞ്ഞും പെയ്തിറങ്ങി ആണ്ടു വട്ടം മുഴുവൻ കുളിരു പകർന്നിരുന്ന പ്രകൃതി ഇന്ന് ഒരോർമ്മ മാത്രമായി മാറിയിരിക്കുന്നു. തണുപ്പ് ഭയന്ന് നാടു വിട്ടോടിയവരുടെ പിൻമുറക്കാർ ഇന്ന് കാവാവസ്ഥ വ്യതിയാനത്തോടൊപ്പം തിരിച്ച് വയനാട്ടിലെ ഇതര ഗ്രാമങ്ങളിലേക്ക് ചേക്കേറികൊണ്ടിരിക്കുന്നു. മഴക്കാലവും, വേനൽക്കാലവും, വസന്തകാലവും, തണുപ്പുകാലവും തമ്മിൽ വേർതിരിക്കാൻ പറ്റാത്ത വിധത്തിൽ മാറിയിരിക്കുന്നു.

കാലാവസ്ഥയിലെ ഇത്തരം മാറ്റങ്ങൾ കൊണ്ടു തന്നെ കുന്നുകൾക്ക് ചുറ്റുമുണ്ടായിരുന്ന അതിവിസ്തൃതമായ ചതുപ്പുനിലങ്ങൾ വാർഷപാതത്തിലെ മാറ്റം, കാർഷികവൃത്തിയിലെ വ്യതിയാനത്തിലെ മാറ്റം, എന്നിവ മൂലം വരണ്ട പൊയിലുകളും, വയലുകളുമായി രൂപാന്തരപ്പെട്ടുകഴിഞ്ഞു. വയൽ നാട് എന്ന നാമം അന്വർത്ഥമാക്കിയിരുന്ന സാഹചര്യം ഇതര ഗ്രാമങ്ങളെപ്പോലെ വെള്ളമുണ്ടക്കും നഷ്ടമായി കൊണ്ടിരിക്കുന്നു. ഗ്രാമസഭകളിൽ നിന്ന് ലഭിച്ച റിപ്പോർട്ടുകളുടെയും സർക്കാർ ഓഫീസുകളിലെ രേഖകളുടെയും പഠന യാത്രയുടെയും അടിസ്ഥാനത്തിൽ താഴെ പറയുന്ന പ്രശ്നങ്ങൾ പ്ര

ത്യേക പരിഗണന അർഹിക്കുന്നു.

1. 90%ത്തിലേറെ ജനങ്ങളും കൃഷിയെ ആശ്രയിച്ചാണ് ജീവിക്കുന്നതെങ്കിലും അതൊരു അഭിമാനമായി കാണുന്നതിൽ താൽപര്യം കുറഞ്ഞു വീരുന്നതായി കാണുന്നു. വ്യവസായം, വാണിജ്യം, വെള്ളക്കോളർ ജോലികൾ എന്നിവക്കൊപ്പം അന്തസ്സുള്ള തൊഴിലായി കൃഷിയെ സ്വീകരിക്കുന്നതിൽ ജനങ്ങൾ വിമുഖരായി കൊണ്ടിരിക്കുന്നു. ഇതിന്റെ അടിസ്ഥാന കാരണം ഒരു വരുമാനമാർഗമെന്ന നിലയിൽ കൃഷി ആനുപാതികമായി ലാഭകരമല്ലാതാകുന്നു എന്നതാണ്.

2. വിളകളുടെ കാര്യത്തിലും ഈ മാറ്റം ശ്രദ്ധേയമാണ്. ഉല്പാദന ചിലവിന് അനുസരിച്ച് ലാഭകരമല്ലാത്ത വിളകളിൽ നിന്നും കൂടുതൽ ലാഭകരമായ വിളകളിലേക്ക് കർഷകർ അതിശീഘ്രം മാറികൊണ്ടിരിക്കുന്നു. കുട്ടുനാടിനും പാലക്കാടിനും തൊട്ട് പിന്നിൽ കേരളത്തിന്റെ നെല്ലറയായിരുന്ന വയനാട്ടിലേക്ക് അന്യസംസ്ഥാനങ്ങളിൽ നിന്നും ഭക്ഷണാവശ്യത്തിന് അരി ഇറക്കുമതി ചെയ്യേണ്ട ഗതികേടിലേക്ക് മറ്റു കാർഷികരംഗത്തെ മാറ്റവും വഴിതെളിയിച്ചിരിക്കുന്നു. ചുരത്തിന് താഴെ കർഷകർ റബർ വിപ്ലവത്തിലൂടെയും മറ്റും ധനാഡ്യരായി മാറുമ്പോൾ തങ്ങൾ മാത്രം നാട്ടാരെ തീറ്റിപ്പോറ്റുന്ന കാർഷിക വൃത്തി സ്വീകരിച്ചാൽ വരും തലമുറയോടുള്ള ഉത്തരവാദിത്തത്തിൽ നിന്നും മാറി നിൽക്കലാകും എന്നു ഭയക്കുന്ന ഇവിടുത്തെ കർഷകരെ കുറ്റപ്പെടുത്താൻ ആകുമോ.

3. കൃഷി ലാഭകരമാണെന്ന അവസ്ഥ വന്നാൽ കൃഷിക്കാർ ഏറെ ശ്രദ്ധാലുക്കളാണെന്ന് നമ്മുടെ പഴയ അനുഭവങ്ങൾ തെളിയിക്കുന്നു. തൈനാനും, ഐ.ആർ. എട്ടും., കൈനീട്ടി വാങ്ങിയ ചരിത്രം നമ്മുടെ നെൽകൃഷിക്കാർക്കുണ്ട്. സർക്കാരിന്റെ ആഹ്വാനവും പരസ്യവും മൂലം കൊക്കോകൃഷിക്കും മൾബറിക്കും കുറ്റിമുല്ലക്കും വേണ്ടി മുന്നിട്ടിറങ്ങിയ കർഷകരുടെ അനുഭവം കൃഷിക്കാർ പാഠമായി ഉൾകൊണ്ടു തുടങ്ങിയിരിക്കുന്നു.

4. വാണിജ്യാടിസ്ഥാനത്തിലുള്ള തന്നാണ്ട് വിളകളുടെ കൃഷി ഇവിടെയും വ്യാപകമായി കൊണ്ടിരിക്കുന്നു. അദ്ധ്യാപകരും ഇതര സർക്കാർ ജീവനക്കാരും കച്ചവടക്കാരും വാണിജ്യാടിസ്ഥാനത്തിൽ തന്നെ നേന്ത്രവാഴ, ഇഞ്ചികൃഷി എന്നിവയ്ക്ക് നൽകപ്പെടുന്ന പാട്ടമാണ് നെൽകൃഷിയേക്കാൾ ലാഭകരം എന്ന അവസ്ഥ നെൽകൃഷിയുടെ നിലനിൽപ്പിനെ തന്നെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു.

കാർഷിക രംഗം നേരിടുന്ന പ്രശ്നങ്ങൾ

1. അശാസ്ത്രീയമായ കൃഷിരീതികൾ

പഞ്ചായത്തിലെ കർഷകരിൽ സിംഹഭാഗവും, ചെറുകിട / പരിമിത / നാമമാത്ര കർഷകരാണ്. കുടിയേറ്റത്തിന്റെ നാളുകളിൽ തന്നാണ്ടു വിളകൾ കൃഷി ചെയ്തുകൊണ്ട് ഭക്ഷ്യപ്രശ്നം പരിഹരിക്കുവാനാണ് കർഷകർ തുനിഞ്ഞത്. വായ്പാസൗകര്യങ്ങളുടെയും, ധനാഗമമാർഗ്ഗങ്ങളുടെയും അഭാവത്തിൽ ഇതല്ലാതെ മാർഗമുണ്ടായിരുന്നില്ല. തന്നാണ്ട് വിളകളുടെ ആവർത്തിച്ചാവർത്തിച്ചുള്ള കൃഷി മേൽ മണ്ണിന്റെ ഫലപുഷ്ടി നഷ്ടപ്പെടുത്തുവാൻ ഇടയാക്കി. മേത്തരം വിത്തിനങ്ങളുടെ അഭാവം, കിട്ടുന്ന ഏതു തരം വിത്തുകളും, തൈകളും നട്ടുപിടിപ്പിക്കാൻ കർഷകരെ നിർബന്ധിതരാക്കി. ചെടികൾ തമ്മിൽ പാലിക്കേണ്ട അകലം, വളങ്ങൾ, കീടനാശിനികൾ എന്നിവയെക്കുറിച്ച് ശാസ്ത്രീയമായ അറിവില്ലായ്മ തുടങ്ങിയവയെല്ലാം തോട്ടവിളകളുടെ ഉൽപാദന ക്ഷമതയെ ദോഷമായി ബാധിച്ചു. ഏറെ തഴച്ചു വളരുന്ന നിരവധി കാപ്പിത്തോട്ടങ്ങളും തെങ്ങിൻ തോപ്പുകളും വളരെ തുച്ഛമായ ഉൽപാദനം മാത്രം നൽകുന്നതിന്റെ അടിസ്ഥാന കാരണങ്ങളിലൊന്ന് ഇത്തരം അശാസ്ത്രീയമായ കൃഷി സമ്പ്രദായങ്ങളാണ്.

2. സാങ്കേതിക പരിജ്ഞാനത്തിന്റെ കുറവ്.

തങ്ങളുടെ കൃഷി ഭൂമിയെ കുറിച്ച് ശാസ്ത്രീയമായ അറിവ് ഒട്ടുമിക്ക കർഷകർക്കുമില്ല. ഏത് തരം മണ്ണാണ് തന്റെ കൃഷിയിടം, ഏത് തരം മണ്ണിൽ ഏത് തരം വിളകൾ ലാഭകരമായി കൃഷി ചെയ്യാം, മണ്ണിന്റെ പോരായ്മ പരിഹരിക്കാൻ എന്തെല്ലാം വളങ്ങൾ പ്രയോഗിക്കണം എന്നിങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ച് ശരിയായ അറിവില്ലാത്തതിനാൽ അതാത് മണ്ണിന് യോജിച്ച വിളകൾ തന്നെയാണ് കൃഷി ചെയ്തിട്ടുള്ളതെന്ന് കരുതാൻ വയ്യ. മണ്ണ് പരിശോധന വിഭാഗത്തിന്റെ പ്രവർത്തനം ഈ പഞ്ചായത്തിൽ പരാമർശനാർഹമായ തരത്തിലുണ്ടായിട്ടില്ല. സാങ്കേതിക പരിജ്ഞാനത്തിന്റെ കുറവ് വിളകളുടെ ഉൽപാദനക്ഷമതയെ കാര്യമായി ബാധിച്ചിട്ടുണ്ട്.

3. അപര്യാപ്തമായ ജലസേചന സൗകര്യങ്ങൾ

വാരാമ്പറ്റ - പുരുശ്ശേരിപുഴയും നിരവധി തോടുകളും മംഗലശ്ശേരി മലയിലെ ജലസ്രോതസ്സും പഞ്ചായത്തിൽ

വർഷം മുഴുവൻ ജല ലഭ്യതയ്ക്ക് അവസരമൊരുക്കുന്നുണ്ടെങ്കിലും ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത വിളകളുടെ ഉൽപാദന ക്ഷമതയെ ഗൗരവമായി ബാധിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ വിവിധ തോടുകളിലും പുഴയിലുമായി 15 വി.സി.ബി.കളും/ ചെക്ക് ഡാമുകളും നിർമിച്ചിട്ടുണ്ടെങ്കിലും മിക്കവയും ഉപയോഗ്യമല്ലെന്നാണ് ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. വിവിധ വാർഡുകളിലായി 50 -ഓളം കുളങ്ങളുണ്ടെങ്കിലും മിക്കവയും സ്വകാര്യ വ്യക്തികളുടെ വകയോ, കൃഷിക്ക് ഉപയോഗിക്കാത്തവയോ ആണ്. പുളിഞ്ഞാൽ, മംഗലശ്ശേരി മലകളിലെ ജലസ്രോതസ്സ് ഒന്നു മുതൽ മൂന്നും നാലും വാർഡുകളിലെ കൃഷിയിടങ്ങളെ നനക്കാൻ തക്കവണ്ണം ശേഷിയുള്ളതാണെങ്കിലും പദ്ധതിയുടെ ഗുണം കർഷകർക്ക് ശരിയായി ലഭിക്കുന്നില്ല. ബാണാസുരൻ അണക്കെട്ടിൽ നിന്നുള്ള ജലത്തിന്റെ ലഭ്യത ആദ്യ സർവ്വെ നടത്തി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും നടപ്പിൽ വന്നിട്ടില്ല. വാരാമ്പറ്റ ഭാഗത്തും പുതുശ്ശേരി ഭാഗത്തും 'ലിഫ്റ്റ് ഇറിഗേഷന്' ഏറെ സാദ്ധ്യതയുണ്ടെങ്കിലും അവയൊന്നും വേണ്ട രീതിയിൽ ഉപയോഗിച്ചിട്ടില്ല. നമ്മുടെ പഞ്ചായത്തിലെ തോടുകളിൽ നിന്ന് ലഭിക്കുന്ന വെള്ളം ഈ പുഴയിലൂടെ ഒഴുകി ഇതര പഞ്ചായത്തുകൾക്കോ സംസ്ഥാനങ്ങൾക്കോ ഉപകരിക്കുമ്പോൾ പുഴയോരങ്ങളിലെ വയലുകൾ വെള്ളം കിട്ടാതെ വരണ്ടുണങ്ങികിടക്കുന്ന അവസ്ഥായാണുള്ളത്.

4. മണ്ണൊലിപ്പ്

പഞ്ചായത്തിന്റെ ഭൂപ്രകൃതി കൊച്ച് കൊച്ച് കുന്നുകളും, ചുറ്റും വയലുകളും, പൊയിലുകളും, ആയിട്ടുള്ളതാണ്. മംഗലശ്ശേരി, പുളിഞ്ഞാൽ, വണ്ടൻ കുഴി ഭാഗങ്ങളിൽ കുത്തനെ ചെരിഞ്ഞ ഭൂപ്രകൃതിയാണ്. കാലവർഷങ്ങളിൽ ഇത്തരം ഭൂമിയിൽ മണ്ണൊലിപ്പ് വളരെ കൂടുതലാണ്. കൃഷിയിടങ്ങളിൽ കൊത്തും കിളയും നടത്തുന്നതിനോടൊപ്പം ആവസ്യാനുസരണം കയ്യാലൾ കെട്ടാത്തതിനാൽ പ്രശ്നം രൂക്ഷമാകുന്നു. ഭൂമിയുടെ വളക്കൂറ് നഷ്ട്പ്പെടാൻ മണ്ണൊലിപ്പ് കാരണമാകുന്നു. ഇതിനു പുറമെ തോടുകൾ സൈഡു കെട്ടി സംരക്ഷിക്കാത്തതിനാൽ മണ്ണിടിച്ചിലും പ്രശ്നമായി തീരുന്നുണ്ട്. ഉദാഹരണം: മേച്ചേരി - പുഞ്ചവയൽ തോട്, മൊതക്കര - വാരാമ്പറ്റ തോട്.

5. വന്യമൃഗശല്യം

പഞ്ചായത്തിലെ ഒന്ന് മുതൽ നാലു വരെ വാർഡുകളിൽ വനാതിർത്തിയോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ വന്യമൃഗശല്യം കൃഷിയെ ദോഷകരമായി ബാധിക്കുന്നുണ്ട്. കാട്ടുപന്നി, കുരങ്ങ് എന്നിവയുടെ ശല്യം ഈ മേഖലയിൽ രൂക്ഷമാണ്.

6. വൈദ്യുതിയുടെ അഭാവം

'ലിഫ്റ്റ് ഇറിഗേഷൻ', 'പമ്പ്സെറ്റ്' എന്നിവയിലൂടെയുള്ള ജലസേചനത്തിന് വൈദ്യുതി അനിവാര്യമാണ്. എന്നാൽ പഞ്ചായത്തിലെ ജലസ്രോതസ്സുകളായ പുഴയുടെയും, തോടുകളുടെയും തീരങ്ങളിലും കുളങ്ങൾക്ക് സമീപവും വൈദ്യുതി എത്തിക്കുന്നതിന് ഇതുവരെ സാധിച്ചിട്ടില്ലെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

7. രോഗങ്ങളും കീടങ്ങളും

കുരുമുളക് കൃഷിയെ നാശോന്മുഖമാക്കിയിട്ടുള്ള ദ്രുതവാട്ടം മറ്റ് വിളകളെ ബാധിക്കുന്ന മഹാളി, കൂമ്പ് ചീയൽ, മുടു ചീയൽ, കുറുനാമ്പ്, ഇല മഞ്ഞിളിപ്പ് എന്നീ രോഗങ്ങളും മൂഞ്ഞ, കുമിൾ, തണ്ടു തുരപ്പൻ എന്നിവയുടെ ഉപദ്രവവും പഞ്ചായത്തിൽ വ്യാപകമായി കാണുന്നുണ്ട്. ശാസ്ത്രീയമായ രോഗപ്രതിരോധ മാർഗ്ഗങ്ങളും കീടനാശിനി പ്രയോഗവും ഫലപ്രദമാക്കാൻ കഴിയുന്നില്ല. കർഷകരുടെ അജ്ഞതയും, വിദഗ്ദ്ധ ഉപദേശത്തിന്റെ കുറവും കള - കീടനാശിനികളുടെ സമയോചിതമായ ലഭ്യതക്കുറവുമാണ് പ്രധാന കാരണങ്ങൾ.

8. വിപണിയുടെ അഭാവം

കർഷകർ ഉൽപാദിപ്പിക്കുന്ന വിളകൾ ലാഭകരമായി വിൽക്കാനുതകുന്ന വിപണന സൗകര്യങ്ങൾ പഞ്ചായത്തിനുള്ളിൽ ലഭ്യമല്ല. വിള വായ്പകളിലൂടെ ഉണ്ടാകുന്ന കടബാദ്ധ്യതകൾ വീട്ടാനും ഗാർഹികാവശ്യങ്ങൾ നിറവേറ്റാനും വിളയെടുപ്പ് കഴിഞ്ഞാലുടൻ ഉൽപന്നങ്ങൾ വിൽക്കേണ്ടി വരുന്ന കർഷകൻ സ്വകാര്യ കച്ചവടക്കാരന് കിട്ടുന്ന വിലക്ക് വിൽക്കേണ്ട അവസ്ഥയാണുള്ളത്. ദേശീയ അന്തർദേശീയ കമ്പോളങ്ങളിലുണ്ടാകുന്നചലനങ്ങൾക്കനുസരിച്ച് ലാഭകരമായി ഉൽപന്നങ്ങൾ വിൽക്കാൻ കർഷകന് കഴിയുന്നില്ല. 'വേർഹൗസിങ്ങ് സൗകര്യം ഇല്ലാത്തതിനാൽ ഇടത്തരക്കാർക്ക് പോലും ഉൽപന്നങ്ങൾ സ്റ്റോക്ക് ചെയ്യാൻ സാധിക്കുന്നില്ല. ഇഞ്ചി, നേന്ത്രക്കായ മുതലായ ഉൽപന്നങ്ങൾ സ്വകാര്യ കച്ചവടക്കാർക്ക് നൽകിയ ശേഷം പണത്തിന് വേണ്ടി ദിവസവും പിന്നാലെ നടക്കേണ്ടി വരുന്ന കർഷകന്റെ ഗതികേടും അതിനോടനുബന്ധിച്ചുണ്ടാകുന്ന അസ്വാരസ്യങ്ങളും വിരളമല്ല. വേർഹൗസിങ്ങ് സൗകര്യങ്ങളുടെ അപര്യാപ്തത മൂലം ഉൽപന്നങ്ങളുടെ ഈടിൻ മേലുള്ള വായ്പയും കർഷകന് ലഭിക്കുന്നില്ല.

നോർത്ത് വയനാട് റബ്ബർ ആൻറ് അഗ്രികൾച്ചർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ റബ്ബറും കുരുമുളകും മാത്രം വിലക്കെടുക്കുന്ന ഒരു പർച്ചേസ് ഡിപ്പോ മാത്രമാണ് വ്യവസ്ഥാപിത മേഖലയിൽ ഈ പഞ്ചായത്തിൽ നിലവിലുള്ളത്.

9. കർഷകതൊഴിലാളികളുടെ അഭാവം

പഞ്ചായത്തിലെ 7,10,11 വാർഡുകളിൽ മാത്രമെ ആവശ്യാനുസരണം കർഷകതൊഴിലാളികളെ ലഭിക്കുന്നുള്ളു. മൊത്തം കുടുംബങ്ങളിൽ 75%ലേറെയും നാമമാത്ര കർഷകരും കർഷകത്തൊഴിലാളികളുമായ മൂന്നാം വാർഡിൽ പോലും ആവശ്യാനുസരണം കർഷകത്തൊഴിലാളികളെ പണിക്ക് കിട്ടാനില്ലെന്നാണ് ഗ്രാമസഭാ റിപ്പോർട്ട് സൂചിപ്പിക്കുന്നത്. ഗൾഫ് നാടുകളിൽ പോയി എന്തു തൊഴിലും ചെയ്യാൻ സന്നദ്ധനാകുന്ന എന്നാൽ നാട്ടിൽ കാർഷിക വേലകൾ ചെയ്യാൻ തയ്യാറാകാത്ത ശരാശരി മലയാളിയുടെ മനോഭാവമാണ് ഈ പഞ്ചായത്തിലും ദർശിക്കാൻ കഴിയുന്നത്. സ്ത്രീ തൊഴിലാളിക്ക് ഭക്ഷണത്തിന് പുറമെ 40 രൂപയിലധികവും പുരുഷ തൊഴിലാളിക്ക് ഭക്ഷണത്തിന് പുറമെ 60 രൂപയിലധികം കൂലി ലഭിക്കുന്ന ഈ പഞ്ചായത്തിൽ കൃഷിപ്പണിക്ക് വേണ്ടത്ര കർഷകത്തൊഴിലാളികളെ ലഭിക്കുന്നില്ല എന്ന വസ്തു ഏറെ പരിശോധനയും പരിഗണനയും അർഹിക്കുന്നു.

10. രാസവള കീടനാശിനികളുടെ ലഭ്യതകുറവ്

രാസവള കീടനാശിനി വിൽപന കേന്ദ്രങ്ങളുടെ പ്രവർത്തനം ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമല്ലെന്നും ആവശ്യനേരങ്ങളിൽ ഇവ ലഭിക്കാതെ വരുന്നുവെന്നും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

11. കാലാവസ്ഥ

ക്രമം തെറ്റിയുള്ള വർഷപാതം കാർഷിക പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. ജൂണിൽ ആരംഭിക്കേണ്ട കാലവർഷം ജൂലൈ മാസത്തിൽ ആരംഭിച്ചാൽ ഒന്നാം വിള താമസിക്കുകയും രണ്ടാം വിള അസാധ്യമാക്കുകയും ചെയ്യുന്നുണ്ട്. മെയ് മാസത്തിലുണ്ടാകുന്ന തുടർച്ചയായ വേനൽ മഴ രണ്ടാം വിളയുടെ വിളവെടുപ്പിനെ ദോഷകരമായി ബാധിക്കുന്നു. കാല വർഷത്തോടനുബന്ധിച്ച് പ്രകൃതി ക്ഷോഭം ഒരു ചര്യയായി മാറിയിരിക്കുന്നു. റബ്ബർ തുടങ്ങിയ തോട്ടവിളകൾക്കും നേന്ത്ര വാഴകൃഷിക്കും ഭീക്ഷണിയാണ് കാലവർഷത്തോടനുബന്ധിച്ചുണ്ടാകുന്ന വെള്ളപൊക്കവും, ചുഴലിയും, കൊടുങ്കാറ്റും ഇടവിട്ടുണ്ടാകുന്ന വരൾച്ചയും.

12. ഗതാഗത സൗകര്യങ്ങളുടെ കുറവ്

വിളകൾക്കാവശ്യമായ വിത്ത്, വളം എന്നിവ കൃഷിയിടങ്ങളിലെത്തിക്കാനും വിളകൾ കൃഷിയിടങ്ങളിൽ നിന്ന് വിപണികളിലെത്തിക്കാനുമെല്ലാം ഗതാഗതസൗകര്യങ്ങൾ അനിവാര്യമാണ്. സഞ്ചാര്യയോഗ്യമായ റോഡുകൾ കൃഷിയിടങ്ങൾക്കിടയിലൂടെ തീർത്തും വിരളമാണ്.

13. മൂലധന കുറവ്

ഇടത്തരം, ചെറുകിട, പരിമിത കർഷകർക്ക് ദീർഘകാല പദ്ധതികൾ നടപ്പിലാക്കാനാവശ്യമായ മൂലധനം സ്വന്തം സ്വരൂപിക്കാൻ സാമ്പത്തിക സ്ഥിതി അനുവദിക്കാറില്ല. ചുരുങ്ങിയ ചിലവിൽ ദീർഘനാളത്തേക്ക് വായ്പാ സൗകര്യം ലഭ്യമാകുന്നില്ല. തന്നിമിത്തം തോട്ടങ്ങളുടെ പുനരുദ്ധാരണം, കിണർ, കുളങ്ങൾ നിർമ്മിക്കൽ, പമ്പു സെറ്റ് സ്ഥാപിക്കൽ, മണ്ണൊലിപ്പ് തടയാൻ കയ്യാല കെട്ടൽ മറ്റുള്ള വികസനപ്രവർത്തനങ്ങൾ എന്നിവയൊന്നും കാര്യമായി നടക്കുന്നില്ല. ബാങ്കുകളുടെ ഏറിയ സർവ്വീസ് സമ്പ്രദായം, പഞ്ചായത്തിന്റെ എല്ലാ മേഖലകൾക്കും ഗുണകരമായിട്ടല്ല ഭാവിച്ചിട്ടുള്ളത്. രണ്ട് സഹകരണ ബാങ്കുകളും സർക്കാർ ഉടമസ്ഥതയിലുള്ള രണ്ട് ബാങ്കുകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും കർഷകരുടെ ദീർഘകാല വായ്പാ സൗകര്യങ്ങൾ വേണ്ട രീതിയിൽ നിറവേറ്റപ്പെടുന്നില്ലെന്നാണ് ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

നിർദ്ദേശങ്ങൾ

1. പഴഞ്ചൻ തോട്ടങ്ങളുടെ പുനരുദ്ധാരണം

ഉൽപാദനക്ഷമമല്ലാത്ത തോട്ടങ്ങൾ പുനരുദ്ധരിക്കാനുള്ള നടപടികൾ പ്രോത്സാഹിപ്പിക്കണം. പഴഞ്ചൻ വിത്തിനങ്ങൾ മാറ്റി അത്യുല്പാദന ശേഷിയുള്ള തൈകൾ നട്ടു പിടിപ്പിക്കാൻ തയ്യാറാകണം. ശാസ്ത്രീയമായ മണ്ണു പരിശോധന നടത്തി മണ്ണിന്റെ ഗുണത്തിനനുസൃതമായ വിളകൾ വേണം വെച്ചു പിടിപ്പിക്കാൻ. പല കൃഷിയിടങ്ങളിലും പേരിന് മാത്രം തോട്ടങ്ങളെയുള്ളു. അത്തരം തോട്ടങ്ങൾ 'ഗ്യാപ്പ് ഫില്ലിംഗ്' നടത്തി സമ്പൂർണ്ണ തോട്ടങ്ങളാക്കണം. തെങ്ങ്, കശുമാവ്, തേയില മുതലായ തോട്ടവിളകൾക്കനുയോജ്യമായ മേഖലകൾ പഞ്ചായത്ത് പരിധിയിലുള്ളത് ശാസ്ത്രീയമായി ഉപയോപ്പെടുത്തണം.

2. മണ്ണൊലിപ്പ് നിവാരണ പദ്ധതികൾ

തോട്ടങ്ങൾ പുനർ നിർമ്മിക്കുന്നതിനോടൊപ്പവും അല്ലാതെയും ചെരിവ് പ്രദേശങ്ങളിലും മണ്ണൊലിപ്പ് തടയാൻ ഉപകരിക്കുന്ന കയ്യാല പദ്ധതികൾ നടപ്പിലാക്കണം. തോടുകളുടെയും പുഴകളുടെയും സൈഡു കെട്ടി മണ്ണിടിച്ചിൽ തടയണം. ജലസ്രോതസ്സുകളെ സംരക്ഷിക്കാനാവശ്യമായ എല്ലാ നടപടികളും പ്രോത്സാഹിപ്പിക്കപ്പെടണം. സർക്കാരിന്റെ ആഭിമുഖ്യത്തിലുള്ള നീർമറി പദ്ധതികൾ വ്യാപകമാക്കണം.

3. ജലസേചന പദ്ധതികൾ

നെൽകൃഷിയെ സംരക്ഷിക്കാനും ലാഭകരമാക്കാനും മുൻഗണന നൽകികൊണ്ടായിരിക്കണം ജലസേചന പദ്ധതികളുടെ മുൻഗണനാക്രമം നിശ്ചയിക്കപ്പെടേണ്ടതു

ണ്ട്. ഒരുപ്പു നിലയങ്ങൾ, ഇരിപ്പു നിലങ്ങളാക്കാനുപകരിക്കുന്ന പദ്ധതികൾക്ക് പ്രത്യേക പരിഗണന നൽകണം. കൊമ്മയാട്, കരിങ്ങാരി, നടയ്ക്കൽ, വാരാമ്പറ്റ, മൊതക്കര മേഖലകളിലെ നെൽവയലുകൾ ഇരിപ്പൂവാക്കി മാറ്റാനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണം. വാരാമ്പറ്റ - പുരുശ്ശേരി പുഴയിൽ ഗ്രാമസഭാ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികൾ അടിയന്തിര പ്രാധാന്യം നൽകി ആവിഷ്കരിക്കണം. പഞ്ചായത്തിലെ അങ്ങോളമിങ്ങോ ളം ചിതറികിടക്കുന്ന തോടുകളിലെല്ലാം ചെക്ക് ഡാമുകൾക്ക് നിർദ്ദേശമുണ്ട്. പുതിയ കുളങ്ങൾ കുഴിക്കാനും നിലവിൽ ഉള്ളവയെ കൃഷിക്കുപയുക്തമാക്കാനും സാധിക്കണം. ബാണാസുരസാഗർ പദ്ധതിയുടെ ഗുണം പഞ്ചായത്തിലെ കൃഷിയിടങ്ങൾക്ക് ലഭിക്കുന്ന തരത്തിൽ കനാലുകളുടെ നിർമാണം നടത്തണം. മംഗലശ്ശേരി ഡാമിൽ നിന്ന് കനാലുകൾ വഴിയോ പൈപ്പുകൾ വഴിയോ വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ 1,2,3,4 വാർഡുകളിലെ കർഷകർക്ക് ആവശ്യത്തിന് വെള്ളമെത്തിച്ച് കൊടുക്കണം. പമ്പ് സെറ്റുകൾ, സ്പ്രിംഗ്റുകൾ എന്നിവ ആവശ്യാനുസരണം സ്ഥാപിക്കപ്പെടണം.

സർക്കാർ പദ്ധതികളും , കൃഷി വകുപ്പിൽ നിന്ന് സഹായധനമുൾപ്പെടെ ബാങ്കുകളുടെ വായ്പാ പദ്ധതിയുമെല്ലാം ഇക്കാര്യത്തിനായി ഏകോപിക്കപ്പെടണം. താഴെ പറയുന്ന ജലസേചന പദ്ധതികളാണ് ഗ്രാമസഭാ നിർദ്ദേശങ്ങളായി വന്നിട്ടുള്ളത്.

ഒന്നാം വാർഡ്

പൂരിഞ്ഞി വി.സി.ബി. മംഗലശ്ശേരി സാവിൽ നിന്ന് പൈപ്പ് വഴി ജലം, വിവിധ കേന്ദ്രങ്ങളിലായി ഒമ്പത് കുളങ്ങൾ.

രണ്ടാം വാർഡ്

അരീക്കര തോട്ടിൽ അണക്കെട്ട്, ഇത് മൂലം 100 ഏക്കർ കൃഷി ഭൂമിയിൽ ജലസേചനം സാധ്യമാകും. മംഗലശ്ശേരി ഡാമിൽ നിന്ന് പൈപ്പ് വഴി ജലസേചനം.

മൂന്നാം വാർഡ്

പാലേരി വയൽ, കല്ലാം തോട്, കാരപ്പാളി ലിഫ്റ്റി ഇറിഗേഷൻ, നെല്ലക്കചാൽ, വെളിയർണ, പെരും കുളം, വാളാരും കുന്ന് എന്നിവിടങ്ങളിൽ വിവിധ പദ്ധതികൾ നിർദേശിച്ചിരിക്കുന്ന ആറ് പദ്ധതികൾ.

നാലാം വാർഡ്

വാരാമ്പറ്റ, അത്തിക്കൊല്ലി, കണ്ണൻ കടവ്, നാരോക കടവ് എന്നിവിടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന പദ്ധതികളും വിവിധ സ്ഥലങ്ങളിലായി അഞ്ച് കുളങ്ങളും.

അഞ്ചാം വാർഡ്

നിർദ്ദേശിച്ചിരിക്കുന്ന അഞ്ച് കുളങ്ങൾ

ആറാം വാർഡ്

വാളമുക്കിയിലും പാട്ടവയലിലും മേച്ചേരി തോട്ടിലും പുതുശ്ശേരി കടവിലും ചെക്ക് ഡാമുകൾ.

ഏഴാം വാർഡ്

ബാണാസുര സാഗർ കനാൽ വഴി ജലസേചനം. പാലക്കൽ വയലിലെ പമ്പ് സെറ്റ് വഴി 150 ഏക്കർ നിലം ഇരിപ്പൂവാക്കമെന്ന നിർദ്ദേശമുണ്ട്.

എട്ടാം വാർഡ്

നിർദ്ദേശിക്കപ്പെട്ട എട്ടു സ്ഥലങ്ങളിൽ കുളങ്ങൾ

ഒമ്പതാം വാർഡ്

തൊണ്ണമ്പറ്റിയിൽ ചിറ, ബാണാസുരൻ പദ്ധതിയിൽ നിന്ന് കനാൽ വഴി ജലം, നിർദ്ദേശിക്കപ്പെട്ട 5 കുളങ്ങൾ.

പത്താം വാർഡ്

കക്കടവ് പദ്ധതി, വെട്ടുതോടിന് കുളത്തിങ്കൽ ചെക്ക് ഡാം, പനങ്കുറ്റി ചെക്ക് ഡാം, ബാണാസുരൻ പദ്ധതിയിൽ നിന്ന് കനാൽ നിർദ്ദേശിക്കപ്പെട്ട 5 കുളങ്ങൾ.

പതിനൊന്നാം വാർഡ്

പുതുശ്ശേരി പുഴയിൽ ലിഫ്റ്റ് ഇറിഗേഷൻ, വെട്ടു തോട് ബണ്ട് റിപ്പയർ, കക്കടവ് പദ്ധതി, ചെറുവലം, കറവുമിറം വയലുകളിലേക്ക് വലിയ പമ്പ് സെറ്റുകൾ നിർദ്ദേശിക്കപ്പെട്ട 5 കുളങ്ങളും.

പന്ത്രണ്ടാം വാർഡ്

നിർദ്ദേശിക്കപ്പെട്ട 10 സ്ഥലങ്ങളിൽ കുളങ്ങൾ

4. വൈദ്യുതി

ജലസേചനവും വൈദ്യുതിയുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്നു. ലിഫ്റ്റ് ഇറിഗേഷൻ, കുളങ്ങൾ എന്നിവ നിർദ്ദേശിക്കപ്പെട്ടിട്ടില്ലെങ്കിലും കർഷകർ സ്വന്തമായി പമ്പുസെറ്റ് സ്ഥാപിക്കാൻ സന്നദ്ധമാകുന്നിടങ്ങളിലും വൈദ്യുതി കണക്ഷനുകൾ നൽകണം. മീൻമുട്ടി പദ്ധതി നടപ്പിലാക്കിയാൽ പഞ്ചായത്തിനാവശ്യമായ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയും.

5. വിള ഇൻഷുറൻസ്

മുഴുവൻ കർഷകരെയും വിള ഇൻഷ്വറൻസ് പദ്ധതിയിൽ ചേർക്കണം നെല്ല്, നേന്ത്രക്കായ, റബ്ബർ എന്നീ വിളകൾക്കെങ്കിലും ഇൻഷ്വറൻസ് നിർബന്ധമാക്കണം. ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ അർഹിക്കുന്ന അളവിൽ

യഥാസമയം കർഷകന് കിട്ടത്തക്കവണ്ണമുള്ള പദ്ധതിയിൽ ഇൻഷ്വറൻസ് കമ്പനികളുമായി ബന്ധപ്പെട്ട് നടപ്പാക്കണം.

6. വിപണന കേന്ദ്രം

റഗുലേറ്റഡ് മാർക്കറ്റ്, സ്ഥാപിക്കാനുള്ള സാധ്യത ആരായണം. വിവിധ വിളകളെ അടിസ്ഥാനമാക്കി സഹകരണ മാർക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തണം. വേർഹൗസ് സൗകര്യം ലഭ്യമാക്കണം.

7. ശാസ്ത്ര സാങ്കേതിക പരിജ്ഞാനം.

നൂതന കൃഷി സമ്പ്രദായങ്ങളും സങ്കേതങ്ങളും കർഷകന് ലഭ്യമാക്കണം. കൃഷിഭവൻ പ്രവർത്തനങ്ങൾ ഒരാനുകൂല്യമല്ല അവകാശമാണെന്ന ബോധം കർഷകർക്കുണ്ടാക്കുവാനും കൃഷിക്കാരന്റെ സാങ്കേതിക വിജ്ഞാനം വർദ്ധിപ്പിക്കാനും ആനുകൂല്യങ്ങൾ തൽസമയം ലഭിക്കാനും വേണ്ട ഉപദേശങ്ങൾ നൽകി പ്രോത്സാഹിപ്പിക്കാനുള്ള വിദഗ്ദ്ധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണമെന്നും അതിൽ കൃഷിഭവൻ മുൻകയ്യെടുക്കണമെന്നുമുള്ള നിർദ്ദേശം ഗ്രാമസഭകൾക്കുണ്ട്.

8. വായ്പാസൗകര്യങ്ങൾ വിപുലമാക്കണം.

തോട്ടങ്ങളുടെ പുരനുദ്ധാരണം, മണ്ണൊലിപ്പ് നിവാരണ പദ്ധതികൾ, ജലസേചന പദ്ധതികൾ എന്നിവയ്ക്ക് ദീർഘകാല വായ്പകൾ ആവശ്യാനുസരണം നൽകുന്ന പദ്ധതികൾ നടപ്പിലാക്കാൻ ബാങ്ക് ആശ്രിതരെ പ്രേരിപ്പിക്കണം. ലളിത വ്യവസ്ഥയിൽ വിള വായ്പകൾ നൽകുകയും വായ്പയുടെ പലിശ മാത്രം അടച്ച് പുതുക്കിപോകാനുള്ള സംവിധാനം ചെലുത്തുകയും വേണം. ഉൽപ്പന്നങ്ങൾ സൂക്ഷിച്ചിട്ടുള്ള വേർഹൗസ് രശീതികളിൻ മേൽ പണഭപണയത്തിൽ സമാനമായ വായ്പാ പദ്ധതികൾ നടപ്പിലാക്കാൻ ബാങ്കുകളെ പ്രേരിപ്പിക്കണം.

9. വന്യമൃഗസംരക്ഷണത്തിനാവശ്യമായ നടപടികൾ നടപ്പാക്കണം. ഇതിന് വന്യ ജീവി വകുപ്പുകളുമായി ബന്ധപ്പെട്ടു ശാശ്വത പരിഹാരം ഉണ്ടാക്കണം.

10. ജൈവ വള നിർമാണ യൂണിറ്റ് പഞ്ചായത്ത് പരിധിയിലാരംഭിക്കാമെന്ന ആറാം വാർഡ് ഗ്രാമസഭയുടെനിർദേശം പ്രത്യേകം പരിഗണിക്കണം. എല്ലാ കർഷകരും കമ്പോസ്റ്റ് നിർമ്മാണം നടത്താൻ ഉത്തേജനം നൽകണം.

11. പാടശേഖര സമിതി കുരുമുളക് വികസന സമിതി, കേരവികസന സമിതി എന്നിവകളുടെ പ്രവർത്തനങ്ങൾ പുനഃസംഘടിപ്പിക്കണം. ഒരേ പ്രദേശത്ത് തന്നെ വിവിധ പേരുകളിൽ വിവിധ വിളകളെഅടിസ്ഥാനമാക്കി കർഷക സമിതികൾ പ്രവർത്തിക്കുന്ന ഏർപ്പാട് നിർത്തലാക്കണം. ഓരോ പ്രദേശത്തെയും മുഴുവൻ യഥാർത്ഥ കർഷകരെയും അംഗങ്ങളാക്കി കൊണ്ട് പ്രാദേശികാടിസ്ഥാനത്തിൽ സമിതികൾ പുനഃസംഘടിപ്പിക്കണം. ആ പ്രദേശത്തെ മുഴുവൻ വിളകളെയും സമിതിയുടെ കീഴിൽ കൊണ്ടു വരണം.

12. രാസവള കീട നാശിനി വിതരണ കേന്ദ്രങ്ങൾ പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ ആരംഭിക്കണം.

13. കാർഷിക മേഖലകൾക്കും പ്രാധാന്യം നൽകി ഗതാഗത സൗകര്യങ്ങളും റോഡുകളും വികസിപ്പിക്കണം

14. കൃഷിക്കാരൻ ബന്ധപ്പെടേണ്ടി വരുന്ന എല്ലാ ഓഫീസുകളും ഒരേ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന സംവിധാനം ഏർപ്പെടുത്തണം.

15. ഈ പഞ്ചായത്തിൽ കാർഷിക വികസന സമിതി കാര്യക്ഷമമായി പ്രവർത്തിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

16. കൃഷിഭവൻ അടിസ്ഥാനമാക്കിയുള്ള സാങ്കേതിക വിദ്ധ്യ യഥാക്രമം കൃഷിക്കാരന് എത്തിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക.

17. കൃഷി ഭവനിൽ ക്ലാർക്കുമാരെ നിയമിച്ച് ഫീൽഡ് ഉദ്യോഗസ്ഥൻമാരെ ഫീൽഡിൽ അയക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക.

18. പൊതു മേഖലയിൽ കൂടുതൽ വളം ഡിപ്പോ അനുവദിക്കുക.

19. ഈ ജില്ലയിൽ ജില്ലാ ഫാം ഇല്ലാത്തതിനാൽ പഞ്ചായത്തടിസ്ഥാനത്തിൽ നെഴ്സറി അനുവദിക്കുക.

20. ജില്ലാടിസ്ഥാനത്തിൽ അനുവദിക്കാവുന്ന ഇഞ്ചി സംസ്കരണ യൂണിറ്റ് വെള്ളമുണ്ട പഞ്ചായത്തിൽ സ്ഥാപിക്കുക.

21. കശുമാവ് ആസ്പദമാക്കിയുള്ള പാനീയം നിർമിക്കുന്ന നിർമാണശാല സ്ഥാപിക്കുക.

22. മണ്ണ് സംരക്ഷണ പ്രവർത്തനം പഞ്ചായത്തിൽ പുനഃസ്ഥാപിക്കുക.

23. ആവശ്യമായ സന്ദർഭങ്ങളിൽ അത്യുല്പാദന ശേഷിയുള്ള നെൽവിത്തിനങ്ങൾ വിതരണം ചെയ്യുക.

24. ഒരു നേന്ത്രക്കുല മാർക്കറ്റിംഗ് സൊസൈറ്റി സ്ഥാപിക്കുക.

25. ഔഷധ കൃഷി, ഉദ്യാനകൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുക.

26. പഞ്ചായത്തിലെ യുവജനങ്ങളെ കാർഷികാപ്രവർത്തനങ്ങളിൽ പിടിച്ച് നിർത്തുന്നതിന് പെൻഷൻ പദ്ധതീ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുക.

മൃസംരക്ഷണവും മൽസ്യകൃഷിയും

വെള്ളമുണ്ട പഞ്ചായത്തിൽ പുരാതന കാലം മുതൽക്കെ കന്നുകാലി വളർത്തൽ കൃഷിയുടെ ഒരു ഭാഗമായിരുന്നു. ആദിവാസി സമുദായത്തിലെ കുറിച്യർ ഈ രംഗത്ത് പ്രത്യേക താൽപര്യമെടുത്തിരുന്നു. കാലികളെ കെട്ടി മേയ്ക്കുന്ന സമ്പ്രദായം അന്നുണ്ടായിരുന്നില്ല. കൂട്ടത്തോടെ മേച്ചിൽ സ്ഥലങ്ങളിൽ വിട്ട് മേയ്ക്കുകയായിരുന്നു പതിവ്. ഇതിന് പ്രത്യേകം 'കാലിക്കാരെ' നിയമിച്ചിരുന്നു. കൃഷിക്കാർ വേനൽക്കാലത്ത് പാടത്തും വർഷകാലത്ത് കുന്നുകളിലും കാലികളെ മേച്ചിരുന്നു. പാടത്ത് വേനൽക്കാലത്ത് കാലികളെ കൂട്ടുന്നതിന് 'പിടാവ്' മൂളകൊണ്ട് നിർമ്മിച്ച് അതിലായിരുന്നു രാത്രികാലങ്ങളിൽ കൂട്ടിയിരുന്നത്. കുന്നിൽ പ്രദേശങ്ങളിൽ കാലികളെ മേയ്ക്കുമ്പോൾ കണ്ടു പിടിക്കുന്നതിന് കഴുത്തിൽ 'അറപ്പകൾ' കെട്ടിയിരുന്നു. നിലമുഴുന്നതിനും വണ്ടി വലിക്കുന്നതിനും ഒക്കലിനും കാളകളെ മാത്രമായിരുന്നു ആശ്രയിച്ചിരുന്നത്. കൃഷിക്കാരന്റെ പ്രതാപം കണക്കാക്കിയിരുന്നത് കന്നുകാലി സമ്പത്ത് ആയിരുന്നു.

ഭൂപരിഷ്കരണം, കുടിയേറ്റം, ജനസംഖ്യാവർദ്ധനവ്, ചെറിയ കുടുംബമെന്ന ആശയം എന്നിവയോടെ കൃഷിയിടങ്ങൾ ചുരുങ്ങി. അതോടെ കന്നുകാലികളെ അഴിച്ചു വിടുന്ന രീതിയിലും മാറ്റം വന്നു തുടങ്ങി. പിന്നീട് വന്ന സങ്കര ഇനം കന്നുകാലികളുടെ പ്രചാരണത്തോടെ നാടൻ ഇനങ്ങളുടെ എണ്ണം കുറഞ്ഞു വന്നു. ആദ്യകാലങ്ങളിൽ പശുക്കളെ പോറ്റാൻ കൊടുത്തു രണ്ടാമത്തെ പ്രസവത്തോടെ തിരിച്ചുവാങ്ങുകയും ആദ്യത്തെ കിടാവിനെ പോറ്റുകാരന് കൊടുക്കുകയും ചെയ്യുന്ന സമ്പ്രദായമുണ്ടായിരുന്നു. കൂടാതെ കാളകളെ (ഏരിനെ) മറ്റു കൃഷിക്കാർക്ക് പൂട്ടുന്നതിന് കൊടുക്കുന്ന പതിവുമുണ്ടായിരുന്നു. ഈ സമ്പ്രദായത്തിന് 'ചുമലീട' എന്നു പറഞ്ഞിരുന്നു. ഒരു വർഷത്തേക്ക് 4 പൊതി (2കിൻറൽ) നെല്ല് കർഷകൻ ഏര് ഉടമസ്ഥന് കൊടുക്കേണ്ടിയിരുന്നു. ഇന്ന് ഈ സമ്പ്രദായങ്ങളൊന്നുമില്ല.

ആഹാരം, ഊർജ്ജം, ഇന്ധനം, വളം, വ്യവസായ അസംസ്കൃത വസ്തുക്കൾ എന്നിവ പ്രധാനം ചെയ്യുന്ന ഈ മേഖലയുടെ മുഴുവൻ സാദ്ധ്യതകളും ചൂഷണം ചെയ്യേണ്ടിയിരിക്കുന്നു. പാൽ, മാംസം, മുട്ടയുത്പാദനം

ഈ പഞ്ചായത്തിലെ മൃസംരക്ഷണ സംവിധാനങ്ങൾ

സ്ഥാപനം	ജീവനക്കാർ			
	ഡോക്ടർ	ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ	അറ്റൻറൻറ്	പി.ടി.എസ്.
വെറ്റിനറി ഡിസ്പെൻസറി വെള്ളമുണ്ട	1	1 (ഒഴിവ്)	1	1
വെറ്റനറി സബ്സെൻറർ കെല്ലൂർ	-	1	-	1
വെറ്റനറി സബ്സെൻറർ മൊതക്കര	-	1	-	

മൃഗസമ്പത്തിനെ കുറിച്ചുള്ള വിവരങ്ങൾ

വർഷം	കാള/പോത്ത്	പശു	എരുമ	കന്നുകുട്ടി	ആട്	കാളവണ്ടി	കലപ്പ
1928	1614	993	485	1217	140	18	618

	പശുക്കൾ സങ്കരവർഗ്ഗം			പശുക്കൾ നാടൻ			എരുമ		
	ആൺ	പെൺ	പ്രയോജനമുള്ളവ	ആൺ	പെൺ	പ്രയോജനമുള്ളവ	ആൺ	പെൺ	പ്രയോജനമുള്ളവ
1987	197	1516	845	1017	2114	1214	724	280	180

	ആട്		പന്നി	നായ	കോഴി		താറാവ്
1987	ആൺ	പെൺ			നാടൻ	മേത്തരം	
	388	1067	48	1582	16281	748	34

	കാള നാടൻ		കാള സങ്കരം		പശു നാടൻ	
	വംശവർദ്ധനവ്	മറ്റുള്ളവ	വംശവർദ്ധനവ്	മറ്റുള്ളവ	കറവ ഉള്ളത്	കറവ ഇല്ലാത്തത്
1996	6	426	8	130	316	165

	പശു സങ്കരം		എരുമ		പോത്ത്	ആട്	പട്ടി	പന്നി	ആന
	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്					
	787	136	26	16	374	792	605	164	1

	മുയൽ	പൂവൻ കോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
			മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	ആൺ	പെൺ	
	183	2169	4118	2478	194	61	—

പഞ്ചായത്തിലെ ക്ഷീര സഹകരണ സംഘങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ

നമ്പർ	സൊസൈറ്റിയുടെ പേര്	തുടങ്ങിയ തിയ്യതി	ശേഖരിക്കുന്ന പാൽ	പഞ്ചായത്തിൽ വിൽക്കുന്ന പാൽ	പുറത്തേക്ക് അയക്കുന്ന പാൽ
1.	വെള്ളമുണ്ട	1982	850 ലി.	200 ലി.	650 ലി.
2.	കാരക്കാമല	1992	350 ലി.	100 ലി.	250 ലി.

ഇനിയും വർദ്ധിപ്പിക്കുവാൻ ഉതകുന്ന പരിപാടികൾ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

മൂന്നു സ്ഥാപനങ്ങളും സ്വകാര്യ കെട്ടിടങ്ങളിൽ പ്രവർത്തിച്ച് വരുന്നു. വെള്ളമുണ്ട വെറ്റനറി ഡിസ്പെൻസറി 1963ൽ ഒരു സബ്സെൻറായി തുടങ്ങുകയും 1991ൽ വെറ്റനറി ഡിസ്പെൻസറിയായി ഉയർത്തുകയുമുണ്ടായി.

മൃഗസംരക്ഷണ പദ്ധതി വകുപ്പിൻെറ കീഴിൽ ഈ പഞ്ചായത്തിൽ നടന്നു വരുന്ന പദ്ധതികൾ

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി:

സങ്കരയിനത്തിൽ പെട്ട കന്നുകുട്ടികൾക്ക് 4 മാസം മുതൽ പ്രസവിക്കുന്നത് വരേയോ 32 മാസം വരേയോ, സബ്സിഡിയോടുകൂടി കാലിതീറ്റ, ഇൻഷുറൻസ്, മരുന്നുകൾ എന്നിവയും പരിശീലനവും നൽകുന്ന ഈ പദ്ധതി 1994 മുതൽ ഇവിടെ ആരംഭിക്കുകയുണ്ടായി. 50 ഗുണഭോക്താക്കൾ ഉണ്ടായിരുന്നു. പാൽ ഉൽപാദന മേഖലയിൽ വമ്പിച്ച മുന്നേറ്റത്തിന് കാരണമാവുന്ന ഈ പദ്ധതി കൂടുതൽ കർഷകരെ ഉൾപ്പെടുത്തി വിപുലപ്പെടുത്തേണ്ടതാണ്.

പേ വിഷ നിർമ്മാർജ്ജന പരിപാടി പ്രകാരം വ

ളർത്തു മൃഗങ്ങൾക്ക് സൗജന്യ നിരക്കിൽ 'പേ പ്രതിരോധ വാക്സിൻ' ചെയ്തു വരുന്നു. ശക്തമായ ബഹുജന ബോധവൽക്കരണം ഈ പരിപാടിയുടെ വിജയത്തിന് ആവശ്യമാണ്.

കൂടാതെ കുളമ്പുരോഗം, കുരളടപ്പൻ, ആന്ത്രാക്സ്, കാലിവസന്ത, കരിങ്കാൽ, കോഴി വസന്ത, കോഴി വസൂരി തുടങ്ങിയ രോഗങ്ങൾക്കെതിരെയുള്ള കുത്തിവെപ്പുകളും കാലാകാലങ്ങളിൽ ചെയ്തു വരുന്നു. ഇതിൽ കുളമ്പു രോഗം, കോഴിവസന്ത രോഗ പ്രതിരോധ കുത്തിവെപ്പുകൾ ഇപ്പോൾ നടത്തിവരുന്നുണ്ട്.

വിവിധ പദ്ധതികൾ പ്രകാരം ആട്, കോഴി, പന്നി തുടങ്ങിയവയേയും കർഷകർക്ക് വിതരണം ചെയ്തു വരുന്നു. കൂടുതൽ കർഷകരിലേക്ക് വ്യാപിപ്പിക്കാൻ വേണ്ട നടപടികൾ എടുക്കേണ്ടതാണ്.

വർഷത്തിൽ രണ്ട് രോഗരക്ഷാക്യാമ്പുകളും ഒരു വന്ധ്യതാ നിവാരണ ക്യാമ്പും നടത്തി വരുന്നു. ഒരു ക്യാമ്പിന് 200 രൂപ (ഇരുനൂറ് രൂപ) മാത്രമെ അനുവദിക്കപ്പെട്ടിട്ടുള്ളു. എല്ലാ വാർഡുകളിലും ആറുമാസത്തിലൊരിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കാൻ വേണ്ട നടപടികൾ എടുക്കേണ്ടതാണ്.

മൃഗചികിത്സ സേവനങ്ങൾ, ബോധവൽക്കരണ ക്ലാസ്സുകൾ, കന്നുകാലി പ്രദർശനങ്ങൾ എന്നിവയും നടത്തി വരുന്നുണ്ട്. വിപുലീകരിക്കേണ്ടതുണ്ട്.

നിലവിലുള്ള പ്രശ്നങ്ങൾ

1. ചികിത്സ സൗകര്യങ്ങളിലെ അപര്യാപ്തത.
2. കാലിത്തീറ്റയുടെ വില വർദ്ധനവ്.
3. തീറ്റപുല്ല്, കൂടുതലായി ലഭിക്കുന്ന അവസരത്തിൽ അവ സംഭരിച്ച് സൈലേജ്, ഹേ (Hey) തുടങ്ങിയവയാക്കി മാറ്റുവാനുള്ള സൗകര്യങ്ങൾ ഇല്ല.
4. പാൽ ഉൽപന്നങ്ങൾ നിർമ്മിക്കാനുള്ള സൗകര്യങ്ങളില്ല.
5. തെരുവുനായ്ക്കളുടെ ഉന്മൂലനം വളർത്തു മൃഗങ്ങളുടെ ലൈസൻസിങ്ങ് എന്നിവ നിലവില്ലാത്തതിനാൽ പേനിർമ്മാർജ്ജനയജ്ഞം ഫലപ്രദമാകുന്നില്ല.
6. ശാസ്ത്രീയമായ അറവുശാലകൾ നിലവിൽ ഇല്ല.
7. മാംസ മൽസ്യ മാർക്കറ്റുകൾ നിലവിൽ ഇല്ല.
8. നിലവിലുള്ള വെറ്റനറി ഡിസ്പെൻസറി തീരെ സൗകര്യമില്ലാത്ത ഒരു സ്വകാര്യ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.
9. അത്യുൽപാദന ശേഷിയുള്ള വളർത്തുമൃഗങ്ങൾ കോഴി കുഞ്ഞുങ്ങൾ മുതലായവയെ സഹായ വിലയ്ക്ക് ലഭിക്കുന്നതിന് സൗകര്യങ്ങളില്ല.
10. കന്നുകാലി, കോഴി കൃഷി തുടങ്ങിയവയ്ക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭിക്കുന്നതിനുള്ള വിഷമങ്ങൾ.
11. ഇൻഷുറൻസ് പരിരക്ഷ ഈ മേഖലയിൽ വ്യാപകമല്ല.
12. വൈകുന്നേരം കർഷകരിൽ നിന്ന് പാൽ സംഭരിക്കാൻ സൗകര്യങ്ങളില്ല.

നിർദ്ദേശങ്ങൾ

1. മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടം, വാഹനം, ഫോൺ, ലാബോറട്ടറി സൗകര്യങ്ങൾ, ആവശ്യമായ ജീവനക്കാർ തുടങ്ങിയ സൗകര്യങ്ങളുള്ളതും മരുന്നുകൾ, ഉപകരണങ്ങൾ, പ്രതിരോധ വാക്സിനുകൾ തുടങ്ങിയവ ആവശ്യാനുസരണം ലഭ്യമാക്കുകയും ചെയ്യുക.
2. കൃത്രിമ ബീജാധാനം, ഭ്രൂണമാറ്റം എന്നിവ സൗജന്യമായി നൽകുക.
3. കൃത്രിമ ബീജാധാന കേന്ദ്രം തരുവണയിൽ തുടങ്ങുക.
4. മൊതക്കര, കെല്ലൂർ കേന്ദ്രങ്ങളിൽ സ്ഥിരമായി ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരെ നിയമിക്കുക.
5. തീറ്റപുല്ല് കൃഷിക്ക് പ്രോത്സാഹനങ്ങൾ നൽകുക.
6. പഞ്ചായത്ത് തലത്തിൽ സൈലേജ്, ഹേ എന്നിവയുടെ പ്ലാൻറുകൾ സ്ഥാപിക്കുക.
7. തെരുവുനായ്ക്കളുടെ ഉന്മൂലനം നടപ്പിലാക്കുകയും വളർത്തു മൃഗങ്ങൾക്ക് പേ പ്രതിരോധ കുത്തിവെപ്പും ലൈസൈൻസിങ്ങും നിർബന്ധമാക്കുകയും ചെയ്യുക.
8. 3-4 പശുക്കൾ ഉൾക്കൊള്ളുന്ന മിനി ഡയറി യൂനിറ്റുകൾ തുടങ്ങേണ്ടതാണ്. ഇതിനായി ഒരു പശുവിന് 3000 രൂപയും തൊഴുത്തിന് 2500 രൂപയും സബ്സിഡി നൽകേണ്ടതാണ്. ഒരു പശുവിനെ നൽകി 6 മാസം കഴിഞ്ഞിട്ടേ അടുത്ത പശുവിനുള്ള സബ്സിഡി നൽകേണ്ടതുള്ളു. പശുക്കളെ വാർഡുമെമ്പറും പഞ്ചായത്ത് പ്രസിഡണ്ടും വെറ്റനറി സർജനും മൂന്നുമാസത്തിലൊരിക്കലെങ്കിലും നിരീക്ഷിക്കേണ്ടതാണ്. ശാസ്ത്രീയ കന്നുകാലി പരിപാലനത്തെ പറ്റി കർഷകർക്ക് ക്ലാസ്സുകൾ നൽകേണ്ടതാണ്.
9. കന്നുകുട്ടി പരിപാലന പദ്ധതി കൂടുതൽ കർഷകരെ ഉൾപെടുത്തി വിപുലപ്പെടുത്തേണ്ടതാണ്.
10. 6-12 മാസം പ്രായമുള്ള 2 ആട്ടിൻ കുട്ടികളെ വീതം ഒരു വാർഡിൽ ചുരുങ്ങിയത് 10 പേർക്കെങ്കിലും വിതരണം ചെയ്യേണ്ടതാണ്. ആടൊന്നിന് 500 രൂപ സബ്സിഡി നൽകേണ്ടതാണ്.
11. ഈ പഞ്ചായത്തിൽ നിലവിൽ ഉള്ള 21 അറവുശാലകൾ തീരെ അശാസ്ത്രീയമായ വൃത്തി ഹീനമായ ചുറ്റുപാടുകളിലാണ് നടത്തപ്പെടുന്നത്. പഞ്ചായത്ത് തലത്തിൽ ശാസ്ത്രീയമായ ചെറുകിട അറവുശാല സ്ഥാപിക്കേണ്ടതാണ്.
1. അറവിനു വിധേയമാക്കുന്ന മൃഗങ്ങളെ അറവിനു മുമ്പും ശേഷവും വെറ്റനറി ഡോക്ടറുടെ പരിശോധനയ്ക്ക് നിർബന്ധമായും വിധേയമാക്കേണ്ടതാണ്.

2. മാംസോൽപാദനത്തിന് കാളക്കുട്ടി പരിപാലന പദ്ധതി, കൃത്രമി ബീജാധാനം മൂലമുണ്ടാകുന്ന വർഗ്ഗഗുണമുള്ള മൂരികിടാങ്ങളെ 50% സബ്സിഡിയോടുകൂടി തീറ്റ, മരുന്നുകൾ ഇൻഷുറൻസ് എന്നിവ നൽകി മാംസത്തിനായി വളർത്തുന്ന പദ്ധതി തുടങ്ങേണ്ടതാണ്. ഗുണമേന്മയുള്ള മാംസോത്പാദനത്തിന് ഇത് സഹായകമാണ്. ഇതിനു വേണ്ടി തന്നെ ആടുകളെയും പന്നികളെയും വളർത്തുന്ന യൂണിറ്റും തുടങ്ങാവുന്നതാണ്.

3. ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇതിനായി ഓരോ വാർഡിലും 250 കോഴികളെ ഉൽപാദിപ്പിക്കുന്ന ഓരോ യൂണിറ്റെങ്കിലും തുടങ്ങേണ്ടതാണ്. ഒരു യൂണിറ്റ് 10,000 രൂപ സബ്സിഡി നൽകേണ്ടതാണ്.

4. ഇറച്ചിക്കോഴിക്കായി മൂരിക്കുട്ടി, ആട്, പന്നി, മുയൽ, ബ്രോയിലർ കോഴി വളർത്തുകാരുടെ സഹകരണസംഘം ആരംഭിക്കേണ്ടതാണ്.

5. അടുക്കളമുറ്റത്തെ കോഴി വളർത്തൽ. 45 ദിവസം പ്രായമായ കോഴികളെ 50% സബ്സിഡിയോടുകൂടി ഒരു കുടുംബത്തിന് 4 പിടയും ഒരു പൂവനും വീതം നൽകേണ്ടതാണ്. പഞ്ചായത്തിൽ ആയിരം കുടുംബത്തിനെങ്കിലും ഇത് നൽകേണ്ടതാണ്. രോഗപ്രതിരോധ കുത്തിവെപ്പുകളെ പറ്റി ഇവരെ ബോധവൽക്കരണം നടത്തേണ്ടതുമാണ്.

6. മേൽപറഞ്ഞ പദ്ധതിക്കുവേണ്ട കോഴികുഞ്ഞുങ്ങളെ വളർത്തുന്ന എഗ്ഗർ നെഴ്സറികൾ പഞ്ചായത്തിൽ രണ്ട് എണ്ണമെങ്കിലും ആരംഭിക്കേണ്ടതാണ്.

7. പഞ്ചായത്തിലെ നീർക്കെട്ടു പ്രദേശങ്ങളിൽ താറാവ്, പന്നി, മൽസ്യം എന്നിവയുൾപ്പെടുന്ന സമ്മിശ്ര കൃഷി രീതി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

8. പഞ്ചായത്ത് അടിസ്ഥാനത്തിൽ സഹകരണ മേഖലയിൽ ഒരു കാലിതീറ്റ നിർമ്മാണ യൂനിറ്റ് സ്ഥാപിക്കുകയും പാൽ ഉൽപന്നങ്ങൾ, മാസം മൂല്യവർഷിത ഉൽപന്നങ്ങൾ ഉപോൽപന്നങ്ങളുടെയും ഉൽപാദന യൂനിറ്റുകൾ ആരംഭിക്കുകയും ചെയ്യുക. കർഷകർക്ക് ഇതിനായി പ്രോത്സാഹനം നൽകുക.

9. സ്കൂൾ പോൾട്രി, ലൈവ് സ്റ്റോക്ക് ക്ലബ്ബുകൾ, ആരംഭിക്കുക. ഇതിനായി ഒരു അദ്ധ്യാപകനെ ചുമതലപ്പെടുത്തേണ്ടതും വിദ്യാർത്ഥികൾക്ക് സൗജന്യമായി കോഴികുഞ്ഞുങ്ങൾ, മുയൽ, ആടിൻകുട്ടികൾ ഇവ രണ്ടെണ്ണം വീതം നൽകേണ്ടതും സൗജന്യ ഇൻഷുറൻസ് പരിരക്ഷ നൽകേണ്ടതുമാണ്. കുട്ടികൾ ഉൽപാദിപ്പിക്കുന്ന കോഴികുഞ്ഞുങ്ങളെയും ആട്ടിൻ കുട്ടികളെയും തിരിച്ചു വാങ്ങി മറ്റു സ്കൂളുകളിലേക്കും ഈ പദ്ധതി വ്യാപിക്കാവുന്നതാണ്.

10. പഞ്ചായത്തിൽ നിലവിലുള്ള 24 ബയോഗ്യാസ് പുറമെ കൂടുതൽ പ്ലാൻറുകൾക്ക് സാദ്ധ്യതയുണ്ട്. സാമ്പത്തിക സഹായം ഉദാരമാക്കേണ്ടതാണ്.

മത്സ്യ കൃഷി

വെള്ളമുണ്ട പഞ്ചായത്തിൽ 28 കുളങ്ങളുണ്ട്. ശുദ്ധ ജലമത്സ്യകൃഷിക്കുവേണ്ട അനുയോജ്യമായ കാലാവസ്ഥയും സാഹചര്യവും ഉണ്ട്. നിലവിൽ ഉള്ള ജലാശയങ്ങളിൽ മത്സ്യങ്ങളെ അന്യസംസ്ഥാനത്തുള്ളവർ പിടിച്ച് ഇവിടെ തന്നെ വിൽപന നടത്തുന്നതായി കണ്ടു വരുന്നു. കട്ലകട്ല,മുഗാല, സൈപ്രൻസ്, രോഹിത്, തിലോപ്പിയ തുടങ്ങിയ മത്സ്യങ്ങളെ വളർത്താനുള്ള സാഹചര്യങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

പ്രശ്നങ്ങൾ

1. മത്സ്യകുഞ്ഞുങ്ങളെ യഥാസമയം കിട്ടുവാനുള്ള പ്രയാസം കൃഷിക്ക് മുഖ്യ തടസ്സമായി നിൽക്കുന്നു.

2. മത്സകൃഷിയുമായി ബന്ധപ്പെട്ട ആവശ്യമായ പരിശീലനത്തിൻെറ അഭാവം ഈ മേഖലയിൽ അറിവില്ലായ്മക്ക് കാരണമാവുന്നു.

3. കുളം കുഴിക്കുന്നതിനു വരുന്ന വർദ്ധിച്ച ചെലവും സാമ്പത്തിക സഹായത്തിൻെറ അപര്യാപ്തതയും പ്രശ്നം സൃഷ്ടിക്കുന്നു.

4. പൊതു ഉടമസ്ഥതയിൽ ഉള്ള ജലാശയങ്ങൾ വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ മത്സ്യകൃഷിക്ക് ലഭിക്കാതെ വരുന്നു.

നിർദ്ദേശങ്ങൾ

1. നല്ലയിനം മത്സ്യകുഞ്ഞുങ്ങളെ സമയത്ത് ലഭ്യമാക്കുക.

2. ആവശ്യമായ പരിശീലനം സംഘടിപ്പിക്കുക.

3. കുളങ്ങൾ കുഴിക്കുന്നതിന് ധനകാര്യസ്ഥാപനങ്ങളിൽ നിന്നു സാമ്പത്തിക സഹായം നൽകുക.

4. പഞ്ചായത്തിൻെറ പൊതു ജലാശയങ്ങൾ വ്യക്തമായ വ്യവസ്ഥയോടെ മത്സ്യകൃഷി വികസനത്തിന് സഹകാര്യ വ്യക്തികൾക്ക് നൽകുക.

5. പന്നി, താറാവ്, മൽസ്യം ഇവ ഉൾപെടുത്തിയുള്ള സമ്മിശ്രമായ കൃഷി രീതിക്ക് പ്രോത്സാഹനം നൽകുക.

വിദ്യാഭ്യാസം

വയനാടിന്റെ വിദ്യാഭ്യാസ ചരിത്രം ഇരുളടഞ്ഞതാണ്. കുടിയേറ്റത്തിനു 300 കൊല്ലത്തെ പഴക്കം അവകാശപ്പെടാമെങ്കിലും വിജ്ഞാനമേഖലയിലെ കേന്ദ്രീകൃത ശ്രമങ്ങൾക്ക് ഈ പഞ്ചായത്തിൽ 100 കൊല്ലത്തിലധികം പഴക്കമില്ല. പഴശ്ശി പടയോട്ടങ്ങളുടെ കാലഘട്ടം നമ്മുടെ ചരിത്രത്തിലെ ധീരതയുടെയും ദേശാഭിമാനത്തിന്റെയും ചോര തുടിക്കുന്ന അധ്യായങ്ങളാണ് രചിച്ചത്.

മധ്യവർഗ്ഗം ദേശീയ ബോധത്തിന്റെ അലകളുമായി മുന്നോട്ടു വന്നത് നവോത്ഥാനത്തിന് നാന്ദി കുറിച്ചു. പുരോഗമനേച്ഛുക്കളായ വ്യക്തികൾ സമൂഹത്തിനു വേണ്ട എന്തെങ്കിലും പ്രവർത്തിക്കണമെന്ന അഭിവാഞ്ഛയോടെ രംഗത്തു വന്നു. അങ്ങനെ സംസ്കാരികോത്തേജനം ലഭിച്ച കൂട്ടർ വീടുകൾ ചേർന്നോ, സൗകര്യപ്രദമായ കെട്ടിടങ്ങളിലോ ഏകാദ്ധ്യാപക സ്ക്കൂളുകൾ ആരംഭിച്ചു. നമ്മുടെ പഞ്ചായത്തിലെ ആദ്യ കാല വിദ്യാലയങ്ങൾ എല്ലാ വിധത്തിലും അനുബന്ധ സ്ഥാപനങ്ങളായിരുന്നു. അവയിൽ ചിലതൊക്കെ പിന്നീട് സർക്കാർ ഏറ്റെടുക്കുകയോ, സ്ഥാപകൻമാർ സ്വമനസ്സാലെ വിട്ടുകൊടുക്കുകയോ ചെയ്തിട്ടുണ്ട്. കെല്ലൂർ, തരുവണ, വെള്ളമുണ്ട, കരിങ്ങാരി, കണ്ടത്തുവയൽ, വരാമ്പറ്റ എന്നിവിടങ്ങളിലാണ് ആദ്യകാല വിദ്യാലയങ്ങൾ സ്ഥാപിതമായത്. 1884ൽ കെല്ലൂരിലും 1904ൽ തരുവണയിലും ഏതാണ്ടതേ കാലയളവിൽ വാരാമ്പറ്റയിലും 1920ൽ വെള്ളമുണ്ട (പഴഞ്ചന)യിലും 1925ൽ കരിങ്ങാരിയിലും കണ്ടത്തുവയലിലും എൽ.പി. സ്ക്കൂളുകൾ ആരംഭിച്ചതായി കാണുന്നു. കോഴിപ്പുറത്തു മാധവമേനോൻ വിദ്യാഭ്യാസ മന്ത്രിയായിരിക്കെ ഗവൺമെൻറിലേക്ക് വിട്ടുകൊടുത്ത സ്ക്കൂളാണ് കരിങ്ങാരി. കേളപ്പജി മലബാർ ഡിസ്ട്രിക്ട് ബോർഡ് പ്രസിഡണ്ടായിരുന്ന കാലത്ത് ബോർഡിന്റെ കീഴിലുള്ള വെള്ളമുണ്ട പഞ്ചായത്തിലെ സ്ക്കൂളുകളിൽ 1920 കളിൽ സന്ദർശനം നടത്തി വിദ്യാഭ്യാസ പുരോഗതിക്ക് യത്നിച്ചതായി രേഖകൾ ഉണ്ട്.

12 വാർഡുകളിലായി 17 വിദ്യാലയങ്ങളാണ് ഇന്ന് ഈ പഞ്ചായത്തിൽ ഉള്ളത്. ഇതിൽ 12 എണ്ണം ഗവൺമെൻറ് മേഖലയിലും 4 എണ്ണം എയിഡഡ് മേഖലയിലുമാണ്. പുളിഞ്ഞാൽ ക്രിസ്തു രാജ എൽ.പി. സ്ക്കൂളാണ് പഞ്ചായത്തിലെ ഏക അൺഎയിഡഡ് (അംഗീകാരമില്ലാത്തത്) വിദ്യാലയം. പഞ്ചായത്തിലെ അധ്യാപകരുടേയും വിദ്യാർത്ഥികളുടെയും വിവരം കാണാം.

9 എൽ.പി. സ്ക്കൂളുകളിൽ 2 എണ്ണം എയിഡഡ് മേഖലയിൽ ആണ്. ചെറുകര, കോക്കട് എന്നീ വിദ്യാലയങ്ങളിൽ അഞ്ചാംതരം വരെയുണ്ട്. ഇവയുടെ ആകെ സാഹചര്യം തൃപ്തികരമല്ല. ആദിവാസി കുട്ടികൾ മാത്രമുള്ള മംഗലശ്ശേരി സ്ക്കൂളിൽ കുട്ടികൾ പഠിക്കാൻ വരാത്തതുകൊണ്ട് നിലനിൽപ് അപകടമേഖലയിൽ ആണ്. പരമ്പരാഗത കലകളും കൈത്തൊഴിലുകളും കണ്ടെത്തി വികസിപ്പിച്ചെടുക്കുന്നതിനു വേണ്ടിയുള്ള സ്ഥാപനങ്ങൾ തുടങ്ങേണ്ടതാണ്. പുലിക്കാട്, നെല്ലേരികുന്നം, കാരക്കാമല എന്നീ പ്രദേശങ്ങളിൽ പുതിയ എൽ.പി. സ്ക്കൂളുകൾ വേണം എന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ട്.

മിഡിൽ സ്ക്കൂളുകൾ

വെള്ളമുണ്ട എട്ടേ നാലിലാണ് ആദ്യത്തെ യു.പി. സ്ക്കൂൾ സ്ഥാപിച്ചത്.1928ൽ ശ്രീ.പി.കെ. നാരായണൻ നായരാണ് സ്ഥാപക ഹെഡ്മാസ്റ്റർ. 1248 വിദ്യാർഥികൾ പഠിക്കുന്ന ഏറ്റവും വലിയ വിദ്യാലയമാണിത്.

പട്ടിക.1

നമ്പർ	സ്ക്കൂളിന്റെ പേര്	ഉടമസ് ഥത		വിദ്യാർത് ഥികൾ			അധ്യാപകർ		
		Mgt.	Govt.	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1.	ഗവ. എൽ.പി. സ്ക്കൂൾ, കണ്ടത്തുവയൽ		✓	121	106	227	1	5	6
2.	ഗവ. എൽ.പി. സ്ക്കൂൾ, മംഗലശ്ശേരിമല		✓	19	18	37	1	1	2
3.	ഗവ. എൽ.പി. സ്ക്കൂൾ, പുളിഞ്ഞാൽ		✓	77	70	147	3	3	6
4.	ഗവ. എൽ.പി. സ്ക്കൂൾ, മൊതക്കര		✓	65	47	112	1	1	2
5.	ഗവ. എൽ.പി. സ്ക്കൂൾ, പാലയാണ		✓	73	72	145	1	4	5
6.	ഗവ. എൽ.പി. സ്ക്കൂൾ, കെല്ലൂർ		✓	201	163	364	6	5	11
7.	ഗവ. യു.പി. സ്ക്കൂൾ,വെള്ളമുണ്ട		✓	460	371	831	14	8	22
8.	,, വാരാമ്പറ്റ		✓	231	308	599	9	65	15
9.	,, തരുവണ		✓	433	469	902	9	14	23
10.	,, കരിങ്ങാരി		✓	205	207	412	10	4	14
11.	,, നല്ലൂർനാട്		✓	235	197	432	2	7	9
12.	എ.എൽ.പി.സ്ക്കൂൾ, ചെറുകര	✓		138	137	275	8	2	10
13.	എ.എൽ.പി. സ്ക്കൂൾ, കോക്കടവ്	✓		155	161	316	4	4	8
14.	എ.യു.പി. സ്ക്കൂൾ,വെള്ളമുണ്ട	✓		629	619	1248	17	16	33
15.	എസ്.എസ്.യു.പി. സ്ക്കൂൾ, കൊമ്മയാട്	✓		190	230	420	3	6	9
16.	ഗവ. മോഡൽ ഹൈസ്ക്കൂൾ, വെള്ളമുണ്ട		✓	604	677	1281	28	18	46

വയനാട്ടിലെ ആദ്യത്തെ അധ്യാപികയായ കെ.എൻ. രുഗ്മണിയമ്മ ഈ വിദ്യാലയത്തിന്റെ സംഭാവനയാണ്.

മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ ആയിരുന്നു അന്ന് വയനാട്. താലൂക്ക് ബോർഡധികാരികൾ വിദ്യാലയങ്ങളിൽ കാര്യക്ഷമമായി സൂപ്പർവിഷനും മറ്റും നടത്തിയിരുന്നു. ഇന്ന് ഇൻസ്പെക്ടർ നടത്തുന്നത് ഒരു ചടങ്ങ് മാത്രമായി അധഃപതിച്ചിരിക്കുകയാണെന്ന് പഴമക്കാർ പരാതിപ്പെടുന്നുണ്ട്.

ഹൈസ്ക്കൂൾ

ഇവിടെ ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനുള്ള ഏക ആശ്രയം വെള്ളമുണ്ട ഗവ. മോഡൽ ഹൈസ്ക്കൂളാണ്.1957 ലാണീ സ്ക്കൂൾ ആരംഭിച്ചത്. പ്രഥമാദ്ധ്യാപകനായിരുന്ന ശ്രീ. പി.എ. പരമേശ്വരയ്യർ 1980-ൽ സർവ്വീസിൽ നിന്ന് വിരമിക്കുന്നതുവരെ ദീർഘകാലം ഇവിടെ സേവനം അനുഷ്ഠിച്ചു.

14 കുട്ടികൾ എസ്.എസ്.എൽ.സി. പരീക്ഷക്കിരുന്ന ആദ്യബാച്ചിൽ 2 ഫസ്റ്റ് ക്ലാസ്സുകൾ ഉൾപ്പെടെ 12 പേർ വിജയിച്ചു (86%). അതിൽ 12 പേരും സർക്കാർ സർവ്വീസിൽ സേവനം അനുഷ്ഠിച്ചവരാണ്. മഞ്ചേരി എൻ. എസ്.എസ്. കോളേജ് മലയാളം പ്രഫസർ കാവര നാരായണൻ ബി.ഡി.ഒ. ആയി വിരമിക്കുകയും ഇപ്പോൾ ജനകീയാസൂത്രണ പരിപാടിയുടെ വെള്ളമുണ്ട പഞ്ചായത്തിലെ കൺവീനറായി സേവനം അനുഷ്ഠിച്ചു വരുന്ന ശ്രീ മംഗലശ്ശേരി നാരായണൻ എന്നിവരും ആദ്യബാച്ചിലെ വിദ്യാർത്ഥികളായിരുന്നു.

ഹൈസ്ക്കൂളിന്റെ ഭൗതിക സാഹചര്യം തീരെ അപര്യാപ്തം എന്നു പറഞ്ഞുകൂടാ. എന്നാൽ വിജയശതമാനം വളരെ കുറവാണ്. അശാസ്ത്രീയമായ പ്രമോഷൻ സംവിധാനം, കുട്ടികളുടെ നിലവാരമില്ലായ്മ, രക്ഷിതാക്കളുടെ താൽപര്യകുറവ്, അധ്യാപകരുടെ താൽപര്യ കുറവ് എന്നിവയാണ് തൃപ്തികരമായ വിജയശതമാനം

നേടുന്നതിന് തടസ്സമായിട്ടുള്ളത്. മേൽകാരണങ്ങൾക്കൊണ്ട് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിക്കുന്നതിനുവേണ്ടി കുട്ടികൾ മറ്റു പഞ്ചായത്തുകളിലേക്ക് പോകുന്ന പ്രവണതയും നിലനിൽക്കുന്നു.

പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാഭ്യാസം

കേരളത്തിലെ ആഫ്രിക്ക എന്നറിയപ്പെടുന്ന വയനാട്ടിലെ തനതു സംസ്കാരം ആദിവാസികളുടേതാണ്. ക്ഷത്രിയ വീര്യമുള്ള കുറിച്യരും കാട്ടിനുള്ളിലേക്ക് കൂടുതൽ കൂടുതൽ ഉൾവലിഞ്ഞ മറ്റു ആദിവാസി വിഭാഗങ്ങളും തങ്ങളുടെ സവിശേഷ വൈവിദ്ധ്യം കാത്തു സൂക്ഷിക്കാനാവാതെ, അജ്ഞാതർ നയിക്കുന്ന ചെമ്മരിയാടുകളായി മാറിയിരിക്കുകയാണ്. വയനാടിന്റെ ആകാശത്തിലെ പറവകളായിരുന്ന ഈ പറവകൾക്ക് ചരിത്രവും ഭൂമിശാസ്ത്രവും നഷ്ടപ്പെട്ട ഒരവസ്ഥ!

പഞ്ചായത്തിലെ ആകെ ജനസംഖ്യ (30498)യിൽ 19% പട്ടികജാതി പട്ടിക വർഗക്കാരാണ്. ഇതിൽ 4767 പട്ടിക വർഗ്ഗക്കാരും 545 പട്ടിക ജാതിക്കാരുമാണ്. ആകെ എസ്.സി. / എസ്.റ്റി. കുട്ടികൾ 1122. ആകെ കുട്ടികളുടെ (7738) 14.5% മാത്രമാണിത്. ഇവരാണ് വിദ്യാഭ്യാസത്തിൽ ഏറ്റവും പിന്നിൽ നിൽക്കുന്നത്.

ജനകീയാസൂത്രണത്തിന്റെ അടിസ്ഥാനവികസനത്തിന്റെ ഗുണം അവസാനത്തവന് ലഭിക്കുകയെന്നതാണ് ഇവിടെ അവസാനത്തവർ പണിയരും മറ്റുള്ള ആദിവാസി സമൂഹവുമാണ്. അവരുടെ പുരോഗതിക്ക് ഇന്നത്തെ വിദ്യാഭ്യാസപ്രദായം തീരെ യോജിച്ചതല്ല. അത് അടിമുടി പരിഷ്കരിക്കച്ച് നടപ്പിലാക്കേണ്ടതുണ്ട്. ആ പ്രക്രിയയിൽ ആദിവാസികൾക്കും പങ്കുണ്ടായിരിക്കണം.

ശിശു വിദ്യാഭ്യാസത്തിനുള്ള പ്രി. പ്രൈമറി വിദ്യാലയങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല. 24 അംഗൻ വാടികളും ഒരു ബാലവാടിയും ഉണ്ട്. ടാഗോർ ഗ്രന്ഥാലയത്തി (കൊമ്മയാട്)ലാണ് ബാലവാടി പ്രവർത്തിക്കുന്നത്. ഇന്ത്യാഗവൺമെൻറിന്റെ ഫണ്ടുപയോഗിച്ച് പ്രവർത്തിക്കുന്ന ചൈൽഡ് വെൽഫയർ ബോർഡാണ് ഇതിനു ഫണ്ട് അനുവദിക്കുന്നത്. ഈ രംഗത്തെ പ്രവർത്തനം കാര്യക്ഷമമല്ല.

പാരലൽ കോളേജ്

8/4ൽ പഴശ്ശിരാജ കോളേജ് പത്താം മൈലിൽ ഇർഷിദായാ കോളേജ് എന്നിവ സേവനം നടത്തിവരുന്നു.

ഗ്രന്ഥശാലകൾ

ഏഴു ഗ്രന്ഥാലയങ്ങളും പത്തു വായനശാലകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. റിസൈസൻസ് ലൈബ്രറി ചെറുകര എ ക്ലാസ്സ് ഗ്രന്ഥാലയമാണ്. ഇതിന്റെ പ്രവർത്തനം പഞ്ചായത്തിനാകെ മാതൃകയാണ്. എല്ലാ അംഗീകൃത ഗ്രന്ഥാലയങ്ങൾക്കും പഞ്ചായത്തിൽ നിന്നും രണ്ടു ദിനപത്രങ്ങൾ വീതം നൽകുന്നുണ്ട്.

അനൗപചാരിക വിദ്യാഭ്യാസം

വിവിധ ഏജൻസികൾ മുഖേന അനൗപചാരിക വിദ്യാഭ്യാസപ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഇക്കാര്യത്തിൽ ഗ്രന്ഥാലയങ്ങളാണ് മുന്നിലുള്ളത്. 1990ലെ സമ്പൂർണ്ണ സാക്ഷരതായജ്ഞം വിജയകരമായി നടത്തിയിട്ടുണ്ട്. 50.5% സാക്ഷരത 89.5% ആയി ഉയർത്താൻ കഴിഞ്ഞു.

ജനവിദ്യാകേന്ദ്രങ്ങളും ജനശിക്ഷണ നിലയങ്ങളും

വാരാമ്പറ്റ, കരിങ്ങാരി എന്നിവിടങ്ങളിൽ ഓരോ ജനശിക്ഷണ നിലയങ്ങളും വെള്ളമുണ്ട, ചെറുകര, കൊമ്മയാട് എന്നിവിടങ്ങളിലായി മൂന്നു ജനവിദ്യാകേന്ദ്രങ്ങളും ഉണ്ട്. കൂടാതെ ഈ പഞ്ചായത്തിൽ 16 ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബുകളുമുണ്ട്.

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ

വെള്ളമുണ്ട ഗവ. മോഡൽ ഹൈസ്ക്കൂളിൽ കമ്പ്യൂട്ടർ കോഴ്സ് ആരംഭിച്ചിട്ടുണ്ട്. 8/4ൽ ഒരു സ്വകാര്യ ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് ഉണ്ട്. എന്നാൽ ഇവിടെ ഷോർട്ട് ഹാൻറ് പഠന സൗകര്യമില്ല.

കോളേജ് വിദ്യാഭ്യാസത്തിന് സൗകര്യങ്ങൾ ഈ പഞ്ചായത്തിലില്ല 10 മൈൽ അകലെ മാനന്തവാടിയിലെ ഈ സൗകര്യം ലഭ്യമാകൂ. സാങ്കേതിക, കലാ-കായിക പരിശീലനത്തിനുള്ള സൗകര്യങ്ങളില്ല. ഇസ്ലാമിക മതപഠനത്തിനുള്ള മദ്രസ്സകൾ എല്ലാ പ്രദേശത്തും ഉണ്ട്.

വയനാട്ടിലെ ശരാശരി വിദ്യാഭ്യാസ നിലവാരത്തിലും ഉയർന്നതാണ് പഞ്ചായത്ത് നിലവാരം. ആദിവാസികൾ വളരെ പിന്നോക്കമാണ്. മുസ്ലീം സമുദായവും വിദ്യാഭ്യാസ രംഗത്ത് പിന്നോക്കം തന്നെയാണ്.

വിദ്യാഭ്യാസ പ്രശ്നങ്ങൾ

നമ്മുടെ മുഴുവൻ കുടുംബങ്ങളിലുമായി ബന്ധപ്പെടുന്നതാണ് വിദ്യാഭ്യാസം. രക്ഷിതാക്കളുടെ വരുമാനത്തിന്റെ നല്ലൊരു ഭാഗവും കുട്ടികളുടെ വിദ്യാഭ്യാസത്തിനു ചെലവാകുന്നു. ഒരു പ്രൈമറി വിദ്യാർഥിക്ക് 1579 രൂപയും ഒരു ഹൈസ്ക്കൂൾ വിദ്യാർഥിക്ക് 2683 രൂപയും ഗവൺമെൻറ് ചെലവാക്കുന്നുണ്ട്. എന്നിട്ടും ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം തൃപ്തികരമായി വളരുന്നില്ല. 30% മാർക്കു പോലും നേടുവാൻ കഴിയാത്തവരാണ് ഭൂരിപക്ഷവും.

ഭൗതിക സാഹചര്യങ്ങളുടെ കുറവ്, സാമൂഹ്യപിന്നോക്കാവസ്ഥ, അനാകർഷമായ അധ്യാപനം, പാഠപുസ്തകങ്ങളുടെ വലുപ്പം, അധികൃതരുടെ അവഗണന എന്നിവയും പ്രവൃത്തിദിനമുഖ വിദ്യാഭ്യാസ പരിപാടി പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ഇനി സമഗ്രമായി നടപ്പിലാക്കിയില്ലെങ്കിൽ നമ്മുടെ സമൂഹം ഒരു വൻ പൊട്ടിത്തെറിയിലേക്ക് നീങ്ങുമെന്ന കാര്യത്തിൽ തർക്കമുണ്ടാകുമെന്നു തോന്നുന്നില്ല. കൊഴിഞ്ഞുപോക്കും നിലവാരത്തകർച്ചയുമാണ് പ്രധാന വെല്ലുവിളികൾ.

തരുവണ ഗവ.യു.പി. സ്ക്കൂളിനു വേണ്ടത്ര സ്ഥല സൗകര്യങ്ങളില്ല. ഇപ്പോൾ ശ്രീ. കെ.കെ. കുഞ്ഞബ്ദുള്ള ഹാജി സംഭാവന ചെയ്ത പത്തുസെൻറ് സ്ഥലമടക്കം 32.50 സെൻറ് സ്ഥലമാണുള്ളത്. ഇവിടെയുള്ള കാർട്ടേഴ്സ് പുതുക്കിപണിയണം. 902 വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു.

കരിങ്ങാരി ഗവൺമെൻറ് യു.പി. സ്ക്കൂൾ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി സ്ഥലമുണ്ട്. പഞ്ചായത്തനുവദിച്ച രണ്ടു ക്ലാസ്സു മുറികൾ ഉണ്ട്. വാരാമ്പറ്റ യു.പി.സ്ക്കൂൾ വാടകകെട്ടിത്തിലാണ് പ്രവർത്തിക്കുന്നത്. ഉച്ചക്കഞ്ഞി നിലച്ചുപോകുന്ന സ്ഥിതിയുമുണ്ട്. ആവശ്യമായ തുക ലഭിക്കുന്നില്ല. വിറക്, പാചകകൂലി എന്നിവയുടെ ചെലവ് ഹെഡ്മാസ്റ്ററാണ് വഹിക്കുന്നത്. സ്ക്കൂളുകളിൽ പാചകമുറി, സ്റ്റാഫ് റൂം ലൈബ്രറി സൗകര്യങ്ങളില്ല. കളിസ്ഥലം പരിമിതമാണ്. പ്രൈമറി - പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനും സൗകര്യമില്ല. ഈ രംഗത്ത് സ്വകാര്യ ശിക്ഷണം ലഭിച്ച കുട്ടികൾ മാത്രമാണ് പ്രൈമറി രംഗത്ത് മുന്നിലെത്തുന്നത്. നിലവാരത്തകർച്ചയുടെ തുടക്കം ഇവിടെയാണ് തുടങ്ങുന്നത്.

അംഗൻവാടികളുടെ പ്രവർത്തനവും ആശാവഹമല്ല. കെട്ടിടം, കളി സാമഗ്രികൾ തുടങ്ങിയുള്ള ഔതിക സാഹചര്യങ്ങളുടെ അഭാവം മൂലം ജീവനക്കാർ അതൃപ്തരാണ്. ഏറ്റവും അടിയിലുള്ളവരാണ് ഏറ്റവും അധികം അവഗണിക്കപ്പെടുന്നത്. ഉന്നത വിദ്യാഭ്യാസത്തെ വാനോളം പുകഴ്ത്തുകയും പ്രൈമറി വിദ്യാഭ്യാസത്തെ ചിവിട്ടി താഴ്ത്തുകയും ചെയ്യുന്ന ഇന്നത്തെ സമ്പ്രദായം അടിമുടി ഉടച്ചുവാർക്കണം.

അധ്യാപക രക്ഷാകർതൃസമിതിയും മാതൃസംഗമങ്ങളും ഇപ്പോൾ ശക്തിപ്പെട്ടുവരുന്നു എന്നത് ആശയ്ക്ക് വക നൽകുന്നു. രക്ഷിതാക്കളുടെ സഹകരണം ലഭിക്കുന്ന സ്ക്കൂളുകൾ അഭിവൃദ്ധിപ്പെടുന്നുണ്ട്. എന്നാൽ പി.ടി.എ. യോഗങ്ങൾ വിളിച്ചു ചേർക്കുന്നില്ലെന്ന പരാതിയുണ്ട്.

ആദിവാസി കലകളും കൈത്തൊഴിലുകളും അഭിവൃദ്ധിപ്പെടുത്തികൊണ്ടുള്ള സാക്ഷരതാ തുടർവിദ്യാഭ്യാസ പദ്ധതികൾ ആവിഷ്കരിക്കണം. ആദിവാസി കുട്ടികളുടെ വിദ്യാഭ്യാസം ഉയർത്തുന്നതിനും കായികാദ്ധ്വാനം ഉപയോഗിച്ചുള്ള പ്രവർത്തികളോടുള്ള മനോഭാവത്തിൽ മാറ്റം വരുത്തുന്നതിനും വിദ്യാഭ്യാസരംഗം ഉടച്ചു വാർക്കേണ്ടതായിട്ടുണ്ട്.

പരിഹാരങ്ങൾ

1. നിലവിലുള്ള വിദ്യാലയങ്ങൾ മുൻഗണനാ ക്രമത്തിൽ അപ്ഗ്രേഡ് ചെയ്യുക (അഞ്ചാം സ്റ്റാൻഡേർഡുകൾ ഉള്ള എൽ.പി. സ്ക്കൂളുകൾ യു.പി. സ്ക്കൂളുകളായി ഉയർത്തുക).

2. ആദിവാസികുട്ടികൾ മാത്രം പഠിക്കുന്ന മംഗലശ്ശേരി എൽ.പി. സ്ക്കൂൾ റെസിഡൻഷ്യൽ സ്ക്കൂളാക്കുക. ആദിവാസികൾ അധികമുള്ള ചെറുകര, കള്ളംവെട്ടിയിലും വാളാരം കുന്നിലും പുതിയ റെസിഡൻഷ്യൽ സ്ക്കൂൾ ആരംഭിക്കുക. പിന്നോക്ക സമുദായക്കാരും മുസ്ലീങ്ങളും കൂടുതലായുള്ള പരിയാരംമുക്കിൽ ഒരു എൽ.പി. സ്ക്കൂൾ ആരംഭിക്കുക.

3. വെള്ളമുണ്ട ഗവ. മോഡൽ ഹൈസ്ക്കൂൾ സയൻസ് ഗ്രൂപ്പുള്ള പ്ലസ് ടു അനുവദിക്കുകയും പ്രിഡിഗ്രി കോഴ്സ് തുടങ്ങുകയും ചെയ്യുക.

4. താൽക്കാലിക നിയമാധികാരം പഞ്ചായത്തു തല കമ്മറ്റിയെ ഏൽപ്പിക്കുക.

5. യു.പി. സ്ക്കൂളുകളിൽ ക്ലാർക്ക് തസ്തിക അനുവദിക്കുക.

6. എല്ലാ പ്രൈമറി വിദ്യാലയങ്ങളിലും പി.ടി., ക്രാഫ്റ്റ്, മ്യൂസിക്ക്, ഡ്രോയിങ്ങ് എന്നിവയ്ക്കുള്ള അധ്യാപകരെ നിയമിക്കുക.

7. പുലിക്കാട്, നെല്ലേരിക്കുന്ന്, കാരക്കാമല എന്നിവിടങ്ങളിൽ പുതിയ സ്ക്കൂളിൽ അനുവദിക്കുക.

8. പുളിഞ്ഞാൽ, പുലിക്കാട്, കോക്കടവ്, കെല്ലൂർ എന്നീ വാർഡുകളിൽ അംഗൻവാടികൾ സ്ഥാപിക്കുക. അംഗൻവാടി ജീവനക്കാർക്ക് ശമ്പള സ്കെയിൽ അനുവദിക്കുക.

9. പഞ്ചായത്തിൽ ഒരു കലാ കായിക പരിശീലന കേന്ദ്രം അനുവദിക്കുക.

10. പരമ്പരാഗത കൈത്തൊഴിൽ കേന്ദ്രങ്ങളും വിപണന സാധ്യതകളും മെച്ചപ്പെടുത്തുക.

11. എസ്.സി. / എസ്. എസ്.ടി. കുട്ടികൾക്കുള്ള ഗ്രാൻറ് വർധിപ്പിച്ച് പുസ്തകം, വസ്ത്രം, കുട എന്നിവ നൽകുക.

12. ഗ്രന്ഥാലശാലകളുടെ നിലവാരവും പ്രവർത്തനവും വർധിപ്പിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക.

13. ഹൈസ്ക്കൂൾ കേന്ദ്രമാക്കി സ്ക്കൂൾ കോംപ്ലക്സിനെറ പ്രവർത്തനം പുനരാരംഭിക്കുക.

മറ്റു നിർദ്ദേശങ്ങൾ

ജനകീയ പങ്കാളിത്തത്തോടെ വിദ്യാഭ്യാസ വികസനം യാഥാർത്ഥ്യമാക്കാൻ ഉപകരിക്കുന്ന മറ്റു ചില നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. അധ്യാപക പരിശീലനം പഞ്ചായത്തു തലത്തിലാക്കുക.

2. ക്ലാസ്സ് പി.ടി.എ.കൾ രൂപീകരിക്കുക.

3. ഒഴിവുകൾ അധ്യാപനാരംഭത്തിൽ തന്നെ നികത്തുക.

4. പാഠപുസ്തകങ്ങൾ സ്ക്കൂൾ തുറക്കുന്നതിനു മുമ്പു തന്നെ എത്തിക്കുക.

5. പരിശോധനയിൽ കർശനമാക്കുക. കുറവുകൾ സ്വയം പരിഹരിക്കുക.

6. അധ്യാപകർ സമയനിഷ്ഠ പാലിക്കുക, ഡ്യൂട്ടീ

സമയം പൂർണ്ണമായും അധ്യാപനത്തിനായി ചെലവഴിക്കുക.

7. കൊഴിഞ്ഞു പോക്കു തടയുന്നതിന് പ്രത്യേകം ശ്രദ്ധിക്കുക.

8. മികച്ച പ്രതിഭകൾക്ക് അവാർഡ് ഏർപ്പെടുത്തുക.

9. കലാ-കായികാമേളകൾ പഞ്ചായത്ത് തലത്തിൽ നടത്തുക.

10. സ്വകാര്യ സ്ക്കൂൾ അധ്യാപിക നിയമനം പി. എസ്.സി.ക്കു വിടുക.

11. പ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കുക.

പൊതു വിവരം

മഹാശിലായുഗ സംസ്കാരത്തിന്റെ സ്മാരകമായ എടക്കൽ ഗുഹയും മറ്റ ചരിത്ര സ്രോതസ്സുകളും സുലഭമായ വയനാട് ചരിത്രപരമായി അവഗണിക്കപ്പെട്ടു. ഇരു യുഗത്തിൽ കലപ്പയുടെ കണ്ടുപിടിത്തത്തോടെ ഉയർന്ന പ്രദേശങ്ങൾ ഒഴിവാക്കി വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ ശ്രദ്ധേയമായി തീർന്ന കാലത്ത് വയലുകൾ ഉണ്ടാക്കിത്തീർത്ത് അങ്ങനെ രൂപം പൂണ്ട വയൽ നാടാണ് പിന്നീട് വയനാടായി മാറിയത്. കൊഴുവിന്റെ ഉപയോഗം തൊട്ട് കാർഷിക ഗ്രാമങ്ങൾ ഉദയം ചെയ്തു. ഈ പഞ്ചായത്തിലെ കണ്ടത്തുവയലും അങ്ങനെ അഭിവൃദ്ധി പ്രാപിച്ചതാണ്.

ക്ഷേത്ര സംസ്കൃതിയിലും വയനാടിന് സ്ഥാനമുണ്ട്. മഴുവന്നൂർ ക്ഷേത്രത്തിൽ പർശുരാമനുമായി ബന്ധമുണ്ടെന്ന ഐതീഹ്യം അതിന്റെ പഴക്കത്തെ സൂചിപ്പിക്കുന്നു.ഉണ്ണിയച്ചി ചരിതത്തിൽ പരാമർശിക്കുന്ന തിരുമണ്ണൂർ അങ്ങാടി ഇന്നത്തെ തിരുനെല്ലിയാണ്. തിരുനെല്ലി ക്ഷേത്രത്തിലെ ചെമ്പു പട്ടയമാണ് അദ്യത്തെ ലിഖിത രൂപം. പുല്പള്ളി പട്ടണത്തിൽ കാണുന്ന നഗരക്കാർ എന്ന പദം കാർഷികഘടനയിൽ നിന്നും വ്യത്യസ്തമായ ജനവാസകേന്ദ്രം ഇവിടെയുണ്ടായിരുന്ന എന്നതിന് തെളിവാണ്.

കൈത്തൊഴിൽ കൂട്ടായ്മയുടെ ഭാഗമായി കാർഷിക ഗ്രാമങ്ങൾ വികസിച്ച് കൈമാറ്റങ്ങളായി മാറിയതാകും. പിൽകാലത്ത് വിവിധ സംസ്കാരങ്ങൾ ഇവിടെ കൂടികലരുകയുണ്ടായി. ഒരു കാലത്ത് കുറമ്പ്രനാട് - കോട്ടയം പ്രദേശങ്ങളുടെ അടുക്കള പ്രദേശമായിരുന്ന വയനാട് പിൽക്കാലത്ത് എല്ലാ പുറം നാടുകളുടേയും അടുക്കളത്തോട്ടമായി മാറുകയായിരുന്നു. കോട്ടയത്തു നിന്ന് 35 നായർ പ്രഭുകുടുംബങ്ങളെ, വയനാട്ടിൽ കുടിയിരുത്തിയതോടുകൂടിയാണ് വയനാടിന്റെ പുതിയ ചരിത്രം ആരംഭിക്കുന്നത്.

സാമ്രാജ്യത്വത്തിനെതിരായ സമരം വയനാട്ടിൽ ശക്തമായിരുന്നു. പഴശ്ശി സമരം ഒരു തുടർച്ചയാണ്. കലാപകാരികളുടെ ഭൂമി ബ്രിട്ടീഷുകാർ പിടിച്ചെടുത്തു സർക്കാർ ജന്മമാക്കി. ശേഷിച്ചവരിൽ നികുതി പിരിക്കാനുള്ള അവകാശത്തോടെ പ്രാദേശിക പ്രമാണിമാർക്ക് വിട്ടുകൊടുത്തു.

പഠനം നിർത്തിയവരുടെ കണക്ക്

SC/ST			മറ്റുള്ളവർ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
43	48	91	93	67	160

സ്ക്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

ആകെ അധ്യാപപകർ പഞ്ചായത്തിൽ ക (തസ്തികകൾ)	229
വിദ്യാലയങ്ങളിലെ അധ്യാപകരുടെ എണ്ണം	227
ഗവ. അധ്യാപകരുടെ എണ്ണം	7738
ഗവ. സ്ക്കൂളിലെ വിദ്യാർഥികളുടെ എണ്ണം	5479

എൽ.പി., യു.പി. ഹൈസ്ക്കൂൾ വിദ്യാർത്ഥികളുടെ വിവരം

ആകെ വിദ്യാർത്ഥികൾ	എൽ.പി.			യു.പി.			എച്ച്.എസ്.		
	ആൺ	പെൺ	%	ആൺ	പെൺ	%	ആൺ	പെൺ	%
7738	2057	1887	47.84	1225	1288	51.25	604	677	52.84
							ആകെ 49.78%		

പട്ടിക ജാതി / പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

	എൽ.പി.			യു.ഇപി.			എച്ച്.എസ്.		
ആകെ	SC/ST	%	ആകെ	SC/ST	%	ആകെ	SC/ST	%	ആകെ
3944	640	16.22	2513	342	13.6	1281	140	10.92	1122

വിദ്യാർത്ഥികൾ അധ്യാപകർ

നമ്പർ	സ്ക്കൂൾ	മാനേജ്മെൻറ്	വിദ്യാർത്ഥികൾ			അധ്യാപകർ		
		ഗവ.	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1.	കണ്ടത്തുവയൽ GLPS	ഗവ.	121	106	227	5	1	6
2.	മംഗലശ്ശേരി GLPS	,,	19	18	37	1	1	2
3.	പുളിഞ്ഞാൽ GLPS	,,	77	70	147	3	3	6
4.	മൊതക്കര GLPS	,,	65	47	112	-	2	2
5.	പാലിയാണ GLPS	,,	73	72	145	1	4	5
6.	കെല്ലൂർ GLPS	,,	201	163	364	6	5	11
7.	വെള്ളമുണ്ട GLPS	,,	460	371	831	14	8	22
8.	വാരാമ്പറ്റ GUPS	,,	281	308	589	9	6	15
9.	തരുവണ GUPS	,,	433	469	902	9	14	23
10.	കരിങ്ങാരി GUPS	,,	205	207	412	10	4	14
11.	നല്ലൂർനാട് GUPS	,,	235	197	432	2	7	9
12.	വെള്ളമുണ്ട ഗവ. മോഡൽ ഹൈസ്ക്കൂൾ	,,	604	677	1281	28	18	46
13.	ചെറുകര ALPS - (V STD)	എയിഡഡ്	138	137	275	8	2	10
14.	കൊക്കടവിൽ ALPS (V STD)	,,	155	161	316	4	4	8
15.	വെള്ളമുണ്ട AUPS	,,	629	619	1248	17	16	33
16.	കൊമ്മയാട്SSUPS	,,	190	230	420	5	10	15

ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം

ആരോഗ്യം

പഞ്ചായത്തിൽ 2 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളാണുള്ളത്. വെള്ളമുണ്ട പ്രാഥമിക ആരോഗ്യ കേന്ദ്രവും പൊരുന്നന്നൂർ ആരോഗ്യകേന്ദ്രവും. ഇതിൽ പൊരുന്നന്നൂർ ആരോഗ്യകേന്ദ്രം ബ്ലോക്ക് തലത്തിലുള്ളതും വെള്ളമുണ്ടയിലേത് പഞ്ചായത്ത് തലത്തിലുള്ളതുമാണ്. 11,12 വാർഡുകളിലെ ആരോഗ്യപ്രവർത്തനങ്ങൾ പൊരുന്നന്നൂർ പി.എച്ച്.സി.യും ബാക്കി വാർഡുകളിലെ പ്രവർത്തനങ്ങൾ വെള്ളമുണ്ട പി.എച്ച്.സി.യും നടത്തുന്നു. വെള്ളമുണ്ട പി.എച്ച്.സി.യുടെ കീഴിൽ 5 ഉപകേന്ദ്രങ്ങളും പൊരുന്നന്നൂർ പി.എച്ച്.സി.യുടെ കീഴിൽ 1 ഉപകേന്ദ്രവുമടക്കം പഞ്ചായത്തിലാകെ 6 ഉപകേന്ദ്രങ്ങളുണ്ട്.

നമ്പർ	സബ്സെന്റർ	വാർഡ്
1.	ഐ.പി.പി. സബ്സെന്റർ പുളിഞ്ഞാൽ	III
2.	എഫ് . ഡബ്ല്യു.സെന്റർ വാരാമ്പറ്റ	IV
3.	ഐ.പി.പി. സബ് സെന്റർ ചെറുകര	VI
4.	എഫ് .ഡബ്ല്യു സെന്റർ കോക്കടവ്	VIII
5.	ഐ.പി.പി. സബ്സെന്റർ പാലയാണ	X
6.	കാരക്കാമല സബ്സെന്റർ	XI

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സെക്ഷനുഖൾ തരുവണ, വാരാമ്പറ്റ, കണ്ടത്തുവയൽ, ചെറുകര എന്നിവയാണ്.

സ്വകാര്യ ആരോഗ്യസ്ഥാപനങ്ങൾ

പഞ്ചായത്തിൽ അലോപതി 2, ആയൂർവേദക്ലിനിക്ക് 2, ആയൂർവേദ വൈദ്യശാല 4, ഹോമിയോക്ലിനിക് 1, ഇംഗ്ലീഷ് മരുന്ന് ഷാപ്പ് 3 എന്നിങ്ങനെ 12 സ്വകാര്യ സ്ഥാപനങ്ങളുണ്ട്. സർക്കാർ മേഖലയിൽ ആയൂർവേദം, ഹോമിയോ ചികിത്സാ സ്ഥാപനങ്ങൾ ഇല്ല.

സേവനങ്ങൾ

രോഗപ്രതിരോധ കുത്തിവെപ്പുകൾ, കുടുംബക്ഷേമ പ്രവർത്തനങ്ങൾ ആരോഗ്യ ബോധവൽക്കരണ പരിപാടികൾ, രോഗചികിത്സ എന്നിവയാണ് രണ്ട് പ്രാഥമിക രോഗ്യകേന്ദ്രങ്ങളുടെയും പ്രധാന ചുമതലകൾ. പൊരുന്നന്നൂർ പി.എച്ച്.സി.യുടെ പ്രവർത്തന പരിധി മാനന്തവാടി ബ്ലോക്ക് ഏരിയ മുഴുവനാകയാൽ 8 മിനി പി.എച്ച്.സി.കളുടെ പ്രവർത്തനങ്ങളേ ഏകോപിപ്പിക്കുക എന്ന ചുമതലകൂടി പൊരുന്നന്നൂർ പി.എച്ച്.സി.യ്ക്ക് നിർവ്വഹിക്കാനുണ്ട്.

രോഗപ്രതിരോധ കുത്തിവെപ്പുകൾ, മാതൃശിശു സംരക്ഷണം, കുടുംബ ക്ഷേമ പ്രവർത്തനങ്ങൾ എന്നിവയാണ് ഉപകേന്ദ്രങ്ങളിൽ കൂടി നിർവ്വഹിക്കപ്പെടുന്നത്. ഔഷധങ്ങൾ, ഉപകരണങ്ങൾ, വാക്സിനുകൾ തുടങ്ങിയ പി.എച്ച്.സി.കളിലൂടെ വിതരണം ചെയ്യുന്നു. മലമ്പ്രദേശങ്ങളിൽ (ട്രൈബൽ ജനസംഖ്യ കൂടുതലുള്ള സ്ഥലങ്ങളിൽ) 2500-3000 ജനസംഖ്യയ്ക്ക് ഒരു ഹെൽത്ത് വർക്കർ എന്നതാണ് ദേശീയ നയം. പ്രസ്തുത കണക്കനുസരിച്ച് വെള്ളമുണ്ട പി.എച്ച്.സി.യുടെ കീഴിൽ 4 സബ്സെന്ററുകൾ കൂടി അനുവദിക്കേണ്ടതുണ്ട്. അതിലേക്കായി 4 ജൂനിയർ പി.എച്ച്. നെഴ്സുമാരുടെയും 4 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും അധിക തസ്തികകൾ അനുവദിച്ചു കിട്ടണം. മാത്രമല്ല ജൂനിയർ

സർക്കാർ സ്ഥാപനങ്ങളിലെ ചികിത്സാ സൗകര്യങ്ങൾ

	ഇനം	പി.എച്ച്.സി പൊരുന്നന്നൂർ	പി.എച്ച്.സി വെള്ളമുണ്ട
1.	കിടക്കകൾ	30	10
2.	ഓപ്പറേഷൻ തീയ്യേറ്റർ	1	1
3.	പ്രസവമുറി	1	1
4.	ലബോറട്ടറി	1	1
5.	ശീതീകരണ ശൃംഖല	1	1
6.	വാഹനം (ജീപ്പ്, ട്രക്കർ)	1	1
7.	കിണർ, പമ്പ്സെറ്റ്	1	1
8.	വൈദ്യുതി	ഉണ്ട്	ഉണ്ട്

ജീവനക്കാർ (അനുവദിക്കപ്പെട്ട തസ്തികകൾ)

1.	മെഡിക്കൽ ഓഫീസർ	4	1
2.	ഹെൽക്ക് സൂപ്രവൈസർ	4	ഇല്ല
3.	ലേഡി ഹെൽത്ത് സൂപ്രവൈസർ	1	ഇല്ല
4.	ഹെൽത്ത് ഇൻസ്പെക്ടർ	1	1
5.	ലേഡി ഹെൽത്ത് ഇൻസ്പെക്ടർ	1	1
6.	ഹെഡ്ക്ലാർക്ക്	1	ഇല്ല
7.	സ്റ്റാഫ് നെഴ്സ്	5	1
8.	ഫാർമസിസ്റ്റ്	1	1
9.	ലാബ് ടെക്നിഷ്യൻ	1	1
10.	ഓഫ്താൽ വിക് അസിസ്റ്റന്റ്	1	1
11.	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്.2	1	1
12.	ജൂനിയർ പബ്ലിക്ക് ഹെൽത്ത് നെഴ്സ്	2	6
13.	എൽ.ഡി.ക്ലാർക്ക്	3	1
14.	ഡ്രൈവർ	1	1
15.	നെഴ്സിങ് അസിസ്റ്റൻറ്	3	1
16.	ഹോസ്പിറ്റൽ അറ്റൻറന്റ്	2	2
17.	പി.റ്റി. സ്വീപ്പർ	1	1

ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് അവരുടെ പ്രവർത്തന മേഖല (സെൻറർ)യിൽ പ്രത്യേകമായി ഓഫീസുകളില്ല. ഔദ്യോഗിക നിർവഹണത്തിനായി അവർക്ക് ഓഫീസ് മുറികൾ അനുവദിക്കേണ്ടത് സാമാന്യനീതി മാത്രമാണ്. പൊതുജനങ്ങൾക്ക് അവരുമായി എളുപ്പത്തിൽ ബന്ധപ്പെടുവാൻ അത് ഏറെ സഹായമാകും.

പി.എച്ച്.സി.കളിൽ ഉച്ചവരെയുള്ള സമയങ്ങളിലാണ് ഔട്ട് പേഷ്യൻറ് വിഭാഗം പ്രവർത്തിക്കുന്നത്. ഇൻപേഷ്യൻറ് വിഭാഗങ്ങളും അടിയന്തിര രോഗചികിത്സയും 24 മണിക്കൂറും പ്രവർത്തിച്ചു വരുന്നു. സാധാരണയായി ഒ.പി.യിൽ എത്താറുള്ള രോഗങ്ങൾ പനി, ചുമ, ചർദ്ദി, വയറുചൊരി, വിരശല്യം, നടുവേദന, സന്ധിവേദനകൾ, കണ്ണ് രോഗങ്ങൾ, പ്രമേഹം, വയറ്റിൽപുണ്ണ്, ഹൃദ്രോഗങ്ങൾ, വൃക്കരോഗങ്ങൾ, രക്തസമ്മർദ്ദം, തുടങ്ങിയവയാണ്. ഈ പ്രദേശത്ത് സാധാരണ കണ്ടുവരാറുള്ള പകർച്ച വ്യാധികൾ വയറിളക്കം, ചൊറി, ക്ഷയരോഗം, ഉദരരോഗങ്ങൾ, മഞ്ഞപ്പിത്തം, ചെങ്കണ്ണ് തുടങ്ങിയവയാണ്.

മലമ്പ്രദേശങ്ങളിലും ഗതാഗത സൗകര്യങ്ങൾ തീരെ കുറവായ സ്ഥലങ്ങളിലും താമസിക്കുന്ന ഗണ്യമായ നിർധന ജനവിഭാഗങ്ങൾക്ക് പ്രത്യേകിച്ച് ആദിവാസികൾക്ക് പലപ്പോഴും രോഗചികിത്സക്കായി പി.എച്ച്.സി.കളിൽ എത്തിപ്പെടാൻ കഴിയാറില്ല. ആദിവാസികൾക്കിടയിൽ കൂടുതലായി കണ്ടു വരുന്ന രോഗങ്ങൾ വിരശല്യം , പോഷകാഹാര കുറവ്, വിളർച്ച, ക്ഷയം, സന്ധിവീക്കം, മൂത്രാശയരോഗങ്ങൾ തുടങ്ങിയവയാണ്.

ആയുർവ്വേദ, ഹോമിയോ ചികിത്സക്കുള്ള സൗകര്യങ്ങൾ ഈ പഞ്ചായത്തിൽ തീരെ ഇല്ല. തീരെ പ്രായമുള്ള ആളുകളിൽ വലിയൊരു വിഭാഗം പാരമ്പര്യവൈദ്യത്തിലും ഒറ്റമൂലി പ്രയോഗങ്ങളിലും തൽപ്പരരാണെങ്കിലും ആ തുറകളിൽ വൈദഗ്ദ്ധ്യം നേടിയ വൈദ്യന്മാരുടെയും അതോടൊപ്പം ഔഷധ സസ്യങ്ങളുടേയും കുറവ് വലിയൊരു പ്രശ്നമാണ്. അക്കാരണത്താൽ വിലപ്പെട്ട പല പാരമ്പര്യ വൈദ്യശാഖകളും അനുദിനം ക്ഷയിച്ചു കൊണ്ടിരിക്കുന്നു.

പിള്ളവാതം, തൊണ്ടമുള്ള്, ടൈറ്റനസ്, ക്ഷയം , അഞ്ചാം പനി, വില്ലൻ ചുമ, എന്നീ രോഗങ്ങൾക്കെതിരായ കുത്തിവെപ്പുകളാണ് പി.എച്ച്.സി. കളിൽ വെച്ച് നൽകുന്നത്. കുടുംബക്ഷേമ അമ്മമാർക്കും, ദമ്പതികൾക്കുമുള്ള ആരോഗ്യബോധവൽക്കരണം, ജനനനിയന്ത്രണ മാർഗ്ഗങ്ങൾ, തുടങ്ങിയവ ഉൾപ്പെടുന്നു. പുരുഷന്മാർക്ക് ഉപയോഗിക്കാനുള്ള ഗർഭനിരോധന ഉറകൾ, സ്ത്രീകൾക്കുള്ള ഗർഭനിരോധന ഗുളികകൾ, കോപ്പർ ടി നിഷേപം, വാസാക്ടമി ട്യൂബക്ടമി ഓപ്പറേഷനുകൾ എന്നിവ സൗജന്യമായി ചെയ്തു കൊടുക്കുന്നു.

വെള്ളമുണ്ട പി.എച്ച്.സി.യിൽ ഇപ്പോൾ സ്ത്രീകൾക്കുള്ള ഇൻപേഷ്യൻറ് വാർഡ് മാത്രമേയുള്ളു. പുരുഷന്മാരെ കിടത്തി ചികിത്സിപ്പിക്കാനുള്ള സൗകര്യം ഇ

ല്ലാത്തത് വലിയൊരു ന്യൂനതയാണ്. നിലവിൽ ഉള്ള ഔട്ട് പേഷ്യൻറ് ബ്ലോക്ക് കെട്ടിടം പഴയ ഡിസ്പെൻസറിയുടെ പരിമിതമായ പാറ്റേണിൽ നിർമ്മിക്കപ്പെട്ടതാണ്. 1988ൽ സ്ഥാപനം ഹെൽത്ത് സെൻറർ ആയി ഉയർത്തപ്പെട്ടെങ്കിലും അതിന് അനുയോജ്യമായ കെട്ടിടം ഇനിയും നിർമ്മിച്ചിട്ടില്ല. പി.എച്ച്.സി. പാറ്റേണിലുള്ള ഒരു കെട്ടിടം നിർമ്മിച്ചു കിട്ടുകയാണെങ്കിൽ നിലവിൽ ഉള്ള ഒ.പി. കെട്ടിടം പുരുഷവാർഡായി മാറ്റാവുന്നതാണ്. 10 ബെഡ്ഡുകളുള്ള ഒരു പുരുഷ വാർഡുകൂടി ആരംഭിക്കുന്നതിലേക്ക് രണ്ട് ഡോക്ടർമാരുടെയും രണ്ട് സ്റ്റാഫ് നെഴ്സുമാരുടെയും ഒരു നെഴ്സിങ്ങ് അസിസ്റ്റൻറിൻെറയും അധിക തസ്തികകൾ കൂടി അനുവദിച്ചു കിട്ടണം. ഇപ്പോഴുള്ള ഒരു ഡോക്ടറുതേടക്കം മൂന്ന് ഡോക്ടർമാർ ഉണ്ടാവുകയാണെങ്കിൽഏതെങ്കിലും ഒരു ഡോക്ടറുടെ സേവനം പൂർണ്ണമായും ഔട്ട് ഡോർ (ഫീൽഡ്) ഡ്യൂട്ടിക്കായി നീക്കിവെക്കാൻ കഴിയും. പുതുതായി അനുവദിച്ചുകിട്ടേണ്ട ഡോക്ടർമാരിൽ ഒരാൾ ഗൈനക്കോളജിസ്റ്റും, ഒരാൾ ശിശുരോഗ വിദഗ്ദ്ധനും ആയിരിക്കണം.

വെള്ളമുണ്ട പി.എച്ച്.സി.യിലേക്ക് ഇപ്പോൾ വെള്ളം ലഭിക്കുന്നത് വളരെ അകലെ മെയിൻ റോഡിന് താഴെയുള്ള കിണറിൽ നിന്നാണ്. വേനൽക്കാലത്ത് പൊതുവെ വെള്ളത്തിന് ക്ഷാമം അനുഭവപ്പെടുന്നു. ആസ്പത്രി കോമ്പൗണ്ടിൽ തന്നെ ഒരു കിണർ കുഴിക്കുകയാണെങ്കിൽ വർഷത്തിൽ എല്ലാ മാസങ്ങളിലും ജലം കിട്ടാൻ സൗകര്യമുണ്ടാകും. കൂടാതെ വാട്ടർ അതോറിറ്റിയുടെ റോഡിലൂടെയുള്ള പൈപ്പ് ലൈൻ ആശുപത്രി കോമ്പൗണ്ടിലേക്ക് നീട്ടുകയാണെങ്കിൽ വെള്ളത്തിൻെറ അലഭ്യത ഒരു പരിധി വരെ കുറയ്ക്കാൻ സാധിക്കും. സബ്ബ് സെൻററുകളിലും ജലവിതരണ സൗകര്യം കാര്യക്ഷമമാക്കേണ്ടതുണ്ട്. പാലയണ - വാരാമ്പറ്റ - സബ്സെൻറുകളിൽ വൈദ്യുതി കണക്ഷൻ നൽകാൻ അടിയന്തിര നടപടി ആവശ്യമാണ്.

വെള്ളമുണ്ട പി.എച്ച്.സി.യിൽ ചികിത്സിച്ച രോഗികളുടെ സ്ഥിതി വിവരകണക്ക് താഴെ കൊടുക്കുന്നു.

ഉപകരണങ്ങളും ഔഷധങ്ങളും വകയിൽ ഉപയോഗിച്ച തുക താഴെ പറയും പ്രകാരമാണ്.

ആരോഗ്യ പരിപാടിയുടെ പേര്	വർഷം		
	1993-94	1994-95	1995-96
ജനറൽ (മെഡിക്കൽ) വിഭാഗം	107500രൂ.	154500രൂ.	91000രൂ.
കുടുംബക്ഷേമ പരിധി	20000രൂ.	17000രൂ.	36000രൂ.
രോഗപ്രതിരോധ പരിപാടി	25000രൂ.	11500രൂ.	6000രൂ.
ആകെ ചിവല്	152500രൂ.	183000രൂ.	13300രൂ.

വാക്സിനുകളുടെ വിലസംഖ്യ ഇതിൽ പെടില്ല.

പി.എച്ച്.സി.യുടെ ഭരണപരമായ ചിലവുകൾ ട്രഷറിയിൽ നിന്ന് ബിൽ മുഖേന മെഡിക്കൽ ഓഫിസർ സ്വീകരിച്ചത് ഇപ്രകാരമായിരുന്നു.

വർഷം 1995-96	ജീവനക്കാരുടെ ശമ്പളം	കറൻറ് ചാർജ്ജ്, വാഷിങ്ങ് ചാർജ്ജ്, വാഹനവക തുടങ്ങി മറ്റു ചിലവുകൾ
മെഡിക്കൽ വിഭാഗം (ജനറൽ)	350705രൂ.	8124രൂ.
കുടുംബക്ഷേമ പരിപാടി	319060 രൂ.	24741രൂ.
ആകെ	669765രൂ.	32865രൂ.

ആശുപത്രി വികസനസമിതി കഴിഞ്ഞ കാലങ്ങളിൽ ഒക്കെ തൃപ്തിപരമായി പ്രവർത്തിച്ചു വരുന്നു.

പഞ്ചായത്തിലെ ആംഗവൈകല്യം സംബന്ധിച്ച സ്ഥിതി വിവരകണക്ക് താഴെ പറയും പ്രകാരമാണ്.

വർഷം	ആകെ ഔട്ട് പേഷ്യൻറ്	ആകെ ഇൻ പേഷ്യൻറ്	മരണം	പ്രസവങ്ങൾ ജീവനുള്ള ശിശു	ചാപിള്ള ജനനം
1993-94	14165	834	ഇല്ല	141	4
1994-95	11235	1697	5	160	2
1995-96	11602	1687	2	141	3

വർഷം1995-96 അംഗവൈകല്യത്തിന്റെ സ്വഭാവം അനുസരിച്ച്	
അന്ധർ	30
ബധിരർ	18
മൂകർ	12
ബധിരമൂകർ	19
ചനലവൈകല്യമുള്ളവർ	85
ആകെ	164

പഞ്ചായത്തിലെ മന്ദബുദ്ധികളായ കുട്ടികൾ താഴെ പറയുന്ന പ്രകാരമാണ്

വർഷം 1995-96	
5 വയസ്സിന് താഴെ	6
6 - 10 വരെ	8
11-15 വരെ	14
16ന് മുകളിൽ	19

പഞ്ചായത്തിലെ ശിശുക്കളുടെ ജനനസമയത്തെ ശരാശരി തൂക്കം 2.800 കിലോഗ്രാമാണ്. കുട്ടികൾക്ക് വൈറ്റമിൻ എ, ഇരുമ്പു ഗുളികകൾ എന്നിവയും, ഗർഭിണികൾക്ക് ഇരുമ്പ് ഫോളിൻ ആസിഡ് ഗുളികകളും ചിട്ടയോടെ കൊടുത്തു വരുന്നു. ഔട്ട് ഡോർ മെഡിക്കൽ പരിശോധനകൾ കൃത്യമായി നടത്തുന്നതിലേക്ക് താൽക്കാലിക നടപടി എന്ന നിലക്ക് പൊരുന്നന്നൂർ പി.എച്ച്.സി.യിൽ നിന്ന് ഒരു ഡോക്ടറുടെ സേവനം വെള്ളമുണ്ട പി.എച്ച്.സി.യിലേക്ക് വിട്ടുകൊടുക്കുന്നത് ഗുണകരമായിരിക്കും. വെള്ളമുണ്ട പി.എച്ച്.സി.യിൽ ഒരു മൊബൈൽ മെഡിക്കൽ ഓഫീസറുടെ തസ്തിക ഉണ്ടാവുകയാണെങ്കിൽ പ്രസ്തുത ടീമിൽ ഒരു ഫാർമസിസ്റ്റിന്റെ തസ്തിക പുതിയതായി അനുവദിക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ

1. പൊരുന്നന്നൂർ പി.എച്ച്.സി.യിൽ ഇപ്പോഴുള്ള നാല് ഡോക്ടർമാരുടെ തസ്തികകളിൽ ഒന്ന് ഗൈനക്കോളജിസ്റ്റ് സ്പെഷ്യലിസ്റ്റ് തസ്തികയായും മറ്റൊന്ന് ശിശുരോഗ വിദഗ്ദ്ധ തസ്തികയായും ഉയർത്തണം.

2. എക്സറെ യൂനിറ്റ് ആരംഭിക്കണം

3. നിലവിൽ ഉള്ള ലബോറട്ടറിയിൽ മലമ്പനി, ക്ഷയം എന്നീ രോഗങ്ങൾക്കുള്ള പരിശോധന മാത്രമാണ് കാര്യമായി നടത്തുന്നത്. അത്യാവശ്യം വേണ്ട എല്ലാ പരിശോധനകൾ നടത്താവുന്ന വിധം ലാബോറട്ടറി സൗകര്യങ്ങൾ വിപുലീകരിക്കണം.

4. 1965ൽ പ്രാഥമിക ഹെൽത്ത് സെന്റർ ആരംഭിച്ച കാലത്തെ സ്റ്റാഫ് ഘടനയും, ഇപ്പോഴുള്ള സ്റ്റാഫ് ഘടനയും താഴെ കൊടുക്കുന്നു.

തസ്തികയുടെ പേര്	പി.എച്ച്.സി.യുടെ ആരംഭത്തിലുള്ള എണ്ണം	ഇപ്പോഴുള്ള എണ്ണം
മെഡിക്കൽ ഓഫീസർ	2	4
ഹെൽത്ത് ഇൻസ്പെക്ടർ	3	7
ലേഡി ഹെൽത്ത് ഇൻസ്പെക്ടർ (ഹെൽത്ത് വിസിറ്റർ)	1	7
ഫാർമസിസ്റ്റ്	1	1
ക്ലാർക്കുമാർ	1	4
സ്റ്റാഫ് നെഴ്സ്	ഇല്ല	5
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (ഹെൽത്ത് അസിസ്റ്റന്റ്)	15	40
ജൂനിയർ പി.എച്ച്. നേഴ്സ്(എ.എൻ.എം.)	20	55

മേൽകണക്ക് പ്രകാരം ഫാർമസിസ്റ്റിന്റെ എണ്ണത്തിൽ മാത്രം കഴിഞ്ഞ 30 വർഷങ്ങളിലായി യാതൊരു വർദ്ധനവും ഉണ്ടായില്ല എന്നത് ഒരു വിരോധാഭാസമാണ്. 30 ബെഡ്ഡുകളും ദൈനംദിനം മുന്നൂറിലേറെഔട്ട് പേഷ്യന്റുകളും ഉള്ള പൊരുന്നന്നൂർ പി.എച്ച്.സി.യിൽ സാധാരണ മരുന്ന് വിതരണത്തിന് പുറമെ ക്ഷയരോഗ നിവാരണ പദ്ധതി, മലമ്പനി നിർമ്മാർജ്ജന പദ്ധതി കുടുംബക്ഷേമ പദ്ധതി, അന്ധതാ നിവാരണ പദ്ധതി, പ്രതിരോധ ചികിത്സാ പരിപാടികൾ തുടങ്ങിയ വ്യത്യസ്ത വിഭാഗങ്ങളിലുള്ള ഉപകരണങ്ങൾ, ഔഷധങ്ങൾ തുണിത്തരങ്ങൾ, വാക്സിനുകൾ എന്നിവയ്ക്ക് പ്രത്യേകം അക്കൗണ്ടുകൾ സൂക്ഷിക്കുകയും സ്റ്റോറിന്റെ പൂർണ്ണമായ ചുമതല വഹിക്കുകയും ചെയ്യുന്നത് ഒരേ ഒരു ഫാർമസിസ്റ്റാണ്. കൂടാതെ പേരിയ, പനമരം, അപ്പപ്പാറ, വെള്ളമുണ്ട, തൊണ്ടർനാട്, കുറുക്കൻ മൂല, എടവക എന്നീ 7 മിനി പി.എച്ച്.സി. കളിലേക്കും ആവശ്യമായ

വാക്സിനുകൾ ദൈനംദിന ശാസ്ത്രീയമായി വിതരണം ചെയ്യുക എന്ന ഭാരിച്ച ഉത്തരവാദിത്തവും പ്രസ്തുത ഫാർമസിസ്റ്റ് തന്നെയാണ് നിർവ്വഹിക്കുന്നത്. സ്റ്റോർ വെരിഫിക്കേഷൻ, ഓഡിറ്റ്, ഉപയോഗശൂന്യമായ ഉപകരണങ്ങളുടെ കണ്ടംനേഷൻ, ലേല വിൽപന തുടങ്ങിയ സുപ്രധാനമായ ഡിപ്പാർട്ട്മെൻറൽ നടപടികളിലും മുഖ്യപങ്ക് വഹിക്കുന്നതും ഈ ഒരു ഫാർമസിസ്റ്റ് തന്നെയാണ്. എത്ര തവണ കഠിനാദ്ധ്വാനം ചെയ്താലും ഒരു വ്യക്തിക്ക് ഈ ഭാരിച്ച ജോലികൾ തൃപ്തികരമായി നിർവ്വഹിക്കുക സാദ്ധ്യമല്ല. അതുകൊണ്ട് ബ്ലോക്ക് പി.എച്ച്.സി.യിൽ ഒരു ഫാർമസിസ്റ്റ് സ്റ്റോർ കീപ്പറുടെ തസ്തിക അടിയന്തിരമായി അനുവദിക്കേണ്ടതാണ്. നിലവിൽ ഉള്ള ഫാർമസിസ്റ്റിനെ സ്റ്റോർ ഡ്യൂട്ടിയിൽ നിന്നും പൂർണ്ണമായി ഒഴിവാക്കി രോഗികളുടെ ഔഷധവിതരണത്തിന് മാത്രമായി നിയോഗിക്കുകയാണ് വേണ്ടത്. ഇപ്പോഴത്തെ അവസ്ഥയിൽ ഫാർമസിസ്റ്റ്ലീവെടുക്കുകയാണെങ്കിൽ പി.എച്ച്.സി.യുടെ പ്രവർത്തനങ്ങൾ അലങ്കോലപ്പെടുന്ന സ്ഥിതി വിശേഷമാണുള്ളത്. സർക്കാർ നിയോഗിച്ച ഡോ.കെ.എൻ. പൈ ചെയർമാനായുള്ള ഉന്നതാധികാര സമിതി വർഷങ്ങൾക്കു മുമ്പു തന്നെ ഇക്കാര്യം സംസ്ഥാനതലത്തിൽ നടപ്പാക്കാനുള്ള ശുപാർശ നടത്തിയിരുന്നതാണ് എന്നത് പ്രത്യേകം സ്മരണീയമാണ്. ഫാർമസിസ്റ്റ് സ്റ്റോർ കീപ്പറുടെ അധിക തസ്തിക സൃഷ്ടിക്കേണ്ടതാണ്.

5. വെള്ളമുണ്ട പഞ്ചായത്തിൽ ഒരു ആയൂർവ്വേദ ഡിസ്പെൻസറിയും ഒരു ഹോമിയോ ഡിസ്പെൻസറിയും സ്ഥാപിക്കേണ്ടതാണ്.

6. പോഷകാഹാര ലഭ്യത ഉറപ്പു വരുത്തേണ്ടതിലേക്ക് അടുക്കള തോട്ടങ്ങൾ വെച്ചു പിടിപ്പിക്കാൻ പ്രോത്സാഹനം നൽകേണ്ടതാണ്. സ്ത്രീകൾക്കും പുരുഷന്മാർക്കും വേണ്ടിയുള്ള ആരോഗ്യബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കേണ്ടതാണ്.

7. പാരമ്പര്യ വൈദ്യശാഖകൾ കണ്ടെത്തി ശാസ്ത്രീയമായി അവ പരിപോഷിപ്പിക്കേണ്ടതാണ്. അന്ധവിശ്വാസങ്ങളും, അതിശയോക്തി കലർന്ന കുപ്രചാരണങ്ങളും അനാവരണം ചെയ്തുകൊണ്ട് യഥാർത്ഥ വൈദ്യന്മാരെ കണ്ടെത്താൻ ശ്രമിക്കണം. ഔഷധസസ്യങ്ങൾ നട്ടുവളർത്തുവാനും, അവയ്ക്ക് പ്രചരണം നൽകാനും ആവശ്യമായ സഹായങ്ങൾ നൽകുന്നത് നന്നായിരിക്കും.

8. വെള്ളമുണ്ട പി.എച്ച്.സി.ഇയിൽ പുരുഷന്മാർക്ക് വേണ്ടിയുള്ള 10 ബെഡ്ഡുള്ള വാർഡ് അനുവദിക്കുക.

9. ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഓരോ സബ്സെൻററുകളിലും ഡോക്ടറുടെ സേവനം ഉറപ്പ് വരുത്തുക.

10. അംഗൻവാടി, സ്ക്കൂൾ കുട്ടികളുടെ രോഗപരിശോധന നിർവ്വഹിക്കാൻ പൊരുന്നന്നൂർ പി.എച്ച്.സി.യിൽ നിന്ന് താൽക്കാലികമായെങ്കിലും ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കുക.

11. ജൂനിയർ പി.എച്ച്. നെഴ്സുമാരെ പൂർണ്ണമായും ആശുപത്രി ഡ്യൂട്ടിയിൽ നിന്ന് ഒഴിവാക്കുക. അതിലേക്കായി ഒരു സ്റ്റാഫ് നെഴ്സിൻെറ തസ്തിക കൂടി അടിയന്തിരമായി അനുവദിച്ചു കിട്ടേണ്ടതാണ്. തസ്തിക അനുവദിച്ചു വരുന്നതിന് സാങ്കേതികമായ കാലതാമസം വരുന്നുണ്ടെങ്കിൽ താൽക്കാലിക സംവിധാനമെന്ന നിലയിൽ പൊരുന്നന്നൂർ പി.എച്ച്.സി. യിൽ നിന്ന് ഒരു സ്റ്റാഫ് നേഴ്സിൻെറ സേവനം വർക്കിംഗ് അറേഞ്ച്മെൻറ് വ്യവസ്ഥയിൽ വെള്ളമുണ്ടയിലേക്ക് വിട്ടുകിട്ടാൻ ശ്രമിക്കുക.

12. പി.എച്ച്.സി. ആവശ്യത്തിലേക്കും, ഫീൽഡ് ജീവനക്കാരുടെ ഔദ്യോഗിക ആവശ്യങ്ങൾക്കുമുള്ള രജിസ്റ്ററുകളും ഫോറങ്ങളും പഞ്ചായത്തിൽ നിന്നും നൽകേണ്ടതാണ്.

13. നാല് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും 4 ജൂനിയർ പി.എച്ച്. നെഴ്സുമാരുടെയും അധിക തസ്തികകൾ അനുവദിക്കുക.

14. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് അവരുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനായി ഓഫീസുകൾ അനുവദിക്കുക. ഫീൽഡ് ഡ്യൂട്ടി കഴിഞ്ഞ് ബാക്കി സമയങ്ങളിൽ നിർബന്ധമായും അവർ ഓഫീസിൽ ഹാജരാകണമെന്ന് നിഷ്കർഷിക്കുക.

15. പി.എച്ച്.സി.യിലെ പ്രസവമുറിയോട് അനുബന്ധിച്ച് ഒരു ഇൻകുബേറ്റർ സ്ഥാപിക്കുക.

16. പി.എച്ച്.സി. കളിൽ ഔഷധങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുക.

കുടിവെള്ളം

പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളേയും അലട്ടുന്ന പ്രധാന പ്രശ്നം ശുദ്ധജലത്തിൻെറ ദൗർലഭ്യമാണ്. ഒട്ടുമിക്ക രോഗങ്ങളും ജലജന്യമായത് കൊണ്ട് ശുദ്ധജല ലഭ്യത ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്. ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങൾ താഴെ പറയുന്നവയാണ്.

വാർഡ് I

കമ്പനി മല, കുണ്ടറക്കൊല്ലി, ചെമ്പ്രം കുഴി, വാളാമൂല, എടത്തും മൂല, കിണറ്റിങ്ങൽ, മംഗലശ്ശേരി, മാവിലോട്ട് കുന്ന്, അവരംകുന്ന്.

വാർഡ് II

മംഗലശ്ശേരി ട്രൈബൽ കോളനി, പിലാച്ചാൽ, എരിയനക്കുന്ന്, മുത്തറഭാഗം, മന്നം ചിറ.

വാർഡ് I11

നെല്ലിക്കാച്ചാൽ, കണ്ണിവയൽ കോളനി, ആലക്കണ്ടി

വാളാരം കുന്ന്, പുളിഞ്ഞാൽ പ്രദേശം, താഴെ പള്ളി റോഡ്, നാരോക്കടവ്, ഓണിവയൽ പ്രദേശം, വണ്ടം കുഴി, 622 ഭാഗം, നരിക്കോട്ട് കുന്ന്, ലക്ഷം വീട് കോളനി.

വാർഡ് IV

ആലഞ്ചേരി കുന്ന്, ഓലഞ്ചേരി കുന്ന്, കല്ലേരി കുന്ന്, കോർക്കണ്ടിക്കുന്ന്, കൊച്ചാറ, കുന്നത്ത് നട, മല്ലിശ്ശേരിക്കുന്ന്.

വാർഡ് V

മേച്ചേരി കോളനി, മുണ്ടയ്ക്കൽ, കാപ്പും കുന്ന്, പുല്ലുപാറ കോളനി, എട്ടാം മൈൽ ഒഴുക്കൻ റോഡ്, പുല്ലുപാറ കോളനികൾ, മൊട്ടമ്മൽ റോഡ്, പിള്ളേരി റോഡ്, ഇണ്ടിയേരി കുന്ന്.

വാർഡ് VI

തൊടുവയൽ, അഞ്ജനക്കാവ്, കച്ചേറ്റിക്കര, ചെറുകര വായനശാല പ്രദേശം, മൊളയാട്ടുമ്മൽ, പെരുവടി, മേച്ചേരി കുന്ന്, വെണ്ണിയോടൻ കുന്ന്, തോട്ടോളിക്കുന്ന്, കരയം മൊട്ടു ചാലിൽ.

വാർഡ് VII

പുലിക്കാട് പള്ളിക്കുന്ന്, കൊടക്കാട്ടുകുന്ന്, പരിയാരക്കുന്ന്, കാവണക്കുന്ന്, പൂലിയാണ കുന്ന്, പാലയണ കുന്ന്, വെള്ളിയോട് കുന്ന്.

വാർഡ് VIII

ചുടലമൊട്ടൻ കുന്ന്, വെള്ളരിക്കുന്ന്, ചീമ്പൊയിൽ കുന്ന്, കട്ടയാണ കുന്ന്, കോക്കടവ് കോളനി.

വാർഡ് XI

ഊരംകുന്ന്, വില്ലേജ് കുന്ന്, തൊണ്ണം പറ്റ, മുഴുവന്നൂർ കുന്ന്, പള്ളിയാൽ കോളനി, തിരുമോത്ത് കോളനി, പരിയാര മുക്ക്.

വാർഡ് X

എല്ലാ പ്രദേശങ്ങളിലും കുടിവെള്ളക്ഷാമമുണ്ട്.

വാർഡ് XI

കാപ്പും കുന്ന്, കാരാട്ടം, അരിമനം കുന്ന്, വേലൂക്കാൻ കുന്ന്, ചാത്തം കുന്ന്, ചെറുമലത്ത് കോളനി, പനംകുറ്റിച്ചാൽ, കൊമ്മയാട്, മുണ്ടക്കുന്ന്.

വാർഡ് XII

കാപ്പും കുന്ന്, കാരാട്ട് കുന്ന്.

നിർദ്ദേശങ്ങൾ

1. മലമുകളിലുള്ള പ്രകൃതി ജലം തടഞ്ഞു നിർത്തി, ഉയരത്തിൽ ടാങ്കുകെട്ടി പൈപ്പ് വഴി താഴ്ന്ന പ്രദേശങ്ങളിലേക്ക് വെള്ളം എത്തിക്കാം.

പുളിഞ്ഞാൽ, മീൻമുട്ടി ടാങ്കുകളിൽ നിന്നുള്ള വെള്ളം ഇപ്പോൾ ജലവിതരണത്തിന് ഉപയോഗിച്ച് വരുന്നു. അത് വിപുലീകരിച്ച് പൈപ്പ് ലൈൻ നീട്ടുന്നത് നന്നായിരിക്കും. പൊട്ടിപ്പോയതും കേടുവന്നതുമായ പൈപ്പുകൾ അടിയന്തിരമായി റിപ്പയർ ചെയ്തു പ്രവർത്തന യോഗ്യമാക്കണം.

തരുവണ മുഴുവന്നൂർ കുന്നിൽ സ്ഥാപിച്ച ടാങ്കിൽ നിന്ന് വില്ലേജിലെ മറ്റു പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ വഴി വെള്ളമെത്തിക്കാം. പഞ്ചായത്തിലെ ഒട്ടുമിക്ക വാർഡുകളിലും കുന്നിൻ പ്രദേശങ്ങളിലാണ് കൂടുതലായും ജലക്ഷാമമുള്ളത്. മുലമുകളിലെ ജലസ്രോതസ്സുകൾ കണ്ടെത്തി പൈപ്പ് ലൈൻ ഇടുകയാണ് കൂടുതൽ പ്രായോഗികം. ഗ്രാമസഭകളിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങൾ കണക്കിലെടുത്തുകൊണ്ട് അത് നടപ്പിലാക്കാം.

2. ഭൂജലം ലഭിക്കാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ കിണറുകൾ പഞ്ചായത്ത് ചെലവിൽ കുഴിച്ചുകൊടുക്കണം. പ്രസ്തുത കിണറുകളുടെ സംരക്ഷണം പൂർണ്ണമായും അതിനു ചുറ്റും താമസിക്കുന്നവരുടെ ബാദ്ധ്യതയാക്കണം. പഞ്ചായത്ത് മെമ്പറുടെ നേതൃത്വത്തിൽ കാലകാലങ്ങളിൽ കിണർ പരിപാലനത്തിനുള്ള ചെലവ് ഗുണഭോക്താക്കളിൽ നിന്ന് സംഭാവന സ്വീകരിച്ചുകൊണ്ട് നടപ്പിലാക്കാം.

3. പൊതു കിണറുകളിലെ വെള്ളം ശുദ്ധമാക്കിവെക്കുന്നതിൽ പഞ്ചായത്ത്, പൊതുജനാരോഗ്യ വകുപ്പ് അധികൃതർ പ്രത്യേകം താൽപര്യമെടുക്കണം. പൊതു കിണറുകളിൽ നിന്ന് വെള്ളം എടുക്കുന്ന വ്യാപാര സ്ഥാപനങ്ങൾ (ഹോട്ടലുകൾ, ലോഡ്ജുകൾ, ചായക്കടകൾ, വൈദ്യശാലകൾ തുടങ്ങിയവ) പ്രസ്തുത കിണറുകളുടെ പരിപാലന ആവശ്യത്തിലേക്ക് മാസാന്ത്യം ഒരു നിശ്ചിതതുക 'സെസ്സ്' ആയി നൽകേണ്ടതാണ്. അങ്ങനെ സ്വരൂപിച്ച് ഈടാക്കുന്ന തുക പഞ്ചായത്ത് മെമ്പറുടെ നേതൃത്വത്തിലുള്ള പ്രാദേശിക കമ്മിറ്റി പൂർണ്ണമായും അതാതു കിണറുകളുടെ മാത്രം ആവശ്യത്തിലേക്ക് വിനിയോഗിക്കേണ്ടതാണ്.

ഉപയോഗശൂന്യമായി കിടക്കുന്ന പൊതു കിണറുകൾ ഏതെങ്കിലുമുണ്ടെങ്കിൽ അത് എങ്ങിനെ പ്രയോജനപ്പെടുത്താമെന്ന് ഗ്രാമസഭകൾ വഴി നിർബന്ധമായി തീരുമാനമെടുപ്പിക്കണം. പൊതു ധനം അനാവശ്യമായി പാഴായിപോകരുതെന്നു അവബോധം ജനങ്ങളിൽ വേരുന്നാൻ ഈ നടപടി സഹായിക്കും. സ്ക്കൂളുകൾ, അംഗൻവാടികൾ എന്നിവയ്ക്ക് ശുദ്ധ ജലം എത്തിക്കുക എന്നത് പ്രത്യേക പരിഗണന അർഹിക്കുന്നു.

'ഒമ്പതാം പദ്ധതി കഴിയുമ്പോഴേക്കും ശുദ്ധജലസൗകര്യമില്ലാത്ത ഒരു വീടു പോലും പഞ്ചായത്തിലുണ്ടാകരുത്' എന്നതായിരിക്കട്ടെ നമ്മുടെ ലക്ഷ്യം. പഞ്ചായത്തിന്റെ ഏറ്റവും മർമ്മപ്രധാനമായ ആവശ്യവും അതു തന്നെ.

4. കിണറുകളുടെ പരിസരത്തുനിന്നുള്ള അലക്കലും, കുളിയും മറ്റും നിരുത്സാഹപ്പെടുത്തേണ്ടതാണ്. പൊതു കുളങ്ങൾ നിർമിക്കുകയോ നിലവിൽ ഉള്ള പുഴകളും തോടുകളും കൽപടവുകൾ കെട്ടി സൗകര്യപ്പെടുത്തുകയോ ചെയ്താൽ വളരെ നന്നായിരിക്കും. മത്സ്യ, മാംസ ഭാഗങ്ങളോ വ്യപാര സ്ഥാപനങ്ങളിൽ നിന്നോ വീടുകളിൽ നിന്നോ ഉള്ള അഴുക്ക് വസ്തുക്കളോ ഒരു കാരണവശാലും പൊതു ജനങ്ങൾ കുളിക്കുന്ന പുഴകളിലോ, തോടുകളിലോ നിക്ഷേപിക്കാൻ അനുവദിക്കരുത്. സ്വന്തമായി കുളങ്ങൾ കുഴിക്കാൻ താൽപര്യമുള്ള വീട്ടുകാർക്ക് ആവശ്യമായ പ്രോത്സാഹനവും, ആശ്വാസകരമായ ധനസഹായങ്ങളും പഞ്ചായത്തിൽ നിന്ന് ചെയ്തു കൊടുക്കുക.

5. പൊതു സ്ഥലത്തുള്ളതായാലും, സ്വകാര്യസ്ഥലത്തുള്ളതായാലും വെള്ളം അനാവശ്യമായി പാഴാക്കുന്നത് ശ്രദ്ധയിൽ പെട്ടാൽ അത് തടയാൻ ജനങ്ങൾ ഒറ്റകെട്ടായി മുന്നോട്ട് വരണം. "വെള്ളം നാടിന്റെ പൊതുസ്വത്താണ്, അത് ദുരുപയോഗം ചെയ്യാനുള്ള തല്ല". എന്ന കാഴ്ചപ്പാട് ജനങ്ങളിൽ വളർത്തികൊണ്ടു വരാൻ പഞ്ചായത്ത് ശ്രമിച്ചാൽ സാധിക്കും. ഉദാരശീലരായ വ്യക്തികളുടെയോ, ധർമ്മസ്ഥാപനങ്ങളുടെയോ വകയായി പൊതു കിണറുകളും കുളങ്ങളും മറ്റും നിർമ്മിക്കാൻ ശ്രമിക്കാവുന്നതാണ്.

പരിസരശുചിത്വം

പിരസര ശുചീകരണം പഞ്ചായത്തിന്റെയും സർവ്വോപരി ജനങ്ങളുടേയും സജീവ ശ്രദ്ധ ആവശ്യപ്പെടുന്നു. പൊതു സ്ഥലങ്ങൾ വ്യത്തികേടായി കിടക്കുന്നത് പഞ്ചായത്തിന് അപമാനമാണ് എന്ന് മാത്രമല്ല ഒട്ടുമിക്ക പകർച്ച വ്യാധികൾക്കും അത് കാരണമാവുകയും ചെയ്യുന്നു. പൊതു സ്ഥലങ്ങളിൽ ചപ്പുചവറുകൾ കൂട്ടിയിടുന്നതും, അങ്ങാടികളിലെ അഴുക്ക് ചാലുകൾ അടഞ്ഞു കിടക്കുന്നതും മലിനജലം കെട്ടിക്കിടക്കുന്നതും ഈച്ച, കൊതുക് തുടങ്ങിയ രോഗവാഹികൾക്ക് മുട്ടയിട്ട് പെരുകാൻ അവസരം നൽകുന്നു. വാർഡുതല സർവ്വെകളും ഗ്രാമസഭാ റിപ്പോർട്ടുകളും വ്യക്തമാക്കുന്നത് പഞ്ചായത്തിലെ 80% വീടുകളിലും ശുചിത്വമുള്ള കക്കൂസുകൾ (സാനിറ്ററി ലാട്രിൻസ്) ഇല്ല എന്നത് ദു:ഖസത്യമാണ്. കോളറ, വിരശല്യം, വയറിളക്കം, ചർദ്ദി, മഞ്ഞപ്പിത്തം തുടങ്ങിയ ധാരാളം രോഗങ്ങളുടെ ഉറവിടം പരിസരശുചിത്വമില്ലായ്മ തന്നെ. ഇത് വ്യക്തികളുടെ സ്വാകാര്യ പ്രശ്നമല്ല. അല്പം ആളുകൾ മാത്രം ശുചിത്വം പാലിച്ചത് കൊണ്ട് പൂർണ്ണമായി നേട്ടം ലഭിക്കില്ല. ബഹുഭൂരിഭാഗവും വ്യത്തിഹീനരാണെങ്കിൽ അത് അവരുടെ അയൽവക്കത്തും ചുറ്റുമുള്ള മുഴുവൻ പ്രദേശത്തും വായു, വെള്ളം തുടങ്ങിയവ വഴിയായി നാശം വിതയ്ക്കുന്നു.

ഒരു ജനതയുടെ സാംസ്കാരിക വളർച്ച വളർത്താനുള്ള മാനദണ്ഡങ്ങളിൽ ഒന്ന് ശുചിത്വബോധം തന്നെ.ഒരു വീടാണെങ്കിൽ ബാഹ്യമായ അലങ്കാരങ്ങളും സ്വീകരണമുറിയിലെ പരിഷ്കൃത സംവിധാനങ്ങളും ഉപചാരങ്ങളുമെല്ലാം ഉപരിപ്ലവമായ പരിഷ്കാരങ്ങൾ മാത്രമാണ്. അടുക്കള ഭാഗത്തെയും വീടിന്റെ പിന്നാമ്പുറങ്ങളിലെയും കിണറിന്റെയും മറ്റ് ശുചിത്വമാണ് യഥാർത്ഥ സാംസ്കാരിക വളർച്ചയുടെ മാനദണ്ഡം. ഈ അവബോധം ജനങ്ങൾക്കിടയിൽ ശക്തിയായി വളർത്തിയെടുത്തെങ്കിലേ നമ്മുടെ പദ്ധതികൾ ഫലപ്രാപ്തിയിൽ എത്തുകയുള്ളു.

നിർദ്ദേശങ്ങൾ

1. ശുചിത്വമുള്ള കക്കൂസുകൾ ഇല്ലാത്തതിന് പ്രധാന കാരണം അജ്ഞത, ജീവിച്ചു പോന്ന് പഴയ ശീലങ്ങളിൽ നിന്ന് വ്യതി ചലിക്കാനുള്ള വിമുഖത, സാമ്പത്തിക പരാധീനത എന്നിവയാണ്. ശക്തമായ ബോധവൽക്കരണം, പഞ്ചായത്ത് തല സാമ്പത്തിക സഹായം എന്നിവ നൽകേണ്ടതാണ്.

2. വെള്ളമുണ്ട, പത്താം മൈൽ, വെള്ളമുണ്ട 8/4 (കട്ടയാട്), തരുവണ, പീങ്കങ്കോട്, ആശുപത്രി പരിസരം, പുളിഞ്ഞാൽ, കെല്ലൂർ, അഞ്ചാം മൈയിൽ എന്നിവിടങ്ങളിൽ പ്രധാന റോഡിനോട് ചേർന്ന് അഴുക്കു ചാൽനിർമ്മിക്കേണ്ടിയിരിക്കുന്നു. കുപ്പതൊട്ടികൾ സ്ഥാപിക്കുകയും അവയിലെ മാലിന്യങ്ങൾ യഥാസമയം പുറത്തെടുത്ത് അണുവിമുക്തമാക്കേണ്ടതാണ്. ഈ സംവിധാനം കാര്യക്ഷമമായും നടപ്പാക്കുന്നതിന് വ്യാപാരികളുടെ സാമ്പത്തിക സഹായം നികുതിയിനത്തിലോ മറ്റോ സ്വരൂപിക്കാവുന്നതാണ്. പ്രാദേശിക കമ്മറ്റികൾ രൂപീകരിച്ച് പ്രസ്തുത തുക നീതിപൂർവ്വം വിനിയോഗിക്കേണ്ടതാണ്.

3. ഹോട്ടലുകൾ, ചായക്കടകൾ, മത്സ്യമാംസ പച്ചക്കറി വ്യാപാരികൾ, മറ്റു വ്യാപാരികൾ തുടങ്ങിയവരെ പങ്കെടുപ്പിച്ച് കൊണ്ട് പഞ്ചായത്ത് പൊതു ജനാരോഗ്യ വകുപ്പ് ഉദ്യോഗസ്ഥന്മാർ ചർച്ചാവേദികൾ സംഘടിപ്പിക്കേണ്ടതും പരസ്പരാ ആശയ വിനിമയം നടത്തേണ്ടതുമാണ്.

4. വെള്ളമുണ്ട, പത്താം മൈയിൽ, കട്ടയാട് (8/4 സിറ്റി), തരുവണ എന്നിവിടങ്ങളിൽ പൊതു മൂത്രപുരകളും കക്കൂസുകളും പഞ്ചായത്ത് വകയായി നിർമിക്കേണ്ടതാണ്. അവയുടെ സംരക്ഷണം അതാത് പ്രദേശത്തെ യുവജനങ്ങളുടെ സന്നദ്ധസംഘടനകളിൽ ആരെയെ

ങ്കിലും ഏല്പിക്കുന്നത് നന്നായിരിക്കും.

5. കക്കൂസുകളും മൂത്രപുരകളും ഇല്ലാത്ത എല്ലാ സ്ക്കൂളുകളോടും അംഗൻവാടികളോടും ചേർന്ന് മൂത്ര പുരകളും കക്കൂസുകളും പഞ്ചായത്ത് നിർമിച്ച് കൊടുക്കേണ്ടതാണ്. അവയിലേക്ക് ആവശ്യമായ ചിലവിന്റെ പകുതി വിഹിതം പി.റ്റി.എ. കമ്മറ്റികൾ വഹിക്കാൻ തയ്യാറായൽ പ്രയാസം കൂടാതെ ഈ ലക്ഷ്യം നടപ്പിലാക്കാം.

6. ബോധപൂർവ്വം പരിസര മലീനികരണം നടത്തുന്നവരിൽ നിന്ന് ഒരു നിശ്ചിത പിഴ ഈടാക്കിക്കൊണ്ട് പഞ്ചായത്ത് പ്രസ്തുത മലീനികരണം നീക്കേണ്ടതാണ്.

7. D&O ട്രേഡ് ആക്ടിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് ലൈസൻസ് നൽകുമ്പോൾ ആരോഗ്യ വകുപ്പിന്റെ അനുമതി വാങ്ങണമെന്ന വ്യവസ്ഥ കർശനമായി നിഷ്കർഷിക്കേണ്ടതാണ്. മദ്രാസ് പബ്ലിക്ക് ഹെൽത്ത് ആക്ട് ട്രാവൻകൂർ, പബ്ലിക്ക് ഹെൽത്ത് ആക്റ്റ് എന്നിവ സംയോജിപ്പിച്ച് ഒരു കേരള പബ്ലിക്ക് ഹെൽത്ത് ആക്ട് നിലവിൽ വരേണ്ടതിന്റെ അനിവാര്യത ഈ സന്ദർഭത്തിൽ പരിഗണനാർഹമാണ്.

8. ഹൈസ്ക്കൂൾ, കോളേജ് വിദ്യാർത്ഥികളെയും മറ്റു യുവാക്കളെയും ഉൾക്കൊള്ളിച്ചു കൊണ്ട് വാർഡ് തലത്തിൽ ഹെൽത്ത് സ്ക്വാഡുകൾ രൂപീകരിക്കാം. യോഗാഭ്യാസങ്ങൾ, കലാകായിക പരിപാടികൾ തുടങ്ങിയവ പ്രസ്തുത ഹെൽത്ത് സ്ക്വാഡുകളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കാം. കുടിവെള്ളം, പരിസരശുചീകരണം തുടങ്ങിയ കാര്യങ്ങളിൽ ഹെൽത്ത് സ്ക്വാഡുകളുടെ സജീവശ്രദ്ധ പതിയേണ്ടതും ബന്ധപ്പെട്ട എല്ലാ സർക്കാർ വകുപ്പുകളിൽ നിന്നും അവർക്ക് ആവശ്യമായ സഹകരണം ലഭിക്കേണ്ടതുമാണ്.

9. തരുവണ, വെള്ളമുണ്ട, പത്താം മൈൽ, കട്ടയാട് 8/4 സിറ്റി, കെല്ലൂർ അഞ്ചാം മൈൽ എന്നിവിടങ്ങളിൽ മത്സ്യമാംസ മാർക്കറ്റ് സ്ഥാപിക്കേണ്ടതാണ്. പ്രസ്തുത മാർക്കറ്റുകളിലെ വ്യാപാരികളിൽ നിന്നും മറ്റു ബന്ധപ്പെട്ടവരിൽ നിന്നും ഒരു നിശ്ചിത തുക സ്വരൂപിച്ച് പ്രസ്തുത തുക മാർക്കറ്റുകളുടെ ശുചീകരണത്തിനും പരിപാലനത്തിനും വേണ്ടി വിനിയോഗിക്കേണ്ടതാണ്.

10. വാടകക്ക് നൽകപ്പെടുന്ന ലോഡ്ജിങ്ങ് ലൈനുകൾ, പീടിക മുറികൾ തുടങ്ങിയവയിൽ താമസിക്കുന്നവർക്കായി കെട്ടിട ഉടമകൾ നിർബന്ധമായും മൂത്രപുര, കക്കൂസ്, ശുദ്ധജലം എന്നിവ ഒരുക്കികൊടുക്കേണ്ടതാണ്. ഇത്തരം സൗകര്യങ്ങൾ ഇല്ലാത്തതുകാരണം, താമസക്കാർ പുറം സ്ഥലങ്ങളിൽ മലമൂത്രവിസർജ്ജനം നടത്താൻ നിർബന്ധിതരാവുന്നു. കെട്ടിടം ഉടമകൾ, വാടക കൈപറ്റുകയും പൊതുജനാരോഗ്യത്തിന് ഹാനികരം ആവും വിധത്തിൽ താമസക്കാരെ പുറത്തേക്ക് തള്ളിവിടുകയും ചെയ്യുന്നത് ഒട്ടും അഭികാമ്യമല്ല. മല മൂത്രവിസർജ്ജനസൗകര്യങ്ങൾ ഒരുക്കാതെ കെട്ടിടങ്ങൾ താമസിക്കാൻ സൗജന്യമായോ വാടകയ്ക്കോ നൽകാൻ പാടുള്ളതല്ല എന്ന് പഞ്ചായത്ത് നിഷ്കർഷിക്കേണ്ടതാണ്.

11. കക്കൂസ് നിർമ്മിക്കാൻ സാമ്പത്തിക സഹായം ആവശ്യമായ വീടുകളുടെ പട്ടിക ഗ്രാമസഭകളിൽ വെച്ച് തിട്ടപ്പെടുത്തേണ്ടതാണ്. നിർദ്ധനരായ മുഴുവൻ ആളുകൾക്കും കക്കൂസ് നിർമാണത്തിന് ധനസഹായം നൽകാൻ പഞ്ചായത്തിന് കഴിഞ്ഞെന്ന് വരില്ല. പ്രാദേശിക തലത്തിൽ ഹെൽത്ത് സ്ക്വാഡുകളുടെ ആഭിമുഖ്യത്തിൽ അഭ്യുതയകാംക്ഷികളിൽ നിന്നും സംഭാവനകൾ സ്വരൂപിച്ചുകൊണ്ടും പഞ്ചായത്ത് ഫണ്ട് ചേർത്ത് ലക്ഷ്യം നേടാം. മുന്നിട്ട് ഇറങ്ങാനുള്ള സന്നദ്ധതയും സഹകരണവും ഇക്കാര്യത്തിൽ അനിവാര്യമാണ്.

'രോഗം വന്നിട്ട് ചികിത്സിക്കുന്നതിനേക്കാൾ എത്രയോനല്ലത് രോഗം വരാതെ സൂക്ഷിക്കുക' എന്ന അംഗീകൃത തത്വം നമുക്ക് പ്രായോഗികമാക്കിക്കൂടെ? ഒന്ന് മനസ്സ് വെച്ചാൽ വയനാട് ജില്ലയിലെ ഏറ്റവും വൃത്തിയുള്ള പഞ്ചായത്തായി വെള്ളമുണ്ട പഞ്ചായത്തിനെ നമുക്ക് ഉയർത്താം. ജില്ലയിലെ ഏറ്റവും സംസ്കാര സമ്പന്നരായ ജനത വെള്ളമുണ്ട പഞ്ചായത്ത് നിവാസികളാണ് എന്ന് തെളിയിക്കാൻ നമുക്ക് ഒറ്റകെട്ടായി പരിശ്രമിക്കാം.

വ്യവസായം

വ്യവസായ ഭൂപടത്തിൽ നമ്മുടെ പഞ്ചായത്തിന് ഇപ്പോൾ ഒരു സ്ഥാനവും ഇല്ലെന്ന് തന്നെ പറയാം. പഴയ കാലങ്ങിൽ പരമ്പരാഗതമായ കൊട്ട, വട്ടി, മുറം, തൊട്ടിൽ, മൺപാത്രങ്ങൾ, പുൽപ്പായ എന്നിങ്ങനെ ഈ പഞ്ചായത്തിന് ആവശ്യമുള്ള സാധനങ്ങൾ പരമ്പരാഗത തൊഴിലുമായി ബന്ധപ്പെട്ട ആദിവാസികൾ നിർമ്മിച്ചിരുന്നു. ഇത് അവരുടെ കര വിരുതും വൈദഗ്ദ്ധ്യവും തെളിയിക്കുന്നതോടൊപ്പം ഉപജീവനമാർഗ്ഗവും ആയിരുന്നു. എന്നാൽ കാലാകാലങ്ങളിൽ വന്ന ആധുനിക ഉപകരണങ്ങളുടെ കടന്നുകയറ്റവും അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർലഭ്യവും കാരണം ഈ രംഗത്ത് നിന്ന് അന്യം നിന്നുപോയി.

ഇപ്പോൾ ഈ പഞ്ചായത്തിൽ വ്യവസായവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

മരവ്യവസായം

1.വെള്ളമുണ്ട ഈർച്ച മില്ല്
2. പീച്ചൻകോട് കുറ്റിപ്രവൻ ഈർച്ച മില്ല്
3.കാരക്കാമല ഈർച്ച മില്ല്

കാർഷിക മേഖലയുമായി ബന്ധപ്പെട്ട ധാന്യങ്ങൾ കുത്തുന്നതും പൊടിക്കുന്നതുമായ മില്ലുകൾ വെള്ളിയരണ, വാരമ്പറ്റ 8/4 , കോക്കടവ്, മൊതക്കര, തരുവണ, ചെറുകര, ആർവാൾ, കൊമ്മയാട്, കാരക്കാമല, കെല്ലൂർ എന്നിവയാണ്.

ഇതര വ്യവസ്സായങ്ങളായി പുളിഞ്ഞാലിൽ പ്രവർത്തിക്കുന്ന ക്രഷർ, നടക്കലിൽ പ്രവർത്തിക്കുന്ന സൂപ്പർ വൈറ്റ് നിർമ്മാണ യൂനിറ്റ്, പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ഇഷ്ടിക യൂനിറ്റ് എന്നിവയും ഉൾപ്പെടുന്നു.

അടുത്ത കാലത്തായി വനിതകൾക്കുവേണ്ടി ആരംഭിച്ച പീച്ചംകോടുള്ള കറി പൗഡർ യൂനിറ്റ് വനിതകൾക്കുവേണ്ടിയുള്ള തയ്യൽ പരിശീലന കേന്ദ്രങ്ങൾ എന്നിവ സ്ത്രീകളുടെ തൊഴിലുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവയാണ്.

സഹകരണ അടിസ്ഥാനത്തിൽ ആരംഭിച്ച പൗൾട്രി സഹകരണ യൂനിറ്റുകൾ പൊതുവെ പ്രവർത്തനക്ഷമമല്ല. ഈ പഞ്ചായത്തിൽ കളിയടയ്ക്കയുമായി ബന്ധപ്പെട്ട നാല് വ്യവസായ യൂനിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

ഈ പഞ്ചായത്തിൽ വ്യവസായ സാദ്ധ്യതയ്ക്കുള്ള അസംസ്കൃത വസ്തുക്കളായി ലഭ്യമാകുന്ന സാധനങ്ങൾ താഴെ പറയുന്നവയാണ്.

ക്രമനമ്പർ	വസ്തുക്കൾ	ലഭ്യത (ടൺ)	ഇപ്പോഴത്തെ വില (ടൺ)
1.	പാക്കടക്ക	300	30000
2.	നേന്ത്രക്കായ	2000	8000
3.	ഇഞ്ചി	2000	6000
4.	കാപ്പി	1800	54000
5.	റബ്ബർ	100	45000
6.	കുരുമുളക്	700	80000
7.	തുകൽ	150	18000
8.	കശുവണ്ടി	50	20000
9.	കറപ്പത്തോൽ	50	28000

നമ്പർ	വ്യവസായം	യൂനിറ്റ്	തൊഴിൽ ചെയ്യുന്നവർ			കൂലിനിരക്ക്	
			സ്ത്രീ.	പു.	ആകെ	സ്ത്രീ.	പു.
1.	മരവ്യവസായം	3	–	30	30	–	100
2.	ധാന്യമില്ലുകൾ	20	–	55	55	–	75
3.	പപ്പടം	2	3	3	6	40	60
4.	ക്രഷർ	1	5	5	10	60	100
5.	സൂപ്പർ വൈറ്റ് (തുള്ളിനീലം)	1	1	1	2	40	60
6.	കറിപൗഡർ (വനിതാ യൂനിറ്റ്)	1	6	–	6	30	–
7.	ഇഷ്ടിക നിർമ്മാണം	6	110	40	150	50	100
8.	കളിയടയ്ക്ക നിർമ്മാണം	4	360	130	490	40	100
9.	ഫർണിച്ചർ ഷോപ്പ്	2	-	6	6	–	150
10.	തയ്യൽ പരിശീലനവും റെഡിമെയ്ഡ് യൂനിറ്റും	5	58	–	58	25	—

പ്രശ്നങ്ങൾ

64.54 ചതുരശ്ര കിലോമീറ്റർ ചുറ്റളവും 30498 ജനസംഖ്യയുമുള്ള ഈ പഞ്ചായത്തിൽ 99% ജനങ്ങളും കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. അവർക്കാവശ്യമുള്ള നിത്യോപയോഗസാധനങ്ങൾ അന്യസംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്താണ് ജീവിക്കുന്നത്. നമ്മുടെ വ്യവസായ മേഖലകൾ നേരിടുന്ന മുഖ്യ പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

1. അസംസ്കൃത പദാർത്ഥങ്ങൾ കയറ്റി അയക്കുകയും സംസ്കൃത പദാർത്ഥങ്ങൾ ഇറക്കുമതി ചെയ്യുകയും ചെയ്യുന്നു.

2. മുഖ്യ കാർഷിക വിളയായ അടക്ക, നേന്ത്രക്കായ, ഇഞ്ചി, കാപ്പി, കശുവണ്ടി എന്നിവ പ്രയോജനപ്പെടുത്തിയുള്ള വ്യവസായങ്ങൾ ആരംഭിക്കാൻ നമുക്ക് സാധിച്ചിട്ടില്ല.

3. റബർ, കാപ്പി, കുരുമുളക്, കറപ്പത്തോൽ എന്നിവ ഉപയോഗിച്ചുള്ള ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാനും നമുക്ക് കഴിഞ്ഞിട്ടില്ല.

4. സഹകരണ മേഖലയിലെ വ്യവസായങ്ങൾ നഷ്ടത്തിൽ കലാശിച്ചത്.

5. സാങ്കേതിക പരിജ്ഞാന കുറവ്.

6. വൈദ്യുതി ലഭിക്കുന്നതിനുള്ള പ്രശ്നങ്ങൾ

7. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള സാദ്ധ്യത ഇല്ലായ്മ.

8. വനിതകൾക്കുള്ള തൊഴിൽ സാദ്ധ്യതാ കുറവ്.

9. വിപണന സാദ്ധ്യത കുറവ്.

10. പരമ്പരാഗത തൊഴിലാളികൾക്ക് അസംസ്കൃത സാധനങ്ങൾ ലഭിക്കായ്ക.

11. പുതിയ തലമുറയ്ക്ക് പരമ്പരാഗത തൊഴിലിനെ കുറിച്ചുള്ള അറിവില്ലായ്മ.

12. വ്യവസായ ശൃംഖലയുടെ കുറവ്

13. വ്യവസായ വികസനത്തിന് ശാസ്ത്രീയ ബോധവൽക്കരണത്തിന്റെ കുറവ്.

14. വ്യവസായ സംരംഭകർക്ക് സ്വതന്ത്രമായി വ്യവസായം തുടങ്ങുന്നതിന് മറ്റുള്ളവരുടെ ഇടപെടൽ.

15. ഗതാഗത സൗകര്യത്തിന്റെ അപര്യാപ്തത.

സാധ്യതകൾ

1. അടയ്ക്ക വ്യവസായം

പഞ്ചായത്തിൽ ഏകദേശം പ്രതിവർഷം 300 s ണ്ണോളം പാക്ക് ഉൽപാദിപ്പിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് 490ൽ പരം തൊഴിലാളികൾ പ്രത്യക്ഷമായും 2000ൽപരം തൊഴിലാളികൾ പരോക്ഷമായും ബന്ധപ്പെട്ട് ജീവിക്കുന്നുണ്ട്. ഈ അടയ്ക്ക മുഴുവനും അന്യസംസ്ഥാനങ്ങളിലേക്ക് കയറ്റി അയക്കുകയാണ് ചെയ്യുന്നത്. ഇവിടെ ഇതിന് ഒരു വ്യവസായ ശാല തുടങ്ങിയാൽ ഏതാണ്ട് 5000 തൊഴിലാളികൾക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ ലഭിക്കുന്നതാണ്. കൂടാതെ കർഷകന് ഇന്നുള്ളതിനെക്കാളും മെച്ച

പ്പെട്ട വില ലഭിക്കുകയും കുറഞ്ഞ വിലക്ക് പ്രത്യുല്പന്നം ഉപഭോക്താവിന് ലഭിക്കുകയും ചെയ്യും.

2. കാപ്പി അധിഷ്ഠിത വ്യവസായം

ഈ പഞ്ചായത്തിലെ സാർവ്വത്രിക കൃഷിയായ കാപ്പി ഇന്ന് മുഴുവനും കയറ്റി അയക്കുകയാണ് ചെയ്യുന്നത്. അന്യസംസ്ഥാനങ്ങളിൽ നിന്ന് പൊടിയായി വിദേശങ്ങളിലേക്ക് കയറ്റി അയക്കുന്നു. കാപ്പിയുടെ നിയന്ത്രണം എടുത്തു കളഞ്ഞതു കൊണ്ട് ഈവ്യവസായത്തിന് ആവശ്യമായ ഉൽപന്നം ലഭിക്കുന്നതിന് വിഷമമില്ല. കാപ്പി പൊടി വ്യവസായ യൂനിറ്റ് ആരംഭിക്കുകയാണെങ്കിൽ നമ്മുടെ പഞ്ചായത്തിൽ വനിതകൾ അടക്കമുള്ള ആയിരത്തോളം പേർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതാണ്. മുറിച്ച് കളയുന്ന കൊമ്പുകൾ ഉപയോഗിച്ച് കരകൗശലവസ്തുക്കൾ നിർമിക്കുന്ന യൂനിറ്റുകൾക്ക് വളരെയേറെ സാദ്ധ്യതയുണ്ട്.

3. ഇഷ്ടിക നിർമ്മാണം

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇഷ്ടിക യൂനിറ്റുകൾ ഉണ്ടെങ്കിലും കമ്പനി ഇഷ്ടികക്കും മറ്റ് ഡിസൈൻ ഓടുകൾക്കും മറ്റ് ജില്ലകളെയാണ് നാം ആശ്രയിക്കുന്നത്. ഈ സാഹചര്യത്തിൽ കെട്ടിട നിർമ്മാണത്തിനാവശ്യമായ ഇഷ്ടിക, ഓട്, പൂച്ചെട്ടികൾ, കൂജ മുതലായ സാധനങ്ങൾ നിർമ്മിക്കുന്ന ഒരു വ്യവസായ യൂനിറ്റിന് ഇവിടെ വളരെയേറെ സാധ്യതയുണ്ട്.

4. ആയുർവ്വേദ ഔഷധ നിർമ്മാണം

പശ്ചിമ ഘട്ടത്തിന്റെ ഭാഗമായുള്ള മംഗലശ്ശേരി മലമുകളിലും, പഞ്ചായത്തിന്റെ മറ്റ് പ്രദേശങ്ങളിലും കാണപ്പെടുന്ന പച്ചമരുന്നുകൾ ശേഖരിച്ച് മറ്റു ജില്ലകളിലേക്കാണ് കൊണ്ടു പോകുന്നത്. ഇത്തരം ഔഷധച്ചെടികൾ നിലനിർത്തുന്നതിനും പുതിയവ കണ്ടെത്തി കൃഷി ചെയ്ത് അതിൽ നിന്ന് ഔഷധങ്ങൾ നിർമ്മിക്കുന്നതിനുള്ള ഒരു യൂനിറ്റ് തുടങ്ങുന്നതിന് ഒട്ടേറെ സാദ്ധ്യതകൾ ഉണ്ട്. ഈ സംരംഭത്തിന് ഇവിടത്തെ ആദിവാസികളുടെ അനുഭവ സമ്പത്ത് ഉപയോഗിക്കാവുന്നതും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയുന്നതാണ്.

5. ആധുനിക ഗൃഹോപകരണ നിർമ്മാണ ശാല

നമ്മുടെ പഞ്ചായത്തിൽ മരം ഉപയോഗിച്ച് നല്ല ഫർണിച്ചറുകൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾ ഇല്ലെന്ന് പറയാം. സമീപ പ്രദേശങ്ങളായ എടവക, ദ്വാരക തുടങ്ങിയ സ്ഥലങ്ങളിൽ ഈ വ്യവസായം നടന്നു വരുന്നുണ്ട്. മൂന്ന് ഈർച്ചമില്ലുകൾ ഉള്ള ഈ പഞ്ചായത്തിൽ ഈ വ്യവസായത്തിന് സാദ്ധ്യതകൾ ഏറെയാണ്. ഒട്ടനവധി തൊഴിൽ സാദ്ധ്യതകളും ഉണ്ട്.

6. ക്രഷറും അനുബന്ധ വ്യവസായങ്ങളും

പഞ്ചായത്തിൽ പുളിഞ്ഞാൽ കേന്ദ്രമായി ഒരു ക്രഷർ പ്രവർത്തിക്കുന്നുണ്ട്. ഇതുപോലുള്ള കൂടുതൽ ക്രഷറുകൾ തുടങ്ങാനുള്ള സാദ്ധ്യതകളും ഈ പഞ്ചായത്തിലുണ്ട്. കെട്ടിട നിർമ്മാണാവശ്യത്തിനുള്ള കല്ല്, ഹോളോ ബ്രിക്സ്, അതുപോലെ റോഡ് ടാറിംഗ്, കിണർ നിർമാണാവശ്യത്തിനുള്ള സാമഗ്രികൾ എന്നിവയുടെ ആവശ്യം വളരെയേറെയാണ്. അതുകൊണ്ട് ഈ പഞ്ചായത്തിൽ കരിങ്കൽ അനുബന്ധ വ്യവസായം തുടങ്ങിയാൽ ഏതാണ്ട് 1500 ൽ പരം പേർക്ക് തൊഴിലവസരങ്ങൾ ലഭിക്കുന്നതും ചുരുങ്ങിയ നിരക്കിൽ ആവശ്യക്കാർക്ക് സാധനങ്ങൾ ലഭിക്കുന്നതുമാണ്.

7. ജൈവ വള വ്യവസായ യൂനിറ്റ്

90% കാർഷികമേഖലയായ ഈ പഞ്ചായത്തിൽ കന്നുകാലി വളർത്തൽ കുറഞ്ഞു വന്ന സാഹചര്യത്തിൽ ജൈവവളത്തിന്റെ ഉപയോഗം വളരെ കുറഞ്ഞിരിക്കുകയാണ്. അതോടൊപ്പം രാസവളത്തിന്റെ അമിത പ്രയോഗവും ഉണ്ടായിട്ടുണ്ട്. ഇത് നമ്മുടെ മണ്ണിന്റെ ഘടനതന്നെ മാറ്റി മറിക്കുന്നതാണ്. ജൈവവളത്തിന്റെ ഉപയോഗത്തെപറ്റികർഷകരിൽ ആവശ്യമായ ബോധവൽക്കരണം നടത്തുകയും അതോടൊപ്പം കർഷകർക്ക് ജൈവവളം ലഭിക്കുന്നതിനുള്ള സംരംഭങ്ങൾ നടത്തേണ്ടതാണ്. കാപ്പിതൊണ്ട്, ഉമി, അടയ്ക്കാതോട്, പച്ചിലകൾ, വാഴയുടെ അവശിഷ്ടങ്ങൾ എന്നീ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് പഞ്ചായത്തിൽ ഒരു ജൈവവള യൂനിറ്റ് ഉണ്ടാക്കുന്നതിന് സാദ്ധ്യത ഏറെ ഉണ്ട്. അതുവഴി ചുരുങ്ങിയത് 100 പേർക്കെങ്കിലും തൊഴിൽ സാദ്ധ്യതയും ഉണ്ട്.

8. കാലിത്തീറ്റനിർമാണം

മാർക്കറ്റിൽ കാലിത്തീറ്റക്ക് ഇന്ന് തീ പിടിച്ച വിലയാണ്. പശു വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന ഏതാണ്ട് 500ഓളം കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. കൂടുതൽ ആളുകൾ ദിനം പ്രതീ ഈ രംഗത്ത് വന്നുകൊണ്ടിരിക്കുകയുമാണ്. നന്നായി പ്രവർത്തിക്കുന്ന ക്ഷീര വികസന യൂനിറ്റും ഇവിടെ ഉണ്ട്. കാലിത്തീറ്റ ഉണ്ടാക്കുന്നതിനാവശ്യമായ ധാരാളം അസംസ്കൃത പദാർത്ഥങ്ങൾ ഇവിടെ ലഭ്യമാണ്. ഈ സാഹചര്യത്തിൽ നമ്മുടെ പഞ്ചായത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി ആരംഭിക്കാനാവുന്നതാണ്. ഇത് വഴി 50 പേർക്കെങ്കിലും തൊഴിൽ ലഭിക്കുകയും ആവശ്യക്കാർക്ക് ന്യായമായ വിലക്ക് കാലിത്തീറ്റ ലഭിക്കുന്നതുമാണ്.

9. കോഴി വളർത്തൽ

ഇറച്ചികോഴികളെയും മുട്ടകോഴികളെയും വ്യവസായ അടിസ്ഥാനത്തിൽ വളർത്തുന്നതിനാവശ്യമായ സാങ്കേതിക സഹായവും സാമ്പത്തിക സഹായവും അനു

വദിക്കുന്നതായാൽ ചുരുങ്ങിയത് നൂറ് കുടുംബങ്ങൾക്കെങ്കിലും തൊഴിൽ ലഭിക്കുകയും വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കുന്നതുമാണ്.

10. ഇറച്ചി വ്യവസായം

ഈ പഞ്ചായത്തിൽ ധാരാളം മാംസം ദിനംപ്രതി ഉപയോഗിച്ചു വരുന്നുണ്ട്. ഇതിന് രോഗം ബാധിച്ച മാടുകളെ പോലും ഉപയോഗിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ പഞ്ചായത്തിലേക്കാവശ്യമായ ഇറച്ചിക്കുള്ള ആടുമാടുകളെ വളർത്തുന്നതിനുള്ള (സ്വകാര്യ മേഖലയിലോ സഹകരണാടിസ്ഥാനത്തിലോ) യൂനിറ്റ് ആരംഭിക്കാവുന്നതുമാണ്. നല്ലയിനം മാടുകളെ ഇതിന് ഉപയോഗിക്കുന്നതും ഇതുവഴി തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കാനും കഴിയും.

11. പരമ്പരാഗത വ്യവസായം

പഴയ കാലത്ത് വെള്ളമുണ്ട പഞ്ചായത്തിൽ പ്രത്യേകിച്ച് പട്ടിക ജാതിയിൽ പെട്ട ആളുകൾ നല്ല രീതിയിൽ ഉള്ള വട്ടി, കൊട്ട, മുറം, തൊട്ടിൽ മുതലായവ ഉണ്ടാക്കിയിരുന്നു. എന്നാൽ ഇന്ന് ആവശ്യത്തിനുള്ള അസംസ്കൃത പദാർത്ഥങ്ങൾ കിട്ടാത്തതുകൊണ്ട് പ്രവർത്തനം നിലച്ചിരിക്കുകയാണ്. ഇത് പുനരുജ്ജീവിപ്പിക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ സൊസൈറ്റി രൂപീകരിച്ച് അതു വഴി അസംസ്കൃത സാധനങ്ങൾ നൽകുകയും അവർ ഉണ്ടാക്കുന്ന ഉൽപന്നങ്ങൾ സൊസൈറ്റി വഴി വിറ്റഴിക്കാൻ കഴിയുന്നതുമാണ്.

12. പാലും പാലുൽപന്നങ്ങളും

നമ്മുടെ പഞ്ചായത്തിൽ ക്ഷീര വികസന യൂനിറ്റ് നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. സ്ത്രീകളെ സംഘടിപ്പിച്ചുകൊണ്ട് പാൽ ഉൽപന്നങ്ങൾ നിർമിക്കുന്ന ഒരു യൂനിറ്റ് തുടങ്ങാവുന്നതാണ്. ആയതിന് ആവശ്യമായ സാമ്പത്തിക സഹായവും പരിശീലനവും നൽകുന്നതായാൽ ചുരുങ്ങിയത് പത്ത് പേർക്കെങ്കിലും തൊഴിൽ സാദ്ധ്യത ഉണ്ട്. ഉൽപന്നങ്ങൾ വിറ്റഴിക്കുവാനും സാധിക്കുന്നതാണ്.

13. അച്ചടി നോട്ട് ബുക്ക് നിർമ്മാണ്, പുസ്തക കവർ പാഡ് നിർമ്മാണ യൂനിറ്റ്

ഈ പഞ്ചായത്തിൽ അച്ചടിക്കാവശ്യമായ പ്രസ്സോ നോട്ട് ബുക്ക് നിർമ്മിക്കുന്ന യൂനിറ്റോ ഇല്ല. സ്ത്രീകൾക്ക് ജോലി നൽകുന്നതിന് ഇത്തരത്തിലുള്ള ഒരു യൂനിറ്റ് ഇവിടെ ആരംഭിക്കാവുന്നതാണ്. ഇതുവഴി 10 വനിതകൾക്ക് ജോലി നൽകുവാനും ഈ പ്രദേശത്തെ സ്കൂളുകൾ, ഓഫീസുകൾ എന്നിവയ്ക്കാവശ്യമായ സാധനങ്ങൾ വിതരണം ചെയ്യുവാനും മിച്ചമുള്ള മറ്റു പ്രദേശങ്ങളിൽ വിറ്റഴിക്കാനും കഴിയുന്നതാണ്.

14. പഴസംസ്കരണ യൂനിറ്റ്

ഒട്ടനവധി പഴങ്ങൾ ലഭ്യമാകുന്ന ഈ പ്രദേശത്ത് ഒരു പഴസംസ്കരണ യൂനിറ്റിന് വളരെയേറെ സാദ്ധ്യതകൾ ഉണ്ട്. ഏറെ തൊഴിൽ സാദ്ധ്യതയും ഉണ്ടാകുന്നതാണ്.

15. ഇഞ്ചി സംസ്കരണ യൂനിറ്റ്

നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ ഇഞ്ചി കൃഷി ചെയ്യുന്നവരാണ്. മറ്റു സംസ്ഥാനങ്ങളിലെക്ക് കയറ്റി അയക്കുകയാണിപ്പോൾ ചെയ്യുന്നത്. കർഷകന് ന്യായമായ വിലയും ലഭിക്കുന്നില്ല. ഇവിടെ ഒരു ഇഞ്ചി സംസ്കരണ യൂനിറ്റിനുള്ള സാദ്ധ്യത ഏറെയാണ്.

വ്യവസായപരമായി പിന്നോക്കം നിൽക്കുന്ന നമ്മുടെ പഞ്ചായത്തിൽ മുമ്പുണ്ടായിരുന്ന ബീഡി വ്യവസായം, പപ്പട നിർമാണം, ക്കനീറ്റൽ, കുടനിർമ്മാണം, മെഴുകുതിരി നിർമ്മാണം, ബേബിഫുഡ് നിർമ്മാണം എന്നിവയും ആരായാവുന്നതാണ്.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ ഒരു ജനകീയ ചർച്ചയുടെ മുൻഗണനാ ക്രമത്തിൽ നടപ്പാക്കുക വഴി നമ്മുടെ പഞ്ചായത്തിന് ചെറുകിട വ്യവസായ രംഗത്ത് കാര്യമായ മാറ്റം വരുത്താൻ സാധിക്കും. തൊഴിലില്ലായ്മക്കും വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നതോടൊപ്പം നമ്മുടെ പഞ്ചായത്തിലെ വ്യവസായ സംസ്കാരത്തിന് ഒരു നൂതന അദ്ധ്യായം തുറക്കാൻ സാധിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം. ❐

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

വെള്ളമുണ്ട പഞ്ചായത്ത് 1961 ഫെബ്രുവരി 28-ാം തീയ്യതി വെള്ളമുണ്ട, പൊരുന്നന്നൂർ വില്ലേജുകൾ ഉൾപ്പെടുത്തി രൂപീകരിച്ചു. 64.54 ച.കീ.മീറ്ററാണ് ഈ പഞ്ചായത്തിന്റെ വിസ്തീർണ്ണം. 1991ലെ സെൻസെസ് അനുസരിച്ച് ഈ പഞ്ചായത്തിലെ ജനസംഖ്യ 30498 ആണ്. പഞ്ചായത്ത് നിലവിൽ വരുന്ന സമയത്ത് വെള്ള മുണ്ട - മാനന്തവാടി റോഡ് മാത്രമെ ടാറിങ്ങ് റോഡുണ്ടായിരുന്നുള്ള. എന്നാൽ ഇന്ന് അതിൽ നിന്ന് വളരെ മാറ്റം വന്നിട്ടുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യയുമായി തട്ടിച്ചു നോക്കുമ്പോൾ ഒരാൾക്ക് 1.മീ. 28 സെ.മീ. മാത്രമെ ടാറിങ്ങ് ഉള്ളു. PWD ടാറിങ്ങ് റോഡ് 19.6 കി.മീറ്ററും, പഞ്ചായത്ത് ടാറിങ്ങ് റോഡ് 19.49 കീ.മീറ്ററും ആണ്. പഞ്ചായത്തിലെ റോഡ് സംബന്ധിച്ച രജിസ്ട്രറിലെ വിവരങ്ങളും നിലവിലുള്ള റോഡുകളും തമ്മിൽ വളരെ വ്യത്യാസം ഉണ്ട്. ആയതിനാൽ അത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതായിട്ടുണ്ട്.

പഞ്ചായത്ത് ടാർ റോഡുകൾ
പട്ടിക.1

നമ്പർ	റോഡ്	ഉടമസ്ഥ സ്ഥിതി	ദൂരം കി.മീ.
1.	കണ്ടത്തുവയൽ - പീച്ചങ്കോട് പി.എച്ച്.സി.വരെ	PWD	7
2.	നാലാം മൈൽ - കെല്ലൂർ (പനമരം റോഡ്)	PWD	1.50
3.	തരുവണ - പുതുശ്ശേരിക്കടവ്	PWD	4
4.	കെല്ലൂർ - കാരക്കാമല - ചേരിയാകൊല്ലി	PWD	1
5.	വെള്ളമുണ്ട - മൊതക്കര - വാരാമ്പറ്റ	PWD	6.1
			19.600 കി.മീ.

നമ്പർ	റോഡ്	ഉടമസ്ഥ സ്ഥിതി	ദൂരം കി.മീ.
1.	വെള്ളമുണ്ട - കല്ലേരി റോഡ്	പഞ്ചായത്ത്	2.4
2.	മൊട്ടമ്മൽ റോഡ്	പഞ്ചായത്ത്	625
3.	കട്ടയാട് - ആറുവാൾ	പഞ്ചായത്ത്	3.750
4.	പീച്ചങ്കോട് - കാട്ടിച്ച റിക്കൽ	പഞ്ചായത്ത്	520
5.	കട്ടയാട്-പാതിരിച്ചാൽ	പഞ്ചായത്ത്	1.950
6.	കെല്ലൂർ -കൊമ്മയാട് സ് ക്കൂൾ	പഞ്ചായത്ത്	1.900
7.	തരുവണ - കരിങ്ങാരി	പഞ്ചായത്ത്	1
8.	തരുവണ - പാലിയാണ	പഞ്ചായത്ത്	2
9.	കണ്ടത്തുവയൽ - മീത്തൽ റോഡ്	പഞ്ചായത്ത്	1
10.	വെളികർണ - പുളിഞ്ഞാൽ നാരോക്കടവ്	പഞ്ചായത്ത്	3.50
11.	ഏഴാം മൈൽ മുക്കുറ്റിച്ച ാൽ	പഞ്ചായത്ത്	600
12.	വെളിയർണ-തേനമല റോഡ് അപ്രോച്ച്	പഞ്ചായത്ത്	200
13.	കണ്ടത്തുവയൽ - വെള്ളിലാടി റോഡ്	പഞ്ചായത്ത്	50
14.	വെളിയർണ - ആശുപത്രി റോഡ്	പഞ്ചായത്ത്	400

ഇതിൽ PWD ഏറ്റെടുത്ത കെല്ലൂർ ചേരിയം കൊല്ലി റോഡിൽ 1.50 കി.മീ. മെറ്റലിട്ടതാണ്. കെല്ലൂർ കാരക്കാമല ചേരിയം കൊല്ലി റോഡ് PWD ഏറ്റെടുത്ത് പണി ആരംഭിച്ചിട്ടുണ്ട്. എന്നാൽ വെള്ളമുണ്ട വാരാമ്പറ്റ റോഡ്

PWD ഏറ്റെടുത്തതല്ലാതെ ഇതുവരെ യാതൊരു പണിയും ആരംഭിച്ചിട്ടില്ല. ഈ റോഡിലുള്ള യാത്ര വളരെയേറെ ദുഷ്കരമാണ്. കണ്ടത്തുവയൽ - പീച്ചങ്കോട് പി.എച്ച്.സി. റോഡിൽ, വെള്ളമുണ്ട 8/4 ക്ഷീരോല്പാദനക സഹകരണ സംഘത്തിന് സമീപവും, പീച്ചങ്കോട് മില്ലിന് സമീപവും വെള്ളം കെട്ടി നിന്ന് എല്ലാ വർഷവും റോഡ് തകരുന്ന സ്ഥിതിയുണ്ട്.

പഞ്ചായത്ത് ടാർ ചെയ്ത റോഡുകൾ തന്നെ പൂർത്തിയാക്കാത്ത പലതുമുണ്ട്. അത് അടിയന്തിരമായും പൂർത്തിയാക്കേണ്ടതാണ്.

മാക്കണം.

ബസ്സ് സർവ്വീസുള്ള റോഡുകളെക്കുറിച്ച്

1.മാനന്തവാടി - വടകര റോഡ്

2.തരുവണ - കൽപ്പറ്റ റോഡ്

3.മാനന്തവാടി - പനമരം- കോഴിക്കോട് റോഡ്

4.വെള്ളമുണ്ട 8/4 - വാരാമ്പറ്റ - പടിഞ്ഞാറെത്തറ റോഡ്

5.വെള്ളമുണ്ട - നാരോക്കടവ് റോഡ്

പൂർത്തികരിക്കാത്ത റോഡുകൾ

റോഡ്	ദൂരം	ടാറിങ്ങ് പൂർത്തിയാകാത്ത ഭാഗം
തരുവണ - കരിങ്ങാരി - കൊമ്മയാട് റോഡ്	1.50	കരിങ്ങാരി സ്ക്കൂൾ മുതൽ കൊമ്മയാട് സ്ക്കൂൾ വരെ
മൊതക്കര - പുളിഞ്ഞാൽ റോഡ്	1	മൊതക്കര മുതൽ കുണ്ടിൽ വീട് വരെ
വെളിയരണ - തേറ്റാമല റോഡ്	800	വെളിയരണ മുസ്ലീം പള്ളി മുതൽ കമ്പിപാലം വരെ
ഏഴാം മൈൽ മുക്കുറ്റിച്ചാൽ റോഡ്	400	ബാക്കി ഭാഗം
തരുവണ - കക്കടവ് റോഡ്	1	കക്കടവ് ഭാഗം
നാരോക്കടവ് - പുളിഞ്ഞാൽ	500	ബാക്കിഭാഗം

റോഡ് ഗതാഗതം - പ്രശ്നങ്ങൾ

1. ടാക്സി സ്റ്റാൻറ് ഇല്ലാത്തത്

പ്രധാന മൂന്ന് കവലകളായ പത്താം മൈൽ , 8/4 കട്ടയാട്, തരുവണ എന്നിവിടങ്ങളിൽ ടാക്സി വാഹനങ്ങൾക്ക് പ്രത്യേകം പാർക്കിങ്ങ് സൗകര്യം ഇല്ലാത്തത് വാഹന ഗതാഗത തടസ്സം സൃഷ്ടിക്കുന്നു. ഇത് പരിഹരിക്കുന്നതിന് പഞ്ചായത്ത് പാർക്കിങ്ങ് സൗകര്യം ഉണ്ടാക്കണം.

2. റോഡ് വീതി കൂട്ടുമ്പോൾ ഇലക്ട്രിക്ക്, ടെലഫോൺ പോസ്റ്റുകൾ, യഥാസമയം പറിച്ച് മാറ്റാത്തത് കൊണ്ട് റോഡ് വീതി കൂട്ടുന്നതിൻെറ ഉപയോഗം കിട്ടുന്നില്ല.

3. റോഡിനിരുവശവും വെള്ളം ഒഴുകിപ്പോകാൻ ഉള്ള സംവിധാനത്തിൻെറ അപര്യാപ്തത മൂലം റോഡുകൾ എളുപ്പം കേടു വരുന്നു. കാര്യക്ഷമമായി അഴുക്കുചാൽ നിർമ്മിക്കണം.

4. ടാറിങ്ങിന് പകരം റബ്ബറൈസ്ഡ് റോഡുകൾ നിർമ്മിച്ചാൽ റോഡിൻെറ തകർച്ച ഒരു പരിധി വരെ തടയാം.

5. റോഡ് ടാറിങ്ങ് പ്രവൃത്തി സമയം കർശനമായി പാലിക്കണം. ടാറിങ്ങിൻെറ ഗുണപരിശോധന കർശന

ബസ്സ് സർവ്വിസ് നിലച്ചു പോയ റോഡുകൾ

1. കെല്ലൂർ - ചേരിയംകൊല്ലി PWD റോഡ്
2. തരുവണ - കക്കടവ് റോഡ്
3. കട്ടയാട് - പാതിരിച്ചാൽ റോഡ്
4. 8/4 ഒഴുക്കവുല - പടിഞ്ഞാറത്തറ റോഡ്

റോഡിൻെറ ശോച്യാവസ്ഥയാണ് ബസ്സ് നിലക്കാനുള്ള പ്രധാന കാരണം. റോഡ് പണി പൂർത്തീകരിച്ച് ഗതാഗതം പുനസ്ഥാപിക്കണം.

5. കുണ്ടിൽ വീട് - മൊതക്കര റോഡ് പണി പൂർത്തീകരിച്ച് മാനന്തവാടിയിൽ നിന്നും മൊതക്കര പുളിഞ്ഞാൽ വഴി സർക്കുലർ സർവ്വീസ് ആരംഭിക്കണം.

6. മാനന്തവാടി കുറ്റ്യാടി ചെയിൻ സർവ്വീസ് ആരംഭിക്കണം.

7. മാനന്തവാടി - കൊമ്മയാട് - കരിങ്ങാരി - തരുവണ - മാനന്തവാടി സർക്കുലർ സർവ്വീസ് ആരംഭിക്കണം.

8. വെള്ളമുണ്ട 8/4 ൽ നിന്നും കല്ലോടി വഴി മാനന്താവാടിക്ക് സർക്കുലർ സർവ്വീസ് ആരംഭിക്കണം.

റോഡുകളും പരിസ്ഥിതി പ്രശ്നവും

പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ നിരവധി മരങ്ങൾ മുറിച്ച് മാറ്റപ്പെടുന്നു. അവയ്ക്ക് പകരമായി റോഡിന് ഇരുവശവും സ്വാഭാവിക വനങ്ങൾ വെച്ചു പിടിപ്പിക്കേണ്ടതാണ്.

മെറ്റലിട്ടതും ടാർ ചെയ്യേണ്ടതുമായ റോഡുകൾ	വാർഡ്
1. വെളിയരണ - മംഗലശ്ശേരി റോഡ്	I,II
2. കൊമ്മയാട് - കാരക്കാമല	XI
3. നടക്കൽ - പാതിരിച്ചാൽ റോഡ്	VIII, IX
4. പീച്ചങ്കോട്, കോഴിപ്പാലം കുന്ന് റോഡ്	XI, XII
5. ഒഴുക്കമല - വാളുമുക്കി റോഡ്	VI
6. പുളിഞ്ഞാൽ - നെല്ലിക്കച്ചാൽ റോഡ്	III
7. 9ൽ മാക്കണ്ടി - ആലക്കണ്ടി	IV
8. കെല്ലൂർ - കാപ്പും കുന്ന് റോഡ്	XI, XII
9. ആലഞ്ചേരി - മല്ലിശ്ശേരി കുന്ന് - അത്തിക്കൊല്ലി റോഡ്	IV,VI
10. വെളിയർണ - തേറ്റമല താഴെ റോഡ്	II
11. ചേറുകര സ്ക്കൂൾ റോഡ്	VI

മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ	
1. പൂരിഞ്ഞി - കുണ്ടറക്കൊല്ലി	I
2. കിണറ്റിങ്കൽ - ചെമ്പ്രംകുഴി	I
3. വെളിയരണ-മില്ലുമുക്ക്-കീരിതോട് റോഡ്	II
4. വെളിയരണ വയൽ-മംഗലശ്ശേരി കോളനി വലക്കോട്ടിൽ	II
5. നാരോക്കടവ് - പെരുങ്കുളം	III
6. ആലക്കണ്ടി - വാളാരം കുന്ന്	III
7. പുളിഞ്ഞാൽ - നാരോക്കടവു	III
8. മൊതക്കര - മല്ലിശ്ശേരി കുന്ന് - വാളുമുക്കി	IV, VI
9. മേച്ചേരി കോളനി - ഒഴുക്കൻകല റോഡ്	IV,V
10 ആലഞ്ചേരി - പുളിഞ്ഞാൽ പള്ളി	III,IV
11.പഴഞ്ചന - അഞ്ചാം പീടിക	V
12.കട്ടയാട് - മെതിയടിക്കുന്ന്	V
13. കോക്കടവ് - ഉപ്പംനടറോഡ്	VIII
14. കോക്കടവ് - തീർത്ഥക്കടവ്	VIII
15. 7/2 - ഊരംകണ്ടി റോഡ്	VIII
16. തൊണ്ണംപറ്റ - തരുവണ റോഡ്	IX
17. നടക്കൽ - കരിങ്ങാരി സ്ക്കൂൾ റോഡ്	IX,X
18. കക്കടവ് - വെടുപാറ റോഡ്	X,XI
19. കയക്കണ്ടം - കരിക്കുറ്റി റോഡ്	X
20 കാരാട്ടുകുന്ന് - വേലൂക്കര കുന്ന്റോഡ്	XI, XII
21. കെല്ലൻ - വേലൂക്കര കുന്ന് റോഡ്	XI,XII
22. നടക്കൽ - പാതിരിചാൽ റോഡ്	IX,VIII
23. മൊതകര-അത്തിക്കൊല്ലി-വാളുമുക്കിറോഡ്	IV,V
24. പുലിക്കാട് - കുറുന്തോൽ കോളനി - പാലയാണറോഡ്	VII,IX
25.ഒഴുക്കവൂല - വാളുമുക്കി റോഡ് (ബാക്കി)	V,VI
26.കാപ്പുവയൽ - കൂട്ടിക്കുറി റോഡ്	
27.എരുവഞ്ചേരി പടി - പുതുശ്ശേരി റോഡ്	

റോഡ് നിർമ്മിച്ച് മെറ്റൽ ചെയ്യേണ്ടവ :	
1. പില്ലാച്ചാൽ-പന്നിക്കുഴി-ഏച്ചിക്കൊല്ലി റോഡ്	I
2. മംഗലശ്ശേരി - കിണറ്റിങ്കൽ	,,
3. കിണറ്റിങ്കൽ - എടോട്കൊല്ലി	,,
4. ചെമ്പ്രം കുഴി - എടത്തുംമൂല	,,
5. കണ്ടത്തുവയൽ - വാളാമൂല	,,
6. ചൂണ്ടൻ മൂല റോഡ്	II
7. വെളിയർണമില്ല് മുക്ക് - പുല്ലോര കുറിച്യ കോളനി റോഡ്	,,
8. മാടത്തുംകുനി റോഡ്	,,
9. കരുവണശ്ശേരി റോഡ്	,,
10. കണ്ണിവയൽ - ഉളിഞ്ഞാൽ റോഡ്	III
11. പുളിഞ്ഞാൽ-പെരുങ്കുളം-വാളാരം കുന്ന്	,,
12. പുളിഞ്ഞാൽ - കക്കോട്ടറപാലേരി	,,
13. നാരോക്കടവ് - ആലക്കണ്ടി	,,
14. നാരോക്കടവ് - കണ്ണിവയൽ	,,
15. പുളിഞ്ഞാൽ-മംഗലശ്ശേരി-പള്ളിത്താഴെ	,,
16. വീട്ടിക്കാപറമ്പിൽ-ചാമക്കാലായിൽറോഡ്	,,
17. നാരോക്കടവ് - മുള്ളൻ കണ്ടി റോഡ്	,,
18. പുളിഞ്ഞാൽ - ഓണിമേൽ റോഡ്	,,
19. മല്ലിശ്ശേരി കുന്ന് - ചെറുകര റോഡ്	IV
20. കോടഞ്ചേരി-ഇല്ലിമുക്ക് റോഡ് (നാരോക്കടവ്)	,,
21. മയിലാടുംകുന്ന് - മാനിയിൽ	,,
22. മൊതക്കര - ഒരപ്പ് തോട്	,,

23.	കൊച്ചാറ - നെല്ലിക്കച്ചാൽ റോഡ്	,,
24.	കൊച്ചാറ-അത്തിക്കൊല്ലികോളനിറോഡ്	,,
25.	കൊക്കാല - കുണ്ടിൽ വീട് റോഡ്	,,
26.	വണ്ടംകുഴി - എടത്തിപ്പടി റോഡ്	,,
27.	മൊതക്കര രണ്ടാംമൈൽ-മല്ലിശ്ശേരി കുന്ന്	,,
28.	8/4 കട്ടയാട് - മാങ്ങോട്ട്	V
29.	പഴഞ്ചന - പഴയങ്ങാടി	,,
30.	ആലഞ്ചേരി മുക്ക് - പുല്ലോറ റോഡ്	,,
31.	8/4 കട്ടയാട് - നടാഞ്ചേരി റോഡ്	,,
32.	8/4 കട്ടയാട് - പടാരി റോഡ്	,,
33.	പന്തച്ചാൽ - പാറയാട്ട് കുന്ന് റോഡ്	,,
34.	മുട്ടുനട റോഡ്	,,
35.	വെള്ളമുണ്ടഎച്ച് .എസ് .-ഒഴുക്കമൂല റോഡ്	,,
36.	ആലഞ്ചേരി - ഒഴുക്കുമൂല റോഡ്	,,
37	കാക്കഞ്ചേരി-കള്ളംവെട്ടി-പുഞ്ച വയൽ	VI
38.	മാന്താടി മൂല - എരുവഞ്ചേരി റോഡ്	VII
39.	പുരിക്കാട് കുന്ന് - അരിക്കര റോഡ്	,,
40.	പുലിക്കാട് - പരിയാരം റോഡ്	,,
41.	പാലിയാണ-പരത്തിയാട്ടു കോളനിറോഡ്	,,
42.	വെള്ളരികുന്ന് - കട്ടയാട് റോഡ്	VIII
43.	7/4 ഒഴുക്കൻ മൂല - പന്തച്ചാൽ റോഡ്	,,
44.	പാതിരിച്ചാൽ - തീർത്ഥക്കടവ് റോഡ്	,,
45.	പില്ലേരി കോളനി - കോപ്രാൽ റോഡ്	,,
46.	വില്ലേജ് കുന്ന് - കോളനി റോഡ്	IX
47.	ആറാം മൈൽ - ഊരംകുന്ന് റോഡ്	,,
48.	തിരുമോത്തുമ്മൽ - ചീമ്പൊയിൽ റോഡ്	,,
49.	മുക്കുറ്റിച്ചാൽ-പരിയാരം-കൊടക്കാട്ട് കുന്ന് റോഡ്	,,
50.	കരിങ്ങാരി - മാനിക്കുനി കോളനി - പാലയണ ഹെൽത്ത് സെൻറർ റോഡ്	X
51.	ചാലമൊട്ട കോളനി റോഡ്	,,
52.	കരിങ്ങാരി സ്ക്കൂൾ - പിലാരത്ത് പടി - കാറി റോഡ്	,,
53.	പുൽപറമ്പിൽ - ചാമുണ്ഡി റോഡ്	,,
54.	കാപ്പും കുന്ന് - കൊമ്മയാട് റോ ഡ്	XI
55.	അരിമന്ദം കുന്ന് - കൊമ്മയാട്	,,
56.	കാരക്കാമല - ആലാടൻ കുന്ന്	,,
57.	കച്ചേറ്റികുന്ന് - കൊറ്റയാട്ട്	XII
58.	ആനാട്ടിക്കുന്ന് റോഡ്	,,
59.	നെല്ലിയേരി കുന്ന് റോഡ്	,,
60.	മേച്ചേരി കോളനി - ഒഴുക്കംമൂല റോഡ്	VI

പാലങ്ങൾ

മരപ്പാലങ്ങൾ മാറ്റി കോൺക്രീറ്റ് പാലങ്ങൾ നിർമ്മിക്കേണ്ടവ

1.	ആലക്കണ്ടി തോട് പാലം	വാർഡ് II
2.	പെരുംകുളം പാലം	III
3.	വാളാരംകുന്നം പാലം	,,
4.	പുളിഞ്ഞാൽ പള്ളിത്താഴം തോട് പാലം	,,
5.	നെല്ലിക്കച്ചാൽ മേലെ പാലം	,,
6.	നെല്ലിക്കച്ചാൽ താഴെ പാലം	,,
7.	പെരുങ്കുളം കയറ്റ് പാറ പാലം	,,
8.	മാനിയിൽ തോടിന് പാലം	IV
9.	ഒരപ്പ് തോടിന് പാലം	,,
10.	കൊക്കലതോടിന് പാലം	,,
11.	കൊച്ചാറ അത്തിക്കൊല്ലി പാലം	,,
12.	കോടഞ്ചേരി നാരോകടവ് പാലം	,,
13.	9 ൽ പടിഞ്ഞാറത്തറ 16ൽ പാലം	,,
14.	മൊതക്കര - അത്തിക്കൊല്ലി പാലം	,,
15.	ഒരപ്പ് മയിലാട റോഡ് പാലം	V
16.	പിള്ളേരി തോടിന് പാലം	,,
17.	കട്ടയാട് പള്ളിത്താഴം കേക്കടവ് റോഡിന് പാലം	,,
18.	മുണ്ടക്കൽ തോടിന് പാലം	,,
19.	അയിനിക്കൽ തോടിന് പാലം	,,
20.	വാളുമുക്കി പടിഞ്ഞാറത്തറ പുഴയ്ക്ക് പാലം	VI
21.	പരുത്തിയാട്ട് കടവ് നടപ്പാലം	VII
22.	കക്കടവ് പാലം	X
23.	കക്കടവ് വെട്ടുപാറ റോഡ് തോടിന് പാലം	,,

നിർമ്മിക്കേണ്ട റോഡുകൾ

1.	പൂരിഞ്ഞികുണ്ടറ കൊല്ലി - പന്നിക്കുഴിയുമായി ബന്ധിപ്പിക്കുന്ന റോഡ്	വാർഡ് I
2.	കിണറ്റിങ്ങൽ - എടത്തും മൂല മംഗലശ്ശേരിയുമായി ബന്ധിപ്പിക്കുന്ന റോഡ്	,,
3.	ഏച്ചിക്കുന്ന് - ചക്കാലക്കൽ കുന്നൂർ നടപ്പാത റോഡാക്കുക	
4.	കുണ്ടറകൊല്ലി - പ്രിയദർശിനി കാഞ്ഞിരങ്ങാട് എസ്റ്റേറ്റ് റോഡ്	
5.	കിണറ്റിങ്കൽ എടലോട്ക്കൊല്ലി വെള്ളിലാടിയുമായി ബന്ധിപ്പിക്കുന്ന റോഡ്	
6.	മംഗലശ്ശേരി എടലോട്ക്കൊല്ലി വെള്ളിലാടിയുമായി ബന്ധിപ്പിക്കുന്ന റോഡ്	
7.	കണ്ടത്തു വയൽ മീത്തൽ റോഡുവരെയുള്ള നടപ്പാത റോഡാക്കുക.	
8.	കണ്ടത്തു വയൽ കബനിമല റോഡ്	
9.	മംഗലത്ത് ഏച്ചിക്കൊല്ലി റോഡ്	
10.	വലക്കോട് മുതൽ കനാൽ വരെയുള്ള റോഡ്	II
11.	വെളിയർണ കരുവണശ്ശേരി മംഗലശ്ശേരി റോഡ്	,,
12.	വെളിയർണ പടിക്കൽ കാർട്ടേഴ്സ് - പുളിഞ്ഞാൽ റോഡ് വരെ ഇടവഴി റോഡാക്കുക.	,,
13.	ഹെൽത്ത് സെൻറർ മുതൽ കല്ലാം തോട് വരെ 200 മീറ്റർ റോഡ്	III
14.	കോടഞ്ചേരി പാലം - മറക്കണ്ടി ഒരപ്പ് റോഡ് മയിലാടും കുന്ന്	IV
15.	വാരാമ്പറ്റ മുതൽ ചോലയിലേക്ക് റോഡ്	,,
16.	മല്ലിശ്ശേരി കുന്ന് - കൊളങ്ങരത്ത് പള്ളി - പെന്തകോസ്ത	,,
17.	വാരാമ്പറ്റ റോഡിൽ നിന്ന് വാരാമ്പറ്റ സ്ക്കൂളിലേക്ക് റോഡ്	,,
18.	മൊതക്കര ലക്ഷം വീട് കോളനി റോഡ്	,,
19.	വാരാമ്പറ്റ - കുമ്പാറ റോഡ്	,,
20.	ചേരാൽ മുട്ടുനട റോഡ്	V
21.	വെള്ളമുണ്ട യു.പി. സ്ക്കൂൾ പടാരി റോഡ്	,,
22.	ഇല്ലത്തുമൂല റോഡ്	,,
23.	കുമിച്ചിയിൽ നടപ്പാത റോഡാക്കുക	,,
24.	ചമ്പിലേരി കോളനി റോഡ്	,,
25.	പിള്ളേരി അയിലമൂല റോഡ്	,,
26.	പിള്ളേരി അഞ്ചാം പീടിക റോഡ്	,,
27.	തൊടുവയിൽ ചെറുകര സ്ക്കൂൾ റോഡ്	VI
28.	ഒഴുക്കൻ മൂല - മേച്ചേരി റോഡ്	,,
29.	പുലിക്കാട് - ചെറുകര-വായനശാല റോഡ്	VII
30.	കൊടക്കാട് കുന്ന് - പുലിക്കാട് റോഡ്	,,
31.	പുതുശ്ശേരികടവ് - കേളികുണ്ട് റോഡ് - എരുവഞ്ചേരി കോളനി റോഡ്	,,
32.	പുലിക്കാട് - കരിങ്ങാരി റോഡ്	,,
33.	പല്ലുമൊട്ടം കുന്ന് - പാലയാണ അമ്പലം റോഡ്	,,
34.	കുരുണേമൂല - പഴയിടം - കരിങ്ങാരി റോഡ്	,,
35.	പരിയാരം മുക്ക് - ഒഴുക്കൻ മൂല റോഡ്	,,
36.	പാലയാണ - പരത്ത്യാട്ട് കോളനി റോഡ്	

നിർമ്മിക്കേണ്ട നടപ്പാതകൾ

1.	ചുണ്ടൻ മൂല മംഗലശ്ശേരി നടപ്പാത	II
2.	കോടഞ്ചേരിപ്പാലം മാക്കണ്ടി റോഡ്	IV
3.	കോടഞ്ചേരി പടിക്കൽ മാക്കണ്ടി വരെ	,,
4.	കല്ലോടി റോഡ് കമ്പക്കുന്ന്	V
5.	പാലയാണക്കുന്ന് നടപ്പാത	VII
6.	പുലിക്കാട് മുക്കിൽ നിന്ന് ഇടത്തോട്ട് - വലത്തോട്ട് നടപ്പാത	,,
7.	കൊടങ്ങാട്ട് കുന്ന് നടപ്പാത	,,
8.	ആറുവാൾ പള്ളി - എരുവഞ്ചേരി നടപ്പാത	,,
9.	കൈവേലി കുന്ന് - പരുത്യാട്ട്കടവ്	,,
10.	ഉപ്പുംനട - പതിക്കോട്ടിൽ	VIII
11.	ചീമ്പൊയിൽ കോളനി നടപ്പാത	,,
12.	ഉപ്പുംനട - മുക്കുറ്റി വഴി	,,
13.	കല്ലുവയിൽ - പാതിരിച്ചാൽ	,,
14.	എട്ടാം മൈൽ - എടത്തിൽ	,,
15.	ഹെൽത്ത് സെൻറർ - കട്ടയാണ	,,
16.	ഒഴുക്കൻ മൂല - വട്ടക്കൊല്ലി	,,
17.	കരുവണ ടി.ടി.ആർ ഇടവഴി	IX
18.	ചീമ്പൊയിൽ കോളനി നടപ്പാത	,,
19.	വളവിൽ മൊയ്തീൻ പടി	,,
20.	പുനത്തികണ്ടി ഇടവഴി	,,
21.	കെല്ലിമൂല - കുതിരപാണ്ടി - സി.എച്ച്.മൂല	,,
22.	തരുവണ - പുത്തുവാരത്ത് വയൽ ചക്കോത്ത് മൂല	,,
23.	പൗണ്ടാല മുതൽ നടയ്ക്കൽ വരെ	,,
24.	വക്കീൽപടി നടപ്പാത	X
25	കുനിങ്ങരത്ത് - ഇബ്രാഹിം - അമ്മദ്	,,
26.	കരുവിൻക്കണ്ടി	,,
27.	പാലയാണ - വട്ടക്കോളി കുന്ന് കോളനി നടപ്പാത	,,
28.	കപ്പുംകുന്ന് - മുണ്ടേൽ കുന്ന്	
29.	മുളയാട്ട്കുന്ന് - തൊടുവയൽ കോളനി ചുണ്ടക്കണ്ടി ഇടവഴി	,,

ഊർജ്ജം

വെള്ളമുണ്ട ഗ്രാമ പഞ്ചായത്തിൽ ജനങ്ങൾ കൂടുതലായി ഭക്ഷണം പാകം ചെയ്യുന്നതിന് ഉപയോഗിക്കുന്നത് വിറകാണ്. മണ്ണെണ്ണയും ഗ്യാസും ഉപയോഗിക്കുന്നവരും ഉണ്ട്. വിറകിന് ക്ഷാമം വർദ്ധിച്ചു വരുന്നതിനാൽ വിറകിൻെറ ഉപയോഗം കുറയ്ക്കുന്നതിന് പുകയില്ലാത്ത അടുപ്പുകൾ അനെർട്ടിൻെറ സഹായത്തോടെ വ്യാപകമാക്കേണ്ടതായിട്ടുണ്ട്. ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ അടുപ്പുകൾ സ്ഥാപിച്ചു വരുന്നുണ്ട്. മുഴുവൻ വീടുകൾക്കും ആവശ്യമായ അടുപ്പുകൾ ഇനിയും സ്ഥാപിക്കേണ്ടതായിട്ടുണ്ട്. കൂടാതെ ബയോഗ്യാസ് ഉൽപാദിപ്പിക്കാൻ സാദ്ധ്യതയുള്ള പ്രദേശമാണ് നമ്മുടേത്. ബയോഗ്യാസിൻെറ നിർമ്മാണവും പ്രചരണവും സന്നദ്ധ സംഘടനകളുടെ കയ്യിലാണ് ഇന്നുള്ളത്. ഈസ്ഥിതി മാറ്റി സർക്കാർ ഏജൻസികൾ ഇതിൻെറ പ്രവർത്തനം ഏറ്റെടുത്ത് പ്രചാരണവും നിർമ്മാണവും വിതരണവും ഊർജ്ജിതപ്പെടുത്തണമെന്ന നിർദേശം ഒട്ടുമിക്ക ഗ്രാമ സഭകളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്.

രാത്രികാലങ്ങളിൽ വീടുകളിൽ വെളിച്ചം തെളിയുന്നതിന് നമ്മുടെ പഞ്ചായത്തിൽ മൂന്നിൽ രണ്ട് ഭാഗവും മണ്ണെണ്ണയാണ് ഉപയോഗിക്കുന്നത്. മൂന്നിൽ ഒരു ഭാഗം വീടുകളിലാണ് വൈദ്യുതി എത്തിയിട്ടുള്ളത്. വൈദ്യുതീകരിക്കാൻ ബാക്കിയുള്ള വീടുകൾ വൈദ്യുതീകരിച്ച് കണക്ഷൻ നൽകുവാനുള്ള നടപടി സ്വീകരിക്കൽ മാത്രമേ കരണീയമായിട്ടുള്ളു.

നിലവിലുള്ള ട്രാൻസ്ഫോർമറുകൾ

വാർഡ്	ട്രാൻസ്ഫോർമർ ഇരിക്കുന്ന സ്ഥലം	കപ്പാസിറ്റി
1.	കണ്ടത്തുവയൽ	63 കെ.വി.എ.
2.	വെള്ളമുണ്ട	100 ,,
3.	പുളിഞ്ഞാൽ	63 ,,
4.	മൊതക്കര	100 ,,
5.	ആലഞ്ചേരി	63 ,,
5.	എച്ച്.എസ്. ജംഗ്ഷൻ	100 ,,
5.	ഒഴുക്കൻ മൂല	100 ,,
8.	7/4	63 ,,
7.	പുലിക്കാട്	63 ,,
9.	തരുവണ	100 ,,
11.	കൊമ്മയാട്	63 ,,
11.	ചേരിയം കൊല്ലി	63 ,,
11.	ചുള്ളിയാണ	63 ,,
11.	കാരയ്ക്കാമല	63 ,,
12.	കെല്ലൂർ	63 ,,
12.	പീച്ചങ്കോട് 2.	100 ,,

വാർഡ് നമ്പർ	പുതിയ ലൈൻ വലിക്കേണ്ട സ്ഥലം	ലൈനിന്റെ സ്വഭാവം	ട്രാൻസ്ഫോർമർ
I&II	കുണ്ടകൊല്ലി, ചെമ്പ്രക്കുഴി, എടലോട്ടുകൊല്ലി, മംഗലശ്ശേരി മല, എടത്തുംമൂല, പന്നിക്കുഴി, ചുണ്ടൻ മൂല		കൃസ്ത്യൻ പള്ളിക്ക് സമീപം ട്രാൻസ് ഫോർമർ വേണം
I &III	കിണറ്റിങ്കൽ, മംഗലശ്ശേരി, കിണറ്റിങ്കൽ, പഴഞ്ചന, മടത്തും കുനി, വലക്കോട്ടിൽ	ലൈൻ വലിച്ച് കണക്ഷൻനൽകുക	
III, IV	നാരോക്കടവ് , ആലക്കണ്ടി, വാളാരംകുന്ന് , പെരുംകുളം, കണ്ണിവയൽ, കക്കേൽ, മുള്ളൻ കണ്ടി	ലൈൻ വലിച്ച് കണക്ഷൻ നൽകുക	വേണം. നാരോക്കടവിൽ സ്ഥാപിക്കണം.
IV	വാരാമ്പറ്റ, മരയ്ക്കാട്ടുകുന്ന്		വാരാമ്പറ്റ ട്രാൻ സ്ഫോർമർ വെക്കുക.
IV	മൈലാടും കുന്ന്, പൂതാടി, മൊതക്കര, ചെമ്പ്രത്താം പൊയിൽ, പൂവത്തും കുന്ന്, ആലഞ്ചേരി, മാനിയിൽ, അത്തിക്കൊല്ലി	മൊതക്കര ട്രാൻ സ്ഫോർമറിൽ നിന്നും കണക്ഷൻ വലിക്കുക.	
V	ഇണ്ടിയേരി കുന്ന്, ചേരാൽ, മൊട്ടമ്മൽ, പുലിമട, പഴയങ്ങാടി		വില്ലേജ് ഓഫീസ് പരിസരത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
VI	വാളുമുക്കി, നീലോത്തുമ്മൽ, കള്ളംവെട്ടി, മല്ലിശ്ശേരി, മുളയാട്ടുമ്മൽ, അഞ്ചനക്കല്ല്		വാളമുക്കി ട്രാൻസ്ഫോർമർ
VII	പരിയാരം മുക്ക്, കൊടക്കാട്ടുകുന്ന് പാലയണക്കുന്ന്	ലൈൻ വലിച്ച് കണക്ഷൻ നൽകുക	
VIII	ചോലമൊട്ടംകുന്ന്, കയലിങ്കൽ, വെള്ളരിക്കുന്ന്, പിള്ളേരി,	ലൈൻ വലിച്ച് കണക്ഷൻ നൽകുക	
VIII	ഉപ്പും നട		ട്രാൻസ്ഫോർമർ വേണം
IX	നടക്കൽ ചങ്ങാടം, പരിയാരം, വില്ലേജ് കുന്ന്, തിരുമോത്ത് കുന്ന്, പള്ളിയാൽ കുന്ന്, ബിയൂർ കുന്ന്	ലൈൻ വലിച്ച് കണക്ഷൻ നൽകുക	
X	പെരിങ്ങാട്ടരിക്കുന്ന്, കരിങ്ങാരി, മേലെ പള്ളിമുക്ക് പരിസരം, ചാളമൊട്ടം കോളനി, മഴുവന്നൂർ കുന്ന്, കളാമ്പ്രക്കുന്ന്, തരുവണക്കുന്ന്, പഴയിടം കോളനി		കക്കടവ് ട്രാൻസ്ഫോർമർ വേണം
XI	കപ്പും കുന്ന്, വേലിക്കരക്കുന്ന്, അരിവരും കുന്ന്, ചുള്ളിയാണക്കുന്ന്	ലൈൻ വലിച്ച് കണക്ഷൻ	
XIII	കെല്ലൂർ, കപ്പുംകുന്ന്, കീച്ചേരിക്കുന്ന്, കോഴിപ്പാലം കുന്ന്, കൂവണക്കോളനി		കുറവും കുന്ന് ട്രാൻസ്ഫോർമർ വേണം.

വെള്ളമുണ്ട പഞ്ചായത്തിൽ തരുവണ മുതൽ 5 വീടുകൾ മിനിമം ഗ്യാരണ്ടി പ്രകാരം ആണ് ആദ്യമായി വൈദ്യുതീകരിച്ചത്. എടവക പൈങ്ങാട്ടിരിയിലാണ് ട്രാൻസ്ഫോർമർ ഉണ്ടായിരുന്നത്.

നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ പ്രവർത്തന ശേഷി വർദ്ധിപ്പിക്കുകയും നിലവിലുള്ള സിങ്കിൾ ഫേയ്സ് ലൈനുകൾ ത്രീഫേയ്സ് ലൈനാക്കി മാറ്റുകയും ചെയ്യുക. ട്രാൻസ്ഫോർമർ ആവശ്യമില്ലെന്നു പറയുന്ന സ്ഥലങ്ങളിൽ ചെലവു കുറഞ്ഞ വൈദ്യുതി എത്തിക്കാൻ കഴിയും.

വാളുമുക്കി, കക്കടവ് പ്രദേശങ്ങളിൽ കൃഷി ആവശ്യത്തിന് വൈദ്യുതി അത്യാവശ്യമാണ്. കെല്ലൂർ, കപ്പും കുന്ന് ശുദ്ധജല വിതരണത്തിനും കൂടി ഉപയോഗപ്പെടുത്താൻ നാരോക്കടവ് മിനിമം ഗ്യാരണ്ടിക്ക് 100 കുടുംബങ്ങൾ ഒപ്പിട്ടു സമർപ്പിച്ചിട്ടുണ്ട്. അത് എഗ്രിമെൻറ് വെച്ച സമയത്തുള്ള തുകക്ക് തന്നെ അംഗീകരിക്കണം.

ട്രാൻസ്ഫോർമറുകൾക്ക് കപ്പാസിറ്റി ഉണ്ടായിട്ടും പല പ്രദേശങ്ങളിലും വിദ്യുച്ഛക്തി കണക്ഷൻ നൽകാത്തത് ബോർഡിന്റെ അനാസ്ഥയും നിലനിൽക്കുന്ന മാമൂലുകൾ താങ്ങാനാവാത്തതുകൊണ്ടുമാണ്. ന്യായയുക്തമല്ലാത്ത കാരണങ്ങളാൽ സമ്മതപത്രം നൽകാതെ വൈദ്യുതി കണക്ഷനുണ്ടാകുന്ന അസൗകര്യങ്ങൾ പരിഹരിക്കുവാൻ വേണ്ടി സമ്മതപത്രം എന്ന ഏർപ്പാട് എടുത്തുകളയണം.

വെള്ളമുണ്ട പഞ്ചായത്തിലെ വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് പ്രസരണ നഷ്ടം ഒഴിവാക്കാൻ ലൈനിൽ മരക്കമ്പുകൾ തട്ടുന്നത് ഇല്ലാതാക്കുക. അനർട്ടിന്റെ ചോക്ക് ഉപയോഗിക്കുക, ട്യൂബ് ലൈറ്റ് വ്യാപകമാക്കുക. പഞ്ചായത്ത് ബോർഡ് ലീക്കേഡ് തടയുന്നതിന് സ്ഥിരം സംവിധാനം ഉണ്ടാക്കുക. പകൽസമയങ്ങളിൽ അനാവശ്യമായ തെരുവുവിളക്കുപയോഗം കുറക്കുക, സൗരോർജ്ജം ഉപയോഗിച്ച് തെരുവുവിളക്കുകൾ സ്ഥാപിക്കുക, വില്ലേജുകൾ കേന്ദ്രീകരിച്ച് വിദ്യുച്ഛക്തി ചാർജ് ഈടാക്കുന്നതിന് സംവിധാനം ഉണ്ടാക്കുക. വൈദ്യുതി ബോർഡിന്റെ പ്രവർത്തനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർദ്ദേശങ്ങൾക്കനുസൃതമായിരിക്കണം. വെള്ളമുണ്ട, തൊണ്ടർനാട് പഞ്ചായത്തുകളിൽ കേന്ദ്രീകരിച്ച് വിദ്യുച്ഛക്തി ബോർഡിന്റെ ഓഫീസ് തുടങ്ങുക. പഞ്ചായത്ത് കേന്ദ്രീകരിച്ച് വൈദ്യുതി ചാർജ് അടക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക. കൃഷിക്കാർ ഏറെ താമസിക്കുന്നതും ഒരു കൃസ്റ്റൻ പള്ളി സ്ഥിതി ചെയ്യുന്നതുമായ മംഗലശ്ശേരി മലഞ്ചേരിവിലേക്ക് ലൈൻ വലിക്കുക.

PWD റോഡ് കേന്ദ്രീകരിച്ചു മാത്രമുള്ള തെരുവുവിളക്കുകൾ 170 എണ്ണം ഉണ്ട്. അതു തന്നെ ഉപയോഗയോഗ്യമല്ല. ഗ്രാമസഭായോഗങ്ങളിൽ എല്ലാ ഭാഗത്തും തെരുവുവിളക്കുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രധാന ടൗണുകളിലൊക്കെ സോഡിയം പേപ്പർ ലാമ്പും മൊതക്കര പുളിഞ്ഞാൽ, ചെറുകര, കൊമ്മയാട്, കാരയ്ക്കാമല, ഒഴുക്കൻ മല, വാരാമ്പറ്റ, കോക്കടവ്, കരിങ്ങാരി, പാലയണ എന്നിവിടങ്ങളിൽ അടിയന്തിരമായും തെരുവുവിളക്കുകൾ സ്ഥാപിക്കണം.

വൈദ്യുതി ഉൽപാദനം

വെള്ളമുണ്ട ഗ്രാമപഞ്ചായത്തിൽ ആവശ്യത്തിന് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയും എന്ന് ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. പുളിഞ്ഞാൽ വാർഡിലെ മീൻമുട്ടി, പെരുംകുളം, നാരോക്കടവ് തോട്, വാളാരം കുന്ന് തോട് എന്നിവയിൽ നിന്നും നെല്ലിക്കച്ചാൽ, പെരുങ്കുളം എന്നീ പ്രദേശങ്ങളിൽ കാറ്റിൽ നിന്നും വൈദ്യുതി ഉണ്ടാക്കാൻ കഴിയും. ബാണാസുരൻ മലയുടെ മുകളിലും കാറ്റിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയും. ഉയർന്ന കുന്നിൽ പ്രദേശങ്ങളായ വെള്ളമുണ്ട, കാപ്പും കുന്ന്, ചെറുകര, മൊളയാടുകുന്ന് എന്നിവിടങ്ങളിൽ കാറ്റിൽ നിന്നും വൈദ്യുതി ഉൽപാദനം സാധ്യമാണ്.

വിറകിന്റെ ക്ഷാമം രൂക്ഷമാകുന്ന ഈ സാഹചര്യങ്ങളിൽ ജൈവവാതകം വ്യാപകമാക്കാൻ കഴിയുന്നതാണ്. കന്നുകാലികളെ വളർത്തുന്നു വരെ കണ്ടെത്തിയും IRDP പദ്ധതി പ്രകാരം കന്നുകാലികളെ വാങ്ങുന്നവരെ ഉപയോഗിച്ചും പച്ചിലകളും ചവറുകളും കൂടുതൽ പ്ലാൻറുകൾ നിർമ്മിക്കാൻ കഴിയും. ഇതിനാവശ്യമായ പ്രചാരണം പ്രോൽസാഹനം എന്നിവ നൽകേണ്ടതാണം. മാനന്തവാടി ജലവൈദ്യുത പദ്ധതിയും ബാണാസുര സാഗർ പദ്ധതിയും എത്രയും പെട്ടെന്ന് നടപ്പിലാക്കുക.

പെട്രോളിയം ഗ്യാസ് ഡിപ്പോ

പെട്രോളിയം ഗ്യാസ് വെള്ളമുണ്ടയിൽ തുടങ്ങുക.

പുകയില്ലാത്ത അടുപ്പുകൾ

ഇന്ധന ക്ഷമതയ്ക്ക് പുകയില്ലാത്ത അടുപ്പുകൾ വ്യാപകമാക്കേണ്ടതുണ്ട്.

മാർക്കറ്റ്

പഞ്ചായത്തിൽ ആഴ്ച ചന്തയും പ്രധാന കേന്ദ്രങ്ങളിൽ മൽസ്യം, ഇറച്ചി, പച്ചക്കറി എന്നിവയ്ക്ക് സ്ഥിരം മാർക്കറ്റുകളും തുടങ്ങുക. കാർഷിക ഉൽപന്നങ്ങൾ വിൽക്കുന്നതിന് വാങ്ങുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക. തദ്ദേശീയ ഉൽപന്നങ്ങൾ കൃഷിക്കാരോട് നേരിട്ട് ശേഖരിച്ചു വിതരണം നടത്തുന്നതിനും സഹകരണ മേഖലയിൽ മാർക്കറ്റിങ്ങ് സൗകര്യം തുടങ്ങുക. (തരുവണ, 8/4 വെള്ളമുണ്ട) വാരാമ്പറ്റ നേർച്ചയോടനുബന്ധിച്ച് കാലിചന്ത തുടങ്ങാവുന്നതാണ്.

പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടം

മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം പാർപ്പിടം എന്നിവലക്ഷ്യമാക്കുന്നത് ഒരു ക്ഷേമ രാഷ്ട്രത്തിന്റെ ചുമതലയാണ്. ഇതിൽ ഭക്ഷണം. വ്സ്ത്രം എന്നിവ ലഭ്യമക്കുന്നതിൽ ഒരുപരിധിവരെ നമുക്ക് സാധിച്ചിട്ടുണ്ട്. എന്നാൽ പാർപ്പിടത്തിന്റെ കാര്യത്തിൽ സമ്പന്നരും ഇടത്തരക്കാരും. പലപദ്ധതികൾപ്രകാരം ലക്ഷ്യം കൈവരിക്കുന്നുണ്ടെങ്കിലും പാവപ്പെട്ടവർക്കിന്നും ഗവർമെന്റ് സഹായം മാത്രമാണ്. അശ്രയം.

ഈ പഞ്ചയത്തിൽ 5448ഓളം കുടുംബങ്ങൾഉള്ളതിൽ ആയിരത്തിൽപ്പരം കുടുംബങ്ങൾ പട്ടികജാതിപട്ടിക വർഗ്ഗത്തിൽപെട്ടവരാണ്. വിദ്യാഭ്യാസപരമായും സാംസ്കാരികമായും മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് നമ്മൾ മുൻപന്തിയിലാണെങ്കിലും പാർപ്പിടസൗകര്യങ്ങളെസംബന്ധിച്ചിടത്തോളം നമ്മൾ വേണ്ടത്രമുൻപന്തിയിൽ എത്തിയിട്ടില്ല. 90% ആളുകളും കാർഷികമേഖലയെ ആശ്രയിച്ച് ജീവിക്കുന്നുവരും അതിൽ തന്നെ പകുതിയിൽ അധികം പേരും ദാരിദ്രരേഖക്ക് താഴെയുള്ളവരും ആണ്.

ഈപഞ്ചായത്ത് 1961 ലാണ് രൂപീകൃതമായത്, അതിന്മുമ്പ് പഴയതറവാടുകളും ചില സമ്പന്നരുടെ വീടുകളും മാത്രമെ ഓടു മേഞ്ഞിരുന്നുള്ളു കോൺക്രീറ്റ് വീടുകളും ഉണ്ടായിരുന്നില്ല. 1945 ന് ശേഷമുണ്ടായ കുടിയേറ്റവും ഗവർമെന്റിന്റെ ഭൂപരിഷ്കരണനിയനിർമ്മാണവും ചെറിയ കുടുംബം എന്ന ആശയവും ആയതോടെ വീടുകളുടെ എണ്ണം വർദ്ധിച്ചു. സാമ്പത്തികമായ പിന്നോക്കാവസ്ഥയും വിട് മേയുന്നതിന് ആവശ്യമായ ഓട് ലഭിക്കുന്നതിനുള്ള വിഷമതയും ഓടുമേഞ്ഞ വിടുകൾ കുറയാനുള്ള ഒരു പ്രധാനകാരണമായിരുന്നു.

1970ന് ശേഷമാണ് നമ്മുടെ പഞ്ചായത്തിൽ ഓടിട്ടവീടുകളുടെ എണ്ണം വർദ്ധിക്കുവാൻ തുടങ്ങിയത്.ജനസംഖ്യ വർദ്ധിക്കുന്നതിന് അനുസരിച്ച് വീടുകളുടെ എണ്ണം വർദ്ധിച്ചിരുന്നു. 1982-83 കാലഘട്ടങ്ങളിൽ വീടുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നു. എങ്കിലും അവയും ചെറിയകുടിലുകളായിരുന്നു. എന്നാൽ പിന്നീട് 95,96 കാലഘട്ടത്തിലേക്ക് ഓടിട്ടവീടുകളുടെയും കോൺഗ്രീറ്റ്കെട്ടിടങ്ങളുടെയും എണ്ണത്തിൽ വർദ്ധനവുണ്ടായി എങ്കിലും ഓടുമേഞ്ഞനല്ല വീട് എന്നസങ്കൽപത്തിലേക്ക് പഞ്ചായത്തിലെ ജനങ്ങൾക്കിന്നും എത്തിച്ചേരുവാൻ സാധിച്ചിട്ടില്ല. ഒന്നിൽ കൂടുതൽ നിലകളുള്ളതും കോൺക്രീറ്റ് നിർമിതവും ആയ കെട്ടിടങ്ങൾ 82 83ൽ 42 ആയിരുന്നത് ഇപ്പോൾ 852 ആയി വർദ്ധിച്ചിട്ടുണ്ട്. ഗൾഫ് മലയാളകളുടെ വീടുനിർമ്മാണത്തിലുള്ള ജീവതാഭിലാഷം ഈ പഞ്ചായത്തിലും പ്രകടമായി. കുടിലുകൾക്ക് പകരം നല്ലവീടുകൾ ഉണ്ടാക്കുന്നതിന്റെ ഭാഗമായി 376 ഷീറ്റ് മേഞ്ഞവീടുകൾ നിർമ്മിച്ചിട്ടുണ്ട്. ഇത് കാണിക്കുന്നത്. ചിലവുകുറഞ്ഞ വീടുകൾ ഭംഗിയായി ഉണ്ടാക്കുന്നതിന് ജനങ്ങളുടെതാല്പര്യമാണ്.

ക്രമ നമ്പർ	ജനസംഖ്യ	സ്ത്രീ	പുരുഷൻ	Sc.ST	ദാരിദ്രരേഖക്ക് താഴെയുള്ളവർ IRDP
	30498	15088	15410	5311	4767 കുടുംബങ്ങൾ

ഈ പഞ്ചായത്തിലുള്ള 95,96 വർഷത്തിലുള്ളകെട്ടിടങ്ങളുടെ കണക്ക് താഴെ ചേർക്കുന്നു.

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽകൂടതൽ നിലയുള്ളത്	കോൺക്രീറ്റ്	ഓട്	ഓല (കുടിൽ)	മറ്റുള്ളവ ഷീറ്റ്	വിവിധഹൗസിങ്ങ് പദ്ധതികളിലൂടെ നിർമ്മിച്ചത്
1	520	58	31	184	233	14	N.R.E.P, R.L.E.G.P, I.A.Y, J.R.Y പദ്ധതികൾ ഭവനനിർമ്മാണ സൊസൈറ്റി) ബാങ്കുകൾ എന്നിവയും കിട്ടിയ വീടുകൾ 546
II	813	49	59	246	437	22	
III	806	43	28	297	389	39	
IV	618	26	23	241	311	17	
V	722	54	58	298	260	52	
VI	896	67	29	384	377	39	
VII	616	33	19	243	288	33	
VIII	594	49	37	306	174	28	
IX	681	51	13	207	276	34	
X	596	43	25	187	270	71	
XI	587	34	20	205	199	29	

വെള്ളമുണ്ട പഞ്ചായത്തിലെ 4-ാംവാർഡ് ആയ മൊൽക്കരയിൽ ഒരു ലക്ഷം വീട് കോളനിനിലവിലുണ്ട് രണ്ട് കുടുംബത്തിന് ഒരു കെട്ടിടം എന്നുരീതിയിലുള്ള താണ് ഈ വീട് പദ്ധതിനടപ്പിലാക്കിയതിന് ശേഷം ഈവീടുകൾക്ക് റിപ്പയറോമറ്റോ നടത്താത്തതിനാൽ വാതിലുകളും ഓടുകളും പട്ടികയും മറ്റും നഷ്ടപ്പെട്ടിട്ടുണ്ട്.

പ്രാഥമികസൗകകര്യങ്ങളായ കക്കൂസ് കുടിവെള്ളം എന്നിവലഭ്യമല്ല.

പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി 14കുറിച്ചകോളനികളുണ്ട് ഇതിൽ 129 കുടുംബങ്ങൾ താമസിക്കുന്നുണ്ട് പഞ്ചായത്തിന്റെ വിവധഭാഗങ്ങളിലായി 53 ആദിവാസി കോളനികളിൽ 800ഓളം പണിയകുടുംബങ്ങൾ താമസിച്ചുവരുന്നുണ്ട് മംഗലശേരികാട്ടുനായ്കകോളനിയിൽ 20 ഓളം കുടുംബങ്ങൾ താമസിക്കുന്നുണ്ട് 3ാം വാർഡിലെ പെരുകുളം പ്രാദേശങ്ങളിൽ കുറവസമുദായത്തിൽപ്പെട്ട 20ഓളം കുടുംബങ്ങൾ ഉണ്ട്. ഇതിനുപുറമെ വാളാരംകുന്നിൽ പത്തോളം കാട്ടുനായ്ക്കർ കുടുംബങ്ങളുണ്ട്. പഞ്ചായത്തിന്റെ കോളനിയിൽപെടാത്ത ഒറ്റപ്പെട്ട ഇരുനൂറോളം കുടുംബങ്ങൾ അവിടെഇവിടെയായിതാമസിച്ചുവരുന്നുണ്ട്. മിക്കവീടുകളും കുടിലുകളോ മൺകട്ടകൊണ്ട് നിർമ്മിച്ചവയും ആണ്. കഴിഞ്ഞ പത്ത് വർഷക്കാലമായി വിവിധപദ്ധതിപ്രകാരം ഈ പഞ്ചായത്തിലെ ആദിവാസികൾക്ക് ലഭിച്ച വീടുകളുടെ ചിത്രമിതാണ്.

ക്രമനമ്പർ	പദ്ധതി	വീടുകളുടെ എണ്ണം	വർഷം
1	N.R.E.P	24	1985
2	R.L.E.G.P	58	മുതൽ
3	I.A.Y	220	1995-96
4	J.R.Y ബ്ലോക്ക്	27	വരെ
5	J.R.Y പഞ്ചായത്ത്	70	
6	അൺടൈയഡ്	28	
	ആകെ	427	

ആദ്യകാലങ്ങളിൽ ആദിവാസികൾ മുള ഈറ്റ മുതലായവഉപയോഗിച്ച് കാറ്റും മഴയും കടക്കാതെ ചെറിയ നല്ല വീടുകളുണ്ടാക്കിയിരുന്നു. എന്നാൽ ജനപ്പെരുപ്പവും കൃഷി ഭൂമി വർദ്ധിച്ചതും അസംസ്കൃതവസ്തുക്കളായമുളയും ഈറ്റയും കിട്ടാതെയായി പഴയമുളകൊണ്ട് ഉണ്ടാക്കിയ മെടലപ്പുരകൾ ഇന്ന് കാണാതായി. ആദിവാസി കുടുംബങ്ങളുടെ എണ്ണം വർദ്ധിക്കുകയും ചെയ്തു.

സ്വന്തമായി വീടുണ്ടാക്കുവാനുള്ള അവരുടെ ആഗ്രഹം ഇന്ന് വെറുംകുടിലിലേക്ക് ഒതുങ്ങി. സർക്കാരിൽ നിന്ന് വീടകൾ ലാഭിച്ചെങ്കിലും അത് മുൻപ് അവയ്ക്കുണ്ടായിരുന്നതിനെക്കാൾ മോശപ്പെട്ടനിലവാരത്തിലാണ് മധ്യവർത്തികൾ ഗുണഭോക്താക്കൾ പോലും അറിയാതെ പണിതവീടുകൾ ഗുണമേന്മയില്ലാത്ത മരവും തരംതാണഓടുകളും കൊണ്ടും നിർമ്മിച്ചവയായിരുന്നു. ഒരു വർഷം പോലും തികയാതെ വീടുകൾനശിച്ചുകൊണ്ടിരിക്കുകയാണ്. ഗുണഭോക്താക്കൾ നേരിട്ട് എടുത്തവീടുകൾ മാത്രമെ അവശേഷിക്കുന്നുള്ളു. ആദിവാസികൾക്ക് വീടുണ്ടാക്കുന്നതിന്റെ പേരിൽ അവരുടെ പറമ്പിലുള്ള മരങ്ങളും പഴയസാമഗ്രികളും വീടുപണിയുടെ മറവിൽ കൊണ്ടുപോയ കൺവീനർമാരുണ്ട്. വളരെ കുറച്ച് കൺവീനർമാർമാത്രമാണ് ഈരംഗത്ത് ആത്മാർത്ഥത കാണിച്ചിട്ടുള്ളത്.

ബ്ലോക്കിന്റെയും പഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ വിവിധപദ്ധതിപ്രകാരം പലതും റിപ്പേർ ആവശ്യമുള്ളതായിക്കാണുന്നുണ്ട്. കൂടാതെ ഇപ്പോൾ സർക്കാർ അനുവദിക്കുന്ന സാമ്പത്തികസഹായവും നല്ലവീടുകൾ നിർമ്മിക്കുന്നതിന് അപര്യാപ്തമാണ്. ഇനിയും ഈ പഞ്ചായത്തിലെ ആദിവാസിവിഭാഗങ്ങൾക്ക് അനവധി വീടുകൾ ആവശ്യമാണ്.

ഇതിന് പുറമെ ദാരിദ്രരേഖക്ക് താഴെയുള്ള 4764 കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. ഇവക്ക് ഗവർണമെൻിന്റെയും ഹൗസിങ്ങ് സൊസൈറ്റിയുടെയും ഭൂപണയബാങ്കിന്റെയും സഹായത്തോടുകൂടി. 200ൽ താഴെ വീടുകളാണ് കിട്ടിയത്. പഞ്ചായത്തിലെ എട്ട് വാർഡുകളിലായി 8 സെറ്റിൽമെന്റ് കോളനികളിൽ 192 കുടംബങ്ങൾക്ക് സ്ഥലം അനുവദിച്ചതിൽ 131 കുടുംബങ്ങൾ പ്രസ്തുത സ്ഥലങ്ങളിൽ താമസമാക്കിയിട്ടുണ്ട്. ബാക്കി സ്ഥലങ്ങളിൽ താമസക്കാരെ കണ്ടെത്തിയിരിക്കുന്നു. ഇവർക്കൊന്നും തന്നെ ഓടുമേഞ്ഞ വീടുകൾ ലഭിച്ചിട്ടില്ല.. ഈ പ്രശ്നങ്ങളൊക്കെ പരിഗണിക്കുമ്പോൾ 3500ഓളം വീടുകൾ അടുത്ത 5 വർഷംകൊണ്ട് പഞ്ചായത്തിൽ പണിയേണ്ടിയിരിക്കുന്നു.

കൂടാതെ വീടുവയ്ക്കാൻ ആവശ്യമായ സ്ഥലം ഇല്ലാത്തവരും ഈ പഞ്ചായത്തിൽ ഉണ്ട്. അതും കണ്ടെത്തേണ്ടതുണ്ട്. 5-ാംവാർഡിലെ ഒഴുക്കൻ മൂലയിൽ റവന്യൂ സ്ഥലമുള്ളതായി ഗ്രാമസഭചൂണ്ടിക്കാണിച്ചിട്ടുണ്ട്.

പാർപ്പിടപ്രശ്നം പരിഹരിക്കുവാൻ ധനകാര്യ സ്ഥാപനങ്ങൾ ഹൗസിംങ്ങ് സൊസൈറ്റി SC ST കോർപ്പറേഷൻ എന്നിവടങ്ങളിൽ നിന്ന് വീടുകൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഗ്രാമസഭചൂണ്ടിക്കാണിക്കുകയുണ്ടായി. അടുത്തതായി തൊഴിലാളികളെ ബാധിക്കുന്നപ്രശ്നങ്ങളാണ്. ഈ പഞ്ചായത്തിൽ പരിശീലനംലഭിച്ച തൊഴിലാളികളെകിട്ടാനില്ല. ഉള്ളവർക്ക് തന്നെവലിയകൂലികൊടുക്കേണ്ടിവരുന്നുണ്ട് ഇതും സാധാരണക്കാരെസംബന്ധിച്ച വലിയപ്രശ്നമാണ്.

ഇതുപോലെ കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലയും ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട് ഇത്തരം സാധനങ്ങൾ പഞ്ചായത്തിന് പുറമെനിന്ന് കൊണ്ട്വരേണ്ടതായിട്ടുണ്ട്. മണൽ മാത്രമാണ് പഞ്ചായത്ത് അതൃത്തിയിൽ നിന്ന് ലഭിക്കുന്ന ഏക അസംസ്കൃതവസ്തു ഈ അടുത്തകാലത്തായി സിമന്റ് കട്ടയും ഇഷ്ടികയും പഞ്ചായത്തിൽ നിർമ്മിക്കാൻ തുടങ്ങിയിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ കെട്ടിടനിർമ്മാണാവശ്യത്തിന് വേണ്ടി കെട്ടിടനിർമ്മാണസാമഗ്രികൾ തലച്ചുമടായി ഉൾനാടൻ പ്രദേശങ്ങളിൽ എത്തിക്കേണ്ടതായിട്ടുണ്ട് ഇതുംഗുണഭോക്താക്കളെസംബന്ധിച്ച് താങ്ങാനാകാത്തതാണ്.

ക്രമനമ്പർ	തൊഴിലാളികൾ	കൂലിനിരക്ക്			
	വിദഗ്ദതൊഴിലാളികൾ	85- 86		95- 96	
		പു	സ്ത്രീ	പു	സ്ത്രീ
1	ആശാരി	60		150	
2	കെട്ടുപണി	60		150	
3	കൈപ്പണിക്കാർ	30	20	100	60
4	മറ്റുജോലിക്കാർ	30	20	70	60

പ്രശ്നങ്ങൾ

മേൽ സൂചിപ്പിച്ച കാര്യങ്ങളിൽ നിന്ന് മനസ്സിലാവുന്ന പ്രധാന പ്രശ്നങ്ങൾ ഇവയാണ്

1. ദാരിദ്രരേഖക്ക് താഴെയുള്ളവർക്ക് ഉദാരമായി സാമ്പത്തികസഹായം ലഭിക്കായ്ക
2. സാധനസാമഗ്രികളുടെ അമിതമായ വിലവർദ്ധന
3. വിദ്ഗദതൊഴിലാളികളുടെ ദൗർലഭ്യം
4. കൂലിയിലുള്ളവർദ്ധനവ്
5. വായ്പലഭിക്കുന്നതിന് നിലവിലുള്ള സാങ്കേതികത ടസ്സം
6. ചുവപ്പ് നാടാസമ്പ്രാദായം
7. മദ്ധ്യവർത്തികളുടെ അമിതമായ ഇടപെടൽ
8. സർക്കാരിൽനിന്ന് അനുവദിക്കുന്ന സാമ്പത്തിക സഹായത്തിന്റെ പരിമിതി
9. ജനങ്ങളുടെ അറിവില്ലായ്മ
10. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നരീതിയിലുള്ള അപര്യാപ്തത

നമ്മുടെ പഞ്ചായത്തിലെ ഈ പ്രശ്നങ്ങളെ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

പ്രശ്നപരിഹാരങ്ങൾ

1 പഞ്ചായത്തിൽഹൗസ്സിങ്ങ് സഹകരണസംഘം രൂപികരിക്കുക.

2. കെട്ടിടനിർമ്മാണ സാമഗ്രികൾ നിർമ്മിതി പോലുള്ള സ്ഥാപനങ്ങൾ വഴിവിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം.

3. പാവപ്പെട്ടവർക്ക് മുൻഗണനാക്രമത്തിൽ വീടുകൾ അനുവദിക്കുക. ഇതിനുവേണ്ടി ജനപ്രതിനിധികളും ഉദ്യോഗസ്ഥന്മാരും അടങ്ങിയ ഫോഴ്സ് രൂപികരിക്കുക വീടുവെക്കുവാൻ സ്ഥലമില്ലാത്തടാസ്ക് കുടുംബങ്ങൾക്ക് 4 സെ. ഭൂമി പഞ്ചായത്ത് വാങ്ങിനൽകുക.

4. വായ്പാസംവിധാനം ലഘൂകരിക്കുക

5. മദ്ധ്യവർത്തികളുടെ മറ്റുള്ളവരുടെയും ഇടപെടൽ ഒഴിവാക്കി ഗുണഭോക്താക്കൾക്ക് സ്വന്തം വിടു നിർമ്മിക്കുവാൻ അനുവദിക്കുക.

6. ഇപ്പോഴുള്ള J.R.Y I.AY. മുതലായവീടുകളുടെ ഇന്നത്തെസാമ്പത്തികസഹായം ചുരുങ്ങിയത് 30,000 രൂപയാക്കിഉയർത്തുക.

7. പ്രകൃതിക്ഷോഭപുനരധിവാസ പദ്ധതി രാജീവ് ദശലക്ഷം പദ്ധതിയുടെ സംഖ്യ വർദ്ധിപ്പിക്കുക.

8. പ്രകൃതിക്ഷോഭം പുനരധിവാസ്സപദ്ധതി 15000 ത്തിൽനിന്ന് 20000 രൂപയാക്കി ഉയർത്തുക.

9. വിവിധഡിപ്പാർട്ടുമെന്റ്വഴി നടപ്പിലാക്കുന്ന പദ്ധതികൾ പഞ്ചായത്ത്തലത്തിൽ ഏകോപിപ്പിച്ച് പഞ്ചായത്ത് നിർദ്ദേശിക്കുന്നപാവപ്പെട്ടവർക്ക് വീട് അനുവദിക്കുക.

10 ചെറിയവീടുകൾ ചിലവുകുറഞ്ഞ മാതൃകയിൽ ഉണ്ടാകുന്നതിന് പ്രചരണം നടത്തുക.

11 വീടിനോടൊപ്പം നിർബന്ധമായും കക്കൂസ്സും, പുകയില്ലാത്ത അടുപ്പും പണിയുന്നതിന് പ്രചാരണം നടത്തുക.

12. വീട് സംബന്ധിച്ച് ഒരു ജനകീയബോധവല്ക്കരണ പരിപാടിഎല്ലാം വാർഡിലും പഞ്ചായത്ത് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുക. ഇതിൽ സമാജം അംഗൻവാടി, വായനാശാല പ്രസ്ഥാനങ്ങൾ സാക്ഷരത പ്രവർത്തകർ തുടങ്ങിയവരെ പങ്കെടുപ്പിക്കുക.

13. ഗവൺമെന്റിന്റെ വിവധ പദ്ധതിപ്രകാരം കക്കൂസുകൾനിർമ്മിച്ചുകൊടുക്കുന്നുണ്ടെങ്കിലും വെള്ളത്തിനുള്ള സൗകര്യങ്ങൾ ഇല്ല അതിനാൽ എല്ലാ കോളനികളിലും കിണറുകളോ പൈപ്പുലൈനുകളോ സ്ഥാപിച്ചുകൊടുക്കുക.

അഞ്ചുവർഷം കൊണ്ട് എല്ലാ വാർഡിലും വീടില്ലാത്തവർക്ക് അന്ത്യോദയനിലവാരത്തിൽ വീട് അനുവദിക്കുന്നതിന് ഒരു മാസ്റ്റർപ്ലാൻ ആരംഭിക്കുക.

സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ

ഗ്രാമവികസനം സ്വാതന്ത്ര്യലബ്ദിക്കുശേഷം 1952ൽ ജനാധിപത്യരീതിയിൽ തുടങ്ങിയ കമ്യൂണിറ്റിഡവലപ്പുമെന്റ് പ്രോഗ്രാം ജനകീയപങ്കാളിത്തത്തോടെ വികസനബ്ലോക്കുകളും തുടർന്ന് ഇപ്പോൾ ത്രിതല പഞ്ചായത്ത് സംവിധാനവും നിലവിൽവന്നിരിക്കുകയാണ്. ദാരിദ്രരേഖക്കുതാഴെയുള്ളവരെസഹായിക്കുന്നതിനായി കേന്ദ്രഗവൺമെന്റിന്റെയും സംസ്ഥാനഗവർമെണ്ടിന്റെയും സഹകരണത്തോടെ പഞ്ചായത്ത് വഴിയായി ബ്ലോക്കവഴിയായും വിവിധപദ്ധതികൾനടന്നു. വരുന്നുണ്ട്. ഇതിൽ പാർപ്പിടം IRDP വായ്പ ഗ്രാമീണ ശുചിത്വ പരിപാടി ട്രയിസം വനിതാ ശിശുക്ഷേമപദ്ധതി, ടൂൾകിറ്റ് വിതരണം എന്നിവയാണ് നമ്മുടെ പഞ്ചായത്തിൽ 2 VEO സർക്കിളുകളാണ് ഉള്ളത്.

ക്രമനമ്പർ	വില്ലേജിന്റെ പേര്	1990-91 ലെ സർവ്വേ പ്രകാരമുള്ളവ	ആനുകൂല്യ ലഭിച്ചവർ	SC ST
1.	പൊരുന്നത്തൂർ	2398	188	69
2.	വെള്ളമുണ്ട	2369	191	71

1. പൊരുന്നത്തൂർ

2. വെള്ളമുണ്ട

1980മുതൽ മേൽപ്പറഞ്ഞവിവിധപദ്ധതികൾ ഈ പഞ്ചായത്തിൽ നടന്നുവരുന്നു. 1990 വരെ ഏതാണ്ട് 800കുടും ബങ്ങൾക്ക് സഹായംനല്കിയിട്ടുണ്ട്. 1990ലെ IRDP സർവ്വേപ്രകാരം നമ്മുടെ പഞ്ചായത്തിലെ വിവരങ്ങൾ പട്ടികയിൽ കാണാം.

സാമ്പത്തികസഹായം നൽകുന്ന സ്ഥാപനങ്ങൾ 3 എണ്ണം മാത്രമാണ്

1. നോർത്ത് മലബാർഗ്രാമീണബാങ്ക്, വെള്ളമുണ്ട

2. കാരയ്ക്കാമലനോർത്ത് മലബാർ ഗ്രാമീണബാങ്ക്

3. സ്റ്റേറ്റ്ബാങ്ക് ഓഫ് ഇന്ത്യ കെല്ലൂർ

സഹകരണബാങ്കുകൾ രണ്ടെണ്ണം ഉണ്ടെങ്കിലും IRDP സംബന്ധിച്ച ലോണുകൾ ഇപ്പോൾകൊടുക്കുന്നില്ല. IRDP പദ്ധതിപ്രകാരം SC/ST വിഭാഗങ്ങൾക്ക് ആവശ്യമായ ലോൺകൊടുക്കുന്നതിന് ഇപ്പോൾകഴിയുന്നില്ല. സ്ഥലത്തിന് ആവശ്യമായറിക്കാർഡുകൾ ഇല്ലാത്തതും കുടുകുടുംബവ്യവസ്തിതിയും കൊടുത്തലോണുകൾതിരിച്ചടക്കാത്തതും ലോൺ ദുരുപയോഗവും ഇതിന്നുകാരണമായി ഗ്രാമസഭകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. IRDP പോലുള്ള പദ്ധതികൾക്ക് കാർഷികമേഘലഒഴിച്ച് മറ്റുപദ്ധതികൾനടപ്പിലാക്കുവാൻ വളരെ അധികം വിഷമമുണ്ട്. ആദിവാസിമേഖലയിലും മറ്റ് പാവപ്പെട്ടവരുടെ ഇടയിലും മധ്യവർത്തികളുടെ ഇടപെടൽ ഇല്ലാതില്ല.

വനിതാശിശുവികസനയൂനിറ്റ്

സ്ത്രീകളുടെയും കുട്ടികളുടെയും വികസനം ലക്ഷ്യമാക്കി വികസനം ബ്ലോക്കുകൾ വഴി നടപ്പിലാക്കിയ D.W.C.R.A പദ്ധതി ഈ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുണ്ട്.

ഈ പദ്ധതികൾ നടപ്പിലാക്കുമ്പോൾ സ്ത്രീകളുടെ കൂട്ടായ്മഇല്ലായ്മയും രാഷ്ട്രീയ ഇടപെടലും ഉദ്യോഗസ്ഥന്മാരുടെ പരിശോദനകുറവുമൂലമുള്ള കാരണങ്ങളാൽ ചിലസ്ഥലങ്ങളിൽ പരാജയപ്പെടുന്നുണ്ട്. കൂടാതെ IRDP സർവ്വേയിൽ അനർഹർകടന്നുകൂടിയതും പാവപ്പെട്ടവർ വിട്ടുപോയതും പൊതുജനപങ്കാളിത്വത്തിന്റെ കുറവും പരാജയത്തിന്റെ കാരണമാവുന്നു.

ട്രൈസം (ഗ്രാമീണയുവജനപരിശീലനപരിപാടി)

ഗ്രാമീണയുവാക്കൾക്ക് ചെറുകിട വ്യവസായം സർവ്വീസ് മേഘലയിൽ സ്വയംപരിശീലനം കൊടുത്തു IRDP ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ളതാണ് ഈ പരിപാടി. പരിശീലനത്തിന് ശേഷം സ്വയം തൊഴിൽ ചെയ്യുന്നതിന് വായ്പയും സബ്സിഡിയും നിശ്ചിത തൊഴിൽ മേഖലക്ക് ഉപയോഗപ്പെടുത്തുകയുമാണ് ഈ പരിപാടി

ഈ പഞ്ചായത്ത് നടപ്പാക്കിയ പദ്ധതികൾ പട്ടികയിൽ കാണുക.

ക്രമനമ്പർ	വാർഡ്നമ്പർ	പദ്ധതിയുടെ പേര്	ഗുണഭോക്താക്കളുടെ എണ്ണം	വർഷം
1	III	ബീഡിനിർമ്മാണം	13	85-86
2	III	പശുവളർത്തൽ	22	92-93
3	IV	ആടുവളർത്തൽ	15	86-87
4	IV	പശുവളർത്തൽ	10	94-95
5	V	പശുവളർത്തൽ	10	94-95
6	VI	ആട്	16	86-87
	VI	തൊടുവയൽ	16	86-89
	VI	ആട്യൂനിറ്റ്	14	87-88
7	VIII	കറവുമാട് ചങ്ങാടം	20	83-84
	XI	കൊമ്മയാട്-ആട്	15	92-93
	XI	കാരക്കാമല-ആട്	10	92-93

കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനകം ഈ പഞ്ചായത്തിനും താഴെ പറയുന്ന ഇനങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്.

ക്രമനമ്പർ	പരിശീലനംകൊടുത്ത ട്രേഡ്	പരിശീലനം ലഭിച്ചവരുടെ എണ്ണം	
1.	ഓട്ടോമെക്കാനിക്ക്	5	ഇതിൽസ്വയംതൊഴിൽ കണ്ടെത്തിയവർ
2.	ടൈലറിംഗ്	2	
	ടൈപ്പ്റൈറ്റിങ്	4	21പേർ
	കമ്പോസിങ്ങ്	3	
	കംമ്പ്യൂട്ടർ	1	
	ഫോട്ടോഗ്രാഫി	2	
	സ്പിന്നിംഗ് വീവിംഗ്	12	
	ഓട്ടോഡ്രൈവിംഗ്	3	
	ബ്യൂട്ടിഷൻ	2	
	പ്ലാസ്റ്റിവർക്ക്	1	
	ആകെ	35	

ഗ്രാമീണശുചിത്വ പരിപാടി (CRSP)

കേന്ദ്ര ഗവൺമെന്റ്സഹായത്തോടുകൂടി ബ്ലോക്ക്വഴി നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഗുണം പഞ്ചായത്തിൽല ഭിച്ചിട്ടുണ്ട്. ആരോഗ്യരംഗത്ത്വളരെ അനിവാര്യമായ ഈ പദ്ധതി ജനങ്ങൾക്ക് വളരെ ഉപയോഗപ്പെട്ടതാണ്. ഈപദ്ധതിപ്രകാരം എല്ലാവീടുകൾക്കും കക്കൂസ്സ് നിർമ്മിക്കന്നതിന് ബോധവൽക്കരണവും സാമ്പത്തിക് സഹായവും അനിവാര്യമാണ്. ഈ പദ്ധതിപ്രകാരം ഈ പഞ്ചായത്തിൽ ക്കൂസ് ലഭിച്ചവരുടെ എണ്ണം 94 ആണ്.

ടൂൾകിറ്റ്വിതരണം (1995 96) വർഷത്തിൽ ഈ പദ്ധതിനമ്മുടെബ്ലോക്കിലും നടപ്പിലാക്കിയിട്ടുണ്ട്. അതുപ്രകാരം ഒൻമ്പതുകുടുംബങ്ങൾക്ക് ടൂൾകിറ്റ്വിതരണംചെയ്തിട്ടുണ്ട്. ഗ്രാമീണതൊഴിൽ മേഖലയെ പ്രോത്സാഹിപ്പിക്കുന്ന ഈ പദ്ധതി അർഹതപ്പെട്ടവർക്ക് ആവശ്യമായ സാധനങ്ങൾ ഗ്രാമീണതലത്തിൽ ലഭ്യമാക്കുന്നത് നല്ലതായിരിക്കുമെന്ന് ഗ്രാമസഭയിൽ ചർച്ചവരികയുണ്ടായി.

സാമൂഹ്യവനവൽക്കരണപരിപാടി

ഈ പദ്ധതിപ്രകാരം മഹിളാസമാജങ്ങൾ വഴിയും തരിശ് ഭൂമിവികസനപദ്ധതിപ്രകാരം ആദിവാസി കോളനികളിൽ വിവിധയിനം ഫലവൃക്ഷതൈകളായി 70000 തൈകൾ വിതരണം ചെയ്തിട്ടുണ്ട്.

ഇതുപ്രകാരം പഞ്ചായത്ത്കൊടുത്തതൈകളുടെവിവരം താഴെകൊടുക്കുന്നു

ക്രമനമ്പർ	ഇനം	വിതരണംചെയ്തതൈകളുടെ എണ്ണം
1. നാറോകടവ് മഹിളാസമാജം	വിവിധ ഇനം	10,000
2. വാരമ്പറ്റ	ഫലവൃക്ഷതൈ	10,000
3. പുളിഞ്ഞാൽ		10000
4. മൊതക്കര		10,000
5. ആലഞ്ചേരി		10,000
തരിശ്ഭൂവികസനപദ്ധതിപ്രകാരം പ്രയിദർശനിചായതോട്ടത്തിൽനിന്ന്		20,000

മില്യാൻവെൽപദ്ധതി :

കേന്ദ്രഗവൺമെന്റിന്റെ പദ്ധതിപ്രകാരം 1/2 ഏക്കറിൽകൂടുതൽ കൃഷിയുള്ള ആദിവാസികൾക്ക് കൃഷിആവശ്യത്തിന് കുളം, കിണർകുഴിക്കുന്ന പദ്ധതിയാണിത് ഈ പദ്ധതിപ്രകാരം നിർമ്മിച്ച ധാരാളം കുളങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ടെങ്കിലും അത് കൃഷിക്ക് ഉപയുക്തമല്ല. പകരം ആദിവാസികൾക്ക് കിണർകുഴിച്ച് ജല സേചനത്തിന് കുടിവെള്ളത്തിനും ഉപയോഗപ്രദമായിരിക്കുമെന്നുമുള്ള അഭിപ്രായം ഗ്രാമസഭയിൽ പൊന്തിവന്നു.

കുടിർജ്യോതിപദ്ധതി:

കേന്ദ്രഗവ:സഹായത്തോടുകൂടി ദാരിദ്ര്യ രേഖ്ക്ക താഴെപ്പെട്ട അർഹരായവർക്ക് ഒരുബൾബ് ഫിറ്റ് ചെയ്തുകൊടുക്കുന്ന ഈ പരിപാടി ബ്ലോക്കിന്റെയും K.SE.Bയുടെയും സഹായത്തോടെ 20പേർക്ക് നല്കുകയുണ്ടായി.

ത്രീഫ്റ്റ് ആൻഡ്ക്രെഡിറ്റ്

സ്ത്രീകളുടെവരുമാനം വർദ്ധിപ്പിക്കുന്നതിനും തൊഴിൽ കണ്ടെത്തുന്നതിനും ബ്ലോക്കിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന് ഈ പദ്ധതി ഈ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

ക്രമ നമ്പർ	D.WCRAയുടെ പേര്	ഗുണഭോക്താക്കൾ സംഘടിപ്പിച്ചസംഖ്യ	ഗവ:അനുവദിച്ച സംഖ്യ	ഗുണഭോക്താക്കളുടെ എണ്ണം
1	നാരോക്കടവ് പശുവളർത്തൽ	5000	5000	10
2	ഒഴുക്കൻമൂല പശുവളർത്തൽ	10,000	10,000	10

ഈ പദ്ധതിപ്രകാരം ഗുണഭോക്താക്കൾ ചെറിയ തുകകളായിബാങ്കിൽ നിക്ഷേപിക്കുകയും അവർനിക്ഷേപിക്കുന്നതുക്ക് അത്രതന്നെ ഗവർമെണ്ട് നൽകുന്നതമാണ്.പരമാവധി ഗവ: അനുവധിക്കുന്ന സംഖ്യ 10,000 രൂപയാണ്.

മഹിളാസമൃദ്ധിയോജന

ഈ പദ്ധിതിപ്രകാരം പാവപ്പെട്ടവനിതകളിൽ സമ്പാദ്യശീലം വളർത്തുകയെന്നതാണ് ലക്ഷ്യം 4 രൂപയോ അതിന്റെഗുണിതങ്ങളോ ഒരുകുടുംബത്തിന് 300 രൂപഅടച്ചുകഴിഞ്ഞാൽ ഒരുവർഷം കഴിയുമ്പോൾ 375 രൂപ തിരിച്ച് ലഭിക്കും. ഈ പദ്ധതിപഞ്ചായത്ത് തലത്തിൽ ജനകീയവല്ക്കരിക്കേണ്ടതാണ്.

പ്രശ്നങ്ങൾ

1. IRDP സർവ്വേലിസ്റ്റിൽ അനർഹർകടന്നതും അർഹതപ്പെട്ടവർവിട്ടുപോയതും അർഹതപ്പെട്ടവർക്ക്ലോൺലഭിക്കുന്നതിനുള്ളവിഷമവും

2. ബാങ്കുകളിൽ നിന്ന് വായ്പായഥാസമയം ലഭിക്കുന്നതിനുള്ള സാങ്കേതികതടസ്സങ്ങൾ

3. പദ്ധതികളെ പറ്റി ഗുണഭോക്താക്കൾക്കുള്ള അജ്ഞത

4. പദ്ധതിയുടെ അഭാവം

5. വിപണനഅപര്യാപ്ത

6. പദ്ധതിതുടർനിരീക്ഷണത്തിന്റെ കുറവ്

7. ആവശ്യമായ മൂലധനം ലഭിക്കായ്മ

8. നല്ലയിനം മൃഗങ്ങളെയും കോഴികളെയും കിട്ടുന്നതിനുള്ള ബുദ്ധിമുട്ട്

9. പാവപ്പെട്ടവർമദ്ധ്യവർത്തികളുടെ ചൂഷണത്തിന് വിധേയമാവുന്നു

10 യഥാർത്ഥഗുണഭോക്താക്കളെതിരഞ്ഞെടുക്കുന്നതിൽ ജാതിമത ഉദ്യോഗ്സ്ഥരാഷ്ട്രീയ ഇടപെടൽ.

പരിഹാരമാർഗ്ഗങ്ങൾ

1. IRDP ലീസ്റ്റ് കുറ്റമറ്റതാക്കുക

2. ബാങ്ക് വായ്പലഭിക്കുന്നതിന് ജനകീയ കമ്മറ്റിയുടെ ശരിയായ പ്രവർത്തനം ഉറപ്പുവരുത്തുക

3 പുതിയപദ്ധതികൾ യഥാസമയം ജനങ്ങളെഅറിയിക്കുക.

4 IRDP പദ്ധതിക്ക് കാർഷികമേഖലയെക്കുറിച്ച് മാത്രമാണ് ജനങ്ങൾക്കിന്ന് അറിവുള്ളത്. പുതിയപദ്ധതികളെക്കുറിച്ച് ജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണംനടത്തുക

5 വിപണനത്തിന് ആവശ്യമായ കേന്ദ്രങ്ങൾ പഞ്ചായത്ത് തലത്തിൽ ആരംഭിക്കുക.

6 പദ്ധതിതുടർനിരീക്ഷണത്തിന് താഴെക്കിടയിലെ ഉദ്യോഗസ്ഥന്മാർക്ക് പുറമെ ബ്ലോക്ക് ജില്ലാ തലഉദ്യോഗസ്ഥന്മാരുടെ സേവനം ഉറപ്പുവരുത്തുക.

7 പദ്ധതിക്ക് ആവശ്യമായ മൂലധനം ഉറപ്പുവരുത്തുക

8 മേൽത്തരംമൃഗങ്ങളെ സർക്കാർതലത്തിൽ വിതരണം ചെയ്യുന്നതിനുള്ള നടപടിസ്വീകരിക്കേണ്ടിയിരിക്കുന്നു.

9 യഥാർത്ഥഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് ജനപ്രതിനിതികളുടെയും ഉദ്യോഗസ്ഥന്മാരുടെയും ടസ്ക് ഫോഴ്സ്രൂപീകരിക്കുക

സാമൂഹ്യക്ഷേമവകുപ്പിലെ ക്ഷേമ പ്രവർത്തനങ്ങൾ

സാമൂഹ്യക്ഷേമരംഗത്ത് പാവപ്പെട്ടവരുടെ ഉന്നമനത്തിന് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവെക്കുന്ന പരിപാടിയാണ്. അംഗൺവാടിയുടെ പ്രവർത്തനം. സമൂഹത്തിലെ പാവപ്പെട്ടവരുടെ കുട്ടികൾക്ക് പ്രി പ്രൈമറിവിദ്യാഭ്യാസത്തിന്റെ സ്വപ്നം ഇതുവഴി സാക്ഷാൽക്കരിച്ചുവരുകയാണ്. വേണ്ടത്രപൊതുജനസഹായവും സഹകരണവും ഇല്ലെങ്കിൽപ്പോലും നമ്മടെ പഞ്ചായത്തിൽ 12 വാർഡുകളിലായി 24 അംഗൺവാടി പ്രവർത്തിക്കുന്നുണ്ട്.

ക്രമ നമ്പർ	അംഗൺവാടിയുടെ പേര്	സ്വന്തം കെട്ടിടം	വാടക കെട്ടിടം	സ്ഥലം	കുട്ടികളുടെ എണ്ണം	കക്കൂസ് സൗകര്യം	ഫർണീച്ചർ കളിക്കോപ്പുകൾ	മറ്റു കാര്യങ്ങൾ
1	കണ്ടെത്തുവയൽ	ഉണ്ട്		ഉണ്ട്	30	ഇല്ല	ഉണ്ട് - ഇല്ല	ഇല്ല
2	കണ്ടെത്തുവയൽ	ഉണ്ട്		ഉണ്ട്	28	ഇല്ല	ഉണ്ട് - ഇല്ല	ഇല്ല
3	മംഗലശ്ശേരി	ഉണ്ട്		ഉണ്ട്	26	ഇല്ല	ഉണ്ട് - ഇല്ല	ഇല്ല
4	വെളിയണ	ഉണ്ട്		ഉണ്ട്	32	ഇല്ല	ഉണ്ട് - ഇല്ല	ഇല്ല
5	പുളിഞ്ഞാൽ	ഷെഡ്		ഉണ്ട്	33	ഇല്ല	ഉണ്ട് - ഇല്ല	ഇല്ല
6	ആലക്കണ്ടി	ഉണ്ട്		ഉണ്ട്	27	ഇല്ല	ഉണ്ട് - ഇല്ല	ഇല്ല
7	കാര്യംകുന്ന്	ഉണ്ട്		ഉണ്ട്	28	ഉണ്ട്	ഉണ്ട് - ഇല്ല	ഇല്ല
8	മൊതക്കര	ഉണ്ട്		ഉണ്ട്	20	ഇല്ല	ഉണ്ട് - ഇല്ല	പൈ.ഉണ്ട്
9	വെള്ളമുണ്ട 8/4	ഉണ്ട്		ഉണ്ട്	26	ഇല്ല	ഇല്ല - ഇല്ല	ഇല്ല
10	നടക്കയൽ	ഉണ്ട്		ഉണ്ട്	30	ഉണ്ട്	ഉണ്ട് - ഇല്ല	ഇല്ല
11	പഴഞ്ചന	ഉണ്ട്		ഉണ്ട്	25	ഇല്ല	ഉണ്ട് - ഇല്ല	കിണർ
12	പെരവടി	ഇല്ല		ഉണ്ട്	36St	ഇല്ല	ഇല്ല - ഇല്ല	കിണർ
13	ചെറുകര	ഉണ്ട്		ഉണ്ട്	34	ഇല്ല	ഉണ്ട് - ഇല്ല	കിണർ
14	കള്ളൻപെട്ടി	ഉണ്ട്		ഉണ്ട്	25	ഇല്ല	ഉണ്ട് - ഇല്ല	ഇല്ല
15	ചങ്ങാടം	ഉണ്ട്		ഉണ്ട്	24	ഇല്ല	ഉണ്ട് - ഇല്ല	ഇല്ല
16	ആറുവാൾ	ഉണ്ട്		ഉണ്ട്	25	ഇല്ല	ഉണ്ട് - ഇല്ല	ഇല്ല
17	തെണ്ണമ്പറ്റ	ഉണ്ട്		ഉണ്ട്	34	ഉണ്ട്	ഇല്ല - ഇല്ല	ഇല്ല
18	ചാപിയാണ	ഉണ്ട്		ഉണ്ട്	24	ഇല്ല	ഉണ്ട് - ഇല്ല	ഇല്ല
19	കാപ്പുംകുന്ന്	ഇല്ല		ഉണ്ട്	34	ഇല്ല	ഇല്ല - ഇല്ല	ഇല്ല
20	കരിങ്ങോലി	ഉണ്ട്		ഉണ്ട്	24	ഇല്ല	ഉണ്ട് - ഇല്ല	ഇല്ല
21	തരുവണ	ഉണ്ട്		ഉണ്ട്	24	ഇല്ല	ഉണ്ട് - ഇല്ല	ഇല്ല
22	കാരക്കമല	ഉണ്ട്		ഉണ്ട്	35	ഇല്ല	ഉണ്ട് - ഇല്ല	ഉണ്ട്
23	കെല്ലൂർ	ഉണ്ട്		ഉണ്ട്	23	ഇല്ല	ഉണ്ട് - ഇല്ല	ഇല്ല
24	കാപ്പകുന്ന്	ഉണ്ട്		ഉണ്ട്	24	ഇല്ല	ഉണ്ട് - ഇല്ല	കിണർ ഇല്ല

പ്രശ്നങ്ങൾ

1 പുത്തൻവിദ്യാഭ്യാസപരിഷ്കാരത്തിന്റെ ഭാഗമായിരുന്ന ഇംഗ്ലീഷ്മീഡിയവും നെഴ്സറിവിദ്യാഭ്യാസവും അംഗൺവാടികൾക്ക് തടസ്സമാവുന്നു

2 നല്ലപരിശീലനംലഭിച്ചഅദ്ധ്യാപകരുടെ കുറവ്

3 അംഗൻവാടിതലത്തിലുള്ള രക്ഷാകർതൃസമതികളുടെ പ്രവർത്തനകുറവ്

4 കുട്ടികൾക്ക് കളിക്കുന്നതിനും ഇരിക്കുന്നതിനും ആവശ്യമായ കളിപ്പാട്ടങ്ങളുടെയും ഫർണീച്ചറുകളുടെയും കുറവ്.

5 അംഗൻവാടി വർക്കും ഹെൽപ്പർക്കും കൊടുക്കുന്ന അലവൻസിന്റെ അപര്യാപ്തത

6 ജനങ്ങൾക്ക് അംഗൺവാടിയെസംബന്ധിച്ച് അറിവില്ലായ്മ

7 സ്വന്തമായകെട്ടിടം സ്ഥലം എന്നിവഇല്ലായ്മ

8 അംഗൺവാടികൾക്ക് പൊതുജനങ്ങളിൽ നിന്നും ജനപ്രതിനിധികളിൽനിന്നും വേണ്ടത്ര ശ്രദ്ധയില്ലായ്മ

9 അംഗൺവാടി പ്രവർത്തകരിൽ ചിലരുടെ സ്ഥാപനത്തോടുകൂറില്ലായ്മ

പരിഹാരനിർദ്ദേശങ്ങൾ

1. വാർഡ്മെമ്പർചെയർമാനായി ഇന്ന് നിലവിലുള്ള കമ്മറ്റികാര്യക്ഷമമാക്കുകയും കുട്ടികളുടെ അമ്മമാരെ സംഘടിപ്പിച്ച്കൊണ്ടു മഹിളാസമാജം രൂപീകരികരിച്ച് അംഗൺവാടിയുടെ പ്രവർത്തനവും കുട്ടികളുടെ പൊഴിഞ്ഞുപോകലും ഒഴിവാക്കുക. ഇതിനുവേണ്ടി മാസത്തിൽ രണ്ട് തവണയെങ്കിലും യോഗംചേർന്ന് പ്രവർത്തനം അവലോകനം ചെയ്യുക.

2 അംഗൺവാടി കുട്ടികൾക്ക് അനുവദിക്കുന്നു പോഷകാഹാരസാധനങ്ങളുടെ ഫണ്ട് വർദ്ധിപ്പിക്കുക

3 അംഗൺവാടികൾക്ക് നൽകുന്ന പോഷകഹാരസംബന്ധിച്ച് കമ്മറ്റികളിൽ ചർച്ചചെയ്യുക.

4 അനർട്ടിന്റെ അടുപ്പുകൾ എല്ലാ അംഗൺവാടിയിലും വിതരണംചെയ്യുക

5 അംഗൺവാടികളെ പ്രീപ്രൈമറിവിദ്യാഭ്യാസത്തിന്റെ ഭാഗമായി അംഗീകരിക്കുകയും വർക്കർ ഹെൽപ്പർ എന്നിവർക്ക് ശമ്പളസ്കെയിൽ അനുവദിക്കുകയും ചെയ്യുക.

6 അംഗൺവാടിപ്രവർത്തകർക്ക് ആവശ്യമായ പ്രിപ്രൈമറി വിദ്യാഭ്യാസം നൽകുക

7 അംഗൺവാടികുട്ടികൾക്കും പ്രവർത്തകർക്കും അമ്മമാർക്കും അംഗൺവാടിതലത്തിലും പഞ്ചായത്ത് തലത്തിലും കലാകായികമേളകൾ സംഘടിപ്പിക്കുക

8 അംഗൺവാടികൾക്ക് പ്രൈമറി വിദ്യാഭ്യാസം അംഗീകരിച്ച് സ്ക്കൂളിൽ ചേർക്കുന്നതിന് ആവശ്യമായ സർട്ടിഫിക്കറ്റ് സൗകര്യം ഉണ്ടാക്കുക.

9 അംഗണവാടികളെ അംഗീകരിക്കുന്നതിന് ഏറ്റവും നല്ല പ്രവർത്തകർക്ക് പഞ്ചായത്ത് തലത്തിൽ അവാർഡ് നല്കി ആദരിക്കുക

10 അംഗൺവാടികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണസെമിനാർ സംഘടിപ്പിക്കുക

ക്ഷേമനിധികളും വിവിധയിനം പെൻഷൻപദ്ധതികളും

നിർമ്മാണതൊഴിലാളി ക്ഷേമനിധി കർഷകതൊഴിലാളി ക്ഷേമനിധി, തയ്യൽ തൊഴിലാളി ക്ഷേമനിധി, ഇത്തരം ക്ഷേമനിധിയുടെ പ്രവർത്തനം നമ്മുടെ പഞ്ചായത്തിലും നടന്നുവരുന്നുണ്ട്. കൂടാതെ വിവിധപെൻഷൻ പദ്ധതികളും പഞ്ചായത്തിൽ ലഭ്യമാണ്. 1995 ലെകണക്ക് അനുസരിച്ച് ഈപഞ്ചായത്തിൽ ലഭിക്കുന്ന പെൻഷൻ പട്ടികയിൽ കൊടുക്കുന്നു.

ധനസഹായം ലഭിക്കുന്നവർ എല്ലാംതന്നെ അർഹതപ്പെട്ടവരാണെന്നുള്ള അഭിപ്രായം ഗ്രാമസഭക്കില്ല. അർഹതപ്പെട്ടവർവിട്ടുപോയതായി കാണുന്നുണ്ട്. പെൻഷനുകൾ ജില്ലാ പഞ്ചായത്തിന് കീഴിൽ വന്നതിന് ശേഷം മാറ്റങ്ങൾ ഉണ്ടായതായി കാണുന്നില്ല. സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട ഇത്തരം കാര്യങ്ങൾ ജനങ്ങളിലെത്തിക്കാനും. ജനങ്ങൾക്കാവശ്യമായ ബോധവൽക്കരണം നല്കി അർഹതപെട്ടവർക്ക് ആനുകൂല്യം കിട്ടുന്നു എന്ന് ഉറപ്പുവരുത്തുവാൻ 50വീടുകൾക്ക് ഒരു അയൽകൂട്ടകമ്മറ്റി രൂപികരിക്കാനും അവരുടെ ആവശ്യങ്ങൾ ടാക്സ്ഫോഴ്സ് കമ്മറ്റി ചർച്ചചെയ്ത് നടപ്പാക്കുന്നത്. നന്നായിരിക്കും.

പൊതുവിതരണസമ്പ്രദായം:

നമ്മുടെ പഞ്ചായത്തിൽ പൊതുവിതരണ രംഗത്ത് ഒരു മാവേലിസ്റ്റോറും 12 റേഷൻ ഷാപ്പുകളുമാണ് ഉള്ളത്. ഇവയുടെ പ്രവർത്തനംകൊണ്ട് മാത്രം ഇവിടുത്തെ ജനങ്ങൾക്ക് ന്യായമായ വിലക്ക് സാധനങ്ങൾ ലഭിക്കുവാൻ പര്യാപ്തമല്ല. മാവേലിസ്റ്റോറുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും റേഷൻ കടകൾവഴി വിതരണം ചെയ്യുന്ന സാധനങ്ങൾ ജനങ്ങൾക്ക് എത്തിക്കയും ആവശ്യമാണ് റേഷൻ കടകളെപ്പറ്റി ഗ്രാമസഭകളിൽ ഉയർന്നുവന്ന പരാതികൾ പരിഗണിക്കപ്പെടുന്നതിന് റേഷൻ കടകളുടെ ഉത്തരവാദിത്വം പഞ്ചായത്ത് ഏറ്റെടുത്ത് പരാതികൾക്ക് പരിഹാരകണ്ടത്തേണ്ടതാണ് റേഷൻ കടകളുടെ പരിശോധന കുറെക്കൂടി കാര്യക്ഷമമാക്കേണ്ടതുണ്ട്. പഞ്ചായത്തിൽ ഇപ്പോഴുള്ളതിന് പുറമെ ഒരുമാവേലിസ്റ്റോറ് അനുവദിക്കേണ്ടതാണ്. ഉപഭോക്തൃമേഖല കാര്യക്ഷമമാക്കുന്നതിന് വാർഡ് തലബോധവല്ക്കരണ സെമിനാറുകൾ സംഘടിപ്പിക്കേണ്ടതാണ്.

ഇനം	വില്ലേജ് വെള്ളമുണ്ട	(എണ്ണം) പൊരുന്നന്നൂർ
അഗതിപെൻഷൻ	51	29
വിധവ	65	74
വികാലാംഗ പെൻഷൻ	41	53
വാർദ്ധക്യകാലപെൻഷൻ	7	17
ക്ഷയരോഗം	3	2
ക്യാൻസർ	1	0
കർഷകതൊഴിലാളിപെൻഷൻ	166	122
തൊഴിലില്ലായ്മവേതനം		

സംസ്ക്കാരം

കേരളത്തിലെ കാശ്മീർ എന്ന് വിശേഷിപ്പിക്കപ്പെടുന്ന വയനാടിന്റെ ഏറ്റവും ഉയരം കൂടിയ ബാണാസുര മലയുടെ ഓരം ചേർന്നു കിടക്കുന്ന വെള്ളമുണ്ട സാംസ്ക്കാരികരംഗത്ത് ഉദാത്തമായ മാതൃകയ്ക്കു തുടക്കം കുറിച്ച പഞ്ചായത്താണ്. സാംസ്ക്കാരിക രംഗത്തും കലാകായിക രംഗത്തും മാതൃകാപരമായ സ്ഥാനം നിലനിർത്തുന്നതിന് ഈ പഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്. കൂടിയാട്ടം, ഓട്ടംതുള്ളൽ, കഥകളി, ദഫ്മുട്ട്, കോൽക്കളി തുടങ്ങിയ വിവിധ കലാരൂപങ്ങൾ വളരെനല്ല രീതിയിൽ ഇവിടെ നിലനിന്നിരുന്നു. ജനവിഭാഗത്തിൽ ഗണ്യമായ സ്ഥാനം വഹിക്കുന്ന ആദിവാസികൾക്കിടയിൽ നിലനിന്നിരുന്ന കലാരൂപങ്ങളിൽ കുറിച്യരുടെ കുംഭപ്പാട്ട്, നരിപ്പാട്ട്, ഓന്തുപാട്ട തുടങ്ങിയവയും പണിയ വിഭാഗത്തിലെ തെയ്യം, തിറ, കുളി ഉറയൽ, കൂളിക്കാവിൽ കയറൽ എന്നിവ എടുത്തു പറയത്തക്കതാണ്. കാട്ടുനായ്ക്കരുടെ വട്ടക്കളി, ചീനി ഉപയോഗിച്ചുള്ള നൃത്തം സ്ത്രീകളുടെ കൈകൊട്ടികളി എന്നിവയും ശ്രദ്ധേയമായ കലാരൂപങ്ങൾ തന്നെ.

വിദ്യാഭ്യാസരംഗത്ത് 1884-ൽ തന്നെ ഈ പഞ്ചായത്തിൽ തുടക്കം കുറിച്ചിരുന്നു. പിന്നീട് വിവിധ മേഖലകളിൽ സ്ഥാപിച്ച പ്രൈമറി സ്ക്കൂളുകളും 1957 ൽ ആരംഭിച്ച ഹൈസ്ക്കൂളും സാംസ്ക്കാരിക മേഖലയിൽ ആശാവഹമായ മാറ്റം ഉണ്ടാക്കുന്നുതിന് കാരണമായിട്ടുണ്ട്.

വായനശാലകളും ഗ്രന്ഥശാലകളും

കേരളത്തിൽ ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായാണ് വായനശാലകൾ കടന്നുവന്നത്. നമ്മുടെ പഞ്ചായത്തിന്റെ സാമൂഹ്യസാംസ്ക്കാരിക വളർച്ചയിൽ ഇത് വഹിച്ച പങ്ക് നിസ്തർക്കമാണ്. സ്വാതന്ത്ര്യസമരപോരാട്ടങ്ങൾക്കു നേതൃത്വം കൊടുക്കുവാനും സാമ്രാജ്യത്വനും ജന്മിത്തത്തിനുമെതിരെ ജനങ്ങളെ അണിനിരത്താനും ഇത് സഹായിച്ചിട്ടുണ്ട്. ജാതി-മത-രാഷ്ട്രീയ പരിഗണനകൾക്കതീതമായി ആബാലവൃദ്ധജനങ്ങളും ഒത്തുചേരുന്ന കേന്ദ്രങ്ങളായിരുന്നു പഴയ ഗ്രന്ഥശാലകൾ

10 വായനശാലകൾ നിലവിലുള്ള നമ്മുടെ പഞ്ചായത്തിൽ 7 എണ്ണത്തിൽ ഗ്രന്ഥാലയങ്ങൾ പ്രവർത്തിക്കുന്നു. ഇതിനുപുറമേ ബ്ലോക്കിന്റെ കീഴിൽ രണ്ട് ജനശിക്ഷൺ നിലയങ്ങളും പഞ്ചായത്തിന്റെ കീഴിൽ മൂന്നു ജനവിദ്യാകേന്ദ്രങ്ങളുമുണ്ട്.

വെള്ളമുണ്ട പബ്ലിക് ലൈബ്രറിയാണ് പഞ്ചായത്തിലെ ആദ്യത്തെ വായനശാല. 1936-ൽ സ്ഥാപിച്ച ഈ ലൈബ്രറിയുടെ പ്രഥമ പ്രസിഡന്റ് സെക്രട്ടറി എന്നിവർ യഥാക്രമം ശ്രീ.വി.കെ നാരായണൻനായർ, ശ്രീ എ. കേളുനമ്പ്യാർ എന്നിവരാണ്. ഗ്രന്ഥശാലയുടെ ആസ്ഥാനം വെള്ളമുണ്ട എ.യു.പി സ്ക്കൂളിനോടു ചേർന്ന ഒരു മുറിയായിരുന്നു. 1938-ൽ ആ ഗ്രന്ഥശാലയിൽ 1000 ൽ അധികം പുസ്തകങ്ങൾ ഉണ്ടായിരുന്നുവെന്നതും അവയുടെ മുഴുവൻ വിവരങ്ങൾ അടങ്ങിയ കാറ്റലോഗം ഉണ്ടായിരുന്നുവെന്നതും അക്കാലത്തെ ഗ്രാമീണഗ്രന്ഥശാലയ്ക്കു അവകാശപ്പെടാനില്ലാത്ത ഒരു നേട്ടമായി കണക്കാക്കാം. ഇന്ന് 8000-ൽ അധികം പുസ്തകങ്ങളുള്ള ഈ ലൈബ്രറി 'A ഗ്രേഡ്'-ൽ ഉൾപ്പെടുന്നു. ബാലസാഹിത്യവിഭാസം കലാവിഭാഗം, കാർഷിക കോർണർ, റെഫറൻസ് വിഭാഗം, സ്പോർട്സ് വിഭാഗം എന്നിവയ്ക്കു പുറമേ കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 'ബാലകൈരളി' എന്ന പേരിലുള്ള മലയാളം നഴ്സറി സ്ക്കൂളും അവിടെ നടന്നു വരുന്നു. സംസ്ഥാന അധ്യാപക അവാർഡ് ലഭിച്ച ശ്രീ. വി.കെ. ശ്രീധരൻ മാസ്റ്റർ ഇതിന്റെ മുൻസെക്രട്ടറിമാരിൽ ഒരാളാണ്.

വയനാട് ജില്ലയിൽ 'A' ഗ്രേഡ് നേടിയ ആദ്യത്തെ ഗ്രന്ഥശാലയാണ് ചെറുകര റിനൈസൻസ് ലൈബ്രറി. 1956 ലാണ് ഇത് സ്ഥാപിച്ചത്. കെ.ഗോവിന്ദകുറുപ്പ് സംഭാവന നല്കിയ 25 സെന്റ് സ്ഥലത്ത് നാട്ടുകാരുടെ ശ്രമദാനത്തോടെ നിർമ്മിച്ചതാണ് ഈ ലൈബ്രറി. ഭാരത് സേവക് സമാജ് (B.S.S) ന്റെ ആഭിമുഖ്യത്തിൽ റോഡുകളും മറ്റും ഏറ്റെടുത്ത് പ്രവർത്തകർ പണിപൂർത്തീകരിച്ച് അതിൽ നിന്നും കിട്ടിയ സംഖ്യ സ്വരൂപിച്ചാണ് ഇതിന്റെ കെട്ടിടം നിർമ്മിച്ചത്. വായനശാലയുടെ ആവശ്യകതയെ കുറിച്ചുള്ള ഗ്രാമീണജനതയുടെ അവബോധത്തിന്റെ സ്പഷ്ടമായ് തെളിവാണ് ഇതിൽ നിഴലിക്കുന്നത്. മികച്ച സാക്ഷരതാ പ്രവർത്തകനുള്ള അവാർഡ് നേടിയ ശ്രീ മംഗലശേരി നാരായണൻ നായർ, AIR ആർട്ടിസ്റ്റ് കരുണാകരൻ ചെറുകര, മികച്ച അധ്യാപകനുള്ള ദേശിയ അവാർഡ് നേടിയ ശ്രീ. മംഗലശേരി മാധവൻ മാസ്റ്റർ, എം ചന്ദ്രൻ മാസ്റ്റർ എന്നിവർ ഈ ഗ്രന്ഥശാലയിൽ നിന്നും പ്രചോദനം ഉൾകൊണ്ട് വളർന്നു വന്നവരാണ്. ഇന്നും മുടക്കമില്ലാതെ വാർഷികാഘോഷവും, അഖിലവയനാട് ഏകാങ്കനാടകമത്സരവും റിനൈസ്സൻസ് ലൈബ്രറി നടത്തി വരുന്നു.

സാമൂഹ്യപരിഷ്കർത്താവായിരുന്ന അവരയിൽ അന

ന്തൻനായർ 1961-ൽ സ്ഥാപിച്ചതാണ് മൊതക്കരയിലെ 'പ്രതിഭാഗ്രന്ഥാലയം' അദ്ദേഹം സംഭാവന നല്കിയതാണ് ഇതിന്റെ സ്ഥലവും കെട്ടിടവും.

ജനങ്ങളുടെ കൂട്ടയ്മയുടെയും സ്ഥിരോത്സാഹത്തിന്റെയും ഫലമായിഉണ്ടായവയാണ് കരിങ്ങാരി നവജീവൻ ഗ്രന്ഥാലയം, പാലിയണ നെഹ്റു മെമ്മോറിയൽ ലൈബ്രറി കൊമ്മയാട് ടാഗൂർഗ്രന്ഥാലയം, വിജ്ഞാൻ ലൈബ്രറി വെള്ളമുണ്ട തുടങ്ങിയവ. ഇവയെല്ലാം കേരളാ ഗ്രന്ഥശാലാസംഘത്തിന്റെ അംഗീകാരം ലഭിച്ചവയുമാണ്. ഇവയിൽ വിജ്ഞാൻ ലൈബ്രറി വെള്ളമുണ്ട-യ്ക്കൊഴികെ ബാക്കി ലൈബ്രറികൾക്കു സ്വന്തമായ കെട്ടിടങ്ങളുണ്ട്. വാരാമ്പറ്റ ചൈതന്യ വായനശാല, വി.എം.കെ. നമ്പ്യാർ ലൈബ്രറി നടയ്ക്കൽ, വെള്ളമുണ്ട സംസ്ക്കാര എന്നിവയാണ് പഞ്ചായത്തിലെ വായനശാലകൾ.

ഗ്രന്ഥശാലാസംഘത്തിന്റെ സ്ഥാപകനേതാവായിരുന്ന P.N പണിക്കരുടെ പ്രവർത്തനങ്ങൾ ഇവിടെയുള്ള ഗ്രന്ഥശാലകളുടെ വിജയത്തിനു കാരണമായിട്ടുണ്ട്. താലൂക്കു ഗ്രന്ഥശാല സംഘത്തിന്റെ സ്ഥാപകനേതാക്കളിൽ പ്രമുഖരായിരുന്നു ഇ.കെ. മാധവൻനായരും മൺമറഞ്ഞ പി.സി. കുര്യാക്കോസും.

ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്.

കലാകായികരംഗങ്ങളിൽ യുവതലമുറയെ തല്പരരാക്കുക എന്ന ലക്ഷ്യത്തോടെ ആദ്യകാല ഗ്രന്ഥശാലകളോട് ചേർന്ന് കലാസമിതികൾ സജീവമായി പ്രവർത്തിച്ചിരുന്നു. നാടകകലാരംഗത്ത് ശ്രദ്ധേയമായ പങ്കുവഹിച്ച വെള്ളമുണ്ട 8/4 ലെ യുവജനകലാസമിതി ഇതിലാദ്യത്തേതാണ്. 1951-ൽ പ്രവർത്തിച്ചു തുടങ്ങിയ ഈ സമിതിക്കു മാനന്തവാടി ബ്ലോക്ക്, കേന്ദ്രകലാസമിതി എന്നിവയിൽ നിന്നും ഗ്രാന്റ് ലഭിച്ചിരുന്നു. വിവിധ സംഗീതോപകരണങ്ങളും കർട്ടൻസെറ്റുകളും ഇതിനു സ്വന്തമായുണ്ടായിരുന്നു.

അമച്വർ നാടകരംഗത്ത് ഇന്നും പ്രവർത്തിക്കുന്ന ഒരു കാലസമിതിയാണ് ചെറുകരയിലെ 'ബോധി'. കലാസാംസ്കാരികരംഗങ്ങൾ കൂടുതൽ സജീവമാക്കുന്നതിനുവേണ്ടി നിലവിലുള്ളവയിൽ ചില ക്ലബുകൾ പഠനക്ലസുകൾ, ബോധവൽക്കരണ സെമിനാറുകൾ, സാഹസീകയാത്രകൾ, മത്സരങ്ങൾ, വിശേഷദിനാചരണങ്ങൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്.

ദഫ്മുട്ട, തെയ്യം, തിറ, കോൽക്കളി, കൈകൊട്ടികളി, തുടികൊട്ട്, മാർഗംകളി, മലക്കാരിതിറ, കളമെഴുത്തും പാട്ടും, തിരുവാതിരക്കളി, ആദിവാസിനൃത്തം, കൂളിഉറയൽ, കൂളിക്കാവിൽ കയറൽ, നരിപ്പാട്ട്, വട്ടക്കളി എന്നിവയാണ് പ്രധാനപ്പെട്ട കലാരൂപങ്ങൾ. ക്ഷേത്രകലകളായ ചാക്യാർകൂത്ത്, ഓട്ടൻതുള്ളൽ, കഥകളി എന്നിവ നല്ലരീതിയിൽ നിലനിന്നിരുന്നു. ഇത് പരിപോഷിപ്പിക്കുന്നതിനായി പട്ടാമ്പി, പെരുന്തൽമണ്ണ എന്നിവിടങ്ങളിൽ നിന്നും വിദ്വാന്മാരായ ആചാര്യൻന്മാരെ ക്ഷണിച്ചു വരുത്തിയിരുന്നു. ആലഞ്ചേരി തറവാടിനോട് ചേർന്ന് നടത്തപ്പെട്ടിരുന്ന കഥകളി കണ്ടാസ്വദിക്കുന്നതിന് ധാരാളം ആളുകൾ അവിടം എത്തിചേർന്നിരുന്നു. ഇത്തരം കലാരൂപങ്ങളുടെ നിലനില്പും പരിപോഷണവും ആർട്സ് ആന്റ് സ്പോർട്സ് ക്ലബുകളുടെ ചുമതലയാകുന്നു. വെള്ളമുണ്ടയിൽ "അർച്ചന" എന്ന പേരിൽ ഒരു സിനിമാതീയേറ്റർ പ്രവർത്തിച്ചുവരുന്നുണ്ട്.

1951-ൽ വെള്ളമുണ്ട എ.യു.പി. സ്ക്കൂൾ ആസ്ഥാനമായി പ്രവർത്തിച്ച യൂണിയൻ ക്ലബാണ് കായികരംഗത്തെ ആദ്യത്തെ സംരംഭം. ഇതിലെ ആദ്യകാല സജീവപ്രവർത്തകരിൽ പി.മൊയ്തുഹാജി, എ. കേളുനമ്പ്യാർ, വി.കെ നാരായണൻ നായർ, എ.പി.കുഞ്ഞിരാമൻ നമ്പ്യാർ, വി.കെബാലൻ നായർ എന്നിവർ പ്രമുഖരാണ്. ക്ലബിലെ ടി.എം. ചന്ദ്രൻമാസ്റ്റർ സംസ്ഥാനടീമിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. വയനാട് ജില്ലയിലെ പ്രമുഖ ബോൾ ബാറ്റ്മെന്റൺ ടീമുകളെ പങ്കെടുപ്പിച്ചുകൊണ്ട് 'ഫൈവ്സ് ടൂർൺമെന്റ്' സ്ഥിരമായി ഈ ക്ലബ് നടത്തിയിരുന്നു. അവരയിൽ അനന്തൻനായർ സ്മാരക എവർറോളിംസ് ട്രോഫിക്കു വേണ്ടിയുള്ള ബാറ്റമെന്റൺ ടൂർണമെന്റും സംഘടിപ്പിച്ചിരുന്നുവെങ്കിലും പിന്നീടി അത് സംഘടിപ്പിക്കാൻ സാധിക്കാതെ വന്നു.

വെള്ളമുണ്ട, മൊതക്കര, ചെറുകര, ഒഴുക്കൻമൂല എന്നിവിടങ്ങളിൽ വിപുലമായ രീതിയിൽ വോളിബോൾ മത്സരങ്ങൾ സ്ഘടിപ്പിച്ചിരുന്നുവെങ്കിലും ഇന്നു മൊതക്കരയിൽ മാത്രമായി അത് ഒതുങ്ങിനില്ക്കുന്നു. ചാൻസ്ലേഴ്സ് ക്ലബ് വെള്ളമുണ്ട, വെള്ളമുണ്ട ക്രിക്കറ്റ് ക്ലബ്, മൊതക്കര പ്രതിഭ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്, വെള്ളമുണ്ട വിജ്ഞാൻ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് തുടങ്ങിയവയാണ് ഈ രംഗത്ത് ഇന്ന് അല്പമെങ്കിലും പ്രതീക്ഷനൽകുന്നത്. വെള്ളമുണ്ട 8/4 ൽ "ഗിചിന്ദ്യം" കരാട്ടേസ്ക്കൂൾ പ്രവർത്തിക്കുന്നു.

പഞ്ചായത്തിൽ 16 ആർട്സ് ആന്റ് സ്പോർട്സ് ക്ലബുകളും 14 മഹിളാസമാജങ്ങളും പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിലെ ആർട്സ് ആന്റ് സ്പോർട്സ് ക്ലബുകൾ

1. വിജ്ഞാൻ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് വെള്ളമുണ്ട, വാർഡ് - II
2. ചൈതന്യ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് പുളിഞ്ഞാൽ, വാർഡ് - III
3. പ്രതിഭ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് മൊതക്കര, വാർഡ് - IV
4. സ്രോതസ് ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് മൊതക്കര, വാർഡ് - IV
5. സിതാര ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് മൊതക്കര, വാർഡ് - IV
6. മാല ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് മൊതക്കര, വാർഡ് - IV
7. ചൈതന്യ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് വാരാമ്പറ്റ, - IV
8. ചാൻസിലേഴ്സ് ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് വെള്ളമുണ്ട 8/4, വാർഡ് - V
9. പ്രണവം ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് വെള്ളമുണ്ട 8/4, വാർഡ് - V

10. വെള്ളമുണ്ട ക്രിക്കറ്റ് ക്ലബ്, വാർഡ് V
11. സിറ്റി റിക്രിയേഷൻ ക്ലബ് വെള്ളമുണ്ട, വാർഡ് - V
12. റിനൈസൻസ് ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് ചെറുകര, വാർഡ് VI
13. സർഗ ഒഴുക്കൻമൂല, വാർഡ് - VI
14. ബോധി ചെറുകര, വാർഡ് - VI
15. തരുവണ C.H യുവക് കേന്ദ്രം വാർഡ് - IX
16. അനശ്വര ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് കൊമ്മയാട്, വാർഡ് - XI

മഹിളാസമാജങ്ങൾ

1. പ്രിയദർശിനി മഹിളാസമാജം മംഗലശേരി, വാർഡ് II
2. ഭാവന മഹിളാസമാജം മംഗലശേരി കോളനി, വാർഡ്II
3. പൂർണ്ണിമ പുളിഞ്ഞാൽ, വാർഡ് III
4. കൈരളി പുളിഞ്ഞാൽ, വാർഡ് III
5. ചൈതന്യ വാരാമ്പറ്റ, വാർഡ് IV
6. പ്രഭാതം വാരാമ്പറ്റ, വാർഡ് IV
7. ഗ്രാമോദ്ധാരിണി മൊതക്കര, വാർഡ് IV
8. ആദിവാസി ഐശ്വര്യമഹിളാസമാജം മൊതക്കര (ആലഞ്ചേരിമുക്ക്), വാർഡ് IV
9. ഐശ്വര്യ മഹിളാ സമാജം മൊതക്കര, വാർഡ് IV
10. പൂർണിമ മഹാളാസമാജം മൊതക്കര, വാർഡ് IV
11. കാരാട്ട്കുന്ന് മഹിളാസമാജം കൊമ്മയാട്, വാർഡ് XI
12. ജ്യോതിശ്രീ മഹിളാസമാജം കാരക്കാമല, വാർഡ് XI
13. സഹൃദയമഹിളാസമാജം ഒഴുക്കൻമൂല, വാർഡ് XI
14. നവോദയമഹിളാ സമാജം പാലിയണ, XI

ധാരാളം ആർട്സ് ആന്റ് സ്പോർട്സ് ക്ലബുകളും മഹ്ളാ സമാജങ്ങളും മറ്റ് സംഘടനകളും നിലവിലുണ്ടെങ്കിലും കലാകായിക രംഗങ്ങളിൽ കാര്യക്ഷമമായ പ്രവർത്തനം കാഴ്ച വെക്കാൻ ഇവയ്ക്കു സാധിക്കുന്നില്ല. അനുഗ്രഹീത കലാ-കായിക താരങ്ങളാൽ സമ്പന്നമായിരുന്നു നമ്മുടെ പഞ്ചായത്ത്. അഭിശപ്തരെ എന്റെ പിന്നാലെ'' എന്ന കൃതിയെഴുതിയ എൻ രവീന്ദ്രൻ, ഓടയും മുളയും കാട്ടാറും കളമൊഴിയും, പുഴുതിന്ന പൂക്കൾ എന്നിവ രചിച്ച എ. ആർ നാരായൺനായർ കായിക പ്രതിഭകളായ താലിബ തോട്ടോളി, ഐ. പി. ആലീസ്, ബെസ്റ്റ് സിംഗർ അവാർഡ് നേടിയ എ പ്രകാശിനി തുടങ്ങിയവർ പഞ്ചായത്തിന്റെ സംഭാവനകളാണ്. ഈ രംഗത്ത് പുതു നാമ്പുകളെ കണ്ടെത്തി അവർക്കു ആവശ്യമായ പ്രോത്സാഹനം നൽകേണ്ടതുണ്ട്.

നമുക്കന്യമായി കൊണ്ടിരിക്കുന്ന സാംസ്ക്കാരിക പൈതൃകം വീണ്ടെടുക്കാൻ നാം പ്രതിജ്ഞാബദ്ധരാണ്. ദൃശ്യശ്രാവ്യമാധ്യമങ്ങളുടെ കടന്നുകയറ്റം നമ്മുടെ സാംസ്കാരിക വളർച്ചയെ മന്ദീഭവിപ്പിച്ചിട്ടുണ്ട്. ലൈംഗികതയുടെയും ഭീകരതയുടെയും അതിപ്രസരം കുഞ്ഞുങ്ങളെപോലും സ്വാധീനിക്കുന്നുണ്ട്. സാംസ്ക്കാരിക രംഗത്തെ അപചയം നാടിന്റെ പുരോഗതിയെ പിന്നോട്ടടിപ്പിക്കുന്നു.

ആരാധനാലയങ്ങൾ

മതസൗഹാർദം ഊട്ടി ഉറപ്പിച്ച ഒരു പഞ്ചായത്താണിത് ഹിന്ദു - മുസ്ലീം - ക്രസ്ത്യൻ. മതവിഭാഗങ്ങൾ തികഞ്ഞ സൗഹൃദത്തോടെ ഇടകലർന്നാണ്. ജീവിക്കുന്നത്. പഞ്ചായത്തിൽ 29 ക്ഷേത്രങ്ങളും 27 മുസ്ലീം പള്ളികളും 7 ക്രിസ്ത്യൻ പള്ളികളുമുണ്ട്. ഈ ആരാധനാലങ്ങളോടനുബന്ധിച്ച് വിപുലമായ രീതിയിൽ ഉത്സവങ്ങൾ നടത്തപ്പെടുന്നു. വയനാട്ടിലെ മുസ്ലീങ്ങളുടെ തീർത്ഥാടന കേന്ദ്രങ്ങളിൽ പ്രസിദ്ധമായതാണ് വാരാമ്പറ്റയിലെ മഖാം. മീനം 14 നു നടത്തുന്ന മഖാം ഉറൂസിനോടനുബന്ധിച്ച് നടത്തപ്പെടുന്ന അന്നദാനത്തിലും നേർച്ചയിലും നാനാജാതി മതസ്തരും പങ്കെടുക്കുന്നുണ്ട്. കാട്ടിച്ചിറക്കൽ നേർച്ചയും പഴയങ്ങാടി നേർച്ചയും, കണ്ടത്തുവയൽ നേർച്ചയും പ്രാധാന്യം അർഹിക്കുന്നവതന്നയാണ്. ഒഴുക്കൻ മൂല, കൊമ്മയാട്, കാരക്കമല, എന്നീ ക്രിസ്ത്യൻ പള്ളികളിൽ പെരുന്നാൾ വിപുലമായി ആഘോഷിക്കാറുണ്ട്. പീച്ചംകോട് ശ്രീ പോർക്കലീ ഭഗവതിക്ഷേത്രം, തൊണ്ണൻപറ്റ ഭഗവതിക്ഷേത്രം, കോക്കടവ് അതിരപുത്രൻ ക്ഷേത്രം എന്നിവിടങ്ങളിലെ ഉത്സവങ്ങളും കള്ളംപെട്ടി, തൊടുവയൽ പുതുക്കോട്ടിടം കക്കോട്ടറ എന്നിവിടങ്ങളിലെ തിറകളും വിപുലമായി ആഘോഷിക്കപ്പെടുന്നവയാണ്.

ഇത്തരം ഉത്സവങ്ങളോടനുബന്ധിച്ച് ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ചന്തകളും പ്രദർശനശാലകളും സംഘടിപ്പിക്കുന്നത് ഗുണകരവും പഞ്ചായത്തിനു സാമ്പത്തിക മെച്ചമുണ്ടാക്കാൻ സഹായിക്കുന്നതും ആകുന്നു.

ആചാരങ്ങൾ

വ്യത്യസ്ത മതവിശ്വാസികൾ അവരവരുടെ വിശ്വസങ്ങൾക്കനുസൃതമായ ആചാരങ്ങൾ ഏറിയകൂറും നില നിർത്തുന്നു. വേഷവിധാനങ്ങളിലും പൊതു രംഗങ്ങളിലും ഏകതാനത കൈകൊള്ളുന്നതായി കാണാൻ സാധിക്കും. ആദിവാസികളിൽ പോലും ഇത്തരത്തിലുള്ള മാറ്റം കാണാം തനിമ നിലനിർത്തുകൊണ്ടുള്ള സമഗ്രമായ മാറ്റം നാടിന്റെ സാംസ്ക്കാരിക പുരോഗതിക്കു വഴിതെളിക്കും.

അനാചാരങ്ങളും അന്ധവിശ്വാസങ്ങളും പൂർണ്ണമായും ഇനിയും ഉന്മൂലനം ചെയ്യപ്പെട്ടിട്ടില്ല. പുലയർ, പണിയർ മുതലായ ആദിവാസി വിഭാഗങ്ങൾ പൊതുവെ ആധുനിക ചികിത്സയിൽ വിമുഖരാണ്. പൊന്തക്കോസ്സ് വിഭാഗക്കാർ ചികിത്സയിൽ നിന്നും വിട്ടു നില്ക്കുന്നു. പുതിയ തലമുറപോലും പ്രശ്ന പരിഹരണത്തിനായി മന്ത്രവാദങ്ങളിലേക്കു നീങ്ങുന്നതായി കാണാൻ കഴിയുന്നു.

പ്രശ്നങ്ങൾ

1. കണ്ടത്തുവയൽ, പുളിഞ്ഞാൽ, ചങ്ങാടം, പുലിക്കാട്, കെല്ലൂർ വാർഡുകളിൽ ഗ്രന്ഥശാലകൾ ഇല്ല.
2. വെള്ളമുണ്ട വിജ്ഞാൻ ലൈബ്രറിക്കു സ്വന്തമായി കെട്ടിടം, ടി. വി. എന്നിവ ഇല്ല.
3. കലാ- കായിക പരിശീലനത്തിനു ഉപകരണങ്ങൾ ഇല്ല.
4. വായനശാലയ്ക്കു ആവശ്യമായ പത്രം, അനുകാലിക പ്രസിദ്ധീകരണങ്ങൾ ലഭിക്കുന്നില്ല.
5. മൊബൈൽ ലൈബ്രറിയുടെ അപര്യാപ്തത.
6. പൊതുപരിപാടികൾ സംഘടിപ്പിക്കാനുതകുന്ന സ്റ്റേഡിയം ഇല്ല.
7. സാമ്പത്തിക പരാധീനതയാൽ പല നാടൻകലകളും നശിച്ചുകൊണ്ടിരിക്കുന്നു.
8. സാംസ്ക്കാരിക നിലയത്തിന്റെ ശോചനീയ അവസ്ഥ.
9. മഹിളാ സമാജങ്ങൾക്കു സുഗമമായ പ്രവർത്തനത്തിനുള്ള ഭൗതിക സാഹചര്യങ്ങൾ ഇല്ല.
10 കല്യാണം, കലാസാസ്ക്കാരിക പരിപാടികൾ സംഘടിപ്പിക്കാനുള്ള കമ്മ്യൂണിറ്റിഹാളിന്റെ അഭാവം.
11. കലാ- കായിക രംഗങ്ങളിലെ വിദഗ്ദ പരിശീലകരുടെ അഭാവം

നിർദ്ദേശങ്ങൾ

1. ഗ്രന്ഥശാലകൾ ഇല്ലാത്ത വാർഡുകളിൽ ഗ്രന്ഥശാലകൾ സ്ഥാപിക്കുക.
2. സ്വന്തമായി കെട്ടിടം ഇല്ലാത്ത വായനശാലയ്ക്കും സ്ഥലമുള്ള മഹിളാ സമാജത്തിനും, ഗ്രന്ഥശാലകൾക്കും കെട്ടിടം അനുവദിക്കുക.
3. ടി.വി. പത്രം ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവ വായനശാലകൾക്കും, നന്നായി പ്രവർത്തിക്കുന്ന മഹളാസമാജത്തിനും നല്കുക.
4. കായിക പരിശീലനത്തിനു വിദഗ്ദപരശീലകരെ നിയമിക്കുകയും, സ്പോർട്സ് ഉപകരണങ്ങൾ നല്കുകയും ചെയ്യുക.
5. സ്ത്രീകളുടേയും കുട്ടികളുടെയും സാക്ഷരാരായ ആദിവാസികളുടെയും വായനശീലം വർദ്ധിപ്പിക്കുന്നതിനായി സാംസ്ക്കാരിക നിലയത്തോടനുബന്ധിച്ച് മൊബൈൽ ലൈബ്രറി നിർമ്മിക്കുക.
6. കല്യാണം, കലാസാസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഇപ്പോഴുള്ള പഞ്ചായത്ത് കെട്ടിടത്തിന്റെ മുകൾഭാഗത്ത് ഒരു കമ്മ്യൂണിറ്റഹാൾ നിർമ്മിക്കുക.
7. പൊതുസ്റ്റേഡിയത്തിന്റെ അഭാവം പരിഹരിക്കുന്നതിനു ഗവ: മോഡൽ ഹൈസ്കൂൾ ഗ്രൗണ്ട് സ്റ്റേഡിയമാക്കിമാറ്റുക. പുളിഞ്ഞാൽ നിലവിലുള്ള സർക്കാർ ഭൂമിയും, കൊമ്മയാട് പഞ്ചായത്ത് ഏറ്റടുത്ത സ്റ്റേഡിയം ഗ്രൗണ്ടും ഉപയോഗപ്രദമാക്കി (കളിസ്ഥലമാക്കി) മാറ്റുക.
8. അന്യം നിന്നുപോകുന്ന ആദിവാസി കലാരൂപങ്ങളും നാടൻ കലകളും പ്രോത്സാഹിപ്പിക്കുന്നതിനായി കലാസമിതി രൂപീകരിക്കുകയും, വാർഡുതലത്തിലും പഞ്ചായത്ത് തലത്തിലും മേളകൾ സംഘടിപ്പിച്ച് സമ്മാനങ്ങൾ നല്കുക.
9. പഞ്ചായത്തിൽ ഒരു കേന്ദ്രലൈബ്രറി സ്ഥാപിക്കുക.
10. സാംസ്ക്കാരിക സർവേ നടത്തി അർഹമായവരെ കണ്ടെത്തി അവർക്കുവേണ്ടുന്ന പ്രോത്സാഹനം നല്കുക.
11. ലൈബ്രേറിയന്മാരുടെ അലവൻസ് വർധിപ്പിച്ച് വായനശാല മുഴുവൻ സമയം പ്രവർത്തിപ്പിക്കാനുള്ള രീതി നടപ്പാക്കുക.
12. വികസന സംസ്ക്കാരം വർദ്ധിപ്പിക്കുന്നതിനു വായനശാലകളിൽ കാലാകാലങ്ങളിൽ ബോധവൽക്കരണക്ലാസ്സുകളും, സെമിനാറുകളും സംഘടിപ്പിക്കുക.
13. നിലവിലുള്ള സാസ്ക്കരിക നിലയത്തിൽ ലൈബ്രറിയനെ നിയമിച്ചു മുഴുവൻ സമയം പ്രവർത്തനം നടപ്പാക്കുക. സാസ്ക്കാരിക നിലയം പഞ്ചായത്തിന്റെ സാംസ്കാരിക പ്രവർത്തനങ്ങളുടെ സിരാകേന്ദ്രമാകണം.
14 വാർഡുകളിലെ ജനങ്ങൾക്കൊന്നിച്ച് വികസനകാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും എല്ലാ വാർഡുകളിലും സാക്ഷരതാ ഭവനുകൾ നിർമ്മിക്കുക.
15. പഞ്ചായത്തിലെ മീൻമുട്ടിപോലുള്ള പ്രദേശങ്ങൾ വിനോദസഞ്ചാരകേന്ദ്രങ്ങളായി വികസിപ്പിക്കുക.
16. മുമ്പ് നന്നായി പ്രവർത്തിച്ചിരുന്ന ചങ്ങാടം ദീപ്തി വായനശാല, നടയ്ക്കൽ വി. എം. കെ നമ്പ്യാർ വായനശാല എന്നിവ പുനരുജ്ജീവിപ്പിക്കണം
17. കേരളോത്സവം കൂടതൽ ആകർഷമായും ജനപങ്കാളിത്തത്തോടെയും നടത്തക.
18. പഞ്ചായത്തിലെ ക്ലബുകളെയും വായനശാലകളെയും ഏകോപ്പിക്കുന്നതനായി ഒരു പഞ്ചായത്തു തല സമിതി രൂപീകരിക്കുക.

സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ (കേരളാ ഗ്രന്ഥശാല സംഘം) അഫിലിയേറ്റ് ചെയ്ത പഞ്ചായത്തിലെ ലൈബ്രറികൾ - പട്ടിക

പേര്	വാർഡ്	സ്ഥാപിച്ച വർഷം	ഗ്രേഡ്	മെമ്പർഷിപ്പ്			പുസ്തകങ്ങളുടെ എണ്ണം	പ്രതിമാസ വിതരണം ശരാശരി	സ്വന്തം കെട്ടിടം/ വാടക	അനുകാലികങ്ങളുടെ എണ്ണം	അനുബന്ധ പ്രവർത്തനങ്ങൾ
				പു	സ്ത്രീ	ആ					
1. പബ്ലിക് ലൈബ്രറി വെള്ള മുണ്ട	V	1936	A	878	22	900	8531	1200	സ്വന്തം കെട്ടിടം ഉണ്ട്	21	ബാലകൈരളി നേഴ്സറി സ്കൂൾ, സ്പോർട്സ് ക്ലബ്, ദേശീയ ദിനങ്ങളുടെ ആചരണം, സെമിനാർ, ഓണാഘോഷം, ബാലവേദി, കാർഷിക കോർണർ, ശാസ്ത്രീയ സംഗീതം, നൃത്തക്ലാസുകൾ.
2. റിനൈസൻസ് ലൈബ്രറി ചെറുകര	VI	1956	A	423	110	533	8500	1200	സ്വന്തം കെട്ടിടം	11	ബാലവേദി മഹിളാ വിഭാഗം, ആർട്സ് & സ്പോർട്സ് ക്ലബുകൾ, കാർഷികപുസ്തകകോർണർ, ജനവിദ്യാകേന്ദ്രം ദേശീയ ദിനാചരണം - ഓണാഘോഷം
3. പ്രതിഭാ ഗ്രന്ഥാലയം മൊതക്കര	IV	1961	B	452	11	463	4552	600	സ്വന്തം കെട്ടിടം		പ്രതിഭാ ആർട്സ് & സ്പോർട്സ് ക്ലബ്, ദേശീയ ദിനങ്ങളുടെ ആചരണം, സെമിനാർ, ഓണാഘോഷം, ബാലസംഘം, കാർഷിക സെമിനാറുകൾ, വിവിധചർച്ചാവേദികൾ എന്നിവ സംഘടിപ്പിക്കുന്നു.
4. നവജീവൻ ഗ്രന്ഥശാല യരിങ്ങാരി	X	1980	E			208	1709	400	സ്വന്തം കെട്ടിടം		
5. ടാഗോർ സ്മാരക ഗ്രന്ഥാലയം കൊമ്മയാട്	XI	1963	D	132	8	140	3300	400	സ്വന്തം കെട്ടിടം	10	ഓണാഘോഷം, ബാലവാടി കൈയ്യെഴുത്തു മാസിക, ബാലവേദി, നവസാക്ഷര പുസ്തക കോർണർ, സാക്ഷരതാ പ്രവർത്തനം.
6. നെഹറു മെമ്മോറിയൽ ലൈബ്രറി, പാലിയണ്ട	X	1964	D	381	65	446	2840	450	സ്വന്തം കെട്ടിടം	13	മഹിളാ സമാജം, ബാലസമാജം,ഫാർമേഴ്സ് ക്ലബ്, സാക്ഷരതാ പ്രവർത്തനം.
7. വിജ്ഞാൻ ലൈബ്രറി, വെള്ളമുണ്ട	II	1992	F	157	7	164	1130	300	വാടക മുറി	6	സെമിനാറുകൾ, ദേശീയാദിനാചരണം ബോധവല്ക്കരണ ക്ലാസ്സുകൾ, മെഡിക്കൽ ക്യാമ്പുകൾ, ജനവിദ്യാകേന്ദ്രം, ക്ലബ് സാക്ഷരതാ പ്രവർത്തനം

സഹകരണമേഖല.

വയൽനാട് എന്നപദം ലോപിച്ച് വയനാട് ആയി അറിയപ്പെടുന്ന വയനാട് ജില്ലയിൽ പേരിന്നനുസൃതമായി പ്രധാന കൃഷിയും വയലിനെ ആസ്പദപ്പെടുത്തിയ നെൽകൃഷിയായിരുന്നു. ഇരുപതാം നൂറ്റണ്ടിന്റെ ആരംഭകാലങ്ങളിൽ കൃഷിക്കാരുടെ സാമ്പത്തിക വിഷമതകൾക്ക് ധനസഹായം ചെയ്യാൻ ഇന്നത്തെപോലെ ബാങ്കുകളോ ധനകാര്യസ്ഥാപനങ്ങളോ ഉണ്ടായിരുന്നില്ല. അതാതു പ്രദേശങ്ങളിലുണ്ടായിരുന്ന സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന കൃഷിക്കാരിൽ നിന്നും ധാന്യങ്ങൾ ''പൊലു''വിന് (ധാന്യങ്ങൾ കടംവാങ്ങി വിളവെടുപ്പ് കാലത്ത് വാങ്ങിയ ധാന്യത്തിന്റെ ഇരട്ടിയും അതിലധികവും മടക്കി കൊടുക്കുന്ന സമ്പ്രദായം) വാങ്ങി ദരിദ്രരായ കർഷകർ അത്യാവശ്യ കാര്യങ്ങൾ നിർവഹിച്ച് കൂടുതൽ കടക്കാരായി കടം തീർക്കാൻ കഴിയാതെ ഋണബാധ്യത പെരുകി വിഷമിക്കുകയായിരുന്നു. ഈ പരിതസ്ഥിതിയിലാണ് തദ്ദേശീയരായ കർഷകർ ഒത്തുചേർന്ന് ഓഹരി പിരിച്ചുകൊണ്ട് ഐക്യനാണയസംഘം എന്ന പേരിൽ സഹകരണാടിസ്ഥാനത്തിൽ പണം സ്വരൂപിച്ച് അത് സാമ്പത്തിക പരാധീനത അനുഭവിക്കുന്ന കൃഷിക്കാർക്ക് ചുരുങ്ങിയ പലിശയ്ക്ക് കടം കൊടുത്ത് സഹായിച്ചു വന്നിരുന്നു. അത്തരം സംഘങ്ങൾക്ക് അന്ന് ശമ്പളം പറ്റുന്നജീവനക്കാരൊന്നും ഉണ്ടായിരുന്നില്ല. സംഘം പ്രസിഡണ്ട് സേവനമായി ജോലിചെയ്താണ് കാര്യങ്ങൾ നടത്തിവന്നിരുന്നത്.

ഇന്ന് ഈ പഞ്ചായത്തിൽ സഹകരണ മേഖല വളരെ വളരെ പുരോഗതി പ്രാപിച്ചിട്ടുണ്ട് ഈ പഞ്ചായത്തിലുള്ള സഹകരണസംഘങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

1. വെള്ളമുണ്ട സർവീസ് കോ- ഓപ്പറേറ്റീവ് ബാങ്ക്.
2. തരുവണ സർവീസ് കോ- ഓപ്പറേറ്റീവ് ബാങ്ക്.
3. വെള്ളമുണ്ട പഞ്ചായത്ത് ഗിരിജൻ സർവീസ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി.
4. വെള്ളമുണ്ട ക്ഷീരോദ്പാദക സഹകരണ സംഘം.
5. കാരക്കമല ക്ഷീരോദ്പാദക സഹകരണസംഘം.
6. കാരക്കമല റബർ ആന്റ് അഗ്രക്കൾച്ചറൽ മാർക്കറ്റിങ്ങ് സൊസൈറ്റി.
7. കാരക്കമല ലേബർ കോൺട്രാക്റ്റ് സൊസൈറ്റി.
8. കാരക്കമല വനിത തേനീച്ച വളർത്തൽ സൊസൈറ്റി.
9. കാർക്കമല കോഴിസഹകരണസംഘം.
10. കാരക്കമല ഇഷ്ടിക നിർമ്മാണ സംഘം.
11. തരുവണ കബനി പുഴിതൊഴിലാളി സംഘം.
12. പാലിയാണ കൺസ്യൂമർ സ്റ്റോർ.
13. വെള്ളമുണ്ട പുഴിതൊഴിലാളി സംഘം.
14. മൊതക്കര കോഴി സഹകരണസംഘം.
15. വെള്ളമുണ്ട പഞ്ചായത്ത് ലേബർ കോൺട്രാക്ട് സൊസൈറ്റി.

ക്രഡിറ്റ് സംഘങ്ങൾ

1. വെള്ളമുണ്ട സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്.

36 അംഗങ്ങളുള്ള വി. കൃഷ്ണൻ നമ്പ്യാർ പ്രസിഡണ്ടായും 142 രൂപ ഓഹരി മൂലധനത്തിൽ 1922 ൽ വെള്ളമുണ്ട ഐക്യനാണയ സംഘമായി ആരംഭിച്ചു. തുടർന്ന് വിവിധോദ്ദേശ സഹകരണസംഘമായും 1964ൽ സർവീസ് സഹകരണ ബാങ്കായി ഉയർത്തപ്പെടുകയും ചെയ്തു. ഇന്ന് ഈ ബാങ്കിൽ 3448 അംഗങ്ങളുണ്ട്. പിരിഞ്ഞുകിട്ടിയ മൂലധനം സർക്കാർ ഓഹരി 536670 രൂപ അടക്കം 1369974 രൂപയാണ്. മൊത്തം ഇടപാട് മൂന്നേകാൽ കോടിരൂപയാണ്. ഇടക്കാലത്ത് നാട്ടിലുണ്ടായ സാമ്പത്തികഞെരുക്കം കുടിശിക വർദ്ധിക്കാൻ കാരണമായതി

നാലും എസ്റ്റാബ്ലിഷ്മെന്റ് ചാർജിൽ കുറവ് വരാത്തതിനാലും ബാങ്കിൽ കൺസ്യൂമർ സ്റ്റോർ ലാഭകരമല്ലാത്തതിനാൽ ബാങ്കിന്റെ പ്രവർത്തനത്തിൽ മാന്ദ്യം സംഭവിച്ചിരുന്നു. ഇപ്പോൾ അവയെ തരണം ചെയതു നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. കൺസ്യൂമർ സ്റ്റോർ നഷ്ടമായതിനാൽ നിർത്തൽചെയതു. ഒരു വളം ഡിപ്പോ നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. 5 ജീവനക്കാർ നിലവിലുണ്ട് 116 ലക്ഷം ആസ്തിയുമുണ്ട് കാർഷിക വായ്പ കാർഷികേതര വായ്പ. സ്വർണ്ണ പണയ വായ്പ് എന്നിവ കൊടുത്തുവരുന്നുണ്ട്. ബാങ്കിന് സ്വന്തമായി എല്ലാ സൗകര്യങ്ങളോടും കൂടിയഓഫീസും വാടകയ്ക്ക് കൊടുക്കുന്ന കെട്ടിടങ്ങളുമുണ്ട്. ഓഡിറ്റ് റിപ്പോർട്ടു പ്രക്രാരം ബാങ്ക് നഷ്ടത്തിലാണ്. വർദ്ധിച്ചു വരുന്ന കുടിശിക ബാങ്കിന്റെ നഷ്ടത്തിനൊരു കാരണമാണ്.

2 തരുവണ സർവീസ് സഹകരണ ബാങ്ക്

156 രൂപ ഓഹരി മൂലധനമായി 39 അംഗങ്ങളും പി.കേശവൻ നമ്പീശൻ പ്രസിഡണ്ടായും 1922 ൽ തരുവണ ഐക്യനാണയ സംഘം പ്രവർത്തനം ആരംഭിച്ചു. പടിപടിയായി ഉയർന്ന് 1965 ൽ സർവീസ് സമാഹകരണബാങ്കായി. ഇന്നീ ബാങ്കിൽ 3544 അംഗങ്ങളും ഗവ: ഓഹരി 394503 രൂപ അടക്കം 1469221 രൂപ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനമായുണ്ട്. മൊത്തം ആറേകാൽ കോടി രൂപയുടെ ഇടപാടുകളുണ്ട്.

ബാങ്കിന്റെ കീഴിൽ പ്രവർത്തിച്ച് വന്നിരുന്ന കൺസ്യൂമർ സ്റ്റോറുകൾ വമ്പിച്ച നഷ്ടത്തിൽ കലാശിച്ചതിനാലും ശമ്പളച്ചിലവുകൾ വളരെയധികം വർദ്ധിച്ചതിനാലും അതിനനുസരിച്ച് ഇടപാടുകൾ വർദ്ധിക്കാത്തതിനാലും ഇടക്കാലത്ത് പ്രവർത്തനം മന്ദീഭവിച്ചിരുന്നു. കൺസ്യൂമർ സ്റ്റോറുകളുടെ പ്രവർത്തനം നിർത്തൽ ചെയ്തു. ജീവനക്കാരുടെ എണ്ണം കുറച്ചു. ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി ഇപ്പോൾ ഒരുവിധം നന്നായി പ്രവർത്തിച്ചു വരുന്നുണ്ട്. ബാങ്കിന് സ്വന്തമായി ഓഫീസ് കെട്ടിടവും വാടകയ്ക്ക് കൊടുക്കുന്ന കെട്ടിടങ്ങളും ഉണ്ട്. കാർഷികവായ്പയും, സ്വർണപണയ വായ്പയും കൊടുക്കുന്നുണ്ട്. 5 ജീവനക്കാർ നിലവിലുണ്ട്. ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ബാങ്ക് നഷ്ടത്തിലാണ്. വർദ്ധിച്ച് വരുന്ന കുടിശിഖ നഷ്ടത്തിന് കാരണമാണ്.

3 വെള്ളമുണ്ട പഞ്ചായത്ത് ഗിരിജൻ സർവീസ് സഹകരണസംഘം

1976 ൽ 50 അംഗങ്ങളോട്കൂടി പ്രവർത്തനമാരംഭിച്ചു. ആദ്യ പ്രസിഡണ്ട് ''കമ്മിലായി'' ആയിരുന്നു. ഇപ്പോൾ ബാങ്കിൽ 735 മെമ്പർമാരും ഗവ: ഓഹരിയായി 70000 രൂപ അടക്കം 81244 രൂപ പിരിഞ്ഞുകിട്ടിയ ഓഹരി മുലധനമുണ്ട്. 82829 രൂപ ലോണിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്. 88-89 ലെ ഓഡിറ്റ് പ്രകാരം 78100 രൂപ സംഘം നഷ്ടത്തിലാണ്. 1993 ൽ സംഘം ഭരണസമിതി തെരഞ്ഞെടുപ്പു നടത്തിയിട്ടുണ്ടെങ്കിലും 1990 ന് ശേഷം പ്രവർത്തനങ്ങളൊന്നും നടക്കാതെ നിർജ്ജീവാവസ്ഥയിലാണ്.

നോൺ ക്രെഡിറ്റ് സംഘങ്ങൾ

1 കാരക്കമല റബർ ആഗ്രികൾച്ചറൽ മാർ ഒറ്റിങ്ങ് സൊസൈറ്റി.

1922 ൽ ശ്രീ പോളിതോമസ് പ്രസിഡണ്ടായ 27 അംഗങ്ങളും 270 രൂപ ഓഹരിമൂലധനവുമായി പ്രവർത്തനമാരംഭിച്ചു. ഇപ്പോൾ 688 മെമ്പർമാരും 152840 രൂപ പിരിഞ്ഞുകിട്ടിയ ഓഹരിമുലധനവുമുണ്ട്. ഇതിൽ 120000 രൂപ ഗവ: ഓഹരിയാണ്. നല്ലനിലയിൽ പ്രവർത്തിച്ചു വന്നിരുന്ന ഒരു സംഘമായിരുന്നെങ്കിലും ഭരണസമിതിയുടെ പിടിപ്പ്കേട് മൂലം ശോച്യാവസ്തയിലായി 1996 ൽ പുതിയ ഭരണ സമിതി വന്നതോടുകൂടി പ്രവർത്തനത്തിൽ പുരോഗതി കണ്ടു തുടങ്ങിയിട്ടുണ്ട്.

2 വെള്ളമുണ്ട ക്ഷീരോല്പാദക സഹകരണ സംഘം

1982 ൽ പി.ടി. മത്തായി പ്രസിഡണ്ടായി 770 അംഗങ്ങളോടുകൂടി 10000 രൂപ ഗവ: ഓഹരിഅടക്കം 17770 രൂപ പിരിഞ്ഞുകിട്ടിയ ഓഹരിയോടുകൂടി പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ 850 ലിറ്റർ പാൽ ശേഖരിച്ചു 650 ലിറ്റർ മിൽമക്കും 200 ലിറ്റർ പ്രാദേശികമായും വില്പന നടത്തി നന്നായി നടന്നുവരുന്നുണ്ട്. സംഘത്തിന് സ്വന്തമായി ഓഫീസ് സൗകര്യങ്ങളുണ്ട്.

3 കാരക്കമല ക്ഷീരോദ്പാദക സഹകരണ സംഘം

1990 ൽ 79 അംഗങ്ങളോട്കൂടി പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ 250 ലിറ്റർ പാൽ ശേഖരിച്ചു വിപണനം നടത്തിവരുന്നുണ്ട്.

മേൽകാണിച്ച 15 സംഘങ്ങളിൽ വിശദമായി വിലയിരുത്തിയ 6 സംഘങ്ങളൊഴിച്ച് ബാക്കി 9 സംഘങ്ങളും കടലാസ് സംഘടനകൾ മാത്രമാണ് ഇപ്പോൾ പ്രവർത്തനങ്ങളൊന്നും തന്നെയില്ല.

പ്രശ്നങ്ങൾ

1. ഇപ്പോൾ പ്രവർത്തന മാന്ദ്യം സംഭവിച്ച സംഘങ്ങളിൽ മനേജ്മെന്റിന്റെ കാര്യക്ഷമതയില്ലായ്മയും ദുർവ്യയവും കാരണമായിട്ടുണ്ട്.

2. പൊതുവെ സഹകരണ പ്രസ്ഥാനത്തിലുള്ള രാഷ്ട്രീയ ഇടപെടലുകളും സ്വജനപക്ഷപാതവും സംഘങ്ങളുടെ പ്രവർത്തനത്തിന് വിഘാതം, സൃഷ്ടിക്കുന്നുണ്ട്.

3. ക്രെഡിറ്റ് സംഘങ്ങളിൽ നിന്ന് കൃഷിക്കാരന് ഫലിശ

കുറഞ്ഞു കിട്ടുന്നതിനായി നിലവിലുള്ള ത്രീടയർ സിസ്റ്റം ഒഴിവാക്കി ടൂടയർ സിസ്റ്റം നടപ്പിലാക്കുന്നത് നന്നായിരിക്കും അങ്ങിനെ വരുമ്പോൾ ജില്ലാബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കുകളുടെ ബ്രാഞ്ചുകളാക്കി മാറ്റാവുന്നതാണ്.

4. സഹകരണ ബാങ്കുകളിൽ പണയാധാരം രജിസ്ത്രാക്കുന്നതിന് ഭാരിച്ച ചിലവ് കൃഷിക്കാരനുണ്ടാകുന്നു.അതൊഴിവാക്കുന്നതിനായി കർഷകവികസന "ബാങ്കുകളിൽ ഇപ്പോൾ നിലവിലുള്ള ''ഗഹാൽ'' സമ്പ്രദായം പ്രാഥമിക സഹകരണ ബാങ്കുകളിൽ കൂടി നടപ്പാക്കുന്നത് പ്രയോജന പ്രദമായിരിക്കും.

5. സഹകരണ ബാങ്കുകളിൽ കുന്നുകൂടികിടക്കുന്ന കുടിശികൾ പിരിക്കാനുള്ള നിയമ നടപടികൾ സ്വീകരിക്കാൻ ഗവർമെണ്ടിലെക്കടയ്ക്കേണ്ട ആർബ്രീട്ട്രേഷൻ ഫി, എക്സിക്യൂഷൻ ഫീ, എന്നിവ നിലവിൽ വളരെ കൂടുതലായതിനാൽ അത് ഗണ്യമായികുറച്ച് ബാങ്കുകളെയും കടക്കാരെയും സഹായിക്കാനുതകുന്ന നടപടികൾ സ്വീകരിക്കുന്നത് നന്നായിരിക്കും.

6. പ്രാഥമീക സഹകരണ ബ്ങ്കുകളിൽ ഡിപ്പാർട്ട്മെന്റിന്റെയും ജില്ലാബാങ്കിന്റെയും അമിതമായ ഇടപെടലുകൾ ലഘൂകരിച്ചു സഹകരണ പ്രസ്ഥാനത്തിന്റെ സുഗമമായ നടത്തിപ്പിന് സൗകര്യമുണ്ടാക്കുക. അതെപോലെതന്നെ സഹകരണ സംഘം ജീവനക്കാരും മെമ്പർമാരും തമ്മിൽ നല്ല ബന്ധം സ്ഥാപിക്കുക.

7. ക്ഷീരസംഘങ്ങൾ കർഷകർക്ക് നൽകുന്ന പാൽവിലയും അവർ വിപണനം ചെയ്യുന്ന വിലയും തമ്മിലുള്ള അന്തരം ലഘൂകരിച്ച് കർഷകർക്ക് ന്യായമായ വില ലഭ്യമാക്കാനുള്ള സാഹചര്യം സൃഷ്ടിക്കുക.

നിർദ്ദേശങ്ങൾ

1. ഈ പഞ്ചായത്തിൽ സുലഭമായി കിട്ടുന്ന വിഭവങ്ങളായ നേന്ത്രക്കായ, അടക്ക, ഇഞ്ചി, റബർ എന്നീ അസംസ്കൃത വസ്തുക്കളുപയോഗിച്ചുള്ള വിഭവ നിർമ്മാണത്തിന് സഹകരണ സംരംഭങ്ങൾ തുടങ്ങുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഒരളവോളം പ്രയോജനപ്രദമായിരിക്കും.

2. വനിതകൾക്കിടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ടൈലറിംഗ്, കരിപൗഡർ നിർമ്മാണം, അച്ചാർ നിർമ്മാണം മുതലായവ സഹകരണ മേഖലയിൽ തുടങ്ങാവുന്നതാണ്.

3. പാർപ്പിട പ്രശ്നം രൂക്ഷമായിരിക്കുന്ന ഈഘട്ടത്തിൽ കെട്ടിട നിർമാണത്തിനാവശ്യമായ ഇഷ്ടിക നിർമ്മാണം സഹകരണ മേഖലയിൽ ആരംഭിക്കാവുന്നതാണ്.

4. വാർഡുകൾതോറും ക്ഷീരസംഘങ്ങൾ രൂപീകരിച്ച ക്ഷീരോൽപാദനം വർദ്ധിപ്പിക്കുകയും കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുവാൻ ഉതകും വിധം കന്നുകാലിവളർത്തൽ പ്രോൽസാഹിപ്പിക്കുകയും ചെയ്യുക.

5. പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് വായ്പാസൗകര്യം ലഭ്യമാക്കുവാൻ സഹകരണ മേഖലയിൽ ഒരു ഹൗസിങ്ങ് സൊസൈറ്റി സഹകരണ മേഖലയിൽ പഞ്ചായത്തിൽ ആരംഭിക്കാവുന്നതാണ്.

6. സഹകരണ മേഖലയിൽ പഞ്ചായത്തിൽ ഒരു പ്രിന്റിങ്ങ് പ്രസ്സ് തുടങ്ങുക.

7. കാലിത്തീറ്റയുടെ വില രൂക്ഷമായി വർധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, കാലിത്തീറ്റക്കാവശ്യമായ ലഭിക്കുന്ന ഈ പഞ്ചായത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി സഹകരണ മേഖലയിൽ ആരംഭിക്കുക.

പട്ടികജാതി/പട്ടിക വർഗക്ഷേമം

വയനാടിന്റെ ജനസംഖ്യയിൽ അഞ്ചിലൊന്ന് പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽ പെട്ടവരാണ്. വയനാടിന്റെ ചരിത്രം തന്നെ അവരുടേതാണ്. ഇന്ന് വിദ്യാഭ്യാസപര മായും സാമ്പത്തികമായും ഏറ്റവും പിന്നോക്കം നില്ക്കുന്ന വിഭാഗക്കാരും അവർ തന്നെ. സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ മുഴുവൻ ആനുകാല്യവും അവർക്ക് ലഭി ക്കുന്നില്ല. സമ്പൂർണ സാക്ഷരതാ പരിപാടിയുടെ ഭാഗ മായി ബോധവൽക്കരണപ്രവർത്തനങ്ങൾ അവരുടെ ഇട യിലേക്കെത്തിയിരുന്നെങ്കിലും ഇന്നും വിദ്യാഭ്യാസപരമായി വേണ്ടത്ര മാറ്റം വന്നു കാണുന്നില്ല.ആദിവാസികൾ അനു ഭവിക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്. ചിലർ പട്ടിണി ക്കാരാണ്. പലരും നാളേയ്ക്ക് വേണ്ടി എന്തെങ്കിലും സമ്പാ ദിക്കണമെന്ന ആശയം ഇല്ലാത്തവരാണ്. അവർക്ക് പല തരം ചൂഷണം നേരിടേണ്ടിവരുന്നു. വനവിഭവങ്ങൾ ശേഖ രിച്ച് ജീവിക്കുന്ന ആദിവാസികളിൽ നിന്ന് ഇടത്തട്ടുകാർ ചുരുങ്ങിയ വിലക്ക് വാങ്ങി അവരെ വഞ്ചിക്കുന്നു. അതു പോലെ ഗവൺമേന്റിൽ നിന്നും കിട്ടുന്ന ആനുകൂല്യങ്ങൾ പലതും ഇടത്തട്ടുകാരുടെ ചൂഷണത്തിന് വിധേയമാകുന്നു.

ഈ പഞ്ചായത്തിലെ പ്രധാന പട്ടികവർഗ്ഗക്കാർ കുറി ച്യർ, പണിയർ, കാട്ടുനായ്ക്കർ, എന്നിവരും ഹിൽ പുലയ, കുറവ മലയാർ തുടങ്ങിയ വർ പട്ടിക ജാതിക്കാരുമാണ്.

കുറിച്യർ: പഴശ്ശിതമ്പുരാന്റെ പടയാളികളായിരുന്നു. കുറിച്യർ, അവർ വയനാടിന്റെ ആദ്യകാല നിവാസികളാ യിരുന്നു. നായാട്ടും അമ്പും വില്ലുമുപയോഗിച്ചുള്ള യുദ്ധ മുറകളും അവരുടെ പ്രത്യേകതയായിരുന്നു. പഴശ്ശി രാജാ വിന്റെ കാലത്ത് ഇവർക്ക് വയനാട്ടിൽ അംഗീകാരവും സൗകര്യങ്ങളും ചെയ്തുകൊടുത്തിരുന്നതായി വിശ്വസി ക്കപ്പെടുന്നു. കൂട്ടുകുടുംബവ്യവസ്ഥിതിയും, മരുമക്കത്തായ സംബ്രദായവും ഇവരുടെയിടയിൽ നിലനിന്നിരുന്നത് ഇപ്പോൾ മാറ്റത്തിന് വിധേയമായി വരുന്നു.

പണിയർ: നരവംശശാസ്ത്രജ്ഞന്മാരുടെ അഭിപ്രായ ത്തിൽ മൊഹൻജദാരോ, ഹാരപ്പ ദ്രാവഡസംസ്ക്കാരത്തിന് മുൻപെ ഭാരതത്തിൽ നിലനിന്നിരുന്ന ഒരു വർഗ്ഗമാണ് പണിയർ. കണ്ണൂർ ജില്ലയിലെ ചിറ്റാരിപ്പറമ്പ്, കോളയാട്, പേരാവൂർ, തില്ലങ്കേരി, കീഴൂർ. ചാവശ്ശേരി, മുഴക്കുന്ന് കൊട്ടി യൂർ, കല്യാട്, പയ്യാവൂർ എന്നീവിടങ്ങളിലാണ് കൂടുതൽ പണിയർ താമസിച്ചുവരുന്നത്. വയനാട്ടിലെ എല്ലാ പഞ്ചാ യത്തുകളിലും പണിയർ ഉണ്ട്. ഇവർ എവിടെ നിന്നും വന്നു വെന്ന് ചരിത്രപരമായി മനസ്സിലായിട്ടില്ല. ഭൂവുടമക ളുടെ കീഴിൽ അടിമകളായിരുന്ന പണിയർ. വള്ളിയൂർ കാവിലെ ഉൽസവാവസരത്തിൽ നടന്നിരുന്ന അടിമസം ബ്രദായം ശ്രദ്ധേയമാണ്. ഇന്നും മറ്റുള്ളവരുടെ ചൂഷണ ത്തിന്ന് വിധേയരായികഴിയുന്ന ഇവർ വിദ്യാഭ്യാസപര മായി വളരെ പിന്നോക്കം നില്ക്കുന്നതായി കാണാം. സ്വന്തമായി ഒരു തുണ്ടു ഭൂമിപോലുമില്ലാത്ത ഒരു വിഭാഗ മാണ് പണിയർ. കോടതി വിധികളും ഇപ്പോൾ ഇവർക്കു വേണ്ടി ഗവൺമേന്റ് കൊണ്ടു വരുന്നു നിയമനടപടികളും ആദിവാസികളുടെ ഉന്നമനത്തിന് ഉപകാരപ്രദമാകുമെന്ന് നമുക്ക് പ്രത്യാശിക്കാം.

ഈ പഞ്ചായത്തിലെ മലപ്രദേശങ്ങളിൽ ഒറ്റപെട്ടുഡ ജീവിക്കുന്ന കാട്ടുനായ്ക്കവിഭാഗത്തിൽപ്പെട്ട കുടുംബ ങ്ങൾ മംഗലശ്ശേരി മലയിലും വാളാരം കുന്നിലും താമസി ച്ചുവരുന്നു. മുപ്പതോളം കുടുംബങ്ങൾ ഇതിലുണ്ട്. പരമ്പ രാഗതതൊഴിൽ ചെയത് ജീവിച്ചിരുന്ന ഇവർ ഇപ്പോൾ പൊതുജനങ്ങളുമായി ഇടപഴകി ജീവീക്കാൻ തുടങ്ങിയി ട്ടുണ്ട്. പച്ച മരുന്ന് പ്രയോഗം ഇവരുടെയിടയിൽ വളരെ പ്രചാരമുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുന്ന് പൊരുന്നന്നൂ രിലെ വിയ്യൂർ കുന്ന് കുവണ ചാള, നെല്ലി.യേരിക്കുന്നു എന്നിവിടങ്ങളിലായി 110 കുടുംബങ്ങൾ താമസിച്ചുവരു ന്നുണ്ട്.

ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യ 30 498 ആണ്. പ്രസ്തുത ജനസംഖ്യയുടെ 15.63% പട്ടിക വർഗ്ഗ ത്തിൽപ്പെട്ടവരും 1.78% പട്ടികജാതിക്കാരുമാണ്. .58 അംഗീ കൃത S.T കോളനികളും 5 പട്ടികജാതി കോളനികളും ഈ പഞ്ചായത്തിലുണ്ട്. ഇതിന് പുറമെ അവിടെവിടെയായി 50 ഓളം അംഗീകരിയ്ക്കാത്ത കോളനികളും ഒറ്റപ്പെട്ട കുടുംബവീടുകളും ഈ പഞ്ചായത്തുലുണ്ട്. സാമൂഹ്യ സാമ്പത്തിക മേഖലകളിൽ ഈ വിഭാഗം ഇപ്പോഴും ചൂഷ ണത്തിന് വിധേയമാണ്. കുടികിടപ്പവകാശവും മിച്ച ഭൂമി വിതരണവും സർക്കാർ സഹായങ്ങളുടെ ലഭ്യതയും മുൻ കാലങ്ങളെ അപേക്ഷിച്ച് സാമൂഹ്യ പുരോഗതിക്ക് ആക്കം കൂട്ടിയിട്ടുണ്ട്. തൊട്ടുകൂടായ്മയിൽ നിന്നും മോചനം നേടാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും മറ്റു വിഭാഗങ്ങളുടെ യിട യിൽ ഈ വിഭാഗം ഇപ്പോഴും ആദിവാസികൾ തന്നെ.

വിദ്യാഭ്യാസം: വിദ്യാഭ്യാസപരമായി ഇപ്പോഴും ഈ വിഭാഗം പിന്നിലാണ്. 40% താഴെയാണ് ഇവരുടെ വിദ്യാ ഭ്യാസനിലവാരം. സാക്ഷരതാ പ്രസ്ഥാനത്തിലുടെ ഒരു പരിധി വരെ ബോധവൽക്കരണ പരിപാടികൾ സംഘടി പ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിദ്യാലയങ്ങളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് മൂലം തുടർന്നു പഠിക്കുന്ന വരുടെ എണ്ണം കുറഞ്ഞുവരികയാണ്. ഇതിനൊരു ജനകീയ മുന്നേ റ്റത്തിലൂടെ പരിഹാരം കാണേണ്ടതാണ്.

ഈ പഞ്ചായത്തിലെ പ്രധാന കോളനികളിവയാണ്

പട്ടികവർഗ്ഗകോളനികളുടെ പേര്

ക്ര. നമ്പർ	കോളനി	സമുദായം	കുടുംബം എണ്ണം	വൈദ്യുതി സംബന്ധിച്ച വിവരം
1.	എരുവഞ്ചേരി	കുറിച്ച്യ കോളനി		ഇല്ല
2.	അഞ്ജനക്കടവ്	കുറിച്ച്യ ,,	14	ഇല്ല
3.	അരീക്കര	കുറിച്ച്യ ,,	12	ഇല്ല
4.	അരിമണം	പണിയ ,,	5	ഇല്ല
5.	അത്തിക്കൊല്ലി	കുറിച്ച്യ ,,	12	ഇല്ല
6.	ബഗ്ലാവുകുന്ന്	പണിയ ,,	7	ഇല്ല
8.	ചെറുവലത്ത് പുത്തൻ വീട്	കുറിച്ച്യ ,,	25	ഇല്ല
9.	ചിരമൂല പണിയ കോളനി	കുറിച്ച്യ ,,	11	ഉണ്ട്
10.	എടത്തിൽ	പണിയ ,,	12	ഇല്ല
11.	ഇണ്ടേര്യരിക്കുന്ന്	പണിയ ,,	12	ഇല്ല
12	കക്കോടം	കുറിച്ച്യാ ,,	40	ഇല്ല
13	കാപ്പു കുന്ന്	പണിയ ,,	43	ഇല്ല
14	കാപ്പുംകുന്ന് മേഖല	പണിയ ,,	31	ഇല്ല
15	കാരാട്	പണിയ ,,	7	ഇല്ല
16	കരിം കുനി	പണിയ ,,	3	ഇല്ല
17	കരുവണശ്ശേരി	കുറിച്ച്യ ,,	7	ഇല്ല
18	കാവും മുറ്റം	കുറിച്ച്യ ,,	11	ഇല്ല
19	കല്ലേരിക്കുന്ന്	പണിയ ,,	7	ഇല്ല
20	കാരപ്പാളി	കുറിച്ച്യ ,,	3	ഇല്ല
21	കോടുവാറ്റിൽ	കുറിച്ച്യ ,,	5	ഇല്ല
22	കോളക്കാപാളി	പണിയ ,,	7	ഇല്ല
23	കൊമ്മയാട്	പണിയ ,,	2	ഇല്ല
24	കോറിക്കണ്ടി	പണിയ ,,	13	ഇല്ല
25	കോട്ടമുക്കത്ത്	പണിയ	13	ഇല്ല
26	മുടപ്പാലാവിൽ	പണിയ ,,	10	ഇല്ല
27.	മടത്തും കുനി	കുറിച്ച്യ ,,	7	ഇല്ല
28	വംഗലശ്ശേരി	കാട്ടുനായ്ക്ക	20	ഇല്ല
29.	മംഗലശ്ശേരി	കുറിച്ച്യ ,,	8	ഇല്ല
30	മേച്ചേരി	പണിയ ,,	17	ഇല്ല

31	നാരോക്കടവ്	പണിയ ,,	17	ഇല്ല
32	തെച്ചാറ്റിൻ	കുറിച്ച്യ	3	ഇല്ല
33	മംഗലശ്ശേരി	പണിയ	30	ഇല്ല
34	ഒരലകുന്ന്	കുറിച്ച്യ	14	ഇല്ല
35	പാലമോട്ടമ്മൽ	കുറിച്ച്യ	1	ഇല്ല
36	പള്ളിയാൽ	പണിയ	6	ഇല്ല
37	പള്ളത്താഴത്തിൽ	കുറിച്ച്യ	2	ഇല്ല
38	പാറമുല	കുറിച്ച്യ	2	ഇല്ല
39	പഴയിടം	പണിയ	32	ഇല്ല
40	പുലിക്കാട് താഴെ	പണിയ	7	ഇല്ല
41	പുല്ലോറ	കുറിച്ച്യ	13	ഇല്ല
42	പത്തിൽ	പണിയ	4	ഇല്ല
43.	പെരുവടി	കുറിച്ച്യ	5	ഇല്ല
44.	പുരുക്കോട് അരയിൽ തറ	പണിയ	15	ഇല്ല
45	തേനോത്തുമ്മൽ	കുറിച്ച്യ	7	ഇല്ല
46	ഉണ്ടാടി	പണിയ	4	ഇല്ല
47	ഉപ്പും നട	പണിയ	31	ഇല്ല
48	വാളാരം കുന്ന്	പണിയ	31	ഇല്ല
49	വട്ടോളിക്കുന്ന്	പണിയ	18	ഇല്ല
50	വെള്ളിയാം കുന്നിൽ	പണിയ	10	ഇല്ല
51	വേലൂക്കര	പണിയ	9	ഇല്ല
52	വെണ്ടിലോട്	പണിയ	43	ഇല്ല
53	വെള്ളരിക്കുന്ന്	പണിയ	14	ഇല്ല

പട്ടികജാതി

ക്ര. നമ്പർ	കോളനി	സമുദായം	കുടുംബം എണ്ണം	വൈദ്യുതി സംബന്ധിച്ച വിവരം
1.	കാവും കുന്ന്	പുലയ	43	ഉണ്ട്
2.	ബീയൂൽ കുന്ന്	പുലയ	11	ഉണ്ട്
3.	പെരിക്കുളം	കുമ്പാരൻ	10	ഇല്ല
4.	കൂവണ	പുലയ	10	ഇല്ല
5.	ചെമ്പിലോട്	പുലയ	19	ഇല്ല

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ സാമൂഹ്യസാമ്പത്തിക രംഗത്തുള്ള പിന്നോക്കാവസ്ഥ
2. കാർഷിക മേഖലയെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന ഈ വിഭാഗത്തിന്ന് തൊഴിൽ മേഖലയിൽ വന്ന കുറവ് ദാരിദ്രത്തിന് കാരണമാകുന്നുണ്ട്.
3. എല്ലാകുടുംബത്തിനും സ്വന്തമായി വീടം സ്ഥലവുമില്ലായ്മ
4. അംഗീകൃത കേളനികളിൽ പോലും വൈദ്യുതി ലഭിയ്ക്കായമ
5. കുടിവെള്ളം, കക്കൂസ്, കുളിമുറി എന്നിവ കോളനികളിൽ ഇല്ലാത്ത സ്ഥിതി വിശേഷം
6. ആരോഗ്യ സംരക്ഷണരംഗത്തുള്ള അപര്യാപ്തത ടി.ബി. സൈക്കിൾസെൻ അനീമിയ, ക്യാൻസർ, ചൊറി, ചിരങ്ങ് എന്നിവയും ഇപ്പോഴും കോളനികളിൽ നിലനില്ക്കുന്നു.
7. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി ഗവൺമെന്റിൽ നിന്ന് ലഭിക്കുന്ന ആനുകൂല്യങ്ങളെ ക്കുറിച്ചുള്ള അറിവില്ലായ്മ.
8. പരമ്പരാഗതമായ തൊഴിൽ തുടർന്നുകോണ്ടുപോകുന്നതിന് അസംസകൃത പദാർത്ഥങ്ങൾ ലഭിയ്ക്കായ്ക
9. ഉല്പന്നങ്ങളുടെ വിപണത്തിനുള്ള സാദ്ധ്യതക്കുറവ്
10. വിവധ ഡിപ്പാർട്ട്മെന്റിൽ നിന്നും വയ്പകളും മറ്റും ലഭിക്കുന്നണ്ടെങ്കിലും അവയ്ക്ക് നല്കേണ്ട ജാമ്യത്തിന്റെ സങ്കീർണ്ണതകൾ
11. ഇവർക്ക് ലഭിക്കുന്ന അനുകൂല്യങ്ങൾ പലതും ഇടത്തട്ടുകാർ തട്ടിയെടുക്കുന്നു.
12, വിവധ ഡിപ്പാർട്ടുമെന്റുകളിൽ നിന്ന് ലഭിക്കുന്ന ലോണുകളുടെ അപര്യാപ്തത.
13. ആദിവാസി മേഖലയിൽ ഇന്ന് കാണുന്ന മദ്യപാനത്തിന്റെ സ്വാധീനം
14 വരവ് ചെലവ് നിയന്ത്രിച്ചുകൊണ്ടുള്ള സാമ്പത്തിക ആസൂത്രത്തിനുള്ള ബോധവൽക്കരണത്തിന്റെ കുറവ്
15. തനതായ സംസ്ക്കാരം നഷ്ടപ്പെട്ടു കൊണ്ടിരുക്കുന്ന ഒരവസ്ഥ
16. ഇന്ന് നിലനില്ക്കുന്ന ദുശ്ശീലങ്ങളും (മുറ്റത്ത്, മുറിയ്ക്കകത്ത് തീകത്തിച്ച് അതിന്റെ ചുറ്റും കിടക്കൽ, രോഗം വന്നാൽ ചികിത്സിക്കാതെ മന്ത്രമാദം ചെയ്യൽ) മറ്റും തുടർന്നു പോകുന്ന അവസ്ഥ
17 സ്വന്തം കുടംബത്തോടുള്ള ഉത്തരവാദിത്തമില്ലായ്മ

പരിഹാരങ്ങളും സാധ്യതകളും

1, ഈ പഞ്ചായത്തിന്റെ ആദിവാസി വിഭാഗങ്ങളിൽപ്പെട്ടവർക്ക് മുഴുവൻ സൗകര്യങ്ങളോടുകൂടിയ വീടുകളനുവദിക്കുക.
2, ഈ പഞ്ചായത്തിലെ ഭൂരഹിതരായ ആൾക്കാരെ കണ്ടെത്തി അവർക്കാവശ്യമായ സ്ഥലമനുവദിക്കുക.
3, ആദിവാസികൾക്ക് നിലവിലുള്ള വീടുകൾക്ക് കക്കൂസ്, കുളിമുറി, കിണറുകൾ എന്നിവ അനുവദിക്കുക.
4, ഐ.ആർ.ഡി.പി. പദ്ധതികൾ ലഘൂകരിച്ച് എളുപ്പത്തിൽ ലോൺ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ ഉണ്ടാക്കുക.
5, പരമ്പരാഗത തൊഴിൽ അറിയുന്നവരെ സംഘടിപ്പിച്ച് അവർക്കാവശ്യമായ അസംസ്കൃതവസ്തുക്കൾ എത്തിച്ചു കൊടുക്കുന്നതിനും വിപണനം നടത്തുന്നതിനും ആവശ്യമായ സൗകര്യം ചെയതുകൊടുക്കുക.
6, വൈദ്യുതി എത്താത്ത മുഴുവൻ കോളനികളിലും മുൻഗണനാടിസ്ഥാനത്തിൽ വൈദ്യുതി എത്തിക്കുക.
7, അഭ്യസ്തവിദ്യരായ യുവതീ യുവാക്കൾക്ക് തൊഴിൽ മേഖല കണ്ടെത്തുന്നതിനാവശ്യമായ പരിശീലനം നല്കുക.
8, അവരുടെ അവകാശങ്ങളെ കുറിച്ച് പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണം നടത്തുക.
9, ആദിവാസിയ്ക്കനുവദിക്കപ്പെടുന്ന വീട്, മറ്റുസൗകര്യങ്ങൾ എന്നിവ അവരെക്കൊണ്ട് നേരിട്ട് ചെയ്യിക്കുന്നതിനുള്ള ബോധവൽക്കരണം നല്കുക.
10, മദ്ധ്യവർത്തികളുടെ ഇടപെടൽ ഒഴിവാക്കുക.
11, പരമ്പരാഗതമായ തൊഴിൽ മേഖല കണ്ടെത്തി അതിൽ തല്പരരായവർക്ക് വേണ്ടതൊഴിൽ പരിശീലനം നല്കുക.
12, ആദിവാസി ഒറ്റ മൂലികാ ചികിത്സാരീതി നിലനിർത്തിക്കൊണ്ടു കൊണ്ടുപോകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.
13, ആദിവാസികൾ ഒറ്റപ്പെട്ടുതാമസിക്കുന്ന വാളാരംകുന്ന്, പരിയാരമുക്ക് എന്നിവിടങ്ങളിൽ ഏകാധ്യാപക സ്കൂളുകൾ അനുവദിക്കുക.
14, കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങളും, യൂണിഫോമുകളും, കുടയും സൗജന്യമായി നല്കുക.
15, സാക്ഷരതാ തുടർവിദ്യാഭ്യാസപരിപാടി എല്ലാകോളനികളിലും ജനപങ്കാളിത്തത്തോടെ ആരംഭിക്കുക.
16, എല്ലാ കോളനികളിലും വെള്ളമെത്തിച്ചു കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
17, വീടു വെക്കുന്നതിനുള്ള ആനുകൂല്യം കാലാകാലങ്ങളിലുള്ള ചെലവിനനുസൃതമായി വർദ്ധിപ്പിക്കുക.

നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യയിൽ പിന്നോക്കം നില്ക്കുന്ന ഇവരെ സമൂഹത്തിലെ മറ്റു വിഭാഗങ്ങൾക്കൊപ്പം ഉയർത്തുന്നതിനുള്ള നടപടി സ്വകരിക്കേണ്ടിയിരിക്കുന്നു. ഇവർക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ കൃത്യമായും ഉപയോഗിക്കുന്നുണ്ടെന്ന് വിലയിരുത്തുകയും ചെയ്യണം. ഇവർക്ക് കാർഷികേതരജോലി കണ്ടെത്തുന്നതിനാവശ്യമായ പരിശീലനവും നല്കേണ്ടതായുണ്ട്.

വനിത

ആമുഖം

ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് സാക്ഷരതയിലും വിദ്യാഭ്യാസ നിലവാരത്തിലും കേരളത്തിലെ സ്ത്രീകൾ മുന്നോക്കമാണ്. മുൻകാലങ്ങളെ അപേക്ഷിച്ച് ഔദ്യോഗിക മേഖലകലിലും, തൊഴിൽ മേഖലകളിലും കടന്ന് വരാൻ സ്ത്രീകൾ തയ്യാറാവുന്നു. നമ്മുടെ സാമൂഹിക രംഗങ്ങളിൽ സ്ത്രീയുടെ പങ്കാളിത്തം അനിവാര്യമാണെന്ന യാഥാർത്ഥ്യം അംഗീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ പശ്ചാത്തലത്തിലും കേരളത്തിലെ വികസന മാതൃകയുടെ ദൗർബല്യങ്ങളിലൊന്നായി എണ്ണപ്പെടുന്നത് വികസന പ്രക്രിയയിലെ കുറഞ്ഞ സ്ത്രീ പങ്കാളിത്തമാണ്. ഇന്ന് നടക്കുന്ന പ്രാദേശികാസൂത്രണ വികസന പ്രവർത്തനങ്ങളിൽ വലിയൊരളവിൽ സ്ത്രീ പങ്കാളിത്തമുണ്ടായാലേ ഇത് മറികടക്കാനാവൂ. ഔദ്യോഗിക രേഖകളിൽ മുൻകാലങ്ങളെക്കാൾ മുൻപന്തിയിലേക്ക് സ്ത്രീകൾ എത്തുന്നതായി കാണാം. അപ്പോഴും സാമൂഹിക ക്ഷേമ തലങ്ങളിലും, പൊതു പ്രവർത്തന രംഗങ്ങളിലും, സാമൂഹിക സുരക്ഷിതത്വ കാര്യങ്ങളിലും സ്ത്രീകൾ പ്രശ്നങ്ങളനുഭവിക്കുന്നു. വികസനത്തിലേക്ക് പോകുന്ന പൊതുസമൂഹത്തിൽ ആതിന്റെ പകുതിയോളം വരുന്ന ജനത സ്ത്രീയെന്ന കാരണം കൊണ്ട് പിന്നോക്കം പോകുന്നതെന്തുകൊണ്ടാണ്? പ്രാദേശികവും, അടിസ്ഥാനപരവുമായ തലങ്ങളിലൂടെ അപഗ്രഥിച്ച് പരിഹാരം കണ്ടെത്തേണ്ട നിരവധി പ്രശ്നങ്ങൾ വനിതാ വികസന പ്രശ്നത്തിന്റെ മേഖലയിലുണ്ട്. ജനകീയ പദ്ധതിയാവുന്ന ഒമ്പതാം പദ്ധതിയിലെ മുഖ്യ വിഷയങ്ങളിലൊന്ന് വനിതാ വികസനവും, ക്ഷേമവുമാണ്. അതുകൊണ്ട് തന്നെ മറ്റെല്ലാ വികസന മേഖലകളിലേക്കും കടന്നെത്തുന്ന, ലിംഗ വിഭജനം കൊണ്ട് സാമൂഹിക പ്രശ്നങ്ങളനുഭവിക്കുന്ന ഒരു ജനവിഭാഗത്തിന്റെ നിർണ്ണായകമായ പങ്കാളിത്തമായി ഈ വികസന റിപ്പോർട്ടും വികസന ചർച്ചകളും കണക്കാക്കാം.

നമ്മുടെ പഞ്ചായത്തിലെ മുൻകാലചരിത്രം അപഗ്രഥിക്കുവാൻ സ്ത്രീകൾ ഇന്നുള്ളതിനെക്കാൾ സാമൂഹികമായി പിന്നിലായിരുന്നു എന്ന് കാണാം. ജീവിക്കാനുള്ള കിടമത്സരവും, തിരക്കുപിടിച്ച ജീവിതക്രമവും ഇല്ലാതിരുന്ന അക്കാലങ്ങളിൽ സ്ത്രീകൾ പൂർണ്ണമായും പുരുഷന്റെ സംരക്ഷണയിലായിരുന്നു. വേണമെങ്കിൽ കൊല്ലാനും, വളർത്താനും അവകാശമുള്ള മേലധികാരം പുരുഷനുണ്ടായിരുന്നു. തൊഴിൽ, വിദ്യാഭ്യാസം, വിവാഹം, സംരക്ഷണം ഇതിലെല്ലാം പുരുഷ കേന്ദ്രീകൃതമായ ചിന്ത എങ്ങിനെയോ അപ്രകാരം മാത്രമേ സ്ത്രീക്ക് തീരുമാനങ്ങളുണ്ടായിരുന്നുള്ളൂ.

ഇന്നത്തെ സ്ഥിതി വിവരക്കണക്കുകളിൽ നിന്ന് സ്ത്രീകളും തൊഴിൽ മേഖല അന്വേഷിച്ച് കണ്ടെത്തുന്നതായി കാണാം. സ്ത്രീകളുടെ ക്ഷേമത്തിനായി രൂപപ്പെട്ട മഹിളാ സംഘടനകളും, ശിശുക്ഷേമ സംരഭങ്ങളും നിലവിലുണ്ട്. കക്ഷിരാഷ്ട്രീയ നേതൃത്വമുള്ള സ്ത്രീ സംഘടനകളും, മാതൃസംഘം (സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ), മദർ പി.ടി.എ തുടങ്ങിയ സ്ത്രീയുടെ അഭിപ്രായങ്ങൾക്ക് മുമ്പുള്ളതിനെക്കാൾ വില കൽപ്പിക്കുന്നുണ്ട്. സ്ത്രീകളുടെ വിവാഹപ്രായം ഉയർത്തുക്കയും, വിവാഹതീരുമാനങ്ങളിൽ പെൺകുട്ടിയുടെ അഭിപ്രായം കൂടി കണക്കിലെടുക്കുകയും ചെയ്യുന്നു. ഇതിന് വരുദ്ധമായി യാഥാസ്ഥിക നിലപാടുകൾ പൂർണ്ണമായും ഇല്ലാതായിട്ടില്ല. ഇത്രയൊക്കെ പുരോഗതിയുണ്ടെന്ന് പ്രത്യക്ഷത്തിൽ നമുക്കനുഭവപ്പെടുമ്പോഴും സ്ത്രീ ജീവിതം മെച്ചപ്പെട്ട അവസ്ഥയിലല്ല. പുരുഷാധിപത്യ മൂല്യങ്ങളുള്ള സമൂഹത്തിൽ സ്ത്രീകളുടെ പ്രശ്നങ്ങൽ അപഗ്രഥിക്കാനും സാധ്യതകളും നിർദ്ദേശങ്ങളും മുന്നോട്ട് വെക്കാനും ഈ റിപ്പോർട്ടിൽ ശ്രമിക്കുന്നു.

അവലോകനം

ഗ്രാമസഭകളിൽ നിന്ന് ലഭിച്ച വിവരങ്ങളും, പഞ്ചായത്തിൽ നിലവിലുള്ള സെൻസ്സസ് റിപ്പോർട്ടുകളും, വനിതാ വികസന ചർച്ചാ ഗ്രൂപ്പിൽ നിന്നുരുത്തിരിഞ്ഞുവന്ന അഭിപ്രായങ്ങളുമാണ് ഈ റിപ്പോർട്ടിന്ന് അവലംബം.

വനിതാക്ഷേമം മുൻ നിർത്തിയുള്ള വികസന ചർച്ചയിൽ കൃഷി - തൊഴിൽ- വ്യവസായം തുടങ്ങിയ ഉല്പാദന മേഖലകളിലെ സ്ത്രീ പങ്കാളിത്തവും പ്രധാനമാണ്. സ്വയം പര്യാപതമാകുന്ന അവസ്ഥയിലേ സ്ത്രീയടെ ഇതര സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് അവതരിപ്പിക്കാനാവൂ.

വെള്ളമുണ്ട പഞ്ചായത്തിന്റെ 30,498 ഓളം വരുന്ന ജനസംഖ്യാനിരക്കിൽ 15088 സ്ത്രീകളാണ്ണുള്ളത്. പട്ടിക വർഗ്ഗക്കാരിൽ 2369 പുരുഷന്മാരും 2398 സ്ത്രീകളുമാണ്.

5052 കുടുംബങ്ങളിൽ 812 കുടുംബങ്ങൾ വനിതകളുടെ മേൽനോട്ടത്തിൽ നടക്കുന്നു. പഞ്ചായത്തിലെ സ്ത്രീകളിൽ ഭൂരിഭാഗവും തൊഴിൽ രഹതരായ വീട്ടമ്മമാരാണ്. 12143 സ്ത്രീകൾ ഗൃഹനാഥകളാണ്. സ്കൂളിലും കോളേജിലും പഠിക്കുന്നത് കൂടുതലും പെൺകുട്ടികളാണ്. എങ്കിലും ഉദ്യോഗസ്ഥരായ സ്ത്രീകൾ വളരെ കുറവായി കാണുന്നു. പരിചിതമായ ചില മേഖലകൾ മാത്രമാണ് സ്ത്രീകൾ തെരഞ്ഞെടുക്കുന്ന ഔദ്യോഗികരംഗം. അദ്ധ്യാപികമാർ, ടൈപ്പിസ്റ്റുകൾ, പി.എസ്.സി. ക്ലറിക്കൽ പോസ്റ്റു

കൾ തുടങ്ങിയ ചുരുങ്ങിയ രംഗങ്ങളേ ജോലിക്കായി സ്ത്രീകൾക്ക് ഇന്നുള്ളൂ. തൊഴിൽ വൈവിധ്യം കുറയുന്നതും, വിവാഹശേഷവും തുടരാവുന്ന തൊഴിലവിരുകൾ നമ്മുടെ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമാക്കാത്തതും ഇതിനൊരു കാരണമാകാം. വീടമ്മമാരായ ഭൂരിപക്ഷവും വേതനം നിർണ്ണയിക്കാത്ത, കുടുംബത്തിലെ 'കാണാപ്പണികളിൽ' ജീവിതകാലം മുഴുവൻ തളയ്ക്കുന്നു. ഇവരുടെ സാമൂഹിക പങ്കാളിത്തം വീടുകൾക്കുള്ളിൽ മാത്രമാവുന്നു. സാമൂഹ്യവിഭവശേഷിക്കുതകുന്ന ഉല്പാദന, നിർമ്മാണ പ്രക്രിയകളിൽ പങ്കെടുക്കാനുള്ള അവസരം ഈ ഭൂരിപക്ഷത്തിന് നിഷേധിക്കപ്പെടുന്നു.

മുൻകാലങ്ങളിൽ പച്ചക്കറികളും, മറ്റു ഭക്ഷ്യവിഭവങ്ങളും വീട്ടിൽ തന്നെ കൃഷിചെയ്യുന്ന രീതി സ്ത്രീകൾ ശ്രദ്ധിച്ചിരുന്നു. ക്രമേണ കൃഷി വാണിജ്യ വൽകൃതമായ വിളകൾക്ക് കൂടുതൽ പ്രാധാന്യം കൽപ്പിക്കുന്ന പ്രത്യേകിച്ച് കയറ്റുമതി ലക്ഷ്യമാക്കുന്ന വാണിജ്യ വിളകൾ) രീതിയിലേക്ക് മാറിയപ്പോൾ വൈവിധ്യമുള്ള കൃഷിവിഭവങ്ങൾ നാം ഉല്പാദിപ്പിക്കാതെയായി. ഈ പ്രവണത കൊണ്ടുണ്ടായ ഒരു ദൂഷ്യം നമ്മുടെ ഭക്ഷ്യവിഭവങ്ങൾ (പച്ചക്കറികൾ) നിർണ്ണായിക്കുന്നതിൽ സ്ത്രീകൾക്കുള്ള കഴിവും അവകാശവും ക്രമേണ ഇല്ലാതായി എന്നതാണ്. നാണ്യവിളകൾ വിറ്റ് പച്ചക്കറി വാങ്ങുന്ന സമ്പ്രദായത്തിൽ അവയുടെ വൈവിധ്യവും, തെരഞ്ഞെടുപ്പും പുരുഷ കേന്ദ്രീകൃതമാവുന്നു. മാത്രമല്ല ആരോഗ്യം സുരക്ഷിതമാക്കുന്ന കായ്കറികൾ നമുക്ക് ലഭിക്കാതാവുന്നു. സ്ത്രീകളുടെ മാത്രമല്ല കുടുംബത്തിന്റെ തന്നെ ആരോഗ്യ സംരക്ഷണം ഈ തരം നിർമ്മാണ പ്രക്രിയകളിലൂടെ സ്ത്രീക്ക് വീണ്ടെടുക്കാനും കഴിയും. ഭക്ഷ്യവിഭവങ്ങളിൽ സ്ത്രീകൾക്ക് കൊണ്ടുവരാൻ കഴിയുന്ന സ്വാശ്രയവൽക്കരണത്തിന്റെ ഭാഗംകൊണ്ട് വരാൻ കഴിയുന്ന സ്വാശ്രയവൽക്കരണത്തിന്റെ ഭാഗം കൂടിയാണ് ഈ തരം നിർമ്മാണ പ്രക്രിയകൾ.

2117 സ്ത്രീൾ കൂലിത്തൊഴിലാളികളാണ്. ഇവരിൽ ഭൂരിഭാഗവും കാർഷികമേഖലയെ ആശ്രയിക്കുന്നു. ചെറുകിട തൊഴിലുകൾ ചെയ്യുന്നവരാണ് ഇവർക്കുതാഴെ. കന്നുകാലി വളർത്തൽ മൃഗസംരക്ഷണ മേഖലകളിലും, സാമൂഹികക്ഷേമ വകുപ്പിന്റെ ഉദ്യോഗങ്ങളിലുമാണ് പിന്നീടുള്ളവർ. പരമ്പരാഗത മേഖലയിലെ തൊഴിലാളികൾ ഒറ്റപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യുന്നവരാണ്. ഈ രംഗം സാമ്പത്തിക നേട്ടമുള്ള വരുമാനമാർഗ്ഗമായി മാറ്റാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

തൊഴിൽ പങ്കാളിത്തം പട്ടിക - 1

തൊഴിൽ മേഖല	പുരുഷൻ	സ്ത്രീ
കർഷക തൊഴിലാളി	2406	1473
ചെറുകിട തൊഴിലുകൾ	524	828
കന്നുകാലി വളർത്തൽ മൃഗസംരക്ഷണം	652	167
കെട്ടിട നിർമ്മാണപ്പണി	94	11
വീട്ടുജോലികൾ (ഗൃഹനാഥ)		12,143

തൊഴിൽ മേഖലയിൽ പുരുഷന് ആനുപാതികമായി നോക്കിയാൽ സ്ത്രീ പങ്കാളിത്തം കുറവാണെണ് കാണാം. DWCRAയുടെ കീഴിൽ 10 സ്വയം തൊഴിൽ സംരംഭപദ്ധതികൾ തുടങ്ങിയതായി ഔദ്ധ്യോഗിക രേഖയുണ്ട്. ഇതിന്റെ നിലവിലുള്ള അവസ്ഥപട്ടിക 2ൽ കൊടുക്കുന്നു.

DWCRA തൊഴിൽ യൂണിറ്റുകൾ കാര്യക്ഷമത പട്ടിക- 2

യൂണിറ്റ്	പദ്ധതി	പ്രവർത്തന ക്ഷമത	കുടുംബാ
പുളിഞ്ഞാൽ	ബീഡി നിർമ്മാണ യൂണിറ്റ്	പ്രവർത്തനമില്ല.	15
മൊതക്കര	ആടുവളർത്തൽ (ആദിവാസി സ്ത്രീകൾക്ക്)	പ്രവർത്തനമില്ല.	10
ഒഴുക്കകൻ മൂല	കറവമാട് വളർത്തൽ യൂണിറ്റ്	പ്രവർത്തിക്കുന്നു	10
പുളിഞ്ഞാൽ	" " "	പ്രവർത്തിക്കുന്നു.	10
നാരോക്കടവ്	" " "	നന്നായി പ്രവർത്തിക്കുന്നു.	10
ചെറുകര	ആട് യൂണിറ്റ്	പ്രവർത്തനം നിലയ്ക്കുന്നു	10
കൊമ്മയാട്	" (ആദിവാസി വനിതകൾ)	ഭാഗിക പ്രവർത്തനം	10
തൊടുവയൽ	ആട് യൂണിറ്റ്	" "	10
ചങ്ങാടം	പശുവളർത്തൽ	"	10
കാരക്കാമല	ആട് യൂണിറ്റ്	"	10

സ്വയം തൊഴിൽ സംരംഭ പദ്ധതികളിൽ മിക്കതും പ്രവർത്തനം ക്ഷയിച്ചു വരുന്നതോ ഭാഗികമായി മാത്രം പ്രവർത്തിക്കുന്നവയോ ആണ്. കക്ഷി രാഷ്ട്രീയ ഇടപെടലുകൾ, സാമ്പത്തിക ബുദ്ധിമുട്ടുകൾ, മറ്റ് ബുദ്ധിമുട്ടുകൾ ഇവ കാരണമായി പറയുന്നു. ഗ്രാമ സഭാറിപ്പോർട്ടുകളിൽ ഒരു വാർഡിൽ നിന്നും സ്വയം തൊഴിൽ സംരംഭ യൂണിറ്റുകളുള്ളതായി റിപ്പോർട്ട് കിട്ടിയിട്ടില്ല. ഇത്തരം പദ്ധതികൾക്ക് സാധാരണ ജനങ്ങൾക്കിടയിലേക്ക് കഴിഞ്ഞിട്ടില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. നമ്മുടെ നാടിലെ അസംസ്കൃത വിഭവങ്ങളുപയോഗിച്ചും. തൊഴിൽ മേഖല സുസ്ഥിര വരുമാന മാർഗ്ഗമാക്കുന്ന വിധത്തിലുമുള്ള തൊഴിൽ പദ്ധതികളാവിഷ്കരിക്കേണ്ട ആവശ്യകത ബോധ്യപ്പെടുത്തുന്ന വസ്തുതകളാണിവ. ഫലവത്തായ മാനേജുമെൻറിന്റെ കുറവ്, മാർക്കറ്റിങ്ങ് പ്രശ്നങ്ങൾ എന്നിവ പുതിയ തൊഴിൽ സാധ്യതകളുടെ പ്രശ്നങ്ങളാണ്.

ചെറുകിട വ്യവസായ ഉൽപന്നങ്ങൾക്ക് തദ്ദേശീയ മാർക്കറ്റ് കണ്ടെത്താവുന്ന ഗ്രൂപ്പുകൾ ആവശ്യമാണ്. കൂട്ടായ സ്വയം തൊഴിൽ സംരഭങ്ങളുടെ നിലവാരമാണ് പരിശോധിച്ചത്. Trisan Trainning Scheme ൽ പരിശീലനം മേടി സ്വയം തൊഴിൽ കണ്ടെത്താൻ ശ്രമിച്ച വനിതകളും നമ്മുടെ പഞ്ചായത്തിലുണ്ട്.

പരിശീലനം	കുട്ടികൾ	തൊഴിൽ
ടൈലറിംഗ്	1	തുന്നൽ
ടൈപ്പ് റൈറ്റിങ്ങ്	5	ടൈപ്പിംഗ്
കമ്പോസിംഗ്	2	പ്രസ്സ്
കമ്പ്യൂട്ടർ	1	
ബ്യൂട്ടീഷൻ	5	ബ്യൂട്ടീഷൻ (2)
പ്രിന്റിംഗ്	1	പ്രസ്സ്
പ്ലാസ്റ്റിക്ക്	1	
ഖാദിമേഖല (നെയ്ത്തും നൂൽനൂൽപ്പും)	10	തൊഴിലില്ല.

ഈ തരം പരിശീലനം ലഭിക്കുന്ന വനിതകൾ എണ്ണത്തിൽ കുറവാണ്. ഖാദിമേഖലയുടെ തൊഴിൽ ലഭ്യപരാജയം നമ്മുടേതല്ലാത്ത അസംസ്കൃത വിഭവങ്ങളുപയോഗിച്ചുള്ള തൊഴിൽ സംരംഭങ്ങളുടെ പരാജയം വ്യക്തമാക്കുന്നുണ്ട്. ഗവൺമെന്റ് സ്കീമുകളിലല്ലാതെ സ്വകാര്യ തൊഴിൽ പരിശീലനകേന്ദ്രങ്ങളിൽ തൊഴിൽ പരിശീലനം നേടാൻ ശ്രമിക്കുന്ന പെൺകുട്ടികളും പഞ്ചായത്ത് പരിധിയിലുൾപ്പെടുന്നു. സാമൂഹിക ക്ഷേമവകുപ്പിന്റെ സാമൂഹിക സേവന രംഗത്ത് 24 അങ്കൺവാടികളിലായി 24 അദ്ധ്യാപികമാരും 24 ആയമാരും പ്രവർത്തിക്കുന്നു. സാമൂഹിക ക്ഷേമപ്രവർത്തനങ്ങളുടെ പ്രധാന കേന്ദ്രമായി മാറേണ്ടവയാണ് അങ്കൺവാടികൾ. ഇതിനോടനുബന്ധിച്ച് മഹിളാ സമാജങ്ങളുടെ പ്രവർത്തനങ്ങളും ശക്തമാവേണ്ടതാണ്. സ്ത്രീകൾക്ക് സ്വതന്ത്ര്യമായി പ്രശ്നങ്ങൾ ഒരുമിച്ച് ചർച്ച ചെയ്യാനുള്ള അങ്കണങ്ങളായി നമ്മുടെ അങ്കൺവാടികൾ വികസിച്ചിട്ടില്ല.

ആരോഗ്യപ്രശ്നങ്ങളിൽ പുരുഷൻമാരെക്കാൾ ബുദ്ധിമുട്ടുന്നവരാണ് സ്ത്രീകൾ എന്ന് ഗ്രാമസഭാവൃത്താന്തങ്ങൾ സൂചിപ്പിക്കുന്നു. നമ്മുടെ ആശുപത്രീകളിൽ ചികിത്സക്കെത്തുന്നവരിൽ ഭൂരിപക്ഷവും സ്ത്രീകളാണ്. പ്രാഥമീക ഹെൽത്ത് സെന്ററുകൾ പല വാർഡുകളിലും ഇല്ല. ഉള്ളവ കാര്യക്ഷമമല്ലാത്ത അവസ്തകളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഹെൽത്ത് സെന്ററുകൾ പ്രധാനമായും, കുട്ടികളുടെയും, ഗർഭിണികളുടെയും, മുലയൂട്ടുന്ന അമ്മമാരുടെയും കാര്യങ്ങൾ ശ്രദ്ധിക്കുന്നു. ഇവയിൽ കൃത്യമായി സന്ദർശിക്കാൻ ഒരു ഡോക്ടറോ, ആശുപത്രി ജോലികൾ ഇല്ലാത്ത സിസ്റ്റർമാരോ ഇല്ലെന്നത് ന്യൂനതയാണ്. എല്ലാ വാർഡിലും തന്നെ മഹിളാ സമാജങ്ങൾ ഉള്ള പഞ്ചായത്താണ് നമ്മുടേത്. നിലവിലുള്ള പ്രവർത്തന സംവിധാനം ഒരിടത്തും തൃപ്തികരമല്ലെന്ന് ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. സാമൂഹിക രംഗത്ത് സ്ത്രീപങ്കിളിത്തം കുറവാണ്. സ്ത്രീയെ നേരുത്ത സ്ഥാനത്തേക്കുയർത്താൻ പര്യാപ്തമായ ബോധവൽക്കരണം, സമൂഹത്തിലെ മുഖ്യധാരയാണ് സ്ത്രീയും എന്ന് അംഗീകരിക്കാനുള്ള അവബോധം ഇതൊന്നും തീരെ ശ്രദ്ധിക്കപ്പെടുന്നതായി കാണുന്നില്ല. സ്ത്രീധന സമ്പ്രദായത്തിന്റെ പ്രശ്നങ്ഹളും, സ്ത്രീപീഡനങ്ങളും നമ്മുടെ പഞ്ചായത്തിലും നിലനിൽക്കുന്നെന്ന് ഗ്രാമസഭാ സൂചനകളുണ്ട്. ജീവിതപ്രാരാബ്ധങ്ങളിൽ പുരുഷനോടൊപ്പം സ്ത്രീയും പങ്കെടുക്കുന്നതായികാണാം. റേഷൻ കടകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ക്യൂ നിൽക്കുന്നവരിൽ പുരുഷൻമാർക്ക് ആനുപാദികം തന്നെയാണ് സ്ത്രീകളുടെയും കണക്ക്. ബസ് യാത്ര ചെയ്യുന്ന സ്ത്രീകൾ അനുഭവിക്കുന്ന നിരവധി പ്രശ്നങ്ങൾ ചർച്ചയിലുയർന്നു വരുന്നു. പണം വെച്ചുള്ള ചീട്ടുകളി, മയക്കുമരുന്ന് തുടങ്ങി പുരുഷൻമാരിടപെടുന്ന സാമൂഹ്യദ്രോഹ പ്രവർത്തികളുടെ ഇരയാവുന്നസ്ത്രീകൾ മിക്ക വാർഡുകളിലുമുള്ളതായി ഗ്രാമസഭാ ചർച്ചകളിൽ ഉരുത്തിരിയുന്നു. കുടിവെള്ളപ്രശ്നത്തിലന്റെ ഭാരം ചുമക്കേണ്ടിവരുന്നതേറെയും സ്ത്രീകളാണ്. ഈ സ്ഥിതി വിവരക്കണക്കുകളും ഏകദേശം അവലോകനവും സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു.

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസരംഗത്ത് പെൺകുട്ടികൾ ആൺകുട്ടികൾക്കൊപ്പംതന്നെയുണ്ടെങ്കിലും ഔദ്ധ്യോഗിക മേഖലകളിൽ സ്ത്രീകൾ കുറയുന്നു. ഭൂരിപക്ഷവും തൊഴിലില്ലാത്തവരു വീട്ടമ്മമാരുമാണ് നമുക്കുള്ളത്. ഇവർക്ക് നിർമ്മാണ പ്രക്രിയയുമായി ബന്ധപ്പെടാനുള്ള അവസരം നിഷേധിക്കപ്പെടുന്നു.

2. തൊഴിലെടുക്കുന്ന സ്ത്രീകളിൽ ഭൂരിഭാഗം കൂലിപ്പണിക്കാരാണ്. എല്ലാ വാർഡുകളിലും കൂലിപ്പണിയിൽ സ്ത്രീകൾ കൂടി വരുന്നു. കുടുംബനടത്തിപ്പിന്റെ സാമ്പത്തിക ബാധ്യത സ്ത്രീക്ക് കൂടിയാവുന്നതിന്റെ സൂചനയാണിത്. എന്നാൽ കൂലി നിരക്കിൽ ലിംഗപരമായ വിവേചനം എല്ല തൊഴിൽ മേഖലയിലും ശക്തമായി നിലനിൽക്കുന്നു. അദ്ധ്വാന രീതി വ്യത്യസ്തമെങ്കിലും അദ്ധ്വാനഭാരം തുല്യംതന്നെയാവുന്ന തൊഴിൽ മേഖലയാണ് എല്ലാതൊഴിൽ രംഗവും.

3. സ്വയം തൊഴിൽ സംരംഭ പദ്ധതികൾ പ്രയോജനകരമായി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

4. സ്ത്രീധന നിരോധന നിയമമുണ്ടായിട്ടും സാമൂഹിക തലത്തിൽ പ്രാവർത്തികമാകാത്തതിന്റെ പേരിൽ ദുരിതമനുഭവിക്കുകയും, വിവാഹജീവിതം തന്നെ നിഷേധിക്കപ്പെടുകയും ചെയ്യുന്ന സ്ത്രീകൾ നമ്മുടെ ഇടയിലുമുണ്ട്. സ്വത്തിൽ തുല്യാവകാശം നിഷേധിക്കപ്പെടുന്നവരുമുണ്ട്.

5.തൊഴിൽ സംരഭങ്ങൾക്ക് അസംസ്കൃത വിഭവങ്ങൾ ലഭിക്കുന്നതും, ഉണ്ടാക്കാവുന്നതുമായ പ്രദേശങ്ങൾ കണ്ടെത്തി, അത്തരം തൊഴിൽ വികസിപ്പിക്കാനുതകുന്ന പദ്ധതികളില്ല.

6. പരമ്പരാഗത തൊഴിൽ മേഖല മുരടിപ്പിലാണ്. ഈ മേഖലയിലെസാധ്യതകൾ നാം അന്വേഷിച്ചിട്ടില്ല. ആദിവാസി മേഖലയിൽപ്പെട്ട ഒരുപാട് സ്ത്രീകൾക്ക് തൊഴിൽ സംരഭമാകാൻ ഈ മേഖലയ്ക്ക് കഴിയും.

7. നിർദ്ധന കുടുംബങ്ങളിലെ പെൺകുട്ടികളിലധികവും ഇടയ്ക്ക് വെച്ച് വിദ്യാഭ്യാസം നിർത്തുന്നു. സാമ്പത്തികവും, കുടുംബപരമായ കാരണങ്ങളാണേറെയും.

8. സ്ത്രീപീഡനങ്ങളെകുറിച്ചുള്ള റിപ്പോർട്ടുകൾ നമ്മുടെ പഞ്ചായത്തിലുമുണ്ട്.

9. പൊതുരംഗത്ത് വനിതാ പങ്കാളിത്തം കുറവാണ്. കുടുംബനടത്തിപ്പിന്റെ ഉത്തരവാദിത്വവും, അപവാദഭീതിയും, സുരക്ഷിതത്വമില്ലായ്മയും പൊതുരംഗത്ത് സ്ത്രീയെ അദൃശ്യമാക്കുന്നു.

10. ഔദ്ധ്യോഗിക രംഗത്തും, മറ്റ് തൊഴിലവസരങ്ങളിലും സ്ത്രീക്ക് തുല്യപ്രാതിനിധ്യമില്ല.

11. സ്ത്രീകളുടെ നേതൃത്വമുള്ള ബഹുജന സംഘടനകൾ നമ്മുടെ പഞ്ചായത്തിലില്ല.

12. നേതൃത്വഗുണം വളർത്താനുപകരിക്കുന്ന ബോധവൽക്കരണ പദ്ധതികൾ നടപ്പാവുന്നില്ല.

13. സ്ത്രീയുടെ സാമൂഹ്യ പദവിയെകുറിച്ച് സ്ത്രീ, പുരുഷവീക്ഷണം ആരോഗ്യകരമാക്കുന്ന ബോധവൽക്കരണ പദ്ധതികളില്ല.

14. നിലവിലുള്ള വനിതാസംഘടനകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.

15. ഗ്രാമത്തിലെ സാമൂഹ്യകേന്ദ്രമാകുന്ന അങ്കൺവാടി പോലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പ്രതിദിന വരുമാനം വളരെ തുച്ഛമാണ്.

ഗ്രാമതലങ്ങളിലുയർന്നു വന്ന ഈ തരം നിരവധി പ്രശ്നങ്ങൾക്ക് പ്രായോഗിക പരിഹാരമായേക്കാവുന്ന ഏതാനും നിർദ്ദേശങ്ങൾ മുൻഗണനാ ക്രമത്തിൽ ചേർക്കുന്നു.

1. സ്ത്രീകൾക്കായി പ്രാദേശിക സാധ്യതകളും, പ്രായോജനവും കണക്കാക്കി സ്വയം തൊഴിൽ സംരഭ പദ്ധതികൾ ആവിഷ്കരിക്കുക. തൊഴിൽ പരിശീലന സ്ഥപനം പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുക. പരിശ്ശീലന ക്ലസ്സുകളും, തൊഴിൽ ബോധവൽക്കരണ സെമിനാറുകളും ഇടവിട്ട് സംഘടിപ്പിക്കുന്ന രീതിയിലാവണം ഇതിന്റെ പ്രവർത്തനം.

2. അസംസ്കൃത വിഭങ്ങളുടെ ലഭ്യത, തൊഴിൽ മേഖലയുമായി ബന്ധപ്പെടുവാനാഗ്രഹിക്കുന്ന സ്ത്രീകൾ ഇവരുടെ കണക്കെടുത്ത് അനുയോജ്യമായ തൊഴിൽ പരിശീലനം നൽകിത്തുടങ്ങുക.

3. പരമ്പരാഗത തൊഴിൽ മേഖലയിലുണ്ടായിരുന്ന സ്ത്രീകളെസംഘടിപ്പിച്ച് മുരടിപ്പിന്റെ പ്രശ്നങ്ങളും പ്രവർത്തന സാധ്യതകളും മനസ്സിലാക്കി പദ്ധതികളാവിഷ്കരിക്കുക. അസംസ്കൃത വിഭവങ്ങൾ വർദ്ധിപ്പിക്കുവാനുള്ള സാധ്യതയും കണ്ടെത്തേണ്ടതാണ്.

4. പഞ്ചായത്ത് തലത്തിൽ ഒരു വനിതാ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുക. താലൂക്ക് അടിസ്ഥാനത്തിലെങ്കിലും വനിതാസെല്ലോ, വനിതാ കോടതിയോ ആവശ്യമാണ്.

5. മദ്യ നിരോധനം കർശനമാക്കുക, വ്യാജമദ്യം, പാക്കറ്റ് ചാരായം ഇവ തടയുക.

6. പ്രാഥമിക ഹെൽത്ത് സെന്ററുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ അവ സ്ഥാപിക്കുക, ഉള്ളവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

7. കൂലി നിരക്ക് അദ്ധ്വനത്തിനനുസരിച്ചായിരിക്കണം. ലിംഗ വിവേചനം ഇക്കാര്യത്തിൽ ശരിയല്ല.

8. സ്ത്രീകൾക്കെതിരെയുള്ള അക്രമം, ശല്യങ്ങൾ ഇവ തടയാനും സുരക്ഷിതത്വം ഉറപ്പ് വരുത്താനും ജാഗ്രതാസ്കാഡുകൾരൂപീകരിക്കുക. അശ്ലീല ചിത്രീകരണങ്ങൾ തടയണം. മാധ്യമങ്ങളിലെ (ടി.വി.യടക്കം) സ്ത്രീ വിരുദ്ധ പ്രവണതകളും, അശ്ലീലചിത്രീകരണ രംഗങ്ങളും ഇല്ലാതാക്കാൻ നടപടിആവിഷ്കരിക്കുക.

9. തൊഴിലവസരങ്ങളിലും, ഔദ്ധ്യോഗിക രംഗത്തും ആനുപാതിക പ്രാതിനിധ്യം ഉണ്ടാവുക.

10. തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് ശിശു പരിപാലന സൗകര്യങ്ങൾ ഇവ ഉറപ്പാക്കുക.

11. (a) സ്ത്രീധന നിരോധന നിയമം സാമൂഹിക തലത്തിൽ പ്രാവർത്തികമാക്കാൻ യത്നിക്കുക.

(b) സ്വത്തിൽ സ്ത്രീക്ക് തുല്യ പങ്കാളിത്തം ഉണ്ടായിരിക്കുക.

(c) വിവാഹ ആർഭാടങ്ങൾ തടയുക.

12. ചെറുകിട മേഖലയിൽ സ്ത്രീകൾക്കായി പ്രയോജനപ്രദമായ വ്യവസായ സംരഭം കണ്ടെത്തുക. വ്യവസായശാല ഉണ്ടാവുക.

13. വാണിജ്യ കേന്ദ്രീകൃത കൃഷിരീതി മാത്രം ചെയ്യുന്ന രീതിയിൽ നിന്ന് വ്യത്യസ്ഥമായ പച്ചക്കറികൃഷിയടക്കമുള്ള വൈവിധ്യമേഖലകൾ സ്ത്രീകൾ ഏറ്റെടുക്കുന്ന സംവിധാനം. ഭക്ഷ്യവിഭവങ്ങൾ നിർണ്ണയിക്കാനുള്ള അവകാശം മാർക്കറ്റിങ്ങ് മേഖലയിൽ നിന്ന് ഗ്രാമങ്ങൾ തിരിച്ച് പിടിക്കുക.

വിഭവസമാഹരണം

സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന നമ്മുടെ ഗ്രാമപഞ്ചായത്ത് വിഭവസമാഹരണം ദുഷ്ക്കരമാണെങ്കിലും അവകൂടിയേ തീരൂ. ആളോഹരി വരുമാനക്കുറവും വർദ്ധിച്ചുകൊണ്ടിരിക്കുന്ന ജനസംഖ്യയും ലഭ്യമായ ഭൂമിയുടെ അപര്യാപ്തതയും വികസനത്തിന് തടസ്സം സൃഷ്ടിക്കുന്നു. ലഭ്യമായ മാനവശേഷിയും കൃഷിഭൂമിയും ഉപയോഗപ്പെടുത്തി ഉള്ളതിൽനിന്നും മെച്ചപ്പെട്ട ഒരു ജീവിതനിലവാരം നമുക്ക് ലഭ്യമാക്കണം. ശരിയായ ബോധവൽക്കരണവും, മാനസികപ്രചോദനവും, സഹകരണവും ഇനിയും ഉറപ്പുവരുത്തേണ്ടിയിരിക്കുന്നു. നമ്മുടെ മുദ്രാവാക്യം 'മനുഷ്യപയത്നം വികസനത്തിന്' എന്നതായിരിക്കണം.

സ്വപ്ന സാക്ഷാത്ക്കാരത്തിന് വഴിത്തിരിവായിരിക്കുന്ന ഒമ്പതാം പഞ്ചവത്സരപദ്ധതി:-ജനകീയപദ്ധതി തീർച്ചയായും ബ്രിട്ടീഷ് മേധാവിത്വത്തിന്റെ കരാള ഹസ്തത്തിൽ ഞെരിഞ്ഞമർന്നദേശ സ്നേഹികളായ മണ്ണിനോട് അമർന്ന് ചേർന്ന് ആത്മാക്കൾക്ക് ഒരു ആശ്വാസവും അഭിമാനവുമാണ്. ഈ പദ്ധതി ആവിഷക്കരണത്തിൽ അവരുടെ ആത്മാക്കളെക്കൂടി നമുക്ക് പങ്കെടുപ്പിക്കാം.

ഒന്നാം ഗ്രേഡ് വിഭാഗത്തിൽ ഉൾപ്പെടുന്ന നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ ആകെവിസ്തൃതി 64.54 ച. കി.മീറ്ററാണ്. ഇവിടെ ആകെ 5052 വീടുകളും അതിൽ നികുതി ചുമത്തപ്പെട്ട 4444 ഉം സിനിമാപ്രദർശനശാല ഒന്നും വ്യാപാര സ്ഥാപനങ്ങൾ 354 ഉം ആകെ വാർഡുകൾ 12 ഉം ആണ്. സർക്കാർ ഗ്രാന്റുകളെ കൂടാതെ പഞ്ചായത്തിന്റെ മുഖ്യ നതുവരുമാനം നാമമാത്രമായേ ഉള്ളൂ. ഈപഞ്ചായത്തിൽ ആകെജനസംഖ്യ 30498 ആണ്. അവികസിതമായ ഈ പഞ്ചായത്ത് 1961 ൽ ആണ് രൂപം കൊണ്ടത്. കുണ്ടും കുഴിയും നിറഞ്ഞ 32 മണ്ണുറോഡുകളും ഇളകിമറിഞ്ഞ് ഗതാഗതയോഗ്യമാല്ലാതായിക്കൊണ്ടിരിക്കുന്ന 7 ടാറിട്ട റോഡുകളും വിവിധ പദ്ധതികളിൽ നടത്തപ്പെട്ട 14 ഇളകിയ മെറ്റൽ റോഡുകളും പാഴ്ത്തടികൾകൊണ്ട് നിർമ്മിതമായ 60 തടിപ്പാലങ്ങളും കൂടി പഞ്ചായത്തിന് താങ്ങാനാവാത്ത ഭാരം നിലനില്ക്കുന്നു. കർഷകരും കർഷക തൊഴിലാളികളും കൂടുതലായി അധിവസിക്കുന്ന ഈ പഞ്ചായത്തിൽ പട്ടികജാതിപട്ടിക വർഗവിഭാഗക്കാർ കൂടുതലായുണ്ട്.

പ്രശ്നങ്ങളും പരിഹാരമാർഗങ്ങളും

എ1 അന്യമായിക്കൊണ്ടിരിക്കുന്ന പരമ്പരാഗതതൊഴിൽ പ്രോൽസാഹിപ്പിക്കുന്നതിന് അസംസ്കൃതസാധനങ്ങളായ ഈറ, മുള, ചൂരൽ, കൈതോല, വാഴനാര് തുടങ്ങയവ ലഭ്യമാക്കേണ്ടിയിരിക്കുന്നു.ആയതിനാൽ വനം വകുപ്പുമായി ബന്ധപ്പെടുകയും ആവശ്യമായവ നട്ടുവളർത്തേണ്ടതുമാണ്. നമ്മുടെ പ്രധാന വരുമാനമാർഗങ്ങൾ കൃഷിയിൽ നിന്നുള്ളതാണ്. കാർഷികമേഖലയായ ഇവിടെ ഇഞ്ചി, കാപ്പി, കരുമുളക്, റബ്ബർ, നെല്ല് എന്നിവ കൂടുതലായി

പഞ്ചായത്തിന്റെ തനതുവരുമാനം ഒറ്റനാട്ടത്തിൽ 1995-96	
കെട്ടിടനികുതി	219657.45
തൊഴിൽനികുതി	131830.00
വിനോദനികുതി	5930.04
ലൈസൻസ്ഫീസ്	18087.75
മണൽലേലം	182500.00
ആകെ	558005.24

കൃഷി ചെയ്യുന്നു. കന്നുകാലി വളർത്തലും പ്രധാനമായുണ്ട്.

എ 2,3,4, പഞ്ചായത്തിന്റെ തനതു വരുമാനം 558005.24 രൂപയാണ്. അൺടൈഡ്ഫണ്ട് (ഉപാധിരഹിതമായത്) ജനറൽ സെക്ടറിലും പട്ടികജാതിപട്ടികവർഗ സെക്ടറിലും 1990-91 മുതൽ ഓരോവർഷവും ലഭിക്കുന്നുണ്ട്. 1989-90 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ജവഹർ റോജ്ഗാർയോജനാപദ്ധതിയിലും ജനറൽ സെക്ടർ പട്ടികവർഗസെക്ടറിനും പണം സെൻട്രൽ സ്റ്റെയിറ്റ് ഗവണ്മേണ്ടുകൾ നല്കുന്നുണ്ട്. കൂടാതെ വസ്തു കൈമാറ്റ നികുതി 75% ഡ്യൂട്ടിയായും വസ്തു കൈമാറ്റ നികുതിയിന്മേലുള്ള സർചാർജ് 25% ഡ്യൂട്ടിയായും ഓരോമൂന്ന് മാസം കൂടുമ്പോഴും നമ്മുടെ വിഹിതമായി സർക്കാർ നീക്കിവെച്ച് തരുന്നുണ്ടെങ്കിലും അവ കൃത്യസമയത്ത് ലഭിക്കുന്നില്ല. കൂടാതെ ഏകഷോപ്പിംഗ് കോംപ്ലക്സിൽ നിന്നുള്ള വരുമാനവും ഉണ്ട്. അവതുലോം കുറവാണ്.

നോർത്ത് മലബാർ ഗ്രാമീൺബാങ്കിന്റെ 2 ശാഖകൾ പഞ്ചായത്തിന്റെ ആസ്ഥാനത്തും, പതിനൊന്നാം വാർഡിലെ കാരക്കാമലയിലും 2 സർവ്വീസ് സഹകരണ ബാങ്കുകൾ വെള്ളമുണ്ടയിലും, തരുവണയിലും പ്രവർത്തിക്കുന്നു. കൂടാതെ 2 ക്ഷീരവികസനസൊസൈറ്റികൾ 8/4 ലും കാരക്കാമലയിലും പ്രവർത്തിക്കുന്നു. 2 സബ്പോസ്റ്റ് ഓഫിസുകളും, 4 ബ്രാഞ്ച് പോസ്റ്റാഫിസുകളും കൂടി പ്രവർത്തിച്ചുവരുന്ന ഇവിടെ 624 ആളുകൾ ഗൾഫിൽ ജോലിനോക്കുന്നു.

ബി1 നമ്മുടെ പഞ്ചായത്തിൽ കൂടുതൽ പണം ചെലവഴിക്കുന്നത് ഗതാഗതം, കുടിവെള്ളം, പട്ടികജാതി-പട്ടികവർഗക്കാർക്ക് ഭവനനിർമ്മാണം എന്നിവയ്ക്കാണ് പട്ടികജാതി പട്ടികവർഗകോളനികളിൽ ഇനിയും വൈദ്യുതിലഭ്യമാക്കാൻ സാധിച്ചിട്ടില്ല. വിദ്യഭ്യാസം, ശുചീകരണം തെരുവുവിളക്ക് തുടങ്ങിയവക്കും വിഭവങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു. ഭാരിച്ച സാമ്പത്തിക ബാധ്യതയും പേറി മൈനസ് ഫണ്ടിൽ പ്രവർത്തിച്ചുവരുന്ന നമ്മുടെ പഞ്ചായത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് നിലവിലുള്ള ധനാഗമമാർഗങ്ങൾ അപര്യാപ്തമാണ്. എന്നാൽ-ഇന്നും നിലവിലുള്ള നികുതികൾ ശാസ്ത്രീയമായി പരിഷ്കരിക്കുകയും സർക്കാരിൽ നിന്ന് ലഭിക്കുന്ന ഗ്രാന്റുകളുടെ തുക വർദ്ധിപ്പിച്ചും പഞ്ചായത്തിന് സ്വയം പര്യാപ്തതയിൽ എത്തുന്നതിന് വില്പന നികുതി, എക്സയിസ് നികുതി, ഇൻകംടാക്സ് തുടങ്ങിയവയിൽനിന്നും കൂടി ഒരു നിശ്ചിതശതമാനം തുക പഞ്ചായത്തിന് നിയമം വഴി ലഭ്യമാക്കിയാൽ തീർച്ചയായും നമ്മുടെ ആവശ്യം നിറവേറ്റുവാൻ നമ്മുടെ പഞ്ചായത്തിന് കഴിയും എന്ന ശുഭാപ്തി വിശ്വാസം നമുക്കുണ്ട്. കൂടാതെ സാമ്പത്തിക ഏജൻസികളിൽ ഇന്ന് നിലവിലുള്ള നിബന്ധനകളിൽ ഒരു പൊളിച്ചെഴുത്ത് നടത്തി അവലഘൂകരിച്ച് എല്ലാപഞ്ചായത്തിനും വികസന പ്രവർത്തനങ്ങളായ ബസ്സ്റ്റാന്റ്, ഷോപ്പിംഗ് കോംപ്ലക്സ്, മാർക്കറ്റ്, അറവുശാല, കല്യാണമണ്ഡപം തുടങ്ങിയവ നിർമ്മിച്ച് വരുമാനമാർഗം കണ്ടെത്തുന്നതിന് സർക്കാർതലത്തിൽ ആലോചനനടത്തേണ്ടതുണ്ട്. മൈനസ്ഫണ്ടിൽ പ്രവർത്തിക്കുന്ന പഞ്ചായത്തുകൾക്ക് കൂടി വികസനപ്രവർത്തിനത്തിന് ലോൺ അനുവദിക്കുകയും ലോണിന്റെ ഒരു നിശ്ചിത ശതമാനം കേന്ദ്രസംസ്ഥാന സർക്കാരുകൾ വഹിക്കാൻ ആവശ്യമായ നടപടി കൈക്കൊള്ളാവുന്നതാണ്.

ലൈഫ് ഇൻഷൂറൻസ് കോർപ്പറേഷൻ, ഹൗസിംഗ് ബോർഡ് എന്നീ സ്ഥാപനങ്ങളിൽ നിന്നും ഭവനവായ്പാതൊഴിൽ സംരഭങ്ങൾ എന്നിവ പഞ്ചായത്ത് വഴി നടപ്പാക്കുന്നതിന് ലളിതമായ വ്യവസ്ഥകളോടെ സർക്കാർ മുൻകൈയ്യെടുത്ത് ചെയ്യാവുന്നതാണ്. പ്രത്യുൽപാദനപരമായ വികസന പ്രവർത്തനങ്ങൾക്ക് ബാങ്ക് വായ്പ ഇനിയും ലഭ്യമാക്കിയിട്ടില്ല. കുറഞ്ഞ പലിശനിരക്കിൽ ബാങ്ക് വായ്പ ലഭ്യമാക്കി വികസന പ്രവർത്തനങ്ങളിൽ ബാങ്കുകളെ ഒരു കണ്ണിയാക്കി മാറ്റുന്നതിന് സർക്കാർ തലത്തിൽ നടപടി ആവശ്യമായിരിക്കുന്നു.

പണത്തിന്റെ രൂപത്തിലല്ലാതെ വിഭവങ്ങൾ ശേഖരിക്കുവാൻ നമുക്ക് കഴിയും. മനുഷ്യമനസ്സ് വിഭവത്തിന്റെ അടിത്തറയാണ്. ഒരു പ്രവൃത്തിയെക്കുറിച്ച് ആലോചന നടത്തുന്ന അവസ്ഥപോലും വിഭവത്തിൽപെടുത്താം. പുതിയ പുതിയ പദ്ധതി ആവിഷ്കരണം വികസനമേഖലയെ പുഷ്ടിപ്പെടുത്തുന്നതിന് ആവശ്യമായ ബോധവൽക്കരണം, ശുചിത്വം ഗ്രാമസ്നേഹം വഴി ദേശസ്നേഹം ഊട്ടിയുറപ്പിക്കുന്നതിന് മനസ്സിനെ സജ്ജമാക്കൽ എന്നിവയക്ക് മനുഷ്യാദ്ധ്വാനം ലഭ്യമാക്കാം. നമ്മുടെ പഞ്ചായത്തിലെ ഗതാഗതയോഗ്യമല്ലാത്ത റോഡുകൾ, ചാലുകൾ, നടപ്പാലങ്ങൾ എന്നിവലാഭേച്ഛ കൂടാതെ സ്വയം നന്നാക്കിപ്രയോജനപ്പെടുത്താൻ നമുക്ക് കഴിയണം.

ഓരോവാർഡിലും കക്ഷിരാഷ്ട്രീയഭേദമെന്യേ ചുറുചുറുക്കുള്ളവരും സേവനതല്പരരുമായ 100 ൽ കുറയാത്ത ആളുകളെ വാർഡ്തലത്തിൽ രജിസ്റ്റർ ചെയ്തു ഒരു കമ്മറ്റി രൂപീകരിക്കുകയും അവ പഞ്ചായത്താപ്പീസിൽ രജിസ്റ്റർ ചെയ്തു ഒരു വലിയ വർക്ക്ഫോഴ്സിന് രൂപം നല്കാവുന്നതാണ്. അത്തരത്തിൽ പഞ്ചായത്ത് തലത്തിൽ രൂപപ്പെടുന്ന ശക്തിയെ ''സേവു ഗ്രാമഫോഴ്സ്'' എന്ന് നാമകരണം ചെയ്യാവുന്നതാണ്. ഇത്തരത്തിൽ രീപീകൃതമാകുന്ന ഫോഴ്സിന് വിവിധ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗ്രാമീണജനതയിൽ വിജ്ഞാനത്തിന്റെ അവബോധം വളർത്തിയെടുക്കാൻ കഴിയും. ഉദാഹരണത്തിന് ദൈനംദിനം മലിനമായിക്കൊണ്ടിരിക്കുന്ന നമ്മുടെ പുഴയെ രക്ഷി

ക്കുവാൻ ബോധവൽക്കരണം, ശുചിത്വത്തെപറ്റി ബോധ വൽക്കരിക്കൽ, കുടുംബാസൂത്രണം, സമൂഹത്തിൽ നടമാ ടിക്കൊണ്ടിരിക്കുന്ന ഉച്ചനീചത്വത്തിനെതിരെ പ്രതികരിക്കൽ നിർമ്മാണ പ്രവൃത്തികളിൽ കണ്ണികളാവൽതുടങ്ങിയനിര വധി പ്രശ്നങ്ങളെപ്പറ്റി ബോധവൽക്കരിക്കാൻ കഴിയും.

നമ്മുടെ പഞ്ചായത്തിൽ വികസനപ്രക്രിയയിൽ താല്പ ര്യമുള്ളദേശസ്നേഹികളായവരുടെ അദ്ധ്വാനം പ്രതിവർഷം 1 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതാണ്. പഞ്ചാ യത്തിലെ മൂന്നാം വാർഡിലെ മീമുട്ടി ഭാഗത്ത് ജലസ്രോത സ്സിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കാവുന്നതാണ്.

വിദേശഇന്ത്യക്കാരുടെ നിക്ഷേപം അതാത് സ്ഥലങ്ങ ളിലെ ബാങ്കുകളിൽ തന്നെ നിക്ഷേപിക്കുന്നതിന് ഉറപ്പ് വരുത്തുകയും അവരിൽനിന്ന് തുക സ്വരൂപിച്ച് സ്വയംതൊ ഴിൽ സംരഭങ്ങളായ ഹോളോ ബ്രിക്സ്, ചുടുകട്ട, കരകൗ ശലം എന്നിവയുടെ നിർമ്മാണം ആരംഭിക്കാവുന്നതാണ്

നമ്മുടെ പഞ്ചായത്തിൽ വിദേശഇന്ത്യക്കാരുടെ രജി സ്ട്രേഷൻ നടത്തുകയും കൂടുതൽ തുക നിക്ഷേപിക്കുന്ന വർക്ക് ആകർഷണീയമായ സമ്മാനപദ്ധതിഏർപ്പെടുത്തു കയും അവരുടെ നിക്ഷേപത്തിൽ നിന്നും വികസന പ്രവർത്തനത്തിന് വിനിയോഗിക്കാവുന്നപണത്തിന് ഉറപ്പ് നല്കേണ്ടതുമാണ്.

നിർദ്ദേശങ്ങൾ

നമ്മുടെ പഞ്ചായത്തിൽ കൂടുതൽ വികസനപ്രവർത്ത നങ്ങൾ നടത്തുന്നതിനും അവഊർജിതമാക്കുന്നതിനും സർക്കാർ തരുന്നഗ്രാന്റുകൾ അപര്യാപതമാണ്. താഴെ കാണുന്ന നിർദ്ദേശങ്ങൾ പഞ്ചായത്തിൽ നടപ്പിലാക്കുവാൻ ഗ്രാമസഭകൾ സന്നദ്ധമായിരിക്കുകയാണ്. കൂടാതെ സർക്കാ രിന്റെ ഭാഗത്ത് നിന്ന് ഇനിയും കൂറെയേറെ സഹായങ്ങൾ ആവശ്യമാണ്.

1. ഈപഞ്ചായത്തിൽ കേരളകെട്ടിടനിർമ്മാണചട്ടം KBR ആക്ട് നടപ്പാക്കി പണം സ്വരൂപിക്കുക.

2. പഞ്ചായത്തിൽ നിക്ഷിപ്തമായപുഴ, റോഡ് എന്നിവ യുടെ പുറംപോക്ക് ഭൂമി നിർണ്ണയിച്ച് തരിശുഭൂമികൃഷിചെ യ്യാൻ ലീസിന്നൽകുകയും പുറമ്പോക്ക് ഭൂമികളിൽ ഉണ ങ്ങിമറിഞ്ഞ് വീണ്കുടക്കുന്നതും അപകടഭീഷണിയിൽ നില്ക്കുന്നതുമായ വൃക്ഷങ്ങൾ തിട്ടപ്പെടുത്തി ആവശ്യ മായ അംഗീകാരത്തോടെ അവ ലേലം ചെയ്തു പണം മുതൽകൂട്ടുക.

3. കുടിവെള്ളം, വൈദ്യുതി എന്നിവ ഗ്രാമപ്രദേശങ്ങ ളിലെ മുഴുവൻ ഭാഗങ്ങളിലും സർവ്വീസ്ചാർജ് ഈടാക്കുക.

4. കാർഷികനികുതി ഈ പഞ്ചായത്തിൽ നിലവില്ലില്ല. അത് പ്രാബല്യത്തിലാക്കി നികുതി ഈടാക്കുക. ആയ തിന് ഒരു ഏക്കറിൽ കൂടുതൽ ഭൂമി കൈവശം വെച്ച് കൃഷി ചെയ്യുന്നവരിൽ നിന്ന് കാർഷിക നികുതി ചുമത്താവുന്ന താണ്.

5. കുറ്റകരവും ആപൽക്കരവുമായ ട്രേഡ് ബൈലൊപ തുക്കി വ്യാപാര സ്ഥാപനങ്ങൾക്ക് നിലവിലുള്ള ലൈസൻസു ഫീസ് എന്നിവയുടെ നിരക്ക് 100% ഇരട്ടിയാ ക്കുക.

6. പഞ്ചായത്തിൽ കോൺട്രാക്ട് പ്രവൃത്തി നടത്തുന്ന ആൾക്കാരിൽ നിന്നും പഞ്ചായത്ത് ഒരു നിശ്ചിത തുക അഡീഷണൽ ലൈസൻസായി ഈടാക്കുക. ഇത് വർഷാ തോറും പുതുക്കാവുന്നതാണ്.

7. ഹിന്ദുവിവാഹ രജിസ്ട്രേഷൻ നിർബന്ധമാക്കി രജി സ്ട്രേഷൻ ഫിസു ക്ലിപ്തപ്പെടുത്തി ഈടാക്കുക. ഈപ്ര കാരം ലഭിക്കുന്ന തുക വിധവകളുടെ ക്ഷേമപ്രവർത്തന ത്തായി വിനിയോഗിക്കാവുന്നതാണ്.

8. ഈ പഞ്ചായത്തിലെ എല്ലാമോട്ടോർവാഹന ങ്ങൾക്കും പഞ്ചായത്ത് തലത്തിലും രജിസ്ട്രേഷൻ നടത്തി അഡീഷണൽ ലൈസൻസ് ഫീസ് പഞ്ചായത്ത് ചുമത്തി ഈടാക്കുക.

9. ഇരുചക്രവാഹനമായ സൈക്കിളിന് ലൈസൻസ്ഫിസ് ഒരു നിശ്ചിത നിരക്കിൽ ചുമത്തുക.

10. പഞ്ചായത്തിൽ ടെലിവിഷൻ ഉപയോഗിക്കുന്നവർക്ക് ഒരു നിശ്ചിത ഫീസ് ലൈസൻസായി നിശ്ചയിച്ച് ഈടാ ക്കുക.

11. രണ്ടോമൂന്നോ വാർഡുകൾ ചേർന്ന് പഞ്ചായത്തിൽ സഹകരണസംഘങ്ങൾ രൂപികരിച്ച അവിടെ കൃഷി സംബ ന്ധമായ വിവിധ വിഭവങ്ങൾ ശേഖരിക്കുകയും വിറ്റഴിക്കു കയും പ്രസ്തുത സ്ഥാപനം വഴി കൃഷിക്കാർക്ക് ആവശ്യ മായ കാർഷിക ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്യുക. അപ്രകാരം രൂപീകൃതമാവുന്ന സഹകരസംഘങ്ങളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ചുമത്തി ഈടാക്കുക.

12, മൂന്നാം വാർഡിൽ പുളിഞ്ഞാൽ ടൗണിലുള്ള പഞ്ചാ യത്ത് വക ഭൂമിയിലോ റവന്യൂ വകഭൂമിയിലോ ആഴ്ചയി ലൊരിക്കൽ കന്നു കാലി വില്പനചന്ത ആരംഭിക്കുക. ഈ ചന്ത ലേലത്തിൽ നൽകി ലേലത്തുക സംഭരിക്കുക. കൂടാതെ രണ്ടാം വാർഡിൽ 10- മൈലിൽ പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്തും ആഴ്ചയിൽ കന്നുകാലി ചന്ത തുടങ്ങാവുന്നതാണ്.

13, വെള്ളമുണ്ട8/4 സിറ്റിയോട് ചേർന്ന് കിടക്കുന്ന സ്ഥലം പൊന്നുംവിലക്കെടുത്ത് ഷോപ്പിങ്ങ്കോംപ്ലക്സ്, പ്രൈവറ്റ് ബസ്റ്റാന്റ് എന്നിവ നിർമിച്ച് അവ ലേലത്തിൽ

നൽകി വരുമാനം കണ്ടെത്തുക.

14 പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളായ 10ാം മൈൽ തരുവണമൊതക്കം , കെല്ലൂർ, 7/4 കട്ടയം, കൊമ്മാട് ചെറുകര എന്നീ സ്ഥലങ്ങളിൽ മത്സ്യമാർക്കറ്റ് ആരംഭിക്കുന്നതിന് അവലേലം ചെയ്തു വരുമാനം കണ്ടെത്തുകയും ചെയ്യുക.

15 പഞ്ചായത്തിൽ ഒരു അറവ് ശാലനിർമ്മിച്ച് മൃഗങ്ങളെ കശാപ്പ് ചെയ്യുന്നതിന്നും ഇറച്ചി വിൽക്കുന്നതിന്നുമുള്ള അവകാശം ലേലം ചെയ്ത് വരുമാനം കണ്ടെത്തുക.

16. വനവിഭവങ്ങളിൽ നിന്നും കിട്ടുന്ന ആദായത്തിന്റെ ഒരു നിശ്ചിത ശതമാനം പഞ്ചായത്തിന് ലഭ്യമാക്കുന്നതിന്ന് സർക്കാർ തലത്തിൽ ആലോചന നടത്തുക.

17. ഭൂമിയുടെ രജിസ്ട്രേഷൻ വില ശരിയാംവണ്ണം അന്വേഷിച്ച് നടപ്പാക്കാനുള്ള അവകാശം പഞ്ചായത്തിന് നല്കുക. അങ്ങനെയായാൽ രജിസ്ട്രേഷൻ ഫീസ് വർദ്ധിപ്പിക്കുന്നതും പഞ്ചായത്തിന് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന വസ്തു കൈമാറ്റ നികുതിയിനത്തിലുള്ള തുക വർദ്ധിക്കുന്നതുമാണ്.

18. വസ്തു കൈമാറ്റനികുതിയായ 75% ഡ്യൂട്ടി, സർച്ചാർജ് 25% ഡ്യൂട്ടിയും ഇവ നേരിട്ട് തന്നെ ബന്ധപ്പെട്ട ആഫീസുകളിൽനിന്നും ലഭിക്കുകയായാൽ വികസന പ്രവർത്തനങ്ങൾ കാലവിളംബം കൂടാതെ നിർവ്വഹിക്കാനാവുന്നതുമാണ്.

19. മൂന്ന് ലക്ഷം രൂപയിൽ കൂടുതൽ മുതൽ മുടക്കി പൂർത്തീകരിക്കുന്ന കെട്ടിടങ്ങൾക്ക് സ്കയർ ഫീറ്റിൽ ഒരു നിശ്ചിത തുകവെച്ചു നികുതി കൂടാതെ അഡീഷണൽ നികുതിയായി ചുമത്തുക.

20 കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം മാറ്റുന്നതിൽ അപേക്ഷിക്കുന്നവരിൽ നിന്നും ഉടമസ്ഥാവകാശം കൈമാറുന്നതിന്ന് ഒരു നിശ്ചിത ഫീസ് ഈടാക്കുക.

21 കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം, താമസം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവക്ക് ഒരു നിശ്ചിത ഫീസ് ഈടാക്കി അപ്രകാരം ലഭിക്കുന്നതുക ഈ പഞ്ചായത്തിലെ മുഴുവൻ ആളുകളെയും ഇൻഷൂർ ചെയ്യുക.

22 തേക്ക്, ഈട്ടി, തുടങ്ങിയ വൃക്ഷങ്ങൾ കൈവശക്കാർക്കും പഞ്ചായത്തിന്നും ഗുണം ലഭിക്കത്തക്ക രീതിയിൽ സംവിധാനം ഏർപ്പെടുത്തുക.

23 പഞ്ചായത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി ഹാളുകൾ നിർമ്മിച്ച് വരുമാനം കണ്ടെത്തുക

24. മനുഷ്യ അദ്ധ്വാനം വികസന പ്രവർത്തനങ്ങളിൽ സേവനമായി ഉപയോഗിക്കുക.

25. വികസന പ്രവർത്തനങ്ങൾ നിശ്ചിത സമയം തന്നെ പൂർത്തീകരിച്ച് ആകെ ചെലവു ഒഴിവാക്കുക.

26. പരമ്പരാഗത തൊഴിലുകൾ പ്രോത്സാഹിപ്പിച്ചു തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ച് തൊഴിൽ നികുതി ഈടാക്കുക.

27. വ്യാപാരസ്ഥാപനങ്ങളിൽ നിന്നുമുള്ള തൊഴിൽ നികുതി 50% കൂടി വർദ്ധിപ്പിച്ചു നിശ്ചയിക്കുക.

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി



സ്വന്തം ശ്രമം കൊണ്ട് തങ്ങളുടെ സ്ഥിതിക്ക് മാറ്റം വരുത്താമെന്ന് എപ്പോൾ ജനസാമാന്യത്തിനു തോന്നുന്നുവോ അപ്പോൾ മാത്രമെ പൂർണ്ണ സ്വരാജ് കൈവരുകയുള്ളു.

ഗാന്ധിജി